Vol. 9 വാല്യം – 9 Issue-3 ലക്കം – 3

# ക്ഷാത്രസ്പന്ദനം

## KSHATRA SPANDANAM

### ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

### TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

July/August 2023 ജൂലായ്/ ആഗസ്റ്റ് 2023 1198 Karkkidakam 1198 കർക്കിടകം



# ബാഷ്പാഞ്ജലി

**(29.06.2023)**

# അംബാലിക തമ്പുരാട്ടി

## ചിന്താമണി (90)

(വാക്കയിൽകോയിക്കൽ, കടപ്ര–മാന്നാർ )

**(ചേർത്തല പടിഞ്ഞാറെ കാട്ടുങ്കൽ കോവിലകത്ത്
പരേതനായ അഡ്വ. കെ. രാജരാജവർമ്മയുടെ സഹധർമ്മിണി)**




**സന്തപ്ത
കുടുംബാംഗങ്ങൾ**

# ബാഷ്പാഞ്ജലി
## (08.07.2023)

# ഇന്ദിര രാമവർമ്മ (92)

**തൃപ്പൂണിത്തുറ കോയിക്കൽ മഠം**
**(പഴയന്നൂർ വലവൂർ കോവിലകത്ത്**
**പരേതനായ വി.കെ.രാമവർമ്മയുടെ സഹധർമ്മിണി)**



**സന്തപ്ത കുടുംബാംഗങ്ങൾ**

മക്കൾ:

**സുജാത വർമ്മ, പരേതയായ സബിത വർമ്മ, രാജേഷ് വർമ്മ.**

മരുമക്കൾ :

**സി. ജി. ആർ. വർമ്മ, ആനന്ദ് കൊച്ചനുജൻ, വിദ്യ വർമ്മ.**

## സ്മരണാഞ്ജലി

# 5–ാം വാർഷിക ശ്രാദ്ധം

23.04.2023 (മേടം 9)



## ശങ്കരോടത്ത് കോവിലകത്ത്
## തങ്കമണിഅമ്മതമ്പുരാട്ടി വലിയകെട്ടിലമ്മ

### വി. ലക്ഷ്മിക്കുട്ടി നമ്പിഷ്ടാതിരി

പുളിക്കൽ ശങ്കരോടത്ത് കോവിലകം, കാവിൽപ്പാട്, പാലക്കാട്,

**അനുസ്മരണയോടെ**

പേരമകൻ : അമ്പോറ്റിത്തമ്പുരാൻ

മക്കൾ : വിശാലാക്ഷി നമ്പിഷ്ടാതിരി, മല്ലികാവർമ്മ കെട്ടിലമ്മ
വനജവർമ്മ, സുജാതവർമ്മ

ഓണപ്പതിപ്പ്

Kshatraspandanam
News Magazine of Kshatriya Kshema Sabha
July/August 2023
M.E.1198 Karkkidakam
Volume 9 Issue 3

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ജൂലായ്/ആഗസ്റ്റ് 2023
കൊ.വ.1198 കർക്കിടകം
വാല്യം 9 ലക്കം 3



"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം


**REACT** ............ 07
**പത്രാധിപക്കുറിപ്പ്** ............ 09
**കേന്ദ്രസഭാ വാർത്തകൾ** ............ 10
**ഓണസ്മൃതിലഹരി** ............ 14
ഡോ. എഴുമറ്റൂർ രാജരാജവർമ്മ
**ഓണവില്ല്** ............ 16
തങ്കൻ തിരുവട്ടാർ
**അത്തച്ചമയത്തിന്റെ ചരിത്ര പശ്ചാത്തലം** ............ 17
രാമഭദ്രൻ തമ്പുരാൻ
**ഓണം (തിരുവാതിരപ്പാട്ട്)** ............ 19
ടി.എൻ. ആദിത്യവർമ്മ
**ഓർമ്മകളിൽ ഓണം** ............ 20
മാലിനി രവിവർമ്മ
**ഓണം – ഒരു തുറന്ന ചിന്ത** ............ 23
അനുജൻ എസ്സ്.
**കണ്ണേ മടങ്ങുക** ............ 25
സി.കെ. അശോകവർമ്മ
**ചിറക്കൽ കോവിലകത്തെ പെരുങ്കളിയാട്ടം** ............ 27
പ്രദീപ് വർമ്മ
**ഓണത്തല്ല്** ............ 29
രാജേന്ദ്ര വർമ്മ
**ഗീതോപദേശം (ഭാഗം 3) ക്ഷേത്ര ക്ഷേത്രജ്ഞ വിഭാഗയോഗം** .... 30
കെ.സി. രാമവർമ്മ രാജ, വലിയരാജ
**പരാശക്തിയുടെ മഹിമ** ............ 34
കെ. രാധാമണി തമ്പുരാട്ടി
**ചിത്രമെഴുത്ത് ചക്രവർത്തിയുടെ ജന്മോത്സവം** ............ 36
കൃഷ്ണകുമാരി കെ.
**മറ്റൊരു മാറ്റൊലിക്കവിത** ............ 40
പ്രഭാവർമ്മ
**കളിയാട്ടപ്പെരുമ** ............ 41
അംബിക വർമ്മ
**രാംഗോപാൽ എന്ന തോണിക്കാരൻ** ............ 42
ലളിത കെ. വർമ്മ
**"വന്ദേ ഭാരതം"** ............ 44
കുട്ടി അനിയൻ രാജ
**കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം** ............ 45
വേലൂർ പരമേശ്വരൻ നമ്പൂതിരി
**ഓം ശ്രീകൃഷ്ണായ നമഃ** ............ 46
സി.കെ. കേരളവർമ്മ (കൊച്ചു കേരളൻ)
**തിരുവാതിരകളി** ............ 47
യു. അപർണ മുള്ളത്ത്
**മായിപ്പാടി കൊട്ടാരം** ............ 49
മധുകുമാർ വർമ്മ വി.കെ.
**ഗണപതി – സരസ്വതി പ്രണാമം** ............ 50
ഇ. രാമവർമ്മ രാജ
**വേമ്പനാട്ട് കായൽ** ............ 51
പ്രഫുല്ല വർമ്മ
**മുത്തശ്ശിയും പേരക്കുട്ടിയും** ............ 52
പി.വി.ആർ. തിരുമുല്പാട്
**ധന്വന്തരീ പരിക്രമണം** ............ 54
ആർ. രമേശ്ചന്ദ്ര വർമ്മ
**കേരള ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കവും വളർച്ചയും** ........ 56
**പരമ്പര: മുൻകാല സാരഥികൾ – 6, ആർ. സുരേന്ദ്രൻ**
**യൂണിറ്റുകൾ – 6, നീലേശ്വരം ക്ഷത്രിയ ക്ഷേമസഭ** ............ 59
**ഒരു നുറുങ്ങു കഥ** ............ 60
മിനി ഭട്ടതിരി
**ഭാരതീയ ഋഷിമാരും ആധുനിക ശാസ്ത്രജ്ഞന്മാരും** ............ 74
ഡോ. ആർ.പി. രാജാ
**ഇന്നലെകൾ** ............ 79
കൃഷ്ണ വർമ്മ
**ബൃഹദേശ്വരം മുതൽ ജംബുകേശ്വരം വരെ** ............ 80
ഡോ. കെ.സി. മനോരമ തമ്പുരാട്ടി
**കളിയരങ്ങിലേക്ക് ഒരു ആസ്വാദകന്റെ തിരനോട്ടം** ............ 87
പാർത്ഥിവ് ആർ.
**ഷിർദ്ദി, ശനി സിംഗനാപ്പൂർ** ............ 93
കെ. ഹരികൃഷ്ണവർമ്മ
**മംഗൾ ചൗധരി** ............ 97
ധനഞ്ജയ വർമ്മ
**മൂഷകവംശം – അല്പം ചരിത്രവും കുറേ ചിത്രങ്ങളും** ........ 101
എം. ഹരിസേന വർമ്മ ഐ.പി.എസ്.
**തോമസ്** ............ 106
ജയദേവ് വർമ്മ
**എന്റെ പാഥേയം** ............ 109
ഗായത്രി വർമ്മ
**SREEKRISHNA BALALEELA - 4** ............ 110
**Nalakoobara Manigreeva Moksham**
Dr. Kumuda Bai
**അർജ്ജുനവിഷാദയോഗം ഒന്ന്** ............ 111
സതീഷ് കുമാർ ടി.എൻ.
**ഒരു ഭൂട്ടാൻ യാത്ര** ............ 112
പ്രൊഫ. ആർ. രാമരാജ വർമ്മ
**വെറുതെ** ............ 114
യു. ശശികല വർമ്മ
**ബാലവേദി** – ഭാവന വർമ്മ, മുക്ത ആർ. വർമ്മ, അഖിലേഷ് വർമ്മ .. 115
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ............ 119
**ചരമം** ............ 125
**വൈവാഹികം** ............ 128



*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*


**മുഖചിത്രം: ക്ഷേമൈശ്വര്യങ്ങളുടെ ഒരു ഓണക്കാലത്തെ വരവേൽക്കാൻ/ ചിറക്കൽ കോവിലകത്തെ പെരുങ്കളിയാട്ടത്തിൽ നിന്ന്**

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ



## വായനക്കാരുടെ കത്തുകൾ

ഇത്തവണത്തെ ക്ഷാത്രസ്പന്ദനം വായിച്ചു. വളരെ വളരെ നന്നായിരിക്കുന്നു. വാർത്തകളും ഫോട്ടോകൾ പോലും ഹൃദയത്തിൽ തൊടുന്ന പോലെ തോന്നുന്നു.

**പി.വി.ആർ. തിരുമുൽപാട്**
കുറ്റിലഞ്ഞി

പ്രിയപ്പെട്ട ക്ഷാത്രസ്പന്ദനത്തിന്

ഏപ്രിൽ 2023 ലെ ലക്കം കൈപ്പറ്റി. മഹാമഹിമ കെ.സി. മാനവേദൻ രാജ സാമുതിരിപ്പാടമ്മാവന്റെ മുഖചിത്രവും ശ്രീ. സംഗമേശൻ അവിടുത്തെക്കുറിച്ച് എഴുതിയ ലേഖനവും പുതുമയാർന്ന ഒരു അനുഭവമായി. ലേഖനത്തിന്റെ തലക്കെട്ടുതന്നെ വളരെ അർത്ഥവത്തായി.

സാമൂതിരി കുടുംബം സമൂഹത്തിനു നല്കിയ സംഭാവനകളെ അവഗണിച്ച് എന്തെങ്കിലും വീഴ്ചകൾ പറ്റിയാൽ അതെടുത്തു പറയുന്ന ലോകനീതിയെക്കുറിച്ച് ലേഖകൻ പറഞ്ഞതും വളരെ ശ്രദ്ധേയമായി. എല്ലാ ലേഖനങ്ങളും വായനയ്ക്ക് ഔത്സുക്യമേകി.

കവിതകളുടെ കൂട്ടത്തിൽ ഏറ്റവും ആസ്വാദ്യകരമായി തോന്നിയത് ശ്രീ. ആദിത്യവർമ്മയുടെ 'മലയാളം' തന്നെ.

മറ്റൊരു പ്രധാന സംഗതി: സാമൂതിരി രാജ കുടുംബക്ഷേമ സമിതിയുടെ ഈ കൊല്ലത്തെ വാർഷികയോഗം മാങ്കാവ് പടിഞ്ഞാറെ കോവിലകത്തുവച്ചായിരുന്നു. മൂന്നു സാമൂതിരി കുടുംബങ്ങളുടേയും സാന്നിദ്ധ്യമുണ്ടായിരുന്നു. ചെയർമാൻ ശ്രീ. കേരളവർമ്മ രാജ സാമൂതിരി കുടുംബങ്ങൾ അഖില കേരള ക്ഷത്രിയ സഭയിൽ ചേർന്നു പ്രവർത്തിക്കേണ്ടതിന്റെയും മാസികയുടെ വരിക്കാരാകേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി ഊന്നിപ്പറയുകയുണ്ടായി. റിയാക്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി വിവരിക്കാനും സാധിച്ചു. വേറൊരു സംഭവം സാമൂതിരിക്കോവിലകത്തു നടന്നത് നിർമ്മല തമ്പുരാട്ടി (പടിഞ്ഞാറെക്കെട്ട് താവഴി) യുടെ 80-ാം പിറന്നാളും അതിനോടനുബന്ധിച്ച് നടന്ന 'ഭാഗവത സപ്താഹ'വുമാണ്. ഇതിൽ ആചാര്യനായി വർത്തിച്ചത് തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിലെ പുഷ്പാഞ്ജലി സ്വാമിയായിരുന്നു എന്നതും എടുത്തു പറയത്തക്ക വിശേഷം തന്നെ.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ മാസികയുടെ ഉള്ളടക്കം വളരെ ഹൃദ്യവും സവിശേഷതകൾ പുലർത്തുന്നതുമായി തോന്നി. ഈ പ്രസിദ്ധീകരണം കൂടുതൽ ഉയരങ്ങളിലേക്കെത്തട്ടെ.

**കുട്ടി അനിയൻ രാജ**
കോഴിക്കോട്

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയ ക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**

**A/c. No. 40052010052603**

**IFSC: CNRB0014005, CANARA BANK, Fort, Thiruvananthapuram**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- | വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. ക്ഷതത്തിൽ നിന്ന് ത്രാണനം ചെയ്യുന്നവനാണല്ലോ 'ക്ഷത്രിയൻ', ഈ കാരണത്താൽ തന്നെ വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ്.

താമസിക്കാൻ സ്വന്തമായൊരിടം എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം വഴിമുട്ടിപ്പോകാതെ മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് കൈത്താങ്ങാകാനും REACT അതിന്റെ സഹായ ഹസ്തം നീട്ടുന്നു.

ആദിശങ്കരൻ "ഭജഗോവിന്ദ"ത്തിൽ കൂടി നമ്മെ പഠിപ്പിച്ചതും "ദേയം ദീനജനായച വിത്തം" എന്നാണല്ലോ. (നമുക്കു ധനം ഈശ്വരൻ നല്കുന്നത് സാധുക്കൾക്ക് കൊടുക്കുവാനാണ്)

2023 ഏപ്രിൽ മുതൽ ജൂൺ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING APRIL TO JUNE 2023

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Rajiv Raja, Cherthala | 3,00,000.00 |
| 2 | Well Wishers | 2,04,500.00 |
| 3 | Dr. G. Vijayakumaran Nair, Thiruvananthapuram | 55,000.00 |
| 4 | Salini K, Ernakulam | 50,000.00 |
| 5 | Roshni Varma R, Thiruvananthapuram | 50,000.00 |
| 6 | Cdr. (Retd.) Kishen Chandar Varma, Kochi | 30,000.00 |
| 7 | Mohana Varma P.K., Pilathara | 25,001.00 |
| 8 | Dr. Krishnadasan C.K. Thiruvananthapuram | 25,001.00 |
| 9 | Brig. (Retd.) R.R.V.N. Varma, Thiruvananthapuram | 20,000.00 |
| 10 | Kshathriya Kshema Sabha, Kuttilanji | 20,000.00 |
| 11 | Valsala Ravi Varma Raja, Thiruvananthapuram | 20,000.00 |
| 12 | P.M. Subramanian, Karivelloor | 15,000.00 |
| 13 | Chemprol Raja Raja Varma, Kowdiar Palace | 15,000.00 |
| 14 | Prasanth Raja/Geetha Raja, USA | 10,001.00 |
| 15 | P.K. Krishna Varma, Cherpu | 10,000.00 |
| 16 | Goda Varma C.K., Bangalore | 10,000.00 |
| 17 | Jayanthy Kochanujan (Valavoor Kovilakam), Tripunithura | 10,000.00 |
| 18 | Krishnakumar R S, Omallur | 10,000.00 |
| 19 | K.N. Padmanabhan, Mathamangalam | 5,000.00 |
| 20 | Dr. K S Varma, Dombivli East, Mumbai | 5,000.00 |
| 21 | Someswari, Aduthila, Kannur | 5,000.00 |
| 22 | S. Ambika Pandalai, Mavelikkara | 5,000.00 |

| | | |
|---|---|---|
| 23 | R. Sudha Varma, Mannuthy, Thrissur | 5,000.00 |
| 24 | Pramod Krishna Varma, Irinjalakuda | 5,000.00 |
| 25 | Unni Krishnan M, Elamakkara | 5,000.00 |
| 26 | Sreedevi R. Varma, Keezhvaipur | 3,000.00 |
| 27 | Janardhanan Vazhunnavar, Mathamangalam | 2,000.00 |
| 28 | Ravi Varma Thampuran, Pandalam | 1,500.00 |
| 29 | Ambika Prasad, Kozhikode | 1,001.00 |
| 30 | Ramesh Varma | 1,001.00 |
| 31 | Manoj Varma, Trichy | 1,000.00 |
| 32 | Subhashini V.K., Ramapuram, Pala | 1,000.00 |
| 33 | Leela Bhai Teacher, Mandur | 1,000.00 |
| | **Total** | **9,26,005.00** |

**(Rupees Nine Lakh Twenty SixThousand and Five only)**

## FINANCIAL ASSISITANCE DURING - APRIL TO JUNE 2023

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Monthly payments | 63,000.00 |
| 2 | Medical aid, Educational Help | 4,90,000.00 |
| | **Total** | **5,53,000.00** |

**(Rupees Five Lakh Fifty Three Thousand only)**

ഇതുവരെ (18-07-2008 മുതൽ 30-06-2023 വരെ) ₹ 1,56,03,432/- (ഒരു കോടി അമ്പത്താറു ലക്ഷത്തി മൂവായിരത്തി നാനൂറ്റി മുപ്പത്തി രണ്ട് രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

**A/c No: 40052210014950**

**IFS Code CNRB 0014005**

**Canara Bank, Fort Branch, Thiruvananthapuram - 695023**

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 12, 13, 22, 28, 100 കാണുക)*

പത്രാധിപക്കുറിപ്പ്



# തെരുവുനായ ശല്യം

ഒരു പരിഷ്കൃത സമൂഹത്തിന് തികച്ചും അപമാനകരമായ ഒന്നാണ് കേരളത്തിലെ തെരുവുനായ ശല്യം. അതിരാവിലെ നാലു മണി മുതൽ ആളുകൾ നടക്കാനിറങ്ങുന്നുണ്ട്. സുരക്ഷിതമായ നടപ്പാതയൊന്നുമില്ലാത്ത നമ്മുടെ നാട്ടിൽ റോഡിൽക്കൂടി നടക്കണമെങ്കിൽ ഈ സമയമല്ലേ പറ്റുകയുള്ളൂ. ഈ സമയത്തും തെരുവുനായ ശല്യം രൂക്ഷമാണ്. എന്തിന്, സ്വന്തം വീട്ടുമുറ്റത്തു കളിക്കുന്ന കുട്ടികളെപ്പോലും തെരുവുനായ്ക്കൾ ഉപദ്രവിക്കുന്നു.

പട്ടി കടിച്ചാൽ കുത്തിവയ്പ്പ് "ഫ്രീ" എന്നു പറയുന്ന സർക്കാരിനെക്കാൾ സാധാരണ വഴിയാത്രക്കാരെയും സ്കൂളിൽ പോകുന്ന കുട്ടികളെയും മറ്റും പട്ടി കടിക്കാനിടയാകാത്ത ഒരു സാഹചര്യം ഉണ്ടാക്കുന്ന സർക്കാരല്ലേ നമുക്കു വേണ്ടത്. ഇതിന് കോടികളുടെ ചിലവൊന്നുമില്ലല്ലോ. നായയെ സ്നേഹിക്കുന്നവർ അവയെ വീട്ടിൽ വളർത്തട്ടെ. ധാരാളം സ്നേഹം കൊടുക്കട്ടെ. പക്ഷെ വളർത്തുപട്ടികളെ രജിസ്റ്റർ ചെയ്യണം അഥവാ അതിന് ലൈസൻസ് വേണം. അവയെ റോഡിൽ നടത്താൻ കൊണ്ടുപോകുന്നവരും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. പരിഷ്കൃത രാജ്യങ്ങളിലെ രീതി എങ്ങനെയാണെന്നു നോക്കാം. റോഡിൽക്കൂടി അഥവാ ഫുട്പാത്തിൽ കൂടി നടന്നുപോകുന്നവർക്ക് അടുത്തുകൂടി കൊണ്ടുപോകുന്ന വളർത്തുനായയെക്കൊണ്ട് ശല്യമുണ്ടാകാൻ പാടില്ല. അതുപോലെ തന്നെ വളർത്തുനായ വഴിയിൽ കാഷ്ഠിച്ചാൽ നായയെ കൊണ്ടുപോകുന്നയാൾ അപ്പോൾത്തന്നെ ആ സ്ഥലം വൃത്തിയാക്കി 'വേസ്റ്റ്' നിക്ഷേപിക്കേണ്ട സ്ഥലത്ത് നിക്ഷേപിക്കണം. പാർക്കിലും റോഡിലും പട്ടിയെ കൊണ്ടുനടക്കുന്നവർ ഇതൊക്കെ ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ 'പോലീസിങ്ങും' ഉണ്ടാകും. വളർത്തുനായ വീടിന്റെ വേലിക്കെട്ടിനകത്തുനിന്ന് പുറത്തേക്കു തലയിട്ട് പുറത്ത് ഫുട്പാത്തിൽ കൂടി നടന്നുപോയ ആളെ കടിക്കാനുള്ള സാഹചര്യമുണ്ടായാൽ പട്ടിയുടെ ഉടമസ്ഥൻ കടിയേറ്റയാളിന് വൈദ്യസഹായവും കൂടാതെ അയാൾക്കുണ്ടായ മനോവേദനയ്ക്ക് കോമ്പൻസേഷനും കൊടുക്കേണ്ടതാണ്. ഇതൊക്കെ വിദേശത്ത്. ഈ നാട്ടിലാണ് വഴിപോക്കന് ഇങ്ങനെ കടിയേറ്റതെങ്കിൽ എന്തായിരിക്കും വീട്ടുകാരുടെ പ്രതികരണം? "ആ വിവരദോഷിക്ക് വേലിയോട് ചേർന്നു പോകേണ്ട ആവശ്യമെന്തായിരുന്നു. പട്ടി വേലിക്കിടയിലൂടെ തലയിട്ടു കടിച്ചത് നമ്മുടെ തെറ്റാണോ?" ഇതാണ് ഈ നാട്ടിലെ ന്യായം!

ഇപ്പോൾ നമ്മളുടെ പ്രശ്നം തെരുവുനായയിൽ നിന്നുള്ള മോചനമാണ്. സമ്പൂർണ്ണ മോചനം. ഏതാണ്ട് 60 കൊല്ലം മുമ്പ് തെരുവുനായയെ സംരക്ഷിക്കാൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒരു 'ഷെൽട്ടർ' ഉണ്ടായിരുന്നു. 'പൗണ്ട്' എന്നാണതിനെ പറഞ്ഞിരുന്നത്. പട്ടികളുടെ എണ്ണം കൂടുകയും തിരികെ കൊണ്ടുപോകാൻ ഉടമസ്ഥൻ വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുറച്ചു നായ്ക്കളെ കൊന്നുകളയാനുള്ള സ്വാതന്ത്ര്യവും അവർക്ക് ഉണ്ടായിരുന്നിരിക്കാം. ഇപ്പോഴത്തെ സ്ഥിതിയെക്കാൾ അന്നത്തെ സ്ഥിതി എത്രയോ ഭേദം.

ഇപ്പോഴത്തെ സാഹചര്യത്തിൽ നായപ്രശ്നപരിഹാരത്തിന് ഒരുപായം തോന്നുന്നു. നമുക്ക് പേരെടുത്തതും നല്ല വിസ്തീർണ്ണമുള്ളതുമായ

*ശേഷം പേജ് 11 ൽ*

## കേന്ദ്ര സഭാ വാർത്തകൾ



# സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

മലയാളികളുടെ ദേശീയ ഉത്സവമായ ഓണം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒത്തുചേരലിന്റെയും വിളവെടുപ്പിന്റെയും എല്ലാമായ ഉത്സവമാണല്ലോ. ഓണക്കാലമിങ്ങെത്താറായല്ലോ. എല്ലാ മലയാളികൾക്കും, സ്നേഹം നിറഞ്ഞതും, ഐശ്വര്യപ്രദവുമായ ഓണാശംസകൾ നേരുന്നു.

ഇക്കഴിഞ്ഞ മൂന്നു മാസങ്ങൾ ക്ഷത്രിയ ക്ഷേമ സഭയ്ക്ക് ഒട്ടനവധി കാര്യങ്ങൾ ചെയ്യുവാനായി എന്നുള്ളത് വളരെ സന്തോഷം പകരുന്നതു തന്നെയാണ്. ഇനിയും അനവധി പ്രവൃത്തികൾ വരും ദിനങ്ങളിൽ ചെയ്യുവാനാവട്ടെ എന്നാഗ്രഹിക്കുന്നു.

**1. സ്നേഹസന്ദേശയാത്ര/ യൂണിറ്റുകളുടെ വാർഷികം**

നീലേശ്വരം യൂണിറ്റിൽ വച്ച് ഏപ്രിൽ മാസം 22-ാം തിയതി സ്നേഹ സന്ദേശയാത്രയ്ക്ക് തുടക്കമായി. യൂണിറ്റിന്റെ കുടുംബ സംഗമം നടന്ന വേളയിലാണ് സഭയുടെ കേന്ദ്ര ഭാരവാഹികളുടെ സ്നേഹ സന്ദേശയാത്രയുടെ തുടക്കം കുറിച്ചത്.

അടുത്ത ദിവസം പിലാത്തറയിലെത്തി. അവിടെ രാവിലെ ഗൃഹസന്ദർശനം നടത്തി. ഉച്ചയ്ക്ക് പൊതുയോഗത്തിൽ പങ്കെടുത്തു.

ഈ രണ്ടു ദിവസങ്ങളിലായി, അധികമാർക്കും പരിചിതമല്ലാത്ത, കാസർഗോഡിനടുത്തുള്ള മായിപ്പാടി കൊട്ടാരവും പിലാത്തറയടുത്തുള്ള അടുത്തിലെ കോവിലകവും സന്ദർശിക്കുകയുണ്ടായി. വളരെയധികം സന്തോഷം നൽകിയ നിമിഷങ്ങളായിരുന്നു ആ രണ്ടു സന്ദർശന വേളകളും എന്നറിയിക്കട്ടെ.

മേയ് മാസം 25-ാം തീയതി രാവിലെ കൊരട്ടി യൂണിറ്റിലെ ഭവന സന്ദർശനവും ഉച്ചയ്ക്ക് ചാലക്കുടി യൂണിറ്റിന്റെ പൊതുയോഗത്തിലും കേന്ദ്ര ഭാരവാഹികൾ സംബന്ധിച്ചു.

**2. രാജാ രവിവർമ്മയുടെ ജന്മവാർഷികാഘോഷം**

കിളിമാനൂർ കൊട്ടാരത്തിൽ വച്ച് ഏപ്രിൽ മാസം 29 -ാം തീയതി നടന്ന രാജാരവിവർമ്മയുടെ 175-ാം ജന്മവാർഷിക ആഘോഷവേളയിൽ സഭയുടെ വിവിധ യൂണിറ്റുകളിലെ അംഗങ്ങൾ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്തു. ഭാരവാഹികൾ മീറ്റിംഗുകളിൽ സംസാരിക്കുകയും ചെയ്തു.

**3. മഹാറാണി സേതു പാർവതിബായി സ്കോളർഷിപ്പ്**

2022 അദ്ധ്യയന വർഷം ചേർന്നവർക്കായുള്ള സ്കോളർഷിപ്പിന്റെ അപേക്ഷകൾ ലഭിച്ചതനുസരിച്ച് ലിസ്റ്റ് തയ്യാറായിട്ടുണ്ട്. താമസിയാതെ പണം വിതരണം ചെയ്യുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**4. പുതിയഅംഗങ്ങളെ ചേർക്കൽ/ പുതിയ യൂണിറ്റ് ആരംഭിക്കൽ**

നാളിതു വരെ ക്ഷത്രിയ ക്ഷേമസഭയിൽ അംഗങ്ങളായിട്ടില്ലാത്ത ക്ഷത്രിയരെ അതാതു യൂണിറ്റുകളിൽ അംഗങ്ങളാക്കുവാനുള്ള തീവ്രശ്രമം നടന്നു വരുന്നു. കിളിമാനൂർ കൊട്ടാരത്തിൽ താമസിക്കുന്നവർ തിരുവനന്തപുരം യൂണിറ്റിൽ അംഗങ്ങളായി ചേർന്നു എന്നുള്ളത് വളരെ സന്തോഷം പ്രദാനം ചെയ്യുന്ന കാര്യമാണ്.

പാലക്കാട്ട് സഭയുടെ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്ക് തുടക്കമായി. അതിനു പുറമെ കുന്ദംകുളം, ചെർളയം പ്രദേശത്ത് ഒരു പുതിയ യൂണിറ്റ് ആരംഭിക്കണം എന്നാണ് പദ്ധതി.

**5. ക്ഷാത്രസ്പന്ദനം**

നമ്മുടെ ത്രൈമാസിക 'ക്ഷാത്രസ്പന്ദനം', നന്നായിത്തന്നെ വരിക്കാരിലേക്ക് എത്തിക്കാനാവുന്നുണ്ട് എന്ന് വിശ്വസിക്കുന്നു. ഏതാണ്ട് നൂറിലധികം പുതിയ വരിക്കാർ ഈയടുത്ത് ചേർന്നു എന്നറിയിക്കുവാൻ ഏറെ സന്തോഷമുണ്ട്. വർഷാവസാനത്തോടെ 1500 വരിക്കാർ എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ടീം 'ക്ഷാത്രസ്പന്ദന'ത്തിന് അനുമോദനങ്ങൾ.

**6. റിയാക്ട്**

സേവന പ്രവർത്തനങ്ങളുമായി റിയാക്ട് മുന്നേറിക്കൊണ്ടിരിക്കുന്നു. കീഴ്‌വായ്പൂരിലെ ഭവനത്തിന്റെ പാലുകാച്ചൽ ചടങ്ങ് ഭംഗിയായി നടന്നു. അവിടെ കുടുംബാംഗങ്ങൾ താമസം തുടങ്ങുകയും ചെയ്തു. റിയാക്ട് പണിതു നൽകുന്ന അടുത്ത ഭവനത്തിന്റെ കല്ലിടൽ ചടങ്ങ് പാലക്കാട് കഞ്ചിക്കോട്ട് വച്ച് സമംഗളം നടന്നു. സഭാംഗങ്ങളുടെ കൂട്ടായ സഹായ സഹകരണങ്ങളാണ് ഇത്തരത്തിലുള്ള സേവന പ്രവർത്തനങ്ങൾ ധൈര്യമായി ഏറ്റെടുക്കാനുള്ള പ്രചോദനം. ടീം റിയാക്ടിന് എല്ലാവിധ ആശംസകളും നേരുന്നു.

**7. യൂത്ത് ഫോറം**

മിക്കവാറും യൂണിറ്റുകളിൽ യൂത്ത് ഫോറം ആരംഭിച്ചുകഴിഞ്ഞു. അംഗങ്ങൾ ചേർന്നുള്ള ഓൺലൈൻ മീറ്റിംഗുകളും വിവിധങ്ങളായ പ്രോഗ്രാമുകളും നടന്നുവരുന്നു. ഇരിങ്ങാലക്കുടയിൽ പ്രായമായവരെ താമസിപ്പിക്കുന്ന ഒരു സ്ഥാപനത്തിൽ ഒരു ദിവസത്തെ ഭക്ഷണം നൽകിക്കൊണ്ട് അവരുടെ സേവന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ഇനിയും ഇത്തരത്തിലുള്ളതും വിവിധങ്ങളുമായ പല പരിപാടികളും ആസൂത്രണം ചെയ്തുവരുന്നു എന്നറിയുന്നതിൽ വളരെയധികം സന്തോഷിക്കുന്നു. ടീം യൂത്ത് ഫോറത്തിന് ആശംസകളുടെ പൂച്ചെണ്ടുകൾ.

**8. ക്ഷത്രിയം – സ്വയംവരം**

നമ്മുടെ വൈവാഹിക ഓൺലൈൻ പോർട്ടൽ ഭംഗിയായി നടക്കുന്നു എന്നുള്ളത് വളരെ സന്തോഷമുളവാക്കുന്ന ഒരു കാര്യം തന്നെയാണ്. ടീം സ്വയംവരത്തിന് ആശംസകൾ.

യൂണിറ്റുകളുടെ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാനും കേന്ദ്ര ഭാരവാഹികൾ എപ്പോഴും അംഗങ്ങൾക്കൊപ്പമുണ്ടാകും എന്നറിയിച്ചുകൊള്ളുന്നു.

വിനയപൂർവ്വം

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി.

---

*പേജ് 9 തുടർച്ച*

ആനത്താവളങ്ങൾ ഉണ്ടല്ലോ. ആനകളുടെ എണ്ണമാണെങ്കിൽ തുലോം കുറവും. 12 മുതൽ 176 വരെ ഹെക്ടർ വിസ്തീർണ്ണമുള്ള താവളങ്ങളുണ്ട്. ഈ താവളങ്ങളുടെ ഒരു ഒതുങ്ങിയ കോണിൽ ½ ഹെക്ടർ വളച്ചുകെട്ടി വേർതിരിച്ചാൽ പോലും ഇത് പട്ടികളെ സൂക്ഷിക്കുന്ന 'പൗണ്ട്' ആക്കിക്കൂടെ? ആനത്താവളങ്ങളോടു ചേർന്ന് മൃഗാശുപത്രിയുണ്ടാകും. വേണമെങ്കിൽ നമുക്ക് ഒരു ആനിമൽ ക്രിമറ്റോറിയവും ഉണ്ടാക്കാവുന്നതേയുള്ളൂ.

പട്ടിയെ പിടിക്കാൻ അല്പം മയക്കുമരുന്നു ഭക്ഷണത്തിൽ കൊടുക്കുകയോ മയക്കുവെടി വയ്ക്കുകയോ ആകാം. മനേകാ ഗാന്ധി പോലും ഈ കാര്യത്തിൽ എതിരു പറയുമെന്നു തോന്നുന്നില്ല. ഇങ്ങനെ ചെയ്താൽ പട്ടിപിടിത്തക്കാരുടെ ട്രെയിനിങ്ങും വലിയ പ്രശ്നമാകുകയില്ല. എണ്ണം കൂടിയാൽ അവശരായ പട്ടികളെ ഒഴിവാക്കാനുള്ള അനുവാദവും കോടതി തരാതിരിക്കുകയില്ല.

അതല്ലെങ്കിൽ എല്ലാ പഞ്ചായത്തിലും ഒരു നായത്താവളം ഒരുക്കുക. ഒരു മാസത്തിനകം ഇവയ്ക്ക് ഉടമസ്ഥൻ എത്തിയില്ലെങ്കിൽ അവയെ കൊന്നൊടുക്കേണ്ടി വരും. നമുക്കു വളർത്തുനായകൾ മതിയെന്നു വയ്ക്കണം. തെരുവുനായയെ ഇല്ലാതാക്കാൻ മറ്റെന്തു മാർഗ്ഗം? വന്ധീകരണം പ്രാവർത്തികമാണെന്നു തോന്നുന്നില്ല.

നവകേരളം എങ്ങനെ വേണമെന്ന് തലപുകഞ്ഞാലോചിക്കുന്ന നമുക്ക് 'തെരുവുനായമുക്ത കേരളം' എന്ന സ്വപ്നമെങ്കിലും യാഥാർത്ഥ്യമാക്കാൻ കഴിയുമോ? ●

# റിയാക്ടിന്... സ്നേഹപൂർവ്വം



തൃശൂർ ക്ഷത്രിയ ക്ഷേമസഭ പ്രസിഡന്റ് അഞ്ചേരി, പടിഞ്ഞാറെ ചങ്കരമ്പാട്ട് മഠത്തിൽ ഡോ. പി.സി. സുധീരനും, സുമിത്രയും REACT ലേക്ക് നൽകിയ സംഭാവനയുടെ ചെക്ക് യൂണിറ്റ് സെക്രട്ടറി ശങ്കർ വർമ്മ സ്വീകരിക്കുന്നു.



തൃക്കാക്കര 'ചിന്താമണി'യിൽ ശാലിനി വർമ്മ റിയാക്ടിലേക്ക് സംഭാവനയായി നൽകിയ 50000 രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയ്ക്ക് കൈമാറുന്നു. ഭർത്താവ് പ്രൊഫ. ഡോ. ശിവപ്രസാദ് വർമ്മ സമീപം.



ചെന്നൈയിലെ ക്ഷത്രിയ കൂട്ടായ്മയായ 'സമന്വയ'ത്തിന്റെ സെക്രട്ടറി ധനഞ്ജയൻ റിയാക്ടിലേയ്ക്ക് നൽകിയ സംഭാവനയുടെ ചെക്ക് സംസ്ഥാന ജന. സെക്രട്ടറി മധുകുമാർ വർമ്മ തന്റെ സ്നേഹസന്ദേശ യാത്രയോടനുബന്ധിച്ചു ചെന്നൈ സഭയിലെത്തിയപ്പോൾ സ്വീകരിക്കുന്നു.

# റിയാക്ട് ധനസഹായം



തിരുവനന്തപുരത്ത് വട്ടിയൂർക്കാവിൽ താമസിക്കുന്ന സരസ്വതിയുടെ മകൾ സ്റ്റെഫി എബ്രഹാമിന് പഠനത്തിനായി റിയാക്ട് അനുവദിച്ച 25000 രൂപയുടെ ചെക്ക് ട്രഷറർ രാമവർമ്മ അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ച് സരസ്വതിക്ക് നൽകുന്നു.



ഭർത്താവിന്റെയും ഭർത്തൃ പിതാവിന്റെയും ആകസ്മികമായ മരണങ്ങൾ ദുരിതത്തിലാഴ്ത്തിയ ടി.ആർ. രാജിയും രണ്ടു കുട്ടികളും അമ്മയും അടങ്ങുന്ന കുടുംബത്തിന് റിയാക്ടിന്റെ സഹായമായ 50000 രൂപയുടെ ചെക്ക് തിരുവല്ല സഭാംഗമായ രാജേന്ദ്ര വർമ്മ കൈമാറുന്നു.



ക്ഷത്രിയ ക്ഷേമസഭ ഇരിട്ടി യൂണിറ്റ് അംഗമായ കെ. ഹരീഷ് കുമാറിന് റിയാക്ടിൽ നിന്നും ചികിത്സാ ധനസഹായമായി അനുവദിച്ച ഇരുപത്തയ്യായിരം രൂപയുടെ ചെക്ക്, ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.എം. ശ്രീകുമാർ കൈമാറി. മുൻ ഉത്തരമേഖല ഓർഗനൈസിങ് സെക്രട്ടറിയും സംസ്ഥാന കമ്മിറ്റി അംഗവുമായ കെ. കുഞ്ഞിമാധവൻ, ഇരിട്ടി യൂണിറ്റ് സെക്രട്ടറി കെ. ഉണ്ണികൃഷ്ണൻ മാസ്റ്റർ, യൂണിറ്റ് ട്രഷറർ കെ. വിക്രമൻ, ഭരണസമിതി അംഗമായ കെ. കുഞ്ഞിനാരായണൻ എന്നിവർ സമീപം.

# ഓണസ്മൃതിലഹരി

ഡോ. എഴുമറ്റൂർ രാജരാജവർമ്മ
മൊ. 98471 25794



വന്നൂ വന്നൂ പൊൻ ചിങ്ങം
പുലരൊളി തിരളും പൊൻ ചിങ്ങം
പുതുമലർ വിരിയും പൊൻ ചിങ്ങം
പുളകമുണർത്തും പൊൻ ചിങ്ങം

എല്ലാ മലയാളികളും എന്നപോലെ ഞാനും ഓണസ്മൃതിലഹരിയിൽ മുങ്ങുകയാണ്. പൂക്കളമൊരുക്കാൻ തറ മെഴുകുന്ന മുത്തശ്ശിക്കൊപ്പമിരുന്ന ബാല്യത്തിന്റെ ലഹരിയിൽ ഞാൻ സ്വയം മറക്കുന്നു. "തുമ്പപ്പൂവേ പൂത്തിരളേ" പാടി ഇടവഴികളിലേക്കും പെരുവഴികളിലേക്കും ക്ഷേത്രമൈതാനത്തേക്കും കൂട്ടുകാരുമായി ഓടുന്നവരിൽ ഒരുവനാകാൻ ഇന്നും കൊതിക്കുന്നു. നാടെങ്ങുനിന്നും ശേഖരിച്ച പൂക്കൾ മുറ്റത്ത് അത്തപ്പൂക്കളം തീർക്കുമ്പോൾ മനസ്സിൽ ആഹ്ലാദപ്പൂത്തിരി കത്തുന്നു. "അമ്പ നല്ല തുമ്പപ്പൂ" ചൂടിവരുന്ന മാവേലിയെയും കൂടെ പാടിവരുന്ന പാണനെയും എതിരേൽക്കാൻ മഞ്ഞക്കോടി ഉടുത്തൊരുങ്ങുന്നത് ഇന്നലെയായിരുന്നെന്ന് തോന്നുന്നു.

"ചെത്തി നല്ല ചെന്താമര"യും മറ്റും പാടി ആടിത്തിമിർക്കുമ്പോൾ വറപൊരിയുടെ മണം കേട്ട് അടുക്കളയിലേക്ക് ഓടിച്ചെല്ലുന്നതും ഏത്തക്കായ, ചേന, ചേമ്പ് എന്നിവയുടെ വറുത്തുപ്പേരിയും കളിയടയ്ക്കയും കൊണ്ട് പോക്കറ്റ് നിറയ്ക്കുന്നതും ഒക്കെ ഓർമ്മയിൽ ഓളം തുള്ളുന്നു. "ഒന്നാം മാനം കൊണ്ടോരൂഞ്ഞാൽ ആടീ വാടീ തോഴീ" പാടിക്കൊണ്ട് ഊഞ്ഞാലാടുന്ന ചേച്ചിമാരുടെ അടുക്കൽ ചെന്നു വഴക്കുണ്ടാക്കും, പെട്ട ആടാൻ. പ്രതിഫലമായി ഉപ്പേരിയും നൽകും. മുറ്റത്ത് 'ഇഞ്ചിത്താരേ' കളിക്കുന്ന ചേട്ടന്മാരു കാണും. "ഒന്നാം തുമ്പിയും അവർ പെറ്റ മക്കളും" പാടി തുമ്പിതുള്ളാനും ആളുകൾ ഒരുങ്ങുകയാവും. മൂത്തവർ ചീട്ടുകളി ആരംഭിക്കുമ്പോഴേക്കും മച്ചിങ്ങ പെറുക്കിക്കൊണ്ടുവന്ന് കുണുക്ക് ഉണ്ടാക്കിക്കൊടുക്കണം.

തിരുവോണനാളിൽ ഏഴരവെളുപ്പിനേ ഉണർന്ന് കുളിച്ചു കുറിയിട്ട് തൃക്കാക്കരയപ്പനു നേദിച്ച് പൂവട അമ്പെയ്ത് എടുത്തതിന്റെ വീരവാദങ്ങൾ പറഞ്ഞു തീരണമെങ്കിൽ കുറേ ദിവസം വേണം.

'മാവേലിചരിതം' നിഴൽക്കുത്തായി അവതരിപ്പിച്ചത് ഓർമ്മവരുന്നു.

"മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരും ഒന്നുപോലെ" എന്നാരംഭിക്കുന്ന മാവേലി ചരിതം പാട്ടിലെ ഏതാനും വരികൾ മൂളാത്ത ഒരു മലയാളിയും ഉണ്ടാവുകയില്ല. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും സത്യത്തിന്റെയും ധർമ്മത്തിന്റെയും നന്മയുടെയും നീതിയുടെയും സമൃദ്ധിയുടെയും ക്ഷേമത്തിന്റെയും മാവേലിക്കാലം വന്നു കാണാൻ നാമെല്ലാം ആഗ്രഹിക്കുന്നു.

അത്തപ്പൂക്കളം കണ്ടാൽ മതി, നാം ഭൂതകാല മഹിമയിൽ നിന്ന് ശോഭനമായ ഭാവിയുടെ പ്രതീക്ഷയിലേക്ക് ഒരു പൊന്നൂഞ്ഞാലിൽ ആടാൻ തുടങ്ങും. അത്തപ്പൂക്കളത്തിന് അന്ന് 10 നിരയാണ്. ഒന്നാം ദിവസം ഒരു നിര. ഓരോ ദിവസവും നിരയുടെ എണ്ണം ഒന്നുവീതം കൂടും. തിരുവോണത്തിന് പത്തു നിരയും വിരിയും. ഒന്നാം നിരയിൽ ഗണപതി, രണ്ടിൽ ശിവശക്തി, മൂന്നിൽ ശിവനാഥൻ, നാലിൽ ബ്രഹ്മാവ്, അഞ്ചിൽ പ്രാണങ്ങൾ, ആറിൽ ഷണ്മുഖൻ, ഏഴിൽ ഗുരുനാഥൻ, എട്ടിൽ ദിക്പാലകർ, ഒൻപതിൽ ഇന്ദ്രൻ, പത്തിൽ വിഷ്ണുദേവൻ- ഇതാണ് സങ്കല്പം എന്നാണ് അമ്മൂമ്മ പറഞ്ഞുതന്നിട്ടുള്ളത്.

പൂക്കളത്തിന് മുകളിൽ തത്തിക്കളിക്കുന്ന ഓണത്തുമ്പികൾക്കൊപ്പം "ഓണം വന്നു ഇതും

വന്നു" എന്നു പറഞ്ഞ് നൃത്തം ചെയ്യുന്ന ഒരു കുട്ടിയുണ്ടായിരുന്നു എന്നിൽ. ചുണ്ണാമ്പും തുണിസഞ്ചികളുമായി എത്തുന്ന പാണത്തി വല്യമ്മ, കുടവുമായി പാടാനെത്തുന്ന പുള്ളുവർ, പച്ചക്കറികളുടെ കാഴ്ചയുമായി എത്തുന്ന കൃഷിക്കാർ! അവരിൽ അപ്പൂപ്പന്മാരും അമ്മൂമ്മമാരും ഉണ്ട്. അവർക്ക് ആഹാരം കൊടുക്കുമ്പോൾ വിളമ്പാനും അവരോടൊപ്പമിരുന്ന് കഴിക്കാനും ഒക്കെ ഉത്സാഹം ആയിരുന്നു. അവർക്ക് പണം, അരി, തേങ്ങ, മുണ്ട്, എണ്ണ ഇവയൊക്കെ കൊടുത്തിരുന്നതും ഓർമ്മിക്കുന്നു. എന്തൊരാനന്ദം ആയിരുന്നു അക്കാലത്ത്.

ഓണക്കാലത്ത് എത്തുന്ന മാജിക്കുകാർ, സൈക്കിൾ യജ്ഞക്കാർ, സിനിമാപ്പെട്ടിക്കാർ, വഴിയോരപ്പാട്ടുകാർ, തുണിക്കച്ചവടക്കാർ ഒക്കെക്കൂടി ഏതുൾനാടൻ ഗ്രാമത്തിലും എന്നപോലെ ഞങ്ങളുടെ ഗ്രാമത്തിലും ഉത്സവമേളമായിരുന്നു. ഓണക്കാലത്ത് നാടകം കളിക്കുന്ന സംഘങ്ങൾ എവിടെയും ഉണ്ടായിരുന്നു. ഞങ്ങൾക്കും ഉണ്ടായിരുന്നു എഴുമറ്റൂർ സെൻട്രൽ ആർട്സ് ക്ലബ്ബ്. നാടക റിഹേഴ്സലും പണപ്പിരിവും സ്റ്റേജുകെട്ടലും നാടകാവതരണവും കഥാപാത്രമായി കുറെ നാൾ ഞെളിഞ്ഞുനടക്കലും ഒക്കെ ഓർമ്മിക്കാൻ എന്തു രസം.

ഓണക്കാലത്തുമാത്രം എത്തുന്ന ഒരു ചക്രവർത്തി ഉണ്ടായിരുന്നു ഞങ്ങൾക്ക്. മുഷിഞ്ഞ പാന്റും ഉടുപ്പും കോട്ടും ഇട്ട് കൈയിൽ ഒരു ഓടക്കുഴലും പിടിച്ച് ഇടയ്ക്ക് മനോഹരമായി അത് വായിച്ചുകൊണ്ട് കയറിവരും. "കുഞ്ഞുങ്ങളേ, വഴക്കുണ്ടാക്കരുത്, അമ്മയും അച്ഛനും പറയുന്നത് അനുസരിക്കണം", "മൂത്തവർ ചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും" – എന്നിങ്ങനെ കുറെ ഉപദേശങ്ങൾ തരും. ''അമ്മയെന്തിയേ, അച്ഛൻ എന്തിയേ, അമ്മൂമ്മയെന്തിയേ, എല്ലാവരും ഉണ്ടല്ലോ, ചക്രവർത്തിക്ക് എന്തെങ്കിലും തരണേ, ഇപ്പോൾ ഒന്നും വേണ്ടാ, ഞാൻ പിന്നെ വന്നോളാം" എന്നും മറ്റും പറഞ്ഞ് ഓടക്കുഴൽ ഊതിക്കൊണ്ട് വന്നപോലെ തിരിച്ച് ഇടവഴിയിലൂടെ നടന്നു മറയുന്ന ചക്രവർത്തിയുടെ പിറകെ കുറേ ദൂരം ഞങ്ങൾ പോകുമായിരുന്നു.

ഓണസ്സദ്യ ഓർമ്മയിൽ കൊതി വളർത്തുന്നു. മുൻപിലെ തൂശനില. അവിയൽ, തോരൻ, എരിശ്ശേരി, കിച്ചടി, പച്ചടി, മാങ്ങ നാരങ്ങ ഇഞ്ചി അച്ചാറുകൾ, കായ ചേമ്പ് ചേന ഉപ്പേരികൾ, ശർക്കരവരട്ടി, കളിയടയ്ക്ക, പഴം, പരിപ്പ്, നെയ്യ്, സാമ്പാർ, പുളിശ്ശേരി, അടപ്രഥമൻ, പാൽപ്പായസം, മോര്... വിഭവസമൃദ്ധം. ഊണിന്റെ ശാസ്ത്രം അറിഞ്ഞായിരുന്നു അന്നത്തെ ഊണ്. പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും ഓണം കൊടുക്കണമെന്ന് അമ്മൂമ്മ പറയുമായിരുന്നു.

മലയാളത്തിന്റെ മധുരോത്സവമായ തിരുവോണം. വിളവെടുപ്പിന്റെ വലിയ ഉത്സവം. അറയും മനവും നിറയുന്ന പൊന്നോണം. പരശുരാമൻ കേരളം സന്ദർശിക്കുന്നതിന്റെ സ്മരണയ്ക്കാണ് ഓണം എന്ന് ഒരു വിശ്വാസം. ആണ്ടു പിറപ്പിന്റെ ഉത്സവമാണ് ഓണം എന്ന് മറ്റൊരു വിശ്വാസം. ചേരമാൻ പെരുമാൾ രാജ്യം വിട്ട് മക്കയിലേക്ക് പോയതിന്റെ ഓർമ്മയ്ക്കാണ് ഓണം എന്ന് മറ്റൊന്ന്. ബുദ്ധമതത്തിന്റെ സംഭാവനയാണ് ഓണം എന്ന് ഇനി വേറൊന്ന്. മഹാബലിയെയും വാമനനെയും ചേർത്തുകൊണ്ടുള്ള കഥയ്ക്കാണ് പ്രചാരവും പ്രസിദ്ധിയും. പ്രജാക്ഷേമ തത്പരനായ മഹാബലിക്ക് അല്പം അഹങ്കാരം ഉണ്ടായതുകൊണ്ട്, രാജ്യം വീണ്ടെടുത്ത് മഹാവിഷ്ണു ഇന്ദ്രന് നൽകുകയും മഹാബലിയെ സുതലത്തിലേക്ക് കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു എന്നതാണ് പുരാണപ്രസിദ്ധമായ കഥ.

ശ്രീരാമകൃഷ്ണ പരമഹംസരോട് ഗീതയുടെ അർത്ഥം എന്താണ് എന്ന് ഒരു ശിഷ്യൻ ചോദിച്ചപ്പോൾ ആ പദം തിരിച്ചിട്ടാൽ മതി എന്ന് ഗുരു ഉപദേശിക്കുകയുണ്ടായി. താഗീ എന്നതിന് ത്യാഗം എന്നർത്ഥം. ഭാരതീയ സംസ്കാരം ഉദ്ഘോഷിക്കുന്നതും ഈ ത്യാഗമാണ്. ത്യാഗം ബലിയാണ്, മഹാത്യാഗം മഹാബലിയും. ആത്മബലിയാണ് മഹാബലി. മഹത്തായ കർമ്മം അനുഷ്ഠിച്ച് വിഷ്ണുപദം പ്രാപിക്കുകയായിരുന്നു മഹാബലി. അനശ്വരനായിത്തീർന്ന ചക്രവർത്തി. മഹാ ത്യാഗത്തിന്റെ മൂർത്തരൂപമാണ് മഹാബലി. ജീവിത പ്രശ്നങ്ങൾക്ക് ലളിതമായ പരിഹാരമാർഗങ്ങൾ ഇല്ല എന്നും ത്യാഗം മാത്രമാണ് ശ്രേഷ്ഠമായ നേട്ടം എന്നും എല്ലാവരും ഒരുമയോടെ, സമഭാവനയോടെ കഴിയുന്നതിന് ഓരോരുത്തരും മഹത്തായ ത്യാഗം അനുഷ്ഠിക്കണം എന്നും ഈ മഹാബലി പുരാവൃത്തം നമ്മെ പഠിപ്പിക്കുന്നുണ്ട്.

കവിത

# ഓണവില്ല്



**തങ്കൻ തിരുവട്ടാർ**
തിരുവനന്തപുരം
മൊ. 9446702033

പുതുവർഷ ചിങ്ങം മിഴിതുറന്നൂ- ഞാൻ
പയസ്വിനിയിൽ മുങ്ങിക്കുളിച്ചുവന്നൂ...
ഈറനുടുത്തമ്പലത്തിൻ നട കടന്നൂ- ഞാൻ
ആദികേശവ ദേവന്റെ മുന്നിലും ചെന്നൂ...
ഒറ്റക്കൽ മണ്ഡപത്തിൽ അർച്ചന മൂർത്തി-
ഭൂദേവി-ശ്രീദേവി ശീവേലി ബിംബങ്ങൾ,
ഇത്യാദി നോക്കി നോക്കി കുമ്പിടുന്നേരം
“അഷ്ടാക്ഷരീ” മന്ത്രം, നിമന്ത്രിച്ചു ഞാൻ.
“പട സങ്കീർത്തനം”[1] പതിന്നാലു ശ്ലോകങ്ങൾ
ഭഗവാനിൽ മനംചേർത്ത് ചൊല്ലി നമിച്ചൂ.
ആദികേശവ ജന്മനാളാം തിരുവോണത്തിൽ
പഞ്ചഗവ്യ-സാളിഗ്രാമ തീർത്ഥം ഭുജിച്ചേൻ.
കേശിമഥന കേശപാദം തൊഴുതിടുമ്പോൾ
ക്ലേശമെല്ലാം മനസ്സിൽ നിന്നേറെ മായുന്നൂ.

* * * *

ആദികേശവ-ശ്രീകൃഷ്ണ, ശീവേലി ബിംബങ്ങൾ
ഘോഷമോടെ ശീവേലിപ്പുരയിലുമെത്തി.
മിന്നിനിൽക്കും നെയ്യ്‌വിളക്കിൻ മുന്നിലായ്ക്കണ്ട-
പലകമേലെ കോടിചാർത്തി വില്ലുമൊരുക്കി.
‘സ്ഥപതി’[2] ഓണവില്ലുകളെ ദേവനെക്കാട്ടി
ഉഴിയുന്നേരം, താളമേളക്കൊഴുപ്പും കൂട്ടി.
പ്രസാദമെല്ലാം വാങ്ങി ഭക്തകോടി ജന്മങ്ങൾ
ആദികേശവ സ്തുതിഗീതം മനമുരുവിട്ടൂ.
മാഹേന്ദ്രഗിരിജാ പയസ്വിനിയും, പ്രദക്ഷിണം വെച്ചൂ-
ചക്രനദിയായ് രാമഘട്ടും[3], പുൽകിയൊഴുകുന്നൂ...




1. കോട്ടയം കേരളവർമ്മ തമ്പുരാന്റെ സ്തുതി
2. മൂത്താശാരി
3. ശ്രീരാമൻ പിതാവിന്റെ ബലികർമ്മം നടത്തിയ നദീതീരം

→ നാടൻ പാട്ടുകളിൽ, ശാസനങ്ങളിൽ, കവിതകളിൽ, പഴഞ്ചൊല്ലുകളിൽ, ശൈലികളിൽ, പദാവലികളിൽ – അങ്ങനെ അങ്ങനെ നാനാവിധത്തിൽ മലയാളി മനസ്സുകളിൽ ഓർമ്മകളുടെ പീലി വിടർത്തി നിൽക്കുന്ന ഓണത്തിന് എന്തു സുഗന്ധം.

മഹാകവി വള്ളത്തോളിന്റെ വരികളോടെ ഈ സ്മൃതിലഹരിക്ക് തത്കാലം വിടനൽകട്ടെ.

“കുട്ടിയും കിഴവനുമാഢ്യനും ദരിദ്രനും
വിഡ്ഢിയും വിരുതനും വിപ്രനും പറയനും
സർവ്വരുമൊരേമട്ടിൽ സ്വാദന്നസദ്വസ്ത്രാദി
സംതൃപ്തരായിട്ടെന്നു സാഹ്ലാദം വിഹരിക്കും.
അന്നല്ലോ നമുക്കോണമന്നല്ലോ സമത്വത്തിൽ
നന്ദിക്കു മൃഷിരാജ്യത്തിന്നുറ്റ മഹോത്സവം.”



# അത്തച്ചമയത്തിന്റെ ചരിത്ര പശ്ചാത്തലം

**രാമഭദ്രൻ തമ്പുരാൻ**
തൃപ്പൂണിത്തുറ, മൊ. 9744223181

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ..."

മലയാളികളുടെ ചുണ്ടുകളിൽ കാലാകാലങ്ങളായി പാടിപ്പതിഞ്ഞ ഓണപ്പാട്ട്... സമൃദ്ധിയുടെ ഉത്സവം എന്നു വിശേഷിപ്പിക്കുന്ന ചിങ്ങമാസത്തിലെ തിരുവോണം കേരളത്തിന്റെ ദേശീയോത്സവമായി ആഘോഷിച്ചുവരുന്നു. 'ഓണം', 'തിരുവോണം' എന്നീ പദങ്ങൾ സംസ്കൃതത്തിലെ 'ശ്രാവണ' ത്തിന്റെ തദ്ഭവങ്ങളത്രെ. തിരുവോണാഘോഷങ്ങളുടെ ആഗമനത്തെപ്പറ്റി പല വിശ്വാസങ്ങളും വളരെക്കാലം മുമ്പുമുതലേ പ്രചരിച്ചുവന്നിരുന്നു. വാമനന്റെ പ്രതിഷ്ഠയുള്ള തൃക്കാക്കര ക്ഷേത്രത്തിൽ, കർക്കടക മാസത്തിലെ തിരുവോണം തുടങ്ങി ഇരുപത്തിയേഴു (27) ദിവസത്തെ ഉത്സവം ഉണ്ടായിരുന്നു എന്നും ചിങ്ങത്തിലെ അത്തം മുതൽ തിരുവോണം നാളിലെ ആറാട്ടുവരെയുള്ള ഒടുവിലത്തെ പത്തു ദിവസത്തെ ഉത്സവം കേരളം മുഴുവനും കൊണ്ടാടിയിരുന്നുവെന്നും പറയപ്പെടുന്നു. അത്തം മുതൽ വീട്ടുമുറ്റത്ത് തൃക്കാക്കരയപ്പന്റെ രൂപം മണ്ണുകൊണ്ട് നിർമ്മിച്ച് പൂവിടുന്നത് ഈ ആഘോഷത്തിന്റെ അനുസ്മരണമാണെന്നും വിശ്വസിക്കുന്നു. "അത്തം പത്തോണം" എന്നാണല്ലോ പഴമൊഴി. തൃക്കാക്കര ഉത്സവത്തിന് കേരള രാജാക്കന്മാർ എല്ലാവരും സന്നിഹിതരാകാറുണ്ടായിരുന്നു എന്നും ചരിത്രം ഉദ്ഘോഷിക്കുന്നു. കൊച്ചി മഹാരാജാവിന്റെ അത്തച്ചമയാഘോഷം ഇതിന്റെ ഭാഗമാണെന്നും വിശ്വസിക്കുന്നു. അങ്ങനെ തൃക്കാക്കര ഉത്സവത്തിൽ നിന്നാണ് ഓണാഘോഷങ്ങൾ ഉത്ഭവിച്ചത് എന്നും ഒരു വാദഗതിയുണ്ട്.

അത്തം നാൾ മുതൽ കന്യകമാർ മുറ്റത്തു പൂത്തറയുണ്ടാക്കി, തൃക്കാക്കരയപ്പനെ പ്രതിഷ്ഠിച്ച് ഇടയ്ക്കിടെയുള്ള വായ്ക്കുരവകളോടെ പൂവിട്ടു തുടങ്ങും. പൂവിടുന്നതിനും ചില ക്രമങ്ങളും ആചാരവിധികളും ഉണ്ടെന്ന് പഴമക്കാർ പറയുന്നു. പത്തു നിരയിലാണത്രെ പൂക്കളം ഒരുക്കേണ്ടത്; അതിൽ ഒന്നാം നിരയിൽ ഗണപതി, രണ്ടാം നിരയിൽ ശിവശക്തി, മൂന്നാം നിരയിൽ ശിവൻ, നാലാമത്തേതിൽ ബ്രഹ്മാവ്, അഞ്ചാമത്തേതിൽ പഞ്ചപ്രാണങ്ങൾ, ആറിൽ ഷൺമുഖൻ, ഏഴിൽ ഗുരുനാഥൻ, എട്ടിൽ ദിക്പാലകന്മാർ, ഒൻപതിൽ ഇന്ദ്രൻ, പത്തിൽ വിഷ്ണു എന്നീ ക്രമത്തിൽ സങ്കല്പിച്ചുവേണം പൂക്കളമൊരുക്കാൻ എന്ന് 'വ്രതചൂഡാമണി' മുതലായ ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്.

അത്തച്ചമയം പഴയ കൊച്ചി സംസ്ഥാനത്തിന്റെ ദേശീയോത്സവമായിട്ടാണ് ആഘോഷിച്ചിരുന്നത്. 'അത്തച്ചമയം' എന്ന സംജ്ഞയ്ക്ക്, വാക്കിന്, അത്തം നാളിലെ ചമയം എന്ന് പദാർത്ഥം. തൃക്കാക്കരയപ്പന്റെ ഉത്സവത്തിന് കൊച്ചി മഹാരാജാവ്



*അവസാനത്തെ കൊച്ചി മഹാരാജാവ് രാമവർമ്മ പരീക്ഷിത്ത് തമ്പുരാൻ അത്തച്ചമയത്തിന് എഴുന്നള്ളുന്നു.*


പരിവാര സമേതം ചമയങ്ങളണിഞ്ഞ് ഘോഷയാത്രയായി പോകുന്നു എന്നാണ് ഒരു സങ്കല്പം. രാജകീയ അത്തച്ചമയത്തിന് മൂന്നു ദിവസം മുൻപ് ആനപ്പുറത്ത് നകാരകൊട്ടി കാഹളം മുഴക്കി ഒരു ദിവസം ഒരു കോട്ടവാതിൽ വീതം മൂന്നു കോട്ടവാതിൽക്കലും ചെന്ന് സർക്കാർ അറിയിപ്പ് വിളംബരപ്പെടുത്തുന്നു. ഇതിന് 'ദേശം അറിയിക്കൽ' എന്നാണ് പറയുന്നത്. അത്തച്ചമയാഘോഷത്തെപ്പറ്റി പൊതുജനങ്ങളെ അറിയിക്കാൻ വേണ്ടിയുള്ള 'ദേശം അറിയിക്കൽ' എന്ന ഈ ചടങ്ങോടുകൂടിയാണ് കൊച്ചിയിലെ അത്തച്ചമയം ആഘോഷങ്ങൾ ആരംഭിക്കുന്നത്. നാലാം ദിവസം, അത്തം നാൾ, നാടുവാഴികൾ, പ്രഭുക്കന്മാർ, കർത്താക്കന്മാർ, തണ്ടാൻ, അരയൻ, കത്തനാർ തുടങ്ങിയവർ എത്തിച്ചേരുന്നു. അത്തംനാൾ രാവിലെ പൂർണ്ണത്രയീശ ദർശനം കഴിഞ്ഞ് ചമയ മുറിയിൽ പ്രവേശിക്കുന്ന രാജാവിനെ നമ്പൂതിരിമാരും തിരുമുൽപ്പാടുമാരും ചെങ്ങഴി നമ്പ്യാന്മാരും ചേർന്ന് ആടയാഭരണങ്ങൾ അണിയിക്കുന്നു. കക്കാട് കാരണവർ മഹാരാജാവിനെ പൂമുഖത്തേക്ക് ആനയിക്കുന്നു. വലിയ വെള്ളി വിളക്കിനും നിറപറയ്ക്കും പച്ചക്കുല, പഴക്കുല, വീരമദ്ദളം, ചങ്ങലവട്ട, പള്ളിശംഖ് എന്നിവയ്ക്കും അഭിമുഖമായി വെള്ളി സിംഹാസനത്തിൽ മഹാരാജാവ് ഉപവിഷ്ടനാകുന്നു. പെരുമാക്കന്മാരിൽ നിന്ന് പെരുമ്പടപ്പ് സ്വരൂപത്തിന് സിദ്ധിച്ച രത്ന കിരീടം മഹാരാജാവ് മടിയിൽ വയ്ക്കുന്നു. (കൊച്ചി രാജാവ് കിരീടം തലയിൽ വയ്ക്കാത്തതിന്റെ പിന്നിൽ മറ്റൊരു ചരിത്രം ഉണ്ട്). നഗര പ്രദക്ഷിണത്തിനു മുന്നോടിയായി ശംഖനാദം മുഴങ്ങുന്നു. മഹാരാജാവ് ദന്തപ്പല്ലക്കിൽ കയറുന്നതോടെ പീരങ്കികൾ ആചാരവെടി മുഴക്കും. തുടർന്ന് നഗരപ്രദക്ഷിണം ആരംഭിക്കുന്നു. കുതിരപ്പട്ടാളം, വില്ലക്കാർ, സൈന്യാധിപന്മാർ, നായർപ്പട്ടാളം, ആനയും അമ്പാരിയും, ദാസിയാട്ടക്കാർ, ഉദ്യോഗസ്ഥന്മാർ, പൗരപ്രമുഖർ തുടങ്ങിയവർ അകമ്പടി സേവിക്കും. ഘോഷയാത്രയ്ക്കു ശേഷം പ്രധാനികൾക്ക് അത്തപ്പണവും ഓണപ്പുടവയും നല്കുന്നു. അതിനു ശേഷം വിഭവ സമൃദ്ധമായ സദ്യയോടുകൂടി അത്തച്ചമയാഘോഷങ്ങളുടെ ചടങ്ങുകൾ അവസാനിക്കുന്നു. നെട്ടൂർ തങ്ങളുടെയും കരിങ്ങാച്ചിറ കത്തനാരുടെയും ചെമ്പിൽ അരയന്റെയും സാന്നിദ്ധ്യം അത്തച്ചമയത്തിന് മതസൗഹാർദ്ദത്തിന്റെ ഒരു പരിവേഷം കൂടി നൽകുന്നു. കനകക്കുന്നിലേക്ക് (ഹിൽ പാലസ്) ആസ്ഥാനം മാറ്റുന്നതുവരെ അത്തച്ചമയം കളിക്കോട്ടയിൽ നിന്നാരംഭിച്ച് തെക്കെ വഴിയിൽക്കൂടി കിഴക്കേക്കോട്ടവാതിൽക്കലെത്തി തുടർന്ന് പൂർണ്ണത്രയീശ നടയിൽ ഭഗവാനെ വണങ്ങിയ ശേഷം കളിക്കോട്ടയിൽ അവസാനിക്കുകയായിരുന്നു. കനകക്കുന്നിലേക്ക് ആസ്ഥാനം മാറിയ ശേഷം അവിടെ നിന്നാരംഭിച്ച് പൂർണ്ണത്രയീശ ക്ഷേത്രനട വരെ വന്ന് തിരിച്ചുപോകുകയാണ് പതിവ്. ഒരുകാലത്ത് ഇത് ഹിൽപാലസ്സിൽ മാത്രമായി ഒതുങ്ങി. മഹാരാജാക്കന്മാരുടെ ആസ്ഥാനം എവിടെയാണോ അവിടെ വച്ചാണ് അത്തച്ചമയം നടക്കേണ്ടത്. അതുകൊണ്ടു തന്നെ ചാഴൂർ കോവിലകത്തു വെച്ചും തൃശൂർ, കണയന്നൂർ, എറണാകുളം എന്നിവിടങ്ങളിൽ വെച്ചും അത്തച്ചമയം നടന്നിട്ടുള്ളതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്.

അത്തച്ചമയാഘോഷത്തെപ്പറ്റി നിരവധി വിശ്വാസങ്ങളും ഐതിഹ്യങ്ങളും ചരിത്രം പരിശോധിച്ചാൽ കാണാൻ സാധിക്കും. മഹാബലി ചക്രവർത്തിയുടെ ആസ്ഥാനമായിരുന്നു തൃക്കാക്കരയെന്നും, സാമന്ത രാജാക്കന്മാർ ഓണത്തിന് പത്തു ദിവസം മുമ്പുതന്നെ അവിടെ എത്തിയിരുന്നുവെന്നും, ചക്രവർത്തിക്ക് തിരുമുൽക്കാഴ്ചകൾ നൽകി തൃക്കാക്കരയപ്പനെ തൊഴുതു മടങ്ങിയിരുന്നതിനെയാണ് അത്തച്ചമയം സൂചിപ്പിക്കുന്നത് എന്നതാണ് ഒരു പ്രമാണം. കോഴിക്കോട്ടു സാമൂതിരിയും കൊച്ചി രാജാവും തമ്മിലുണ്ടായിരുന്ന യുദ്ധം ഓണത്തിനു മുമ്പ് അവസാനിപ്പിക്കണമെന്ന തീരുമാനം നടപ്പാക്കിയതിന്റെ സ്മാരകമായി അത്തച്ചമയം കൊണ്ടാടപ്പെടുന്നുവെന്നും ഒരഭിപ്രായമുണ്ട്. യുദ്ധം അവസാനിച്ചതിൽ ഇരു രാജ്യത്തുമുള്ള ജനങ്ങൾ സന്തോഷിച്ചുവെന്നും കൊച്ചി രാജാവ് പഞ്ഞം തീർക്കാൻ ഖജനാവിൽ നിന്നും എല്ലാവർക്കും 'പുത്തൻ' കൊടുത്തുവെന്നും ജനങ്ങളുടെ ഈ ആഘോഷമാണ് അത്തച്ചമയമെന്നും ആണ് മറ്റൊരു ഐതിഹ്യം. തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ കർക്കിടക മാസത്തിലെ തിരുവോണം മുതൽ ചിങ്ങമാസത്തിലെ തിരുവോണം വരെ ഇരുപത്തിയെട്ടു ദിവസത്തെ ഉത്സവത്തിൽ രണ്ടു നാട്ടുരാജ്യങ്ങൾ ചേർന്ന് ഒരു ദിവസത്തെ അഹസ്സു നടത്തിയിരുന്നുവെന്നും ചിങ്ങമാസത്തിലെ അത്തം നാളിലെ അഹസ്സ് സാമൂ

കവിത

# ഓണം (തിരുവാതിരപ്പാട്ട്)

**ടി.എൻ. ആദിത്യവർമ്മ**
തിരുവനന്തപുരം, മൊ. 8547444160



ഓണംവന്നോണംവന്നോണംവന്നൂ
മാനസം കോൾമയിർക്കൊണ്ടുനിന്നൂ
മാവേലി മന്നനെയൊന്നെതിരേൽക്കുവാ
നായിജ്ജനങ്ങളൊരുങ്ങി നിന്നൂ-വാദ്യ
മേളങ്ങളങ്ങു നിരന്നുനിന്നൂ.
പൂക്കളം തീർക്കുവാൻ പൂവിനായി
ക്കുട്ടികൾ നെട്ടമിട്ടോട്ടമായീ
കുട്ടകൾ തന്നിലായ്ചെത്തി ചേമന്തിക
ളൊത്തുചേർന്നങ്ങനെ ശേഖരിച്ചൂ-വാടാ
തൊട്ടു ജലം തെളിച്ചൊട്ടുവച്ചൂ
വട്ടംവരച്ചിട്ടു ചിത്രമൊന്നാം
വട്ടത്തിലായി വരച്ചുവച്ചൂ
ചിത്രശലഭം പറക്കുന്ന ചിത്രമ-
പ്പൂക്കളം തന്നിലൊരുക്കിവച്ചൂ-കാണും
കാണികൾ കണ്ടുകണ്ടാസ്വദിച്ചൂ.
ഊഞ്ഞാലിലാടി രസിക്കുവാനായ്
ചാഞ്ഞമരത്തിലായ് കെട്ടുകെട്ടീ
ഏറ്റം ബലമുള്ള പാശത്തിലൂഞ്ഞാലു
കെട്ടീട്ടതിലിരുന്നാട്ടമാടീ-രസം
മുറ്റുന്ന പാട്ടൊന്നു കൂട്ടിനെത്തി.
അത്തച്ചമയം കഴിഞ്ഞുപിന്നെ-
യെത്തീ തിരുവോണമന്നുപിന്നേ-
പുത്തനാം കോടി വസ്ത്രങ്ങൾ ധരിച്ചുകൊ
ണ്ടെത്തിയ നാരിമാരൊത്തുകൂടീ-നല്ല
സദ്യയൊരുക്കിനാർ വൃത്തിയായി.
പുത്തൻപ്രദീപം കൊളുത്തിവച്ചൂ
ഒത്തു തിരുവാതിര കളിച്ചൂ
കൂട്ടുചേർന്നങ്ങനെ ഓണം രസമാക്കി
മാറ്റീ മനസ്സിന്നു തൃപ്തിയേകി-മറ്റു
മാനുഷർക്കാകെ സന്തോഷമേകീ.

---

→

തിരി രാജാവും കൊച്ചി രാജാവും കൂടിയാണ് നടത്തിയിരുന്നതെന്നും അന്നേ ദിവസം കൊച്ചി രാജാവ് ചമയങ്ങളണിഞ്ഞ് തൃക്കാക്കര ക്ഷേത്രത്തിലേക്ക് അഹസ്സു തൊഴാൻ പോകുന്നതാണെന്നുമാണ് മറ്റൊരു ഐതിഹ്യം. ഏതായാലും നാനാജാതിമതസ്ഥർ പങ്കെടുക്കുന്ന അത്തച്ചമയാഘോഷം മതസൗഹാർദ്ദത്തിന്റെ മഹത്തായ സന്ദേശം നല്കുന്ന ഉത്സവമാണെന്ന് നിസ്സംശയം പറയാം. രാജവാഴ്ചയ്ക്കുശേഷം നീണ്ട ഒരു ഇടവേളയ്ക്കുശേഷം 1961 മുതൽ സർക്കാരിന്റെ നേതൃത്വത്തിൽ, 'അത്തച്ചമയം' 'അത്താഘോഷ'മായി പുനരാരംഭിച്ചു. ഇപ്പോൾ തൃപ്പൂണിത്തുറ നഗരസഭയുടെ നേതൃത്വത്തിലാണ് അത്താഘോഷം നടത്തപ്പെടുന്നത്. അത്താഘോഷത്തിന്റെ തലേദിവസം കൊച്ചി വലിയ തമ്പുരാന്റെ പ്രതിനിധി, കൊച്ചി രാജകുടുംബാംഗം ഹിൽ പാലസ്സ് അങ്കണത്തിൽ വച്ച് അത്തപ്പതാക നഗരസഭാദ്ധ്യക്ഷന് കൈമാറുന്നതോടെ അത്താഘോഷത്തിന് തുടക്കം കുറിക്കുന്നു. രാജഭരണത്തിൽ നിന്ന് ജനായത്തഭരണത്തിലേക്കുള്ള മാറ്റത്തിന്റെ പ്രതീകം കൂടിയാണ് ഈ കൈമാറ്റം.

പഴയ കൊച്ചി രാജ്യത്തെ ചരിത്രപരമായ അത്തച്ചമയം ഇന്നലെയുടെ പ്രൗഢിയും ഗാംഭീര്യവും കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെ തൃപ്പൂണിത്തുറ നഗരസഭയുടെ നേതൃത്വത്തിൽ ആഘോഷിച്ചുവരുന്നു എന്നുള്ളതിൽ നമുക്കേവർക്കും അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യാം. ●

# ഓർമ്മകളിൽ ഓണം

**മാലിനി രവിവർമ്മ**
തിരുവനന്തപുരം, മൊ. 9496158223



എന്റെ കുടുംബം, ഗ്രാമത്തിൽ കൊട്ടാരം. മാവേലിക്കരയിൽ നിന്നും സ്വല്പം തെക്കുമാറി, അച്ചൻകോവിലാറിന്റെ തഴുകലിൽ സന്തോഷിക്കുന്ന ഗ്രാമസുന്ദരി. കോഴിക്കോട്ടു പരപ്പനാട്ടു രാജവംശത്തിൽ നിന്നും വന്ന തമ്പുരാട്ടിമാരിൽ മൂത്തയാൾ കൊട്ടാരം കെട്ടി താമസമാക്കിയ സ്ഥലം. ആ വംശ പരമ്പര തന്നെയാണ് ഇന്നും അവിടെയുള്ളത്. ആഘോഷങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും മുൻതൂക്കം കൊടുത്തിരുന്ന കുടുംബം. ഇവയെല്ലാം കണ്ടുവളർന്നതാണ് എന്റെ ബാല്യ കൗമാര കാലങ്ങൾ. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായിരുന്ന കാലമായിരുന്നു.

വിപുലമായ ആഘോഷങ്ങളും ചിട്ടവട്ടങ്ങളും ചിങ്ങമാസത്തിലെ തിരുവോണത്തിനു തന്നെയായിരുന്നു. തൊട്ടുമുൻപുള്ള കർക്കിടകത്തിലെ 'പിള്ളേരോണം' മുതൽ തുടങ്ങും ചിങ്ങത്തിലെ തിരുവോണത്തിനുള്ള ഒരുക്കങ്ങൾ. തറവാട് സമ്പൽസമൃദ്ധിയിൽ തിളങ്ങി നിന്നിരുന്ന സമയം. അംഗസംഖ്യ വളരെ കുറവായിരുന്നു, അന്നും ഇന്നും. അതിനിരട്ടിയായി പരിചാരകർ, കാര്യസ്ഥന്മാർ, കണക്കപ്പിള്ളമാർ, ഭാഗവതർമാർ, തിരുവാതിര സാറന്മാർ (സ്ത്രീകൾ), പിന്നെ തേവാരികൾ, ശാന്തിക്കാർ എന്നിവരും. ഇവർക്കെല്ലാം താമസ-ഭക്ഷണ സൗകര്യങ്ങളും ഉണ്ടായിരുന്നു. ഇവരെല്ലാം ഓണാഘോഷ പങ്കാളികളും ആയിരുന്നു.

അത്തം നാളിനു മുൻപായിത്തന്നെ, ഏത്തക്കുലകൾ, ചേന, ചേമ്പ്, കായ്കറികൾ എന്നിവ പാട്ടക്കാരും കൃഷിക്കാരും നടപ്പുരയിൽ നിരത്തിക്കഴിയും. അടുക്കള ആവശ്യത്തിനുള്ള പിച്ചാത്തി, വെട്ടുകത്തി ഇവ കൊണ്ടുവരുന്ന കൊല്ലപ്പണിക്കാർ. മരത്തവികൾ, മരവികൾ, പലകകൾ ഇവയുമായി മരപ്പണിക്കാർ. കുട്ടകൾ, വട്ടികൾ എന്നിവയുമായി വേറൊരു കൂട്ടർ. ഇവയ്ക്കെല്ലാം പുറമേ കുട്ടികൾക്കു കളിക്കാനായി ഭംഗിയുള്ള പുള്ളിത്തുണികൾ കൊണ്ടുണ്ടാക്കിയ ഓണപ്പന്തുകൾ കൊണ്ടുവരുന്ന പാണന്മാർ. ചാരിതാർത്ഥ്യത്തോടുകൂടി സന്തോഷിച്ചുവരുന്ന ഇവരെയെല്ലാം കണ്ട്, പടിപ്പുരകളും മുറ്റങ്ങളും ഉത്സാഹഭരിതരാകും. ഇവർക്കെല്ലാം ഓണക്കോടിയും നെല്ലും പണവും സമ്മാനമായി വല്ല്യമ്മാവൻ നൽകും.

അത്തം നാൾ മുതൽ പൂവിടീൽ തുടങ്ങും. വലിയ നാലുകെട്ടിന്റെ കിഴക്കുഭാഗത്തായുള്ള മുറ്റത്താണ് ചാണകം മെഴുകിയ അത്തത്തറ ഉണ്ടാക്കുന്നത്. വൃത്താകൃതിയിലുള്ള അത്തക്കളം ഒരുക്കാനും ഈ പത്തു ദിവസത്തേക്കുള്ള വിവിധതരം പൂക്കൾ കൊണ്ടുവരുവാനുമായി 'മുറക്കാർ' എന്ന തസ്തികയിലുള്ള ഏഴെട്ടു സ്ത്രീകളുണ്ട്. പൂക്കളത്തിന് നടുവിലായി തുമ്പപ്പൂവിടും. പിന്നെ പല നിറത്തിലും വലിപ്പത്തിലും ഉള്ള പൂവുകൾ കൊണ്ട് വരി നിരത്തും. ചെമ്പരത്തി, തെറ്റി, എണ്ണയ്ക്കാടൻ പൂവ്, കോളാമ്പി, അരളി, വേലിപ്പരത്തി, എരിക്കിൻപൂവ്, കാശിത്തെറ്റി, ശംഖുപുഷ്പം, പൊടിപ്പൂവ് ഇങ്ങനെ പല നിറങ്ങളിലുള്ളവ. ചേമ്പില കൊണ്ട് കുമ്പിൾ കുത്തിയവയിലാണ് പൂക്കൾ നിറയ്ക്കുന്നത്. പൂക്കളത്തിൽ പൂവിടുന്നത് ആദ്യം തുമ്പപ്പൂവുകൊണ്ടാവണം. അതും കന്യകകൾ തന്നെ വേണം ആദ്യം. ഈ മുറക്കാരായ പരിചാരികമാരിലൊരാൾ ഞങ്ങൾ കുട്ടികളെ ഓരോരുത്തരെയായി ഓരോ ദിവസവും കാലത്തു വിളിച്ചുണർത്തും. ഉറക്കച്ചടവോടുകൂടിയാണെങ്കിലും കുട്ടികളിൽ ഓരോരുത്തരായി ഓരോ ദിവസവും തുമ്പപ്പൂ, പൂക്കളത്തിന് നടുവിലായി വയ്ക്കും. അടുത്തു തന്നെ നിലവിളക്കു കൊളുത്തിവച്ചിരിക്കും. പൂവിടുന്ന സമയത്ത് ഒന്നുരണ്ടു സ്ത്രീകൾ ചേർന്ന് ഉറക്കെ 'കുരവ'യിടും. പിന്നീട് ഭംഗിയായി വരികൾ നിരത്തി പൂക്കളം നിറയ്ക്കുന്നത് പ്രധാനമായും

കൊച്ചമ്മ (ചെറിയമ്മ)യുടെ ചുമതലയാണ്. കൂടെ അമ്മയും വല്ല്യമ്മയും കൂടും. പുരുഷന്മാരായ ജോലിക്കാരുടെ ചുമതലയാണ് കളിമണ്ണുകൊണ്ട് തൃക്കാക്കരയപ്പനെ പല വലിപ്പത്തിൽ ഉണ്ടാക്കിക്കൊണ്ടുവരുന്നത്. കിഴക്കേ നാലുകെട്ടിൽ വച്ച് അരിപ്പൊടി കൊണ്ടും മഞ്ഞൾപ്പൊടി കൊണ്ടും കോലം അണിയിച്ച് തൃക്കാക്കര അപ്പന് പൂജയും നിവേദ്യവും പതിവായിരുന്നു.

കൊട്ടാരത്തിന്റെ വടക്കുകിഴക്കു ഭാഗത്തുള്ള പുത്തൻ മാടപ്പള്ളിയിലെ ഉപ്പേരി വറവ് മറക്കാനാവാത്ത ഒരു കാഴ്ചയായിരുന്നു. ദേഹണ്ഡക്കാരായ പുരുഷന്മാർ വലിയ വാർപ്പിലെ തിളയ്ക്കുന്ന എണ്ണയിൽ വൃത്താകൃതിയിലുള്ള ഏത്തക്കായ കഷണങ്ങൾ വെള്ള കുട്ടകളിൽ നിന്നും കുടഞ്ഞിടും. സ്വർണ്ണനാണയങ്ങൾ പോലെ അവ എണ്ണയിൽ കിടന്ന് തിളച്ചുമറിയും. ഞങ്ങൾ കുട്ടികൾ അവിടേക്കെങ്ങാനും ചെന്നെത്തിനോക്കിയാൽ അവർ നമ്മളെ വിരട്ടിയോടിക്കും. ചെറിയ പത്രക്കടലാസുകളിൽ കുറച്ച് ഉപ്പേരി പൊതിഞ്ഞുതരും. കായ്, ചേമ്പ്, ചേന, ചക്ക ഇവയെല്ലാം ഉപ്പേരി വറുക്കും. എല്ലാറ്റിനും ഉപരിയായി ശർക്കരപുരട്ടിയും. ഒന്നാം ഓണം മുതൽ നാലു ദിവസവും വിപുലമായ സദ്യ. പിന്നെ ഉത്തൃട്ടാതിക്കും സദ്യ തന്നെ. തിരു ആറന്മുളയപ്പന്റെ പൂജയും കെടാവിളക്കും അന്നുണ്ട്. ഓണാഘോഷങ്ങളിൽ ഉൾപ്പെട്ട ഒരു ദിനം തന്നെയായിരുന്നു, ആറന്മുള വള്ളംകളിയ്ക്കായി ചെന്നിത്തല ഉൾപ്പെടെ തെക്കൻ ഭാഗങ്ങളിൽ നിന്നും ഉള്ള അലങ്കരിച്ച തോണികൾ നമ്മുടെ തൊട്ടു പടിഞ്ഞാറുള്ള അച്ചൻകോവിലാറ്റിലൂടെ തുഴഞ്ഞുവരുന്നത്. ഞങ്ങൾ എല്ലാപേരും കടവുകളിൽ പോയി നിന്ന് 'വഴിപാട്' എന്ന പോലെ വെറ്റിലപാക്ക് സമർപ്പിച്ച് അവരെ എതിരേൽക്കും. കൊട്ടാരമുറ്റത്തേക്ക് വള്ളക്കാരെ സ്വാഗതം ചെയ്ത് അവർക്ക് ഉപ്പേരി, പഴക്കുല, പാനകം ഇവ നൽകും. അവർ തൃപ്തിയോടെ വള്ളപ്പാട്ടും പാടി തിരികെ വള്ളത്തിൽ കയറും. "നാളിൽ നാളിൽ സുഖിച്ചതിമോദത്തോടെ വസിച്ചാലും നാളീകലോചനൻ തന്റെ നാമ മാഹാത്മ്യത്താൽ..." കുചേലവൃത്തം വഞ്ചിപ്പാട്ടിലെ ഈ വരികൾ പാടി അനുഗ്രഹിക്കും.

ഓണ നാളുകളിലുള്ള മറ്റുചില ആഘോഷങ്ങളാണ് (സ്ത്രീകളുടേതായ) തുമ്പിതുള്ളൽ, കുടം ഊത്ത്, തിരുവാതിരകളി തുടങ്ങിയവ.

നാട്ടുകാരായ സ്ത്രീകളും കുട്ടികളും കൊട്ടാര നടപ്പുരയിൽ കൂടും. കഥകളിപ്പദങ്ങളായിട്ടുള്ള നല്ല രാഗഭംഗിയുള്ള പാട്ടുകൾ പാടി ശാസ്ത്രീയമായ രീതിയിലുള്ള തിരുവാതിരകളി തന്നെയായിരുന്നു. പിന്നെ കാട്ടുതുമ്പച്ചെടികൾ അടുക്കിപ്പിടിച്ച് മുഖത്തോടു ചേർത്തുവച്ചുള്ള തുമ്പിതുള്ളൽ, ചെറിയ വാവട്ടമുള്ള കുടങ്ങൾ വായോടടുപ്പിച്ച് താളത്തിൽ അതിലേക്ക് ശക്തിയായി ഊതുന്ന 'കുടംഊത്ത്' ഇവയെല്ലാം ഓണക്കളികളിലുൾപ്പെടും.

*തുമ്പിപ്പാട്ട്*:-
"എന്താ തുമ്പീ, തുള്ളാത്തേ?
ആളു പോരാഞ്ഞോ, അരങ്ങു പോരാഞ്ഞോ
ആടകൾ പോരാഞ്ഞോ?" (എന്താ തുമ്പീ...)

*കുടംഊത്തുപാട്ട്*:-
"കുടമൂതെടീ, കുടമൂതെടീ
കുറത്തിപ്പെണ്ണേ നിന്റെ
കുടത്തിന്റെ വില ചൊല്ലെടി കുറത്തിപ്പെണ്ണേ
കുടംഊതിത്തളരല്ലേ കുറത്തിപ്പെണ്ണേ!"

ഇവയ്ക്കെല്ലാം പുറമെ പുരുഷന്മാരുടേതായ കടുവാകളി, ഞാണിന്മേൽ കളി, പന്തുകളി മത്സരം തുടങ്ങിയവയും. പുരുഷന്മാരുടെ വിനോദങ്ങൾ കൊട്ടാരത്തിന്റെ തെക്കുഭാഗത്തുള്ള വലിയ പടിപ്പുരയുടെ മുൻപിലുള്ള റോഡിലായിരുന്നു. ഇവയുടെ കൂടെത്തന്നെ സൗഹൃദബന്ധങ്ങളും സ്നേഹബന്ധങ്ങളും നിലനിർത്താനും മറക്കാറില്ല, അന്നുള്ളവർ. തൊട്ടടുത്തുള്ള മലയാളി ബ്രാഹ്മണ മഠങ്ങളിലെ സ്ത്രീകളും ചില പ്രധാന നായർ തറവാടുകളിലെ സ്ത്രീകളും ഈ ഓണ നാളുകളിൽ കൊട്ടാരത്തിൽ എത്തും. സുന്ദരികളായ അന്തർജ്ജനങ്ങൾ കാതിൽ വലിയ സ്വർണ്ണാഭരണങ്ങൾ ധരിച്ചും, മറക്കുടയായി ഓലക്കുടകൾ പിടിച്ചും മന്ദം മന്ദം നടന്നുവരുന്നത് (വലിയ നാലുകെട്ടിലൂടെ) ഞങ്ങൾ കുട്ടികൾ നോക്കിനില്ക്കും. അവരെ അമ്മൂമ്മമാരും അമ്മമാരും ചേർന്ന് സ്വീകരിച്ച് വലിയമ്മൂമ്മയുടെ കിടപ്പുമുറിയായ പടിഞ്ഞാറേത്തളത്തിലേക്ക് കൊണ്ടുപോയി വർണ്ണാഭമായ പുതുപുത്തൻ പുൽപ്പായകളിൽ ഇരുത്തും. (കൊട്ടാരത്തിൽ അഞ്ചു കിടപ്പുമുറികളായിരുന്നു. ഓരോ മുറിയും കിടപ്പറ, തളം, ചായ്പ്പ്, മതിൽക്കെട്ട് മുതലായവ വേറെ വേറെ തന്നെ. ഓരോ തളങ്ങളിലും 'തൂക്കുവഞ്ചി' യും. വരുന്ന അതിഥികളും അമ്മൂ

മ്മമാരും മറ്റും ചേർന്ന് കൊച്ചുകൊച്ചു-കൊച്ചു വർത്തമാനങ്ങളും നേരമ്പോക്കുകളും പറഞ്ഞുരസിക്കും. അപ്പോഴേക്കും തമിഴ് ബ്രാഹ്മണ സ്ത്രീകൾ (അടുക്കളയിൽ പാചകക്കാർ) സ്വർണ്ണനാണയങ്ങൾ പോലുള്ള വറുത്തുപ്പേരിയുമായി എത്തും. കൂടെ പഴങ്ങളും സംഭാരവും. ഇവയ്ക്കെല്ലാം ഇടയിലൂടെ ഞങ്ങൾ കുട്ടികൾ കൊച്ചുകൊച്ചു കുസൃതികൾ കാണിച്ചും പാട്ടുകൾ മൂളിക്കൊണ്ടും ഓടിനടക്കും.

1. "ഓണത്തപ്പാ കുടവയറാ,
നാളത്തേക്കറി എന്തെല്ലാം
ചേനത്തണ്ടും ചെറുപയറും
നാളെത്തന്നെ തിരുവോണം"
2. "തൃക്കാക്കരയപ്പന്നൊരു പോഴത്തംപറ്റി
പൂവൻപഴം തിന്നു പല്ലൊന്നുപോയേ"

ഇവയെല്ലാമായിരുന്നു ഞങ്ങളുടെ സന്തോഷങ്ങൾ. പുതിയ ഉടുപ്പുകളും അണിഞ്ഞ് ഉപ്പേരിയുടെയും ശർക്കരപുരട്ടിയുടെയും സ്വാദുകൾ ആസ്വദിച്ച് വലിയമ്മാവൻ തരുന്ന ഓണപ്പന്തും ഉരുട്ടി കൊട്ടാരക്കെട്ടിൽ ഇപ്പോഴും നടക്കുകയാണെന്നു തോന്നുന്നു.

കാലംമാറി. കൂട്ടുകുടുംബ വ്യവസ്ഥിതി മാറി. ജീവിതരീതികളിൽ മാറ്റംവന്നു. എങ്കിലും ഓണം എല്ലാപേരും ആഘോഷിക്കുന്നുണ്ട്. കേരളീയർ എവിടെയായാലും തിരുവോണം കേമമായി ആഘോഷിക്കാറുണ്ട്. കേരളത്തിന്റെ കീർത്തിയും പൈതൃക സമ്പത്തും പാരമ്പര്യവും കാത്തുസൂക്ഷിക്കേണ്ടത് പുതുതലമുറയുടെ കടമ തന്നെയാണ്. മലയാളിയുടെ തനതായ അന്തസ്സും ആഭിജാത്യവും കാണിക്കുന്ന വസ്ത്രധാരണ രീതിയും നാം ഒരിക്കലും മറക്കാൻ പാടില്ല.

ഓണനാളുകളിലെ നിലാവിന് ഒരു പ്രത്യേക തെളിച്ചവും കുളിർമ്മയും ആണ്. നാളേക്കുള്ള പൂക്കളം ഒരുക്കാനായി തയ്യാറെടുക്കുന്ന പാതിവിടർന്ന വലിയ പൂക്കൾ ഇളംകാറ്റിൽ തലയാട്ടി നിൽക്കും. ഈ നിലാവിൽ കൊട്ടാരത്തിന്റെ വലിയ മുറ്റത്ത് കുട്ടികൾ ഓടിക്കളിക്കുക പതിവാണ്. ഇടയ്ക്ക് അന്നു പൂമുഖമുറ്റത്ത് കണ്ട കടുവാകളി ഓർമ്മിപ്പിച്ച് പരസ്പരം പേടിപ്പിക്കുകയും ചെയ്യും.

പൊയ്പ്പോയ കാലത്തിന്റെ സൗഭാഗ്യങ്ങളുടെ അനുഭൂതിയിൽ ലയിക്കുമ്പോൾ മലയാള മഹിമയ്ക്കു മാറ്റുകൂട്ടിയ മഹാന്മാരിൽ ചിലരെല്ലാം മുന്നിലേക്കെത്തുന്നു. തുഞ്ചന്റെ മടിയിൽ കൊഞ്ചിക്കുഴഞ്ഞിരുന്ന തത്തയുടെ കിളിക്കൊഞ്ചലും കുഞ്ചന്റെ തുള്ളലിൽ കോൾമയിർക്കൊണ്ടുനിന്ന പൊന്നാൽത്തറയും ഇവ കണ്ടാനന്ദിച്ച് മധുരനാദം പൊഴിച്ച ചങ്ങമ്പുഴയുടെ 'ഓടക്കുഴലി'ന്റെ ശ്രുതിയും എല്ലാമെല്ലാം അന്നത്തെ ഓണക്കുളിർകാറ്റിൽ അലിഞ്ഞുചേർന്നവയല്ലേ? "ഓമനത്തിങ്കൾ" താരാട്ടുപാടി നമ്മെ ഉറക്കിയ ഇരയിമ്മൻ തമ്പിയും "കനകച്ചിലങ്കകൾ കിലുക്കി" നമ്മെ ഉണർത്തിയ ചങ്ങമ്പുഴയും മലയാളത്തിന്റെ മക്കൾ തന്നെ. പൊന്നോണത്തെ അവരും വാഴ്ത്തിപ്പാടിയിട്ടുണ്ട്. കാലം മാറി. നാടിന്റെ സ്ഥിതിഗതികൾക്കും മാറ്റംവന്നു. മലയാളി എവിടെയായാലും ഓണം ആഘോഷിക്കാൻ മറക്കില്ല. പൊയ്പ്പോയ കാലഘട്ടത്തിലെ ജീവിതശൈലിയും സദാചാര നിഷ്ഠയും പുതിയ തലമുറയ്ക്ക് പകർന്നുനൽകേണ്ടത് മുതിർന്നവരുടെ കടമ തന്നെയാണ്; അന്യദേശ സംസ്കാര-ഭാഷാ-വേഷഭൂഷാദികളിൽ അധികം ഭ്രമിക്കാതെ ജനിച്ച മണ്ണിന്റെ അന്തസ്സും ആഭിജാത്യവും വരും തലമുറ കാത്തുസൂക്ഷിക്കണം. മാറ്റങ്ങൾ മാറിമറിഞ്ഞുകൊണ്ടേയിരിക്കും. പുതുമകൾ നാടിനെ പുൽകിക്കൊണ്ടേയിരിക്കും. പക്ഷെ, മലയാളി മലയാളി തന്നെയാവണം. ●

## റിയാക്ട് ധനസഹായം



ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗമായ സി.ആർ. ശ്രീവിദ്യയ്ക്ക് റിയാക്ടിൽ നിന്നും ചികിത്സാ ധന സഹായമായി അനുവദിച്ച 20,000 രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റും കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയുമായ ടി.എം. ശ്രീകുമാർ കൈമാറുന്നു.

# ഓണം - ഒരു തുറന്ന ചിന്ത



**അനുജൻ എസ്സ്.**
ശ്രീവിഹാർ പാലസ്, തൃപ്പൂണിത്തുറ, മൊ. 9495001012

കേരളത്തിലെ ആണ്ടറുതികൾ ആണല്ലോ വിഷു, ഓണം, തിരുവാതിര എന്നിവ. അതിൽ ഓണം നമ്മുടെ ദേശീയോത്സവം ആയിട്ടും കാർഷികോത്സവം ആയിട്ടുംകൂടി ആഘോഷിക്കുന്നുണ്ട്. എന്നാൽ, കഴിഞ്ഞ ഒന്നുരണ്ട് തലമുറകളായി ഓണത്തിനെക്കുറിച്ച് കേരളത്തിൽ വന്നുകൂടിയ തെറ്റിദ്ധാരണകൾ അനവധിയാണ്. ഇവ അംഗങ്ങളുടെ മുമ്പിൽ നിരത്താനാണ് ഈയൊരു ലേഖനത്തിൽ കൂടി ഉദ്ദേശിക്കുന്നത്.

1. മീഡിയയിൽ വരുന്ന എന്തും – അവ വസ്തുതയ്ക്ക് നിരക്കാത്തതായാൽ കൂടി – നമ്മുടെ മനസ്സിൽ പതിഞ്ഞ്, കാലക്രമത്തിൽ അതാണ് വാസ്തവം എന്ന് ധരിച്ചുപോകുന്ന ഒരു തലമുറയാണ് നമ്മുടേത്. മഹാബലിയുമായി ബന്ധപ്പെട്ട ഐതിഹ്യം എടുക്കാം. കേരളത്തിൽ മഹാബലി എന്ന ഒരു ചക്രവർത്തി ഭരിച്ചിരുന്നു എന്നും, അദ്ദേഹത്തിന്റെ ഗംഭീര ഭരണത്തിൽ അസൂയാലുക്കളായ ദേവന്മാരുടെ നേതാവായ വിഷ്ണു, അദ്ദേഹത്തെ ചതിയിൽ പെടുത്തി, ചവിട്ടി പാതാളത്തിലേക്ക് അയച്ചുവെന്നും തദവസരത്തിൽ തന്റെ പ്രിയപ്പെട്ട പ്രജകളെ കൊല്ലത്തിലൊരിക്കൽ കാണാൻ വരാനുള്ള അനുമതി മഹാബലി ചോദിച്ചെന്നും ആ വരവാണ് ഓണം എന്നുമാണല്ലോ ഇന്നത്തെ കഥ.

എന്നാൽ ഇതിനൊക്കെ ആധാരം ശ്രീമദ് ഭാഗവതം ആണല്ലോ. ഇതിൽ മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, ഭാർഗ്ഗവൻ എന്നല്ലേ അവതാരത്തിന്റെ ക്രമം? വാമനാവതാരം കഴിഞ്ഞാണ് പരശുരാമാവതാരമെന്നും വാമനാവതാരം ഒരൊറ്റ ദിവസത്തിൽ തീർന്നുവെന്നും ഓർക്കുക. ശ്രാവണ ദ്വാദശി ദിവസം ഉച്ചയ്ക്ക് വാമനൻ അവതരിക്കുകയും ഉടനടി ഉപനയനം കഴിച്ച് നർമ്മദയുടെ വടക്കേക്കര കരയിലെ ഭൃഗുകച്ഛം എന്ന സ്ഥലത്തുള്ള മഹാബലിയുടെ യാഗശാലയിൽ എത്തുന്നുവെന്നും ഭാഗവതത്തിൽ കാണാം. അവിടെ മഹാബലിയുടെ ഗർവശമനം നടത്തി അടുത്ത മന്വന്തരത്തിൽ ഇന്ദ്രനായി വാഴിക്കാം എന്നു വാക്കുകൊടുത്ത് അതുവരെ സുതലം എന്ന ലോകത്ത് സുഖമായി വാഴുവാൻ പറയുകയും അതേത്തുടർന്ന് മഹാബലിയും രാജ്ഞിയായ വിന്ധ്യാവലിയും ശിഷ്യരുംകൂടി സന്തോഷത്തോടെ യാത്രയായി എന്നും ഭാഗവതം പറയുന്നു. കേരളത്തിൽ ഇന്ന് പ്രചാരത്തിലുള്ള ഐതിഹ്യം ഇതിൽനിന്നും തുലോം വ്യത്യസ്തമല്ലേ?

ഇനി തലയിൽ കാൽ വച്ച കാര്യം. വിരാട് സ്വരൂപിയായ ഭഗവാൻ ഒരടികൊണ്ട് ഭൂമിയും, അടുത്ത ഒരടികൊണ്ട് ബാക്കി ലോകങ്ങളും പിന്നെ മൂന്നാമത്തെ അടിയായി തന്റെ വാക്ക് പാലിക്കുവാനായി മഹാബലിതന്നെ കാണിച്ച പ്രകാരം ബാക്കിനിൽക്കുന്ന ബലിയേയും അളന്നു എന്ന് സങ്കൽപം. അതിനെ വളച്ചൊടിച്ച് പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി എന്നാക്കി. നമ്മളും വിശ്വസിച്ചു!

2. വാമനാവതാരത്തിനു ശേഷമാണല്ലോ പരശുരാമാവതാരം. പരശുരാമൻ, തന്റെ അച്ഛനെ വധിച്ച ക്ഷത്രിയരോട് പകവീട്ടാൻ 21 വട്ടം ഭാരതത്തിൽ നടന്ന് ക്ഷത്രിയരെ പല തലമുറകളായി ഉന്മൂലനാശനം ചെയ്തു എന്നിരിക്കെ ഇതിന് എത്ര വർഷം സമയമെടുത്തു എന്ന് ഊഹിക്കാവുന്നതേയുള്ളു (പരശുരാമൻ ചിരഞ്ജീവി ആണെന്നതും ഓർക്കുക). അതിനുശേഷം, കടലിൽ നിന്നും കേരളക്കരയെ ഉദ്ധരിച്ചുവെന്നും, അവിടെ ബ്രാഹ്മണരെ കൊണ്ടുവന്ന് താമസിപ്പിച്ചുവെന്നും

നമുക്ക് വിശ്വാസമുണ്ട്. അതിനുശേഷം ഇവിടെ ജനവാസം കൂടി ഇന്നത്തെ കേരളമായപ്പോൾ, അവിടെ പരശുരാമന്റെ എത്രയോ മുൻപ് സുതലത്തിൽ പോയ മഹാബലി ചക്രവർത്തിയായി വാണിരുന്നു എന്ന് ചിന്തിക്കുന്നതിൽ യുക്തി തീരെ ഇല്ലെന്നു പറയുകയാവും ഭംഗി.

**അങ്ങനെയെങ്കിൽ എന്താണ് ഓണം എന്ന് ചിന്തിക്കേണ്ടേ?**

വാമനന്റെ ഉത്സവമായ ഓണം എങ്ങനെ തുടങ്ങിയെന്ന് ആറ്റൂർ കൃഷ്ണ പിഷാരടിയുടെ കേരളചരിത്രം എന്ന രണ്ട് വാല്യത്തിലായി (കൊ.വ. 1108) (ക്രി.വ. 1933) ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിലെ ഒന്നാം വാല്യത്തിൽ പറയുന്നുണ്ട്. ക്രിസ്തുവർഷം 620 മുതൽ 670 വരെ കേരളം ഭരിച്ചിരുന്ന ഭാസ്കര രവിവർമ്മ പെരുമാൾ തന്റെ ഭരണകാലത്ത് ഓണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു:

* ആദികേരള രാജവംശത്തിന്റെ തലസ്ഥാനമായ തൃക്കാക്കരയിലെ വാമനമൂർത്തി ക്ഷേത്രത്തിൽ കർക്കിടകത്തിലെ തിരുവോണം മുതൽ ചിങ്ങത്തിലെ തിരുവോണം വരെ 28 ദിവസം ഉത്സവമായി ആഘോഷിക്കുന്നതാണ്.

* അതിലെ അവസാനത്തെ 10 ദിവസം അധികം പ്രധാനമാണ്. അതിന്, കേരളത്തിലെ സകല രാജാക്കന്മാരും പ്രഭുക്കന്മാരും പൊതുജനങ്ങളും എത്തേണ്ടതാണ്.

* വരാൻ പറ്റാത്തവർ സ്വഗൃഹങ്ങളിൽ തൃക്കാക്കരപ്പനെ പ്രതിഷ്ഠിച്ച് ഉത്സവം കൊണ്ടാടണം.

അതിൻ പ്രകാരമാണ് ഇന്നത്തെ 10 ദിവസം ആഘോഷിക്കുന്ന ഓണം. ഇതു തുടങ്ങിയത് ക്രിസ്തുവർഷം 620-670 കാലയളവിലാണ് എന്ന് വ്യക്തമാണല്ലോ.

3. വാമനനായ തൃക്കാക്കരപ്പന്റെ ഉത്സവമായ ഓണം എങ്ങനെ മഹാബലിയുടെ ഉത്സവമായി എന്നും ചിന്തിക്കേണ്ടതുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയോടെ കേരളത്തിൽ വന്ന ഭരണകൂടങ്ങൾ ഹൈന്ദവരുടെ ഐതിഹ്യങ്ങളെ ഇകഴ്ത്തിക്കാട്ടുവാൻ കാണിച്ച വ്യഗ്രതയിൽ വാമനന്റെ ഉത്സവം മഹാബലിയുടേതായി. അന്ന് പ്രതികരിക്കാൻ മറന്ന ഹൈന്ദവ ജനതയാണ് ഇന്നത്തെ ഓണത്തിന്റെ ച്യുതിക്കുള്ള കാരണക്കാർ.

വിത്തും കൈക്കോട്ടും എന്ന് കാർഷികകേരളത്തിനെ ഓർമ്മപ്പെടുത്താൻ വരുന്ന വിഷുപ്പക്ഷി കാരണമെങ്കിലും വിഷു ദിവസം പേരിന് പാടത്തു പണിതുടങ്ങുന്ന പഴമക്കാർ ഉണ്ട്. കർക്കിടകം/ചിങ്ങം മാസങ്ങളിൽ നെല്ല് മൂപ്പെത്തുന്നതിനാൽ ഓണക്കാലം നമ്മുടെ കൊയ്ത്തുത്സവം കൂടിയാകുന്നു. ഇടവം മുതൽ പെയ്ത മഴയിൽ പുഴകളിലെല്ലാം വെള്ളം സമൃദ്ധമായതിനാൽ ഓണക്കാലത്ത് തിരുവിതാംകൂറിൽ വള്ളംകളികൾ അരങ്ങേറുന്നതും സ്വാഭാവികമാണ്.

4. അടുത്തകാലത്തായി മഹാബലിക്കുവന്ന രൂപാന്തരം ചിന്തിക്കേണ്ട ഒരു വിഷയമാണ്. പലപ്പോഴും മാദ്ധ്യമങ്ങളിൽ വരുന്ന മഹാബലിയുടെ ചിത്രങ്ങളിൽ കുടവയർ, കൊമ്പൻ മീശ, മെതിയടി, കേടുവന്ന ഓലക്കുട എന്നിവ ഇക്കാലത്ത് സ്പഷ്ടമാണ്. പലപ്പോഴും പൂണൂൽ ഇടത്തിട്ട് (വലത്തെ തോളത്ത്) കാണുന്ന ന്യൂജെൻ മഹാബലി, "ഇദ്ദേഹം ശ്രാദ്ധം ഊട്ടുന്നതിന്റെ ഇടയിൽ എഴുന്നേറ്റു വന്നതാണോ" എന്ന സംശയം ജനിപ്പിക്കുന്നു. നാടൻ ചൊല്ലുകളിൽ "ഓണത്തപ്പാ കുടവയറാ" എന്നുള്ളത് തെറ്റിദ്ധരിച്ച് കൊടുത്തതാവാം ഈ കുടവയർ. ഓണത്തപ്പനെ വയ്ക്കുന്നതിന്റെ കൂടെ വയ്ക്കുന്ന മുത്തിയമ്മയും അമ്മിക്കല്ല്, ചിരവ മുതലായവയും മഹാബലിയുടെ കൂടെ കാണാത്തത് ഭാഗ്യം! ഇക്കാലത്ത്, മദ്യവില്പന കേരളത്തിന്റെ മുഖ്യ വരുമാന സ്രോതസ്സ് ആയതിനാൽ കുടവയറുള്ള മഹാബലി ഇന്നത്തെ കേരളത്തെ വ്യക്തമായി പ്രതിനിധാനം ചെയ്യുന്നുവെന്ന് പറയാതെ വയ്യ. ഇന്ന് വയ്ക്കുന്ന മഹാബലിയുടെ ഈ വൃത്തികെട്ട കട്ട്ഔട്ടിനു പകരം ഓണത്തപ്പനോ, വള്ളംകളിയോ, തിരുവാതിരകളിയോ വയ്ക്കുന്നതല്ലേ ഉചിതം?

നമ്മുടെ ഈ ഉത്സവത്തിനുവന്ന ച്യുതി ഇതിലധികം കണ്ടിരിക്കവയ്യ. ഇതുപോലുള്ള വേദികളിൽ നിന്ന് ഓണത്തിന്റെ ശരിയായ രൂപം ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുവാൻ കഴിയും എന്നാണ് എന്റെ പ്രത്യാശ. ●



# കണ്ണേ മടങ്ങുക

**സി.കെ. അശോകവർമ്മ**
ചിറയ്ക്കൽ കോവിലകം, കണ്ണൂർ, മൊ. 9496183554

"കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ"

എന്ന പൂന്താനത്തിന്റെ വരികളാണ് കണ്ണൂർ ചിറക്കൽ കോവിലകം വലിയ തമ്പുരാൻ സി.കെ. രവീന്ദ്രവർമ്മ രാജയുടെ (രവിയേട്ടന്റെ) അപ്രതീക്ഷിത വിയോഗത്തെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിലേക്കെത്തുന്നത്. മാർച്ച് 24 ന് രാവിലെ സുഹൃത്തുക്കൾക്കെല്ലാം മൊബൈലിൽ ശുഭദിനം ആശംസിച്ചുകഴിഞ്ഞ് ഒന്നു വിശ്രമിക്കാൻ കിടന്ന രവിയേട്ടൻ ആരുടെയും മറുപടിക്ക് കാത്തുനില്ക്കാതെ യാത്രയായി, നിമിഷാർദ്ധത്തിൽ, വേദനയറിയാതെ. അനായാസേന മരണം. രവിയേട്ടൻ സ്വന്തം കവിതയിൽ അർത്ഥിച്ചതും അതുതന്നെയാണ്.



"ഒരു വാക്കുപോലും പറയാതെ, വരുമെന്ന
വിവരവും നേരത്തെ നൽകാതെ, ഞാനെന്റെ
മനതാരിലൊട്ടും നിനയാത്ത നേരത്ത്
ഒരുദിനം നീയെന്റെ ചാരത്തണയുക"

ആ 'ബഹുമാന്യനായൊരതിഥി'ക്കൊപ്പം 'വാതിൽ പൂട്ടാതെയക്ഷണം' അദ്ദേഹം പോയപ്പോൾ ഞെട്ടിത്തരിച്ചുനിന്നത് രവിയേട്ടന്റെ ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരുമാണ്. പ്രായമായിരിക്കാം. സുഖമരണമായിരിക്കാം. പക്ഷേ... ആ വിടവ് ഇനി ആരു നികത്തും?

എന്നെ സംബന്ധിച്ചിടത്തോളം സ്നേഹനിധിയായ എന്റെ ഏട്ടന്റെ വേർപാട് സൃഷ്ടിച്ചിരിക്കുന്ന വിടവ് എന്റെ ജീവിതത്തിൽ ഒരിക്കലും നികത്തപ്പെടാതെ കിടക്കും. വേണ്ടപ്പോഴൊക്കെ ഉപദേശനിർദ്ദേശങ്ങൾ നൽകിയിരുന്ന, എനിക്ക് ഗുരുസ്ഥാനീയനായിരുന്ന രവിയേട്ടൻ എന്റെയും കുടുംബത്തിന്റെയും മാർഗ്ഗദർശിയും ഗുണകാംക്ഷിയുമായിരുന്നു. രവിയേട്ടൻ എഴുതുന്ന സാഹിത്യ സൃഷ്ടികൾ എന്നെ വായിച്ചുകേൾപ്പിക്കുക പതിവായിരുന്നു. ഞാനെഴുതുന്നത് രവിയേട്ടനേയും. സായാഹ്നങ്ങളിൽ ചിറക്കൽ ചിറയിലെ കാറ്റേറ്റുകൊണ്ട് സാഹിത്യം, ആദ്ധ്യാത്മികം, രാഷ്ട്രീയം, വ്യക്തിപരം തുടങ്ങി എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുന്ന ഗാഢമായ ഒരു സുഹൃദ് ബന്ധം കൂടിയായിരുന്നു ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്. ഇപ്പോൾ ഞാൻ ഒറ്റയായതുപോലെ. ഒരു തണൽവൃക്ഷം വേരറ്റു പോയതുപോലെ.

കണ്ണൂരിന്റെ സാംസ്കാരിക, ആത്മീയ, വിദ്യാഭ്യാസ മേഖലകളിൽ പതിറ്റാണ്ടുകളോളം നിറസാന്നിദ്ധ്യമായിരുന്നു രവീന്ദ്രവർമ്മ രാജ. ഹൃദ്യമായ പെരുമാറ്റത്തിലൂടെ ആരെയും ആകർഷിക്കുന്ന കുലീന വ്യക്തിത്വം. ഏറ്റവും പുരാതനമായ കോലത്തിരി രാജവംശത്തിന്റെ ഭാഗമായ ചിറക്കൽ കോവിലകത്തെ പ്രൗഢിയാർന്ന വലിയരാജാവ് എന്ന നിലയിൽ നാട്ടുകാരുടെ ആരാധനാപാത്രം. രാജവംശത്തിന്റെ പാരമ്പര്യ സമ്പ്രദായങ്ങൾ കാത്തുസൂക്ഷിക്കുമ്പോഴും പുരോഗമന ചിന്താഗതിക്കൊപ്പം നിന്ന ഉൽപ്പതിഷ്ണു. മതസൗഹാർദ്ദത്തിന്റെ വക്താവ്. കേരളത്തിലെ ആദ്യ മുസ്ലീം രാജവംശമായ അറയ്ക്കൽ രാജകുടുംബവുമായി

സ്നേഹസൗഹൃദം കൈവിടാതെ സൂക്ഷിക്കുന്നതിലും ഊഷ്മള ബന്ധം ഊട്ടിയുറപ്പിക്കുന്നതിലും വലിയ പങ്കുവഹിച്ച വ്യക്തി. തന്റെ വാഗ്വൈഭവം കൊണ്ട് സദസ്യരുടെ കൈയടി നേടിയ പ്രഗത്ഭനായ വാഗ്മി. "വാളല്ലെൻ സമരായുധം" എന്നു തിരിച്ചറിഞ്ഞ് പകരം തൂലിക കൈയിലെടുത്ത് രചനാസൗകുമാര്യമാർന്ന നിരവധി കൃതികൾ രചിച്ച എഴുത്തുകാരൻ. കോവിലകത്തിന്റെ മേൽനോട്ടത്തിലുള്ള 38 ക്ഷേത്രങ്ങളുടെ ഭരണകാര്യങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തിച്ച ദേവസ്വം ട്രസ്റ്റി. എത്രയോ തെയ്യം കലാകാരന്മാർക്ക് പട്ടും വളയും സ്ഥാനവും നല്കി ആദരിച്ച തമ്പുരാൻ. അടുത്ത കാലം വരെ കോവിലകത്തിന്റെ അധീനതയിലുണ്ടായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജർ. കേരള ഫോക്‌ലോർ അക്കാദമി അംഗം. ക്ഷേത്ര കലാ അക്കാദമി അംഗം. മലബാർ ദേവസ്വം ബോർഡ് ക്ഷേമനിധി കമ്മിറ്റി അംഗം. നിരവധി സംഘടനകളുടെ രക്ഷാധികാരി. എണ്ണമറ്റ പ്രവർത്തന മേഖലകളിലെല്ലാം ഊർജ്ജസ്വലമായി പ്രവർത്തിച്ച അദ്ദേഹത്തെ കണ്ണൂരുകാർ മറക്കില്ലൊരിക്കലും. രാജകീയമായി ജീവിച്ച് ഔപചാരിക ബഹുമതികളോടെ രാജകീയമായി വിടവാങ്ങിയ തങ്ങളുടെ തമ്പുരാന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയത് ആയിരങ്ങൾ.


മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ചരിത്രത്തിൽ എം.എ. ബിരുദം നേടിയശേഷം രവീന്ദ്രവർമ്മ രാജ തലശ്ശേരി ബ്രണ്ണൻ കോളേജിൽ ലക്ചററായും പൂനെയിൽ ഡിഫൻസ് അക്കൗണ്ട്സിൽ അക്കൗണ്ടന്റായും ജോലി ചെയ്തു. പിന്നീട് ഏറെക്കാലം വളപട്ടണം വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സിൽ ഫിനാൻസ് അക്കൗണ്ടന്റായി സേവനം അനുഷ്ഠിച്ചു. ആനുകാലികങ്ങളിൽ ചെറുപ്പകാലം മുതൽ അദ്ദേഹത്തിന്റെ ധാരാളം കവിതകൾ പ്രസിദ്ധീകരിച്ചുവന്നിട്ടുണ്ട്. വിവിധ കലാസമിതികൾ നിരവധി വേദികളിൽ അവതരിപ്പിച്ച ഒമ്പത് നൃത്തനാടകങ്ങൾ രചിക്കുകയും രണ്ടു ബാലെകൾക്ക് ഗാനരചന നിർവ്വഹിക്കുകയും ചെയ്തു.

കോഴിക്കോട്, കണ്ണൂർ ആകാശവാണി നിലയങ്ങളിൽ നാടക ആർട്ടിസ്റ്റായി ഒട്ടേറെ പ്രക്ഷേപണ പരിപാടികളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. നാടകരംഗത്തെ സംഭാവനകൾ പരിഗണിച്ച് കേരള സംഗീത നാടക അക്കാദമി 2009 ൽ 'ഗുരുപൂജ' പുരസ്കാരം നല്കി അദ്ദേഹത്തെ ആദരിച്ചു. പന്തളം പാലസ് വെൽഫെയർ സൊസൈറ്റിയുടെ കെ. രാമവർമ്മ സാഹിത്യ പുരസ്ക്കാരം 2018 ൽ അദ്ദേഹത്തിന്റെ 'ആഞ്ജനേയോപദേശം' എന്ന കവിതയ്ക്കാണ് ലഭിച്ചത്. ശങ്കരാചാര്യരുടെ 'ഭജഗോവിന്ദ'ത്തിന്റെ കാവ്യരൂപത്തിലുള്ള മലയാള വിവർത്തനം, 'മുത്തച്ഛൻ പറഞ്ഞ കോലത്തിരി കഥകൾ', 'അന്നും ഇന്നും' എന്ന കവിതാസമാഹാരം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട ഏറെ വായിക്കപ്പെടുന്ന കൃതികൾ. നർമ്മബോധം തുളുമ്പുന്ന അദ്ദേഹത്തിന്റെ സംസാരശൈലി ആരെയും പിടിച്ചിരുത്തുന്നതായിരുന്നു. കുട്ടികളോട് സരളമായും മുതിർന്നവരോട് സരസമായും സംവദിക്കുന്ന അദ്ദേഹം കഥകൾ പറഞ്ഞും കവിതകൾ ചൊല്ലിയുമുള്ള സംഭാഷണശൈലിയിലൂടെ വിപുലമായ സുഹൃദ് ബന്ധം സൃഷ്ടിച്ചെടുത്തു. അത് തുടരുന്നതിനുവേണ്ടി സമൂഹമാധ്യമങ്ങളെ സമർത്ഥമായി ഉപയോഗപ്പെടുത്തുകയും ചെയ്തു. താനൊരു ചരിത്ര വിദ്യാർത്ഥിയാണെന്ന് വിനയപൂർവ്വം പറയുന്ന അദ്ദേഹം വിദ്യാർത്ഥികൾക്കും ഗവേഷകർക്കും കോലത്തിരി രാജവംശ ചരിത്രം ആവേശപൂർവ്വം വിവരിച്ച് പറഞ്ഞുകൊടുക്കുന്ന അറിവിന്റെ ഖനിയായിരുന്നു.

കിളിമാനൂർ കൊട്ടാരത്തിൽ പരേതനായ കെ. ആർ. രാജരാജവർമ്മയുടെയും ചിറക്കൽ കോവിലകത്തെ പരേതയായ അനിഴംനാൾ ഉമാപ്രഭ ഓമനത്തമ്പുരാട്ടിയുടെയും മകനായ രവീന്ദ്രവർമ്മ രാജ തന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് പ്രേരണയും പ്രചോദനവുമായത് പിതാവിൽ നിന്നു കിട്ടിയ പാരമ്പര്യവും പരിശീലനവുമാണെന്ന് എഴുതിയിട്ടുണ്ട്. പ്രഥമ പത്നി കിളിമാനൂർ കൊട്ടാരത്തിൽ രുഗ്മിണി തമ്പുരാട്ടി അകാലചരമം പ്രാപിച്ചു. പിന്നീട് അദ്ദേഹം എണ്ണക്കാട് വടക്കേമഠം കൊട്ടാരത്തിലെ ശാന്തകുമാരി തമ്പുരാട്ടിയെ വിവാഹം കഴിച്ചു. രവീന്ദ്രവർമ്മ രാജയുടെ കവിതകൾ മധുരമായി ആലപിച്ചിട്ടുള്ള ശാന്തകുമാരി തമ്പുരാട്ടിയെ, തന്റെ സന്തത സഹചാരിണിയെ അദ്ദേഹം 'ക്ഷാത്രസ്പന്ദന' ത്തിലെഴുതിയ നിരവധി കഥകളിലെ കഥാപാത്രമായി അവതരിപ്പിച്ചിട്ടുണ്ട്. ഗായത്രി വർമ്മ, ഗംഗാ വർമ്മ, ഗോകുൽ വർമ്മ എന്നിവരാണ് മക്കൾ. പ്രദീപ് വർമ്മ

*ശേഷം പേജ് 29 ൽ*

# ചിറക്കൽ കോവിലകത്തെ പെരുങ്കളിയാട്ടം



പ്രദീപ് വർമ്മ
ചിറക്കൽ കോവിലകം, കണ്ണൂർ, മൊ. 9496286525

തുലാപ്പത്ത് പിറന്നുള്ള ആറേഴു മാസക്കാലം ഉത്തരകേരളത്തിലെ തെയ്യക്കാലമാണ്. ഒരു ഗ്രാമത്തെ അല്ലെങ്കിൽ ഒരു രാജശാസിത ദേശത്തെ ഭരിക്കുന്ന ദൈവത്തെ ഭരദേവതയെന്നാണ് പറയുക. തെയ്യങ്ങൾ ചെയ്യുന്നത് പ്രധാനമായും ആ ദേശത്തെ ഭരദേവതയെ കെട്ടിയാടുകയാണ്. അതു മാത്രമല്ല, അവിടെ പിറന്ന ചരിത്രപുരുഷന്മാരെ, യോദ്ധാക്കളെ, അവിടത്തെ പ്രകൃതിയെ, കൃഷിയെ, തൊഴിലുകളെ എന്നുവേണ്ട പുരാതന സംസ്കാരത്തിന്റെ നേർക്കാഴ്ച്ചകളെയും സംഭവങ്ങളെയും പുനർനിർമ്മിക്കുകയാണ് തെയ്യങ്ങൾ ചെയ്യുന്നത്. മനുഷ്യന്റെ പ്രാർത്ഥനയിൽ ഉണരുന്ന മൂർത്തികൾ വ്രതനിഷ്ഠ പൂണ്ട കോലധാരിയിലൂടെ ഈശ്വരാകാരംപൂണ്ട് ഭക്തർക്കിടയിലേക്ക് അനുഗ്രഹ വർഷവുമായി വരുന്നതാണ് തെയ്യാട്ടം അഥവാ കളിയാട്ടം. ഒന്നിലധികം കോലങ്ങൾ ക്രമപ്രകാരം ഏതാനും ദിവസങ്ങളെടുത്ത് കെട്ടിയാടുന്നതിനെ പെരുങ്കളിയാട്ടമെന്നു പറയും.



അനുഷ്ഠാനപരമായ, വ്രതശുദ്ധി പാലിച്ചുകൊണ്ടു ചെയ്യുന്നതാണ് കളിയാട്ടത്തിലെ ആചാര പ്രമാണങ്ങൾ അഥവാ വഴക്കങ്ങൾ. ഓരോ തെയ്യത്തിനും അതിന്റേതായ ഐതിഹ്യമോ, മൂലകഥയോ ഉണ്ട്. കോലംകെട്ടുന്നതിനു മുൻപ് ചൊല്ലിയാടുന്നതാണ് തോറ്റം (വെള്ളാട്ടമെന്നും പറയും). വെള്ളാട്ടത്തിന് തോറ്റത്തെക്കാൾ നൃത്തച്ചുവടുകൾ കൂടും. ഭക്തിയുടെയും, കർമ്മത്തിന്റെയും വ്രതത്തിന്റെയും പാലന പ്രക്രിയയിലൂടെ കടന്നുവേണം കോലധാരിക്ക് ദൈവ ചൈതന്യം ഉൾക്കൊള്ളാൻ.

തെയ്യങ്ങളുടെ സാഹിത്യമാണ് തോറ്റം അഥവാ സ്തോത്രം. മലബാറിലെ തെയ്യങ്ങളിൽ ഭൂരിഭാഗവും ശാക്തേയ, ശൈവ ചൈതന്യമുള്ളവയാണ്. ഏതാനും തെയ്യങ്ങൾ വൈഷ്ണവ ദൈവങ്ങളുമുണ്ട്, വിഷ്ണുമൂർത്തി, ദൈവത്താർ എന്നിങ്ങനെ. കേരളത്തിലെ പ്രാചീന ഗോത്ര ചരിത്രം തൊട്ട് തെയ്യമുണ്ടായിരുന്നിരിക്കണം. കാലക്രമേണ രൂപത്തിലും വേഷവിധാനത്തിലും മാറ്റമുണ്ടായിരുന്നേക്കാം.

ഉത്തരമലബാറിലെ രാജവംശമായ കോലസ്വരൂപത്തിലെ ചിറക്കൽ കോവിലകത്തിന് തെയ്യവുമായി ഇഴചേർന്ന ചരിത്രം പറയാനുണ്ട്. ചേരമാൻ പെരുമാളിന്റെ കാലത്ത് പീഠ വഴക്കം ചെയ്ത നാലു ചിത്രപീഠങ്ങളിൽ പള്ളിച്ചിത്രപീഠം വഴക്കംചെയ്തത് വലഭപട്ടണം കോട്ട എന്ന ഇന്നത്തെ വളപട്ടണം കോട്ടയുടെ മുന്നിലത്രെ. ഇവിടെയായിരുന്നു ചിറക്കലേക്കു വരുംമുമ്പ് കോലത്തിരിയുടെ (പള്ളിക്കോലകം) ആസ്ഥാനം. തൊട്ടടുത്താണ് കളരിവാതുക്കലമ്മയുടെ ക്ഷേത്രം. കോലത്തിരിയുടെ പ്രധാന ഭരദേവതമാർ മാടായിക്കാവിലമ്മയും കളരിവാതുക്കലമ്മയുമാണ്. ഇന്നത്തെ ചിറക്കൽ കോവിലകത്തിലെ ഏറ്റവും പഴയ കെട്ടിടമായ പഴയ കോവിലകത്തെ കൊട്ടിലകത്ത് ആവാഹിച്ചിരുത്തിയ 35 ദൈവങ്ങളെ പൊതുവെ മുപ്പത്തൈവർ എന്ന് വിളിക്കുന്നു. തെയ്യത്തിന്റെ ചരിത്രത്തിൽ കോലത്തിരിയെയും, മുപ്പത്തൈവരെയും ഓർക്കുമ്പോൾ മണക്കാടൻ ഗുരുക്കൾ എന്ന തെയ്യം ആചാര്യനെ ഓർക്കാതിരിക്കാൻ വയ്യ. ഇന്ന്

കാണുന്ന 35 തെയ്യങ്ങളും കോലത്തിരിയുടെ ആജ്ഞയാൽ ഒറ്റ രാത്രികൊണ്ട് വേഷവും മുഖപ്പുമടക്കം പരിഷ്കരിച്ച് കോലംകെട്ടിയാടി കാട്ടിക്കൊടുത്ത അതുല്യപ്രതിഭയായിരുന്നു ഗുരുക്കൾ. മുപ്പത്തഞ്ച് ദേവതകളെ കെട്ടിയാടുന്ന പെരുങ്കളിയാട്ടത്തിന് ചിറക്കൽ ചാമുണ്ഡി കോട്ടം നീണ്ട നാല്പത്തഞ്ചു വർഷങ്ങളുടെ ഇടവേളയ്ക്കു ശേഷം സാക്ഷ്യം വഹിക്കുകയുണ്ടായി. 1977 ൽ ആയിരുന്നു അവസാനമായി കളിയാട്ടമുണ്ടായിരുന്നത്. അതിനു ശേഷം അന്തിത്തിരി മാത്രം കത്തിച്ച് നിലനിർത്തിയ കോട്ടം കോവിലകാംഗമായ സുരേഷ് വർമ്മയുടെ നേതൃത്വത്തിൽ കുടുംബത്തിന്റെ പിന്തുണയോടെ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പുനർനിർമ്മിച്ചതിന്റെ തുടർച്ചയെന്നോണം ഈ വർഷം ഏപ്രിൽ 5 മുതൽ 9 വരെ തീയതികളിൽ പെരുങ്കളിയാട്ടം നടത്തുകയായിരുന്നു. അതിബൃഹത്തായ ബജറ്റ്. ദിനംപ്രതി 3 നേരം ശരാശരി 30000 പേർക്ക് ഭക്ഷണം, അഞ്ചു ദിനങ്ങളിൽ കെട്ടിയാടുന്നതും പത്മമിട്ടു പൂജിക്കുന്നതുമായ 39 തെയ്യങ്ങൾ, അവയിൽ തന്നെ അഗ്നിപ്രവേശം നടത്തുന്ന തീച്ചാമുണ്ഡി, പുലിച്ചാമുണ്ഡി എന്നീ തെയ്യങ്ങൾ...! അഞ്ചു ദിവസങ്ങളിലായി ക്ഷേത്രമുറ്റത്തേക്ക് ഒഴുകിയെത്തിയത് നാലര ലക്ഷം പേർ. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ പ്രമുഖർ ഇവിടം സന്ദർശിച്ചു. ചിറക്കൽ ഭരദേവതമാരെ നേരിൽ കാണാൻ മറ്റു കോവിലകങ്ങളിൽ നിന്നുപോലും അതിഥികളെത്തി. തെയ്യസംസ്കാര കുതുകികളായ ഒട്ടനവധി പേർ. വിദേശികളടക്കം കളിയാട്ടം കാണാനെത്തി. കോവിലകത്തെ സംബന്ധിച്ചിടത്തോളം സാർത്ഥകമായ അനുഗൃഹീതമായ അഞ്ചു ദിനങ്ങൾ അങ്ങനെ കഴിഞ്ഞു. ദശാബ്ദങ്ങളായി വിസ്മൃതിയിലാണ്ടിരുന്ന ആചാരപ്പെരുമയുടെ പുനർവിന്യാസമായിരുന്നു പെരുങ്കളിയാട്ടം നൽകിയത്. ●

## റിയാക്കിന്റെ അടുത്ത ഭവന നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചു

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് റിയാക്ട് നിർമ്മിച്ചു നൽകുന്ന പുതിയ ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം തിരുവല്ല കോയിക്കൽ പറമ്പ് 'ജഗദംബിക'യിൽ അജിത്കുമാർ വർമ്മ നിർവ്വഹിച്ചു. ഗുണഭോക്താവായ കഞ്ചിക്കോട് മംഗളം വീട്ടിൽ ലതാ ജി. വർമ്മക്കു പുറമേ കുടുംബാംഗങ്ങൾ, റിയാക്ട് സെക്രട്ടറി രഘു വർമ്മ, സംസ്ഥാന ജന. സെക്രട്ടറി മധുകുമാർ വർമ്മ, ട്രഷറർ സൂര്യകുമാർ വർമ്മ, ശശിവർമ്മ, ജയകുമാർ വർമ്മ, മധു ജി. വർമ്മ, സുനിൽ (ഹെറിറ്റേജ് ബിൽഡേഴ്സ്) എന്നിവർ പങ്കെടുത്തു.



കവിത

# ഓണത്തല്ല്



**രാജേന്ദ്ര വർമ്മ**
ബാംഗ്ലൂർ, മൊ. 9895011481

കുട്ടിക്കളിയല്ല കേവലം ഓണത്തല്ലെന്നാൽ
എന്നാൽ കിട്ടണം നല്ലതല്ല് നുണക്കും അഹന്തയ്ക്കും
ഇന്ന് ഭരിക്കുന്ന മന്ത്രി പ്രഭൃതികൾ കാട്ടിക്കൂട്ടും -
ചില കള്ളമില്ല ചതിയില്ല എല്ലാം നുണകൾ മാത്രം
ചില്ലറയല്ല കാര്യങ്ങൾ മന്നവൻ ചക്രവർത്തി ഭരിച്ച നാടാണിത്
മരിച്ച മനസുമായ് സ്മരിച്ചു നല്ല ബലിതൻ കാലം
മഹാബലിക്ക് മരണമില്ല ഇന്നും ഓണ സ്മരണ മാത്രം.
ഇന്നു തെറ്റ് ചെയ്യുന്നോർക്ക് കലികാലം
കൊല്ലുന്ന രാജാവിന് പച്ചക്ക് തിന്നുന്ന മന്ത്രിക്കൂട്ടം.


വല്ലതും പറഞ്ഞു ഞാൻ കുറയ്ക്കില്ല ഓണോല്ലാസം
നല്ലവർ സ്മരിക്കുന്നു പൂക്കളം തീർത്തും ആർത്തു
ഉല്ലാസമതിൽ ചേരും ആഘോഷം അനാരതം
നല്ലവർ മനസ്സതിൽ തേനും പാലും ഒഴുക്കും ഓണക്കാലം.
ഒന്നോർക്കാം ഓണം എന്നാൽ നൻമ തൻ ത്യാഗക്കാലം
എന്നോർക്കാം നമ്മക്കെന്നും സ്വർഗ്ഗതുല്യ സ്മരണാഞ്ജലി.
മനസ്സിൽ നിറയട്ടെ എന്നെന്നും സുവർണ്ണ ഓണോല്ലാസം
മറക്കാതിരിക്കട്ടെ സമത്വമനസ്സിന്റെ രാജാവിനെ
മറ്റാർക്കും കൊടുക്കാതെടുക്കാം സൻമനസ്സിൻ രാജസ്ഥാനം
മനസ്സാണിതെല്ലാം ഒന്നോർത്താൽ ഓണം എന്നാൽ
മഹാബലി തന്നെ നിറക്കട്ടെ മനസ്സതിൽ നിത്യം
മറക്കാം ഓണത്തല്ല് കൊടുക്കാം ഓണക്കോടി എല്ലാവർക്കും
മടങ്ങാം ഓണപ്പാട്ട് കേട്ട് ഉറങ്ങാം സ്വപ്നസുഖം.

*പേജ് 26 തുടർച്ച*

(പൂഞ്ഞാർ കോവിലകം), ആർ.വി. രവികുമാർ (തൃപ്പൂണിത്തുറ കോവിലകം), ലക്ഷ്മി വർമ്മ (കടനാട് കോവിലകം) എന്നിവർ മരുമക്കളാണ്.

വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച രവീന്ദ്രവർമ്മ രാജ ജനകീയനായ തമ്പുരാനായിരുന്നു. രാജഭരണം ഇല്ലാത്ത കാലത്തും ജനങ്ങൾ നെഞ്ചോടുചേർത്ത രാജാവ്. രാജകുടുംബത്തോടൊപ്പം ജനങ്ങളെയും ചേർത്തുപിടിച്ച രാജാവ്. എന്റെ ഏറെ പ്രിയപ്പെട്ട ഏട്ടന്റെ ദീപ്ത സ്മരണയ്ക്കു മുമ്പിൽ ശിരസ്സ് നമിച്ചുകൊണ്ട്,

"അർപ്പിച്ചിടട്ടെ ഞാൻ അച്ചേവടികളിൽ
അശ്രുക്കളാലൊരു ഹാരം..."



# ഗീതോപദേശം (ഭാഗം 3)
# ക്ഷേത്ര ക്ഷേത്രജ്ഞ വിഭാഗയോഗം

**കെ.സി. രാമവർമ്മ രാജ, വലിയരാജ**
നീലേശ്വരം, മൊ. 9447027272

'തത്ത്വമസി' മഹാവാക്യത്തിലെ 'തത്' പദം പരമാത്മാവിനെയും, 'ത്വം' പദം ജീവാത്മാവിനെയും ലക്ഷീകരിക്കുന്നു. അവയുടെ ഐക്യഭാവത്തെ 'അസി' പദം ലക്ഷീകരിക്കുന്നു. തൃതീയാഷ്ടകത്തിൽ 'അസി' പദാർത്ഥ വിവരണമാണ്.

*"ക്ഷേത്രജ്ഞം ചാപി മാം വിദ്ധി*
*സർവക്ഷേത്രേഷു ഭാരത!*
*ക്ഷേത്ര ക്ഷേത്രജ്ഞയോർജ്ഞാനം*
*യത്തജ് ജ്ഞാനം മതം മമ"*

*ഗീത (അ. 13, ശ്ലോ. 3)*

സാരം:

ശരീരങ്ങൾ, അനേകം; എന്നാൽ ശരീരി ഒന്നേ ഉള്ളൂ. ശരിയായ 'ജ്ഞാനം' ഇത് രണ്ടിനെയും കുറിച്ചുള്ള അറിവാണ്. ഇതാണ് ഭഗവാന്റെ അഭിപ്രായം.

*"യ ഏവം വേത്തി പുരുഷം*
*പ്രകൃതിം ച ഗുണൈഃ സഹ*
*സർവഥാ വർത്തമാനോഽപി*
*നസ ഭൂയോഽഭിജായതേ"*

*ഗീത (അ. 13, ശ്ലോ. 24)*

സാരം:

ഗുണങ്ങളോടുകൂടിയ പ്രകൃതിയേയും, എല്ലാറ്റിനും സാക്ഷിയായ ബ്രഹ്മചൈതന്യത്തേയും അറിയുന്നവൻ, എങ്ങനെയൊക്കെ ജീവിക്കുന്നവനായാലും വീണ്ടും ജനിക്കുകയില്ല.

*"സമം സർവേഷു ഭൂതേഷു*
*തിഷ്ഠന്തം പരമേശ്വരം*
*വിനശ്യത്സ്വവിനശ്യന്തം*
*യഃ പശ്യതി സ പശ്യതി"*

*ഗീത (അ. 13, ശ്ലോ. 28)*

സാരം:

ഭൂതങ്ങളുടെ നാശത്തിലും എല്ലാറ്റിലും സമമായിരിക്കുന്ന ചൈതന്യത്തെ ആര് കാണുന്നുവോ അവനാണ് ശരിക്ക് കാണുന്നവൻ.

ആകാശം എപ്രകാരം ഒന്നിനെയും ഒട്ടാതെ ഇരിക്കുന്നുവോ അതേപ്രകാരം എല്ലാ ദേഹത്തിലും സ്ഥിതിചെയ്യുന്ന ആത്മാവ് ഒന്നിനാലും ബാധിക്കപ്പെടുന്നില്ല. സൂര്യൻ എപ്രകാരം ഈ ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നുവോ അതേപോലെ എല്ലാ ശരീരത്തേയും ആത്മാവ് പ്രകാശിപ്പിക്കുന്നു. ക്ഷേത്രത്തിന്റെയും ക്ഷേത്രജ്ഞന്റെയും വ്യത്യാസത്തേയും ഭൂതപ്രകൃതിയിൽ നിന്നുള്ള മോക്ഷത്തേയും ജ്ഞാനദൃഷ്ടി കൊണ്ട് ആര് അറിയുന്നുവോ അവർ മോക്ഷത്തെ പ്രാപിക്കും. (ഗുണത്രയ വിഭാഗയോഗം)

"അഹം ബീജപ്രദഃ പിതാ" എന്ന് ഗീത (അ. 14, ശ്ലോ. 4) യിൽ ഭഗവാൻ പറഞ്ഞത് തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. വാസ്തവത്തിൽ പരമാത്മാവ് എല്ലാറ്റിനും സാക്ഷി മാത്രമാണ്. പ്രകൃതിഗുണങ്ങളാണ് (മായ) എല്ലാ കർമ്മങ്ങളും നടത്തുന്നത്.

"സത്വം രജസ്തമ ഇതി
ഗുണാഃ പ്രകൃതി സംഭവാഃ
നിബദ്ധ്നന്തി മഹാബാഹോ!
ദേഹേ ദേഹിനമവ്യയം"

ഗീത (അ. 14, ശ്ലോ. 5)

സാരം:

സത്വരജസ്തമോ ഗുണങ്ങളാണ് ശരീരത്തിൽ ജീവാത്മാവിനെ ബന്ധിച്ച് നിർത്തുന്നത്. സത്വഗുണം സുഖത്തിനും രജോഗുണം കർമ്മത്തിനും തമോഗുണം പ്രമാദത്തിനും കാരണമാകുന്നു. രാമായണത്തിൽ വിഭീഷണൻ സത്വഗുണത്തിനും രാവണൻ രജോഗുണത്തിനും കുംഭകർണ്ണൻ തമോഗുണത്തിനും ഉദാഹരണങ്ങളാണ്.

*"ഗുണാനേതാനതീത്യ ത്രീൻ*
*ദേഹി ദേഹസമുത്ഭവാൻ*
*ജന്മമൃത്യുജരാദുഃഖൈർ-*
*വിമുക്തോഽമൃതമശ്നുതേ"*

*ഗീത (അ. 14, ശ്ലോ. 20)*

സാരം:

ജീവാത്മാവ് ഗുണാതീതനായി ദുഃഖമയമായ ലോകത്തിൽ നിന്ന് മുക്തി നേടുന്നു. (ത്രിഗുണങ്ങൾ, പോൾവോൾട്ടിലെ പോൾ പോലെയാണ്. ആ കളിയിൽ ഏറ്റവും ഉയരത്തിലെത്താൻ പോൾ വേണം. ലക്ഷ്യത്തിലെത്തിയാൽ പോൾ കളയുന്നു.)

"സമദുഃഖസുഖഃ സ്വസ്ഥഃ
സമലോഷ്ടാശ്മ കാഞ്ചനഃ
തുല്യപ്രിയാപ്രിയോ ധീര-
സ്തുല്യനിന്ദാത്മ സംസ്തുതിഃ"

ഗീത (അ. 14, ശ്ലോ. 24)

സാരം:

സുഖദുഃഖങ്ങളിൽ സമഭാവന, സ്വസ്ഥത, മൺകട്ട, സ്വർണ്ണം, രത്നം എല്ലാം ഒന്നുപോലെ കാണൽ, ഇഷ്ടാനിഷ്ടങ്ങളിൽ തുല്ല്യത, നിന്ദാസ്തുതികളിൽ വ്യത്യാസമില്ലായ്മ എന്നിവയാണ് ഗുണാതീതന്റെ ചില ലക്ഷണങ്ങൾ.

*"മാം ച യോഽവ്യഭിചാരേണ*
*ഭക്തിയോഗേന സേവതേ*
*സ ഗുണാൻ സമതീത്യൈതാൻ*
*ബ്രഹ്മഭൂയായ കല്പതേ"*

*ഗീത (അ. 14, ശ്ലോ. 26)*

സാരം:

അനന്യ ഭക്തികൊണ്ട് ഗുണാതീതനായി ആത്മാനുഭൂതി ലഭിക്കുന്നതാണ്. (പുരുഷോത്തമയോഗം)

ഗീതാശാസ്ത്രം വിസ്തരിച്ച് പ്രതിപാദിക്കുന്ന അദ്ധ്യായമാണ് പതിനഞ്ച്. ആദ്യത്തെ നാല് ശ്ലോകങ്ങൾ സംസാര വൃക്ഷത്തിന്റെ വിവരണമാണ്. അത് ഒരു ആൽമരമാകുന്നു. അതിന്റെ വേരുകൾ മേൽപ്പോട്ടും ശാഖകളും ഇലകളും കീഴ്പ്പോട്ടും പടർന്നുപിടിച്ചിരിക്കുന്നു. കർമ്മബന്ധമുണ്ടാക്കുന്ന വേരുകൾ താഴെയുള്ള മനുഷ്യലോകത്ത് പടർന്നു പിടിച്ചിരിക്കുന്നു. വൈരാഗ്യമാകുന്ന ആയുധം കൊണ്ട് ഈ സംസാരമാകുന്ന ആൽമരത്തെ മുറിക്കുകയും പിന്നെ മോക്ഷപദം (ബ്രഹ്മം) അന്വേഷിക്കുകയും വേണം.

അടുത്ത നാല് ശ്ലോകങ്ങളിലായി ജീവാത്മാവിന്റെ സ്വഭാവങ്ങളെപ്പറ്റി പറയുന്നു. പരമാത്മാവിന്റെ അംശമായ ജീവാത്മാവ് മനസ്സ് ഉൾപ്പെടെയുള്ള ആറ് ഇന്ദ്രിയങ്ങളെ തന്നിലേക്കാകർഷിച്ചുകൊണ്ടേയിരിക്കുന്നു. നേരിട്ട് ബന്ധമില്ലെങ്കിലും വാസന അനുസരിച്ച് ആ ഇന്ദ്രിയങ്ങളിലൂടെ വിഷയങ്ങളെ അനുഭവിക്കയാണ് ചെയ്യുന്നത്. ജീവാത്മാവ് ഒരു ശരീരം വിട്ട് വേറൊരു ശരീരത്തിലേക്ക് പോകുമ്പോൾ വാസനയും കൂടി കൊണ്ടുപോകുന്നു. ഈ വാസനയാണ് സൂക്ഷ്മശരീരം. സ്ഥൂലശരീരമില്ലെങ്കിലും സൂക്ഷ്മ ശരീരത്തിൽ ജീവന് നിലനിൽക്കാം.

ശരീരത്തിന് നാശമുണ്ട്. അതിനാൽ അത് ക്ഷര പുരുഷനും. ശരീരത്തെ മാറിമാറി എടുക്കുകയല്ലാതെ, നാശമില്ലാത്ത ജീവാത്മാവ് അക്ഷര പുരുഷനാണ്. രണ്ടിനെക്കാളും ഉത്തമനായിരിക്കുന്നു 'ഉത്തമ പുരുഷൻ' 'ബോധം' അഥവാ 'പരമാത്മാവ്'. സൂക്ഷ്മം, സ്ഥൂലം, കാരണം എന്നീ മൂന്ന് ലോകത്തെയും ഭരിക്കുന്ന ഈശ്വരനായി ഈ പരമാത്മാവിനെ അറിയുന്നവർ ജ്ഞാനികളും ഭക്തരും ആകുന്നു. അവർ കൃതകൃത്യരാകുകയും ബ്രഹ്മാനന്ദം അനുഭവിക്കുകയും ചെയ്യും. (ദൈവാസുര സമ്പദ്വിഭാഗയോഗം)

ദൈവം എന്നത് മനുഷ്യന്റെ ഉള്ളിലുള്ള നല്ല ചിന്തകളാണ്. ഭയമില്ലായ്മ, മനഃശുദ്ധി, ജ്ഞാനയോഗം, ദാനം, ഇന്ദ്രിയനിഗ്രഹം, ലോകസേവനം, ആത്മസംസ്കാരാർത്ഥം സ്വയം പഠിക്കുക, മനസ്സിനെ ഏകാഗ്രമാക്കുക, അവക്രത, അഹിംസ, സത്യം, കോപമുണ്ടാകാതിരിക്കുക, തനിക്കുള്ളതെല്ലാം ഉപേക്ഷിക്കുക, ശാന്തി, പരദൂഷണം ചെയ്യാതിരിക്കുക, ഭൂതദയ, ആശയില്ലായ്മ, അക്രൂരത, വേണ്ടാത്ത കാര്യത്തിൽ ലജ്ജ, ഒന്നുകൊണ്ടും ഇളകാതിരിക്കുക, തേജസ്സ്, ക്ഷമ, ധൈര്യം, ബാഹ്യാഭ്യന്തര ശുദ്ധി, ആർക്കും ഉപദ്രവം ചെയ്യായ്ക, ഗർവ്വില്ലായ്മ എന്നിവയാണ് ദൈവിക സമ്പത്ത്. ഗീത (അ.16, ശ്ലോ. 1, 2, 3). ഇങ്ങനെയുള്ള ഈശ്വരീയമായ ചിന്തകൾ മനസ്സിൽ ഉണ്ടായാൽ ദൈവം നിങ്ങളുടെ കൂടെ ഉണ്ടാകും. ദംഭം, ദർപ്പം, അഭിമാനം, കോപം, പരുഷഭാഷണം, അജ്ഞാനം ഇവയാറുമാണ് ദുർഗ്ഗുണങ്ങൾ. അങ്ങനെയുള്ളവർ മരണശേഷം പോകുന്നത് നരകത്തിലേക്കായിരിക്കും.

*"ത്രിവിധം നരകസ്യേദം*
*ദ്വാരം നാശനമാത്മനഃ*
*കാമഃ ക്രോധസ്തഥാ ലോഭ-*
*സ്തസ്മാദേതത്ത്രയം ത്യജേത്."*

*ഗീത (അ.16, ശ്ലോ. 21)*

സാരം:

കാമക്രോധ ലോഭങ്ങളാണ് നാശമുണ്ടാക്കുന്ന നരകവാതിലുകൾ. അതിനാൽ ഇവ മൂന്നിനെയും ഉപേക്ഷിക്കണം.

*(ശ്രദ്ധാത്രയ വിഭാഗയോഗം)*
*"യജന്തേ സാത്വികാ ദേവാൻ*
*യക്ഷരക്ഷാംസി രാജസാഃ*
*പ്രേതാൻ ഭൂതഗണാം ശ്ചാന്യേ*
*യജന്തേ താമസാഃ ജനാഃ"*

*ഗീത (അ. 17, ശ്ലോ. 4)*

സാരം:

സ്വാത്വികന്മാർ ദേവന്മാരെയും, രാജസീകർ യക്ഷന്മാരെയും രാക്ഷസന്മാരെയും, താമസികൾ പ്രേതങ്ങളെയും ഭൂതങ്ങളെയും പൂജിക്കുന്നു.

കർമ്മം ചെയ്യുന്നയാളുടെ ശ്രദ്ധ, ആരാധന (സേവന വിഷയം), ആഹാരം, യജ്ഞം (ലോക സേവനം), യജ്ഞ സമ്പ്രദായം, തപസ്സ് (ജീവിത ചര്യ), ദാനം ഇവയുടെ ഗുണഭേദങ്ങൾ നോക്കി ഏത് വിഭാഗത്തിൽ പെടുന്നവനാണെന്ന് മനസ്സിലാക്കാം.

*"ഓം തത് സദിതി നിർദ്ദേശോ*
*ബ്രഹ്മണസ്ത്രിവിധഃ സ്മൃതഃ*
*ബ്രാഹ്മണാസ്തേന വേദാശ്ച*
*യജ്ഞാശ്ച വിഹിതാഃ പുരാ"*

*ഗീത (അ. 17, ശ്ലോ. 23)*

സാരം:

ഓം, തത്, സത് ഇങ്ങനെ ബ്രഹ്മവാചകമായി മൂന്ന് ശബ്ദങ്ങൾ ഉണ്ട്. ഇവ മൂന്നും ബ്രഹ്മത്തെ നിർദ്ദേശിക്കുന്നു. എല്ലാ കർമ്മങ്ങളും ഈ ശബ്ദങ്ങളെ ഉച്ചരിച്ചുകൊണ്ട് ചെയ്യുന്ന പക്ഷം, ദോഷമൊഴിഞ്ഞതാകും. ദാനം ചെയ്യുമ്പോൾ എത്രകണ്ട് ശ്രദ്ധിച്ചാലും അതിലൊരു ദോഷം കാണും. ബ്രഹ്മവാചകം ഉപയോഗിക്കുമ്പോൾ ദോഷവശം ഉണ്ടാവില്ല. (സന്യാസയോഗം)

*"ബ്രഹ്മഭൂതഃ പ്രസന്നാത്മാ*
*ന ശോചതി ന കാംക്ഷതി*
*സമഃ സർവേഷു ഭൂതേഷു*
*മദ് ഭക്തിം ലഭതേ പരാം"*

*ഗീത (അ. 18, ശ്ലോ. 54)*

സാരം:

ബ്രഹ്മത്വം പ്രാപിച്ചവൻ എപ്പോഴും പ്രസന്നനും സർവ്വഭൂതങ്ങളിലും സമഭാവനയുള്ളവനും ആയിരിക്കും. അങ്ങനെയുള്ളവർ ഒന്നിനെക്കുറിച്ചും ദുഃഖിക്കുന്നുമില്ല; ഒന്നിനെയും ആഗ്രഹിക്കുന്നുമില്ല.

അവർക്ക് ജീവാത്മാവും പരമാത്മാവും രണ്ടല്ല. അങ്ങനെ അവർ ആത്മവലയം അനുഭവിക്കുന്നു. നാം എപ്പോഴും പരമാത്മാവിൽ ഉറച്ച മനസ്സുള്ളവരായിരിക്കണം. അങ്ങനെ അല്ലാത്തവർ നശിച്ചുപോകും എന്നാണ് ഭഗവാന്റെ അഭിപ്രായം. ഈശ്വരൻ, തന്റെ മായാശക്തി കൊണ്ട് എല്ലാവരുടെയും ഹൃദയത്തിലിരുന്ന് കളിപ്പിക്കുന്നു.

*"ഇതി തേ ജ്ഞാനമാഖ്യാതം*
*ഗുഹ്യാദ്ഗുഹ്യതരം മയാ*
*വിമൃശ്യൈതദശേഷേണ*
*യഥേച്ഛസി തഥാകുരു"*

*ഗീത (അ. 18, ശ്ലോ. 63)*

സാരം:

ഈ വിധം അതിരഹസ്യമായ ജ്ഞാനം നല്കിയ ശേഷം ഭഗവാൻ 'ഇഷ്ടംപോലെ ചെയ്യാം' എന്ന് അർജ്ജുനനോട് പറഞ്ഞു. (ഇതാണ് ഭാരതീയ സംസ്ക്കാരം)

ഭഗവദ്ഗീതയിലെ പ്രഖ്യാപനങ്ങളെ ഇവിടെ ഉദ്ധരിക്കട്ടെ.

*"മന്മനാ ഭവ മദ്ഭക്തോ*
*മദ്യാജീമാം നമസ്കുരു*
*മാമേവൈഷ്യസി സത്യം തേ*
*പ്രതിജാനേ പ്രിയോƒസിമേ"*

*ഗീത (അ. 18, ശ്ലോ. 65)*

സാരം:

നീ എന്നിൽ മനസ്സ് നിർത്തി ഭക്തിയോടെ എന്നെ പ്രാർത്ഥിച്ചാലും. എന്നെ നമസ്ക്കരിക്കൂ. എന്നാൽ നീ എന്നെ പ്രാപിക്കും. സത്യമാണ്. നീ എന്റെ പ്രിയനാകുന്നു. അതുകൊണ്ട് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

*"സർവ്വധർമാൻ പരിത്യജ്യ*
*മാമേകം ശരണം വ്രജ!*
*അഹം ത്വാം സർവ്വപാപേഭ്യോ*
*മോക്ഷയിഷ്യാമി മാ ശുചഃ"*

*ഗീത (അ. 18, ശ്ലോ. 66)*

സാരം:

സർവ്വ സങ്കല്പങ്ങളും വെടിഞ്ഞ് എന്നെ നീ പൂർണ്ണമായും ശരണം പ്രാപിക്കുക. ഞാൻ നിന്നെ സർവ്വ പാപങ്ങളിൽ നിന്നും മുക്തനാക്കും. നീ ദുഃഖിക്കേണ്ട.

കവിത

# ശ്രാവണം



**പത്മജ കൃഷ്ണകുമാർ**
കോഴിക്കോട്

മാബലിയെ വരവേൽക്കുവാനായി
പൂവുകൊണ്ടൊരു കുപ്പായമിട്ടിതാ
ശ്രാവണമാസമെത്തീ മനോഹരി
തിങ്ങിനിന്ന മഴമേഘമെങ്ങുപോയ്

ചുറ്റിലും നാടു പുഞ്ചിരിച്ചീടവേ
ഒട്ടുനഷ്ടമായെങ്കിലും തെല്ലിതാ
നല്ലൊരോണമായിഷ്ടങ്ങളേകിയി
ന്നോർമ്മതൻ ചെപ്പുമെല്ലെ തുറക്കുന്നു.

തുമ്പ, മുക്കുറ്റി, കണ്ണാന്തളിരുകൾ
എന്നിവ കൊണ്ടു പൂക്കളം തീർപ്പതും
സോദരങ്ങൾ, സുഹൃത്തുക്കളുമായി
മാബലിപ്പാട്ടു പാടീ പലതരം

ഓണക്കളികളിൽ പങ്കുചേരുന്നതും
ഓണക്കോടി തൻ ഗന്ധവുമെന്നമ്മ
ഉണ്ടാക്കുന്നതാമോണവിഭവത്തിൻ
സ്വാദുമുണ്ടേറ്റം കാണാവതായ് ചിത്തിൽ

ഓണത്തിൻ നിലാവെങ്ങും പരത്തുന്ന
കാഴ്ചകൾ കാണ്മതില്ലീ തലമുറ
എന്നും പുത്തനുടുപ്പിട്ടുനിൽക്കുന്നു
എന്തിനായിന്നു പൂക്കളമീവിധം

എന്തിനായിത്ര ഓണവിഭവങ്ങൾ
എന്നു ചോദിപ്പൂ പുത്തൻ തലമുറ
'കാണം വിറ്റിട്ടും ഓണമുണ്ണാ'മെന്ന
ചൊല്ലിൻ തത്വമിവർക്കന്യമാണല്ലോ

→ ഭഗവാന്റെ ഗുരുപ്രസാദത്താൽ അർജ്ജുനൻ ഭ്രമം തീർന്ന് പ്രവർത്തിക്കാൻ തുടങ്ങി.

*"യത്ര യോഗേശ്വരഃ കൃഷ്ണോ*
*യത്ര പാർത്ഥോധനുർധരഃ*
*തത്ര ശ്രീർവിജയോ ഭൂതിർ*
*ധ്രുവാ നീതിർ മതിർ മമ"*

*ഗീത (അ. 18, ശ്ലോ. 78)*

സാരം:

എല്ലാറ്റിനും ദൃക്സാക്ഷിയായ സഞ്ജയൻ ധൃതരാഷ്ട്രർക്ക് തന്റെ അഭിപ്രായം വെളിപ്പെടുത്തുകയാണ് ഇവിടെ. എവിടെയൊക്കെ അർജ്ജുനനെപ്പോലെ ഒരു വില്ലാളിയും ഭഗവാനെപ്പോലെയൊരു യോഗേശ്വരനും ഉണ്ടോ, അവിടെയൊക്കെ വിജയം ഉണ്ടാകും.

ഇങ്ങനെ നമ്മുടെയൊക്കെ ജീവിതം ധന്യമാകാൻ കരുണാനിധിയായ ഭഗവാൻ അനുഗ്രഹിക്കട്ടെ.

**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ** ●

## അഭിനന്ദനങ്ങൾ



ഇക്കഴിഞ്ഞ ജൂലായ് മാസത്തിൽ കാനഡയിലെ കാൽഗരിയിൽ നടന്ന നാഷണൽ ചെസ്സ് ചാമ്പ്യൻഷിപ്പിൽ വിജയിച്ച് ഒക്ടോബറിൽ ഈജിപ്തിലെ ശാരം അൽ ഷെയ്കിൽ നടക്കുന്ന ലോക കേഡറ്റ്സ് ചെസ്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ അർഹത നേടിയ **ഗായത്രി ശ്രീകുമാർ**. കൊരട്ടി യൂണിറ്റ് മുൻ സെക്രട്ടറി രാജേന്ദ്ര വർമ്മയുടെ മകൾ അഞ്ജുഷ വർമ്മയുടെയും ആമ്പല്ലൂർ മാളിയേക്കൽ മഠത്തിൽ ശ്രീകുമാർ കർത്തായുടെയും മകളാണ്. കാനഡയിൽ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

# പരാശക്തിയുടെ മഹിമ

**കെ. രാധാമണി തമ്പുരാട്ടി**
കൊച്ചി, മൊ. 8281179936



ശ്രീപരമേശ്വരന്റെ അനുഗ്രഹത്താൽ പതിനെട്ട് പുരാണങ്ങൾ രചിച്ച ശ്രീ വ്യാസദേവനാൽ വിരചിതമായ ഒരു ഉത്കൃഷ്ട കൃതിയാണ് ശ്രീമദ് ദേവീഭാഗവതം. ജീവിത തത്ത്വങ്ങൾ കൊണ്ട് സമ്പന്നമാണ് ദേവീഭാഗവതം. പതിമൂന്ന് സ്കന്ധങ്ങൾ ഉള്ള പ്രസ്തുത കൃതിയിലെ മൂന്നാം സ്കന്ധത്തിൽ പ്രതിപാദിതമായ പരാശക്തിയുടെ മാഹാത്മ്യമാണ് ഈ രചനയ്ക്ക് അവലംബം.

‘പ്രകൃതി’ എന്നും മായ എന്നും ഉള്ള അപരനാമങ്ങളാൽ അറിയപ്പെടുന്ന പരാശക്തിയുടെ അനുഗ്രഹമാണ് സകലർക്കും ജീവിതവിജയത്തിന് ആവശ്യമുള്ളത്. ബുദ്ധി, ശ്രദ്ധ, കീർത്തി, ഐശ്വര്യം, ധൈര്യം, ഓർമ്മ എന്നിവയെല്ലാം പ്രദാനം ചെയ്യുന്നത് ജഗദംബികയാണ്. അചഞ്ചലമായ ഭക്തിയും വിശ്വാസവും ഉണ്ടെങ്കിൽ പരാശക്തിയുടെ അനുഗ്രഹം ലഭിക്കുമെന്നുള്ളത് സുദർശന കുമാരന്റെ ജീവിതാനുഭവങ്ങൾ വ്യക്തമാക്കുന്നു. ഈ രാജകുമാരനുണ്ടായ അനുഭവങ്ങൾ സംഗ്രഹിക്കാം.

കോസല രാജ്യത്തിലെ ‘ധ്രുവസന്ധി’ എന്ന രാജാവിന് ‘മനോരമ’ എന്നും ‘ലീലാവതി’ എന്നും പേരുള്ള രണ്ട് പത്നിമാർ ഉണ്ടായിരുന്നു. മനോരമയുടെ പുത്രൻ ആണ് ദേവീഭക്തനായി ജീവിതം നയിച്ച സുദർശന രാജകുമാരൻ. ലീലാവതിയുടെ പുത്രൻ ‘ശത്രുജിത്ത്’ എന്നറിയപ്പെട്ടിരുന്നു. ഒരു ദിവസം നായാട്ടിനു പോയ ധ്രുവസന്ധി രാജാവ് സിംഹത്തിന്റെ ആക്രമണത്താൽ വധിക്കപ്പെട്ടു. മൂത്ത പുത്രനായ സുദർശന കുമാരനെ രാജാവായി വാഴിക്കുവാൻ മന്ത്രിമാരും പൗരജനങ്ങളും സന്നദ്ധരായി. ഇതറിഞ്ഞപ്പോൾ ലീലാവതിയുടെ പിതാവായ യുധാജിത്ത് അവകാശവാദങ്ങളുമായി വന്ന് എതിർത്തു. മനോരമയുടെ പിതാവായ വീരസേനനും പൗത്രന്റെ രക്ഷയ്ക്കായി എത്തി. രണ്ടുപേരും സൈന്യസമേതമാണ് അവിടെ എത്തിയത്. പൗത്രന്മാരുടെ കാര്യങ്ങൾ പറഞ്ഞ് ഇരു രാജാക്കന്മാരും തുടങ്ങിയ വാഗ്വാദം വൻ യുദ്ധമായി മാറി. ആ യുദ്ധത്തിൽ യുധാജിത്ത് വീരസേനനെ വധിച്ചു. പിതാവും പതിയും നഷ്ടപ്പെട്ട മനോരമ പുത്രന്റെ രക്ഷയ്ക്കു വേണ്ടി രാജ്യം ഉപേക്ഷിച്ചു. പുത്രനും മരണം സംഭവിക്കുമെന്ന ഭയമാണ് അതിന് കാരണം. വിശ്വസ്തനായ ഒരു മന്ത്രിയോടും തോഴിയോടും ഒപ്പം മനോരമ പുത്രനെയും കൊണ്ട് ഗംഗാതീരം ലക്ഷ്യമാക്കി യാത്രതിരിച്ചു. മാർഗ്ഗമദ്ധ്യേ കള്ളന്മാർ ആക്രമിച്ചതുകൊണ്ട് സഞ്ചരിച്ചിരുന്ന തേരും സമ്പാദ്യങ്ങളും നഷ്ടപ്പെട്ടു. പലവിധ ക്ലേശങ്ങൾ സഹിച്ച് ഭരദ്വാജ മഹർഷിയുടെ ആശ്രമത്തിൽ എത്തി. മഹർഷിയുടെ കുശലാന്വേഷണങ്ങൾക്ക് മന്ത്രി വിശദമായി മറുപടി നൽകി. മനോരമയുടെയും പുത്രന്റെയും ദയനീയാവസ്ഥ അറിഞ്ഞപ്പോൾ മഹർഷി ആശ്രമത്തിൽ വസിക്കുവാനുള്ള അനുവാദം നൽകി. സുദർശന കുമാരൻ ആശ്രമത്തിൽ ഉണ്ടെന്ന് അറിഞ്ഞപ്പോൾ യുധാജിത്ത് അവിടെയും വധശ്രമവുമായി എത്തി. മഹർഷിയുടെ സാന്ത്വന വാക്കുകൾ കൊണ്ടും കൂടെ ഉണ്ടായിരുന്ന മന്ത്രിയുടെ സന്ദർഭോചിതമായ ഇടപെടൽ കൊണ്ടും യുധാജിത്ത് വധശ്രമം ഉപേക്ഷിച്ചു.

സുദർശന കുമാരൻ മുനികുമാരന്മാരോടൊപ്പം വളർന്നു. ഭരദ്വാജ മഹർഷി കുമാരനെ യഥാകാലം സകല വിദ്യകളും അഭ്യസിപ്പിച്ചു. ഒരിക്കൽ ഒരു മുനികുമാരൻ സുദർശനനോടൊപ്പം ഉള്ള മന്ത്രിവര്യനെ ‘ക്ലീബൻ’ എന്ന് പരിഹസിച്ചു. ഇതിലെ ആദ്യക്ഷരമായ ‘ക്ലീ’ അനുസ്വാരവും കൂടി ചേർത്തുകൊണ്ട് ‘ക്ലീം’ എന്ന് കുമാരൻ ഉച്ചരിക്കുവാൻ തുടങ്ങി. കൂടെക്കൂടെ ഈ ദേവീമന്ത്രം ഉരുവിട്ടുകൊണ്ടിരുന്നു. അന്നു മുതൽ സുദർശന കുമാരൻ ദേവീഭക്തനായി മാറി. ചുവന്ന പട്ടുവസ്ത്രം

ധരിച്ച് ഗരുഡാരൂഢയായ ലക്ഷ്മീദേവിയുടെ പ്രത്യക്ഷ ദർശനവും അനുഗ്രഹവും സുദർശന കുമാരന് ലഭിച്ചു. ആവനാഴി, പടച്ചട്ട, ശരങ്ങൾ, വില്ല് എന്നിവ ദേവി ആ രാജകുമാരന് നൽകി.

കാശി രാജാവായ സുബാഹുവിന്റെ പുത്രിയായ ശശികല ഒരു ദേവീഭക്തയായിരുന്നു. സുദർശന നെക്കുറിച്ച് കേട്ടറിഞ്ഞ ആ രാജകുമാരി അദ്ദേ ഹത്തെ മനസ്സാ പതിയായി വരിച്ചു. ഒരിക്കൽ ജഗ ദംബിക ശശികലയ്ക്ക് സ്വപ്നദർശനം നൽകി. സുദർശനനെ പതിയായി വരിക്കുവാൻ അനുഗ്ര ഹിച്ചു. കാശി രാജാവ് പുത്രിയുടെ സ്വയംവരത്തി നുള്ള ഒരുക്കങ്ങൾ തുടങ്ങി. അപ്പോൾ ശശികല മാതാവ് മുഖാന്തിരം പിതാവിനെ സ്വന്തം തീരു മാനം അറിയിച്ചു. പിതാവിന് ഇത് സ്വീകാര്യമായി ല്ല. അദ്ദേഹം സ്വയംവരം നടത്താൻ തന്നെ തീരു മാനിച്ചു.

പിതാവിന്റെ തീരുമാനം അറിഞ്ഞ ശശികല വിശ്വസ്തനായ ഒരു ബ്രാഹ്മണന്റെ കൈയിൽ സുദർശന കുമാരന് നൽകുവാനുള്ള സന്ദേശം കൊടുത്തയച്ചു. അതനുസരിച്ച് മാതാവിനോടൊപ്പം കുമാരനും സ്വയംവരത്തിൽ പങ്കെടുക്കുവാൻ യാത്രയായി. ആശ്രമത്തിലെ മുനിമാർ അനുഗ്രഹ ങ്ങളും ആശംസകളും നൽകി. കാശി രാജാവ് അവരെ യഥോചിതം സത്കരിച്ചു. സ്വയംവരത്തിൽ പങ്കെടുക്കുവാൻ ആഡംബരപൂർവ്വം ആഗതരായ മറ്റ് രാജകുമാരന്മാർക്ക് സുദർശന കുമാരനോട് നീരസം ഉണ്ടായി. എന്നാൽ ഇതൊന്നും ആ ദേവീ ഭക്തന്റെ മനസ്സിൽ വിഷമം ഉണ്ടാക്കിയില്ല. യുധാ ജിത്ത് സ്വയംവര വേദിയിലും സുദർശനനെ വധി ക്കുവാനുള്ള ശ്രമം നടത്താൻ തുടങ്ങി. മറ്റ് രാജാ ക്കന്മാർ അതിനെ എതിർത്തു. സ്വയംവര വേദി അതിനുള്ള സ്ഥലമല്ലെന്ന് അവർ അഭിപ്രായപ്പെ ട്ടതു കൊണ്ട് യുധാജിത്തിന് ആ ശ്രമം ഉപേക്ഷി ക്കേണ്ടി വന്നു. സുബാഹു പുത്രിയോട് വരണമാ ല്യവുമായി വേദിയിലേക്ക് വരണമെന്നാവശ്യപ്പെട്ട പ്പോൾ ന്യായയുക്തമായ കാര്യങ്ങൾ പറഞ്ഞ് അതിൽ നിന്ന് ഒഴിവായി. മാത്രമല്ല, പിതാവിന് അപ മാനം ഉണ്ടാകാതിരിക്കുവാനുള്ള മാർഗ്ഗം പറഞ്ഞു കൊടുക്കുകയും ചെയ്തു. രാജാക്കന്മാരോട് അടുത്ത ദിവസം വരാൻ പറയണമെന്നും അവർ പോയതിനു ശേഷം രാത്രിയിൽ സുദർശനനുമാ യുള്ള വിവാഹം നടത്തിത്തരണമെന്നും ഉള്ളതാ യിരുന്നു ശശികല കണ്ടെത്തിയ പരിഹാര മാർഗ്ഗം. രാജാവ് ഈ കാര്യം അറിയിച്ചപ്പോൾ രാജകുമാര ന്മാർ എതിർപ്പ് പ്രകടിപ്പിച്ചുവെങ്കിലും ദേവീഭക്ത രായ അവരുടെ പരിണയം സമംഗളം രാത്രിയിൽ തന്നെ നടന്നു. ആരും ഇതറിഞ്ഞില്ല. രഹസ്യമായ ഒരു സ്ഥലത്ത് പുരോഹിതന്മാരുടെ സാന്നിദ്ധ്യ ത്തിൽ സുബാഹു കന്യാദാനം നടത്തി.

വിവാഹാനന്തരം വധുവിനോടൊപ്പം അടുത്ത ദിവസം യാത്രതിരിച്ച സുദർശനനോട് യുദ്ധം ചെയ്യാൻ ഏതാനും രാജാക്കന്മാർ എത്തി. അവ രിൽ പ്രമുഖനായിരുന്നു പൗത്രനോടൊപ്പം എത്തിയ യുധാജിത്ത്. അതിഭയങ്കരമായ യുദ്ധ മാണ് അവിടെ അരങ്ങേറിയത്. ഭക്തനായ സുദർശ നന്റെ രക്ഷയ്ക്കായി ജഗദംബിക സിംഹത്തെ വാഹനമാക്കിക്കൊണ്ട് പ്രത്യക്ഷപ്പെട്ടു. യുധാ ജിത്തും പൗത്രനും നാനായുധങ്ങളാൽ സുദർശ നനോട് നേരിടുന്നത് കണ്ടപ്പോൾ പരാശക്തി നാനാ രൂപങ്ങൾ കൈക്കൊണ്ട് നാനാസ്ത്ര ങ്ങളാൽ യുധാജിത്തിനെയും പൗത്രനെയും എതിർക്കുകയും അവസാനം വധിക്കുകയും ചെയ്തു.

പ്രത്യക്ഷ ദർശനം നൽകിയ ദേവിയെ കാശി രാജാവ് സ്തുതിച്ചു. പ്രസന്നയായ ദേവി സുബാ ഹുവിനോട് അഭീഷ്ട വരംനൽകിക്കൊണ്ട് അരുളി. “ദേവിയുടെ ദർശനം കൊണ്ടുതന്നെ അനുഗൃഹീ തനായ തനിക്ക് അചഞ്ചലമായ ഭക്തി തന്ന് അനു ഗ്രഹിക്കണ”മെന്ന് അദ്ദേഹം അപേക്ഷിച്ചു. കാശി യിൽ ദുർഗ്ഗാദേവി എന്ന പേരോടുകൂടി വസിക്കണ മെന്ന രാജാവിന്റെ ആഗ്രഹവും ദേവി സഫലമാ ക്കി. അയോദ്ധ്യാധിപതിയായി രാജ്യം ഭരിക്കുവാൻ സുദർശന കുമാരനെ അനുഗ്രഹിച്ചതിനുശേഷം ദേവി അപ്രത്യക്ഷയായി.

സുദർശനന് ദേവിയുടെ അനുഗ്രഹം പ്രാപ്ത മായതിനെക്കുറിച്ച് അറിയുവാൻ മറ്റു രാജാക്കന്മാർ താല്പര്യം പ്രകടിപ്പിച്ചു. തന്റെ ജീവിതകഥ വിശ ദമായി അവരെ അറിയിച്ചു. അതിനുശേഷം പത്നീ സമേതനായി അയോദ്ധ്യയിൽ എത്തി. ശത്രുജി ത്തിന്റെ അമ്മയെ ചെന്നു കാണുകയും പിതാവി നെയും പുത്രനെയും വധിച്ചത് ദേവിയാണെന്ന് അറിയിക്കുകയും ചെയ്തു. സ്വന്തം മാതാവിനെ പ്പോലെ തന്നെയാണ് ശത്രുജിത്തിന്റെ മാതാവി നെയും കാണുന്നതെന്നും സുദർശന കുമാരൻ

*ശേഷം പേജ് 50–ൽ*

# ചിത്രമെഴുത്ത് ചക്രവർത്തിയുടെ ജന്മോത്സവം



**കൃഷ്ണകുമാരി കെ.**
കിളിമാനൂർ പാലസ് ട്രസ്റ്റ് എക്സിക്യൂട്ടീവ് അംഗം
മൊ. 9497107778

**2023** ഏപ്രിൽ 29 ന് – "രാജകുമാരന്മാരിലെ ചിത്രകാരൻ അഥവാ ചിത്രകാരന്മാരിലെ രാജകുമാരൻ" എന്ന് വിശേഷിപ്പിക്കുന്ന, കുടുംബാംഗങ്ങൾ "ചിത്രമെഴുത്തമ്മാവൻ" എന്ന് സ്നേഹാദരവോടുകൂടി പറയുന്ന സാക്ഷാൽ രാജാരവിവർമ്മയുടെ 175–ാമത് ജന്മോത്സവം കിളിമാനൂർ കൊട്ടാരം അങ്കണത്തിൽ വച്ച് ഗംഭീരമായി നടത്തപ്പെട്ടു.

ചിത്രകലയ്ക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച കലാകാരനായിരുന്നു രാജാരവിവർമ്മ. ചിത്രകലയെ ഔന്നത്യങ്ങളിൽ എത്തിക്കുന്നതിനായി ഭാരതത്തിലുടനീളം സഞ്ചരിച്ച് ചിത്രരചനകൾ നടത്തുകയുണ്ടായി. ഫോട്ടോഗ്രഫി അത്രയ്ക്ക് വികസിച്ചിട്ടില്ലായിരുന്ന കാലഘട്ടത്തിൽ പുരാണങ്ങളിലെയും ഇതിഹാസങ്ങളിലെയും കഥാസന്ദർഭങ്ങൾ അടിസ്ഥാനമാക്കി ദൈവരൂപങ്ങളെ വരച്ച് സാധാരണക്കാരായ ജനങ്ങളുടെ മനസ്സിലേക്ക് ആരാധനാമൂർത്തീരൂപങ്ങളെ സൃഷ്ടിച്ചുകൊടുക്കുന്നതിന് രാജാരവിവർമ്മയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് എല്ലാ ഭവനങ്ങളിലും രാജാരവിവർമ്മ ചിത്രങ്ങളുടെ ഒരു പ്രിന്റ് എങ്കിലും ഉണ്ടായിരിക്കും എന്നുള്ളത് അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ പ്രശസ്തിയേയും പ്രസക്തിയേയും കാണിക്കുന്നു. ആ കാലയളവിൽ ചിത്രങ്ങൾ രചിക്കുന്നതിന് ആവശ്യമായ ചായക്കൂട്ടുകൾ ചെയ്യുന്നതിന് ആവശ്യമായ ചായങ്ങൾ ഒന്നും ലഭ്യമാകാതിരുന്ന സമയത്ത് പൂക്കൾ, ഇലകൾ, മരത്തൊലികൾ, കല്ല്, മണ്ണ്, കോലരക്ക് മുതലായവ പാകപ്പെടുത്തി ചിത്രകാരന്മാരുടെ മനോധർമ്മം അനുസരിച്ച് സ്വന്തമായി ചായക്കൂട്ടുകൾ നിർമ്മിക്കുന്നതായിരുന്നു പതിവ്. രാജാരവിവർമ്മ തന്റെ ചിത്രങ്ങൾക്ക് ആവശ്യമായ ചായക്കൂട്ടുകൾ പ്രകൃതി വിഭവങ്ങളിൽ നിന്നു ലഭിക്കുന്ന ചായങ്ങൾ ഉപയോഗിച്ചാണ് ഉണ്ടാക്കിയിരുന്നത്.

രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ദേവീദേവന്മാരുടെയും മാത്രമല്ല തെരുവോരങ്ങളിൽ കഴിയുന്നവരുടെയും സമൂഹം ഒറ്റപ്പെടുത്തി അകറ്റി നിർത്തിയിരിക്കുന്ന വിഭാഗത്തിലുള്ളവരുടെയും ഒക്കെ ചിത്രങ്ങൾ വരയ്ക്കുന്നതിന് തയ്യാറായിരുന്നു എന്നുള്ളത് അദ്ദേഹം വരച്ച ചിത്രങ്ങൾ കാണുമ്പോൾ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അതും ജാതിമത വ്യവസ്ഥകൾ കൊടുമ്പിരി കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അദ്ദേഹം കാണിച്ച ധൈര്യം നമ്മളെ ഏവരെയും അതിശയിപ്പിക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ പ്രകൃതിസ്നേഹിയായ ജന്തു ജീവജാലങ്ങളോട് കനിവ് പ്രകടിപ്പിച്ചിരുന്ന മഹാനായിരുന്നു രാജാരവിവർമ്മ.

2023 ഏപ്രിൽ 29 ന് രാവിലെ 10.30 മുതൽ ആഘോഷപരിപാടികൾ സമാരംഭിച്ചു. ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്നുമുള്ള കലാസ്നേഹികളായ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സിനിമാ മേഖലയിൽ നിന്നുള്ള പ്രതിനിധികൾ, വിവിധ ചാനൽ പ്രതിനിധികൾ, പത്രമാധ്യമങ്ങൾ എന്നിവരുടെ സാന്നിധ്യത്തോടുകൂടി കിളിമാനൂർ പാലസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ഉദ്ഘാടന ചടങ്ങോടെയാണ് ജന്മോത്സവം 175 ആഘോഷിക്കപ്പെട്ടത്. രവിവർമ്മയുടെ ചിത്രശാല





ഓണാശംസകൾ

യിൽ അദ്ദേഹത്തിന്റെ ഛായാചിത്രത്തിനു മുൻപിൽ പാലസ് ട്രസ്റ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ബഹു. ആറ്റിങ്ങൽ എം.എൽ.എ. ഒ.എസ്. അംബികയും തുടർന്ന് കുടുംബാംഗങ്ങളും കലാസ്നേഹികളും ക്ഷണിക്കപ്പെട്ടു വന്ന അതിഥികളും, ആരാധകരും പുഷ്പാർച്ചന നടത്തി. തുടർന്ന് രാവിലത്തെ യോഗ നടപടികൾ ആരംഭിച്ചു. കിളിമാനൂർ പാലസ് ട്രസ്റ്റ് ജനറൽ സെക്രട്ടറി രാമവർമ്മ തമ്പുരാന്റെ സ്വാഗത പ്രസംഗത്തിനുശേഷം കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ആർ. മനോജ് അധ്യക്ഷ പ്രസംഗം നടത്തി. പ്രശസ്ത സിനിമാ സംവിധായകൻ ശങ്കർ രാമകൃഷ്ണന്റെ സാന്നിധ്യവും അദ്ദേഹത്തിന്റെ രവിവർമ്മ അനുസ്മരണ പ്രസംഗവും വളരെ ശ്രദ്ധേയമായിരുന്നു. ചിത്രപ്രദർശനത്തിന്റെയും ചിത്രകല ക്യാമ്പിന്റെയും ഉദ്ഘാടനം ബഹുമാനപ്പെട്ട ആറ്റിങ്ങൽ എം.എൽ.എ. ഒ.എസ്. അംബിക നിർവഹിച്ചു. ചിത്രകല ക്യാമ്പ് ആർട്ടിസ്റ്റ് കിളിമാനൂർ ഷാജിയുടെ നേതൃത്വത്തിലാണ് നടത്തപ്പെട്ടത്. പ്രായഭേദമെന്യേ വിവിധ കലാകാരന്മാർ വരച്ച 175 ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു. കിളിമാനൂർ പാലസ് ട്രസ്റ്റിന്റെ പ്രത്യേക ക്ഷണം സ്വീകരിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ കലാസ്നേഹികളായ ക്ഷണിക്കപ്പെട്ട അതിഥികൾ, കിളിമാനൂരിന്റെ സ്വന്തം നാട്ടുകാർ തുടങ്ങി വലിയൊരു ജനബാഹുല്യം തന്നെ ജന്മദിന പരിപാടികളുടെ തുടക്കം മുതൽ ഒടുക്കം വരെ ഉണ്ടായിരുന്നു എന്നുള്ളത് ആഘോഷത്തിന് മാറ്റുകൂട്ടി. കേന്ദ്ര ക്ഷത്രിയ ക്ഷേമസഭയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ഡോ. എം. ലളിതാംബിക, സെക്രട്ടറി മധുകുമാർ വർമ്മ, നമ്മുടെ കുടുംബാഗവും കേന്ദ്ര ക്ഷത്രിയ ക്ഷേമസഭ വൈസ് പ്രസിഡന്റുമായ കൃഷ്ണകുമാരി വർമ്മ, മറ്റു ഭാരവാഹികൾ എന്നിവരുടെ സാന്നിധ്യം കിളിമാനൂർ പാലസ് ട്രസ്റ്റിനെ സംബന്ധിച്ച് കരുത്തും സന്തോഷവും നൽകുന്നു എന്നുള്ളത് ഞങ്ങൾ പ്രത്യേകം സ്മരിക്കുന്നു. സെക്രട്ടറി മധുകുമാർ വർമ്മ രവിവർമ്മയെ അനുസ്മരിച്ചു കൊണ്ട് ലഘുപ്രസംഗത്തിലൂടെ ജന്മദിനാശംസകൾ അറിയിച്ചു.

ഉച്ചയ്ക്ക് സ്വാദിഷ്ടമായ സദ്യയ്ക്ക് ശേഷം 3.30 ന് തന്നെ ബഹു. കേരള ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ പങ്കെടുത്ത ഉദ്ഘാടന പരിപാടി ആരംഭിച്ചു. ഉദ്ഘാടനചടങ്ങിനു മുൻപ് പെട്ടെന്നുണ്ടായ ഇടിയോടുകൂടിയ മഴ കുറച്ച് ഭീതി ഉണ്ടാക്കിയെങ്കിലും കുടുംബാംഗങ്ങളുടെ പ്രാർത്ഥനയുടെയും വഴിപാടുകളുടെയും കാരണത്താലാകാം ഭരദേവതമാരും, പ്രപഞ്ചശക്തികളും കനിഞ്ഞ് ഉദ്ഘാടന സമയം വളരെ ശാന്തവും സമാധാനവുമായ അന്തരീക്ഷം ഉണ്ടാക്കിത്തന്നത്. ചൂടുവേനലിൽ അല്പം ശീതം മനസ്സിനും ശരീരത്തിനും ഉണ്ടായി.

മഹാനായ ചിത്രകാരന്റെ 175-ാമത് ജന്മോത്സവ ഉദ്ഘാടനവും തുടർന്ന് അദ്ദേഹത്തിന്റെ രണ്ട് ഒറിജിനൽ ചിത്രങ്ങളുടെ പ്രദർശനവും നടത്തുന്നതിനായി എത്തിയ ബഹുമാനപ്പെട്ട കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ കിളിമാനൂർ പാലസ് ട്രസ്റ്റ് അംഗങ്ങളും കുടുംബാംഗങ്ങളും താലപ്പൊലിയോടുകൂടിയാണ് എതിരേറ്റ് യോഗ നടപടികൾക്കായി സ്റ്റേജിലേക്ക് ആനയിച്ചത്. അദ്ദേഹത്തെയും മറ്റു വിശിഷ്ട വ്യക്തികളെയും എതിരേൽക്കാൻ കൊട്ടാരമുറ്റവും സ്റ്റേജും മനോഹരമാക്കിയിരുന്നു. യോഗനടപടികളുടെ ഭാഗമായി രാഗേന്ദു വർമ്മ വളരെ മനോഹരമായ പ്രാർത്ഥനാഗീതം ആലപിച്ചു.

ബഹുമാനപ്പെട്ട ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ മഹാനായ ചിത്രകാരൻ രാജാരവിവർമ്മയെ ചിത്രകാരന്മാരിൽ രാജകുമാരനും രാജകുമാരന്മാരിൽ ചിത്രകാരനും എന്നാണ് വിശേഷിപ്പിച്ചത്. വളരെ പ്രസക്തമായ വിശേഷണം. ഭാരതത്തിന്റെ മഹത്വം കലാപരമായ മികവിന്റെ ഉന്നതിയിലേക്ക് ഉയർത്തിയ കലാകാരൻ എന്ന നിലയ്ക്ക്, ഭാരതത്തിന് അകത്തും വിദേശ രാജ്യങ്ങളിലും ഇന്നും തിളങ്ങിവിളങ്ങി നിൽക്കുന്ന ഈ മഹാനായ ചിത്രകാരന് മരണാനന്തര ബഹുമതിയായി 'ഭാരതരത്ന' പുരസ്കാരം ലഭിക്കുന്നതിന് അർഹതയുണ്ട് എന്നും, അത് ലഭിക്കുന്നതിന് വേണ്ട ശ്രമങ്ങൾ നടത്തുമെന്നും സദസ്സിനോടും കുടുംബാംഗങ്ങളോടും ബഹു. ഗവർണ്ണർ ഉറപ്പു നൽകി. രവിവർമ്മ ചിത്രങ്ങളുടെ ചാരുതയെക്കുറിച്ചും അദ്ദേഹം വാചാലനായി. തുടർന്ന് രാജാരവിവർമ്മ അവസാനമായി വരയ്ക്കാൻ ശ്രമിച്ച് പൂർത്തിയാക്കാൻ കഴിയാതിരുന്ന പാഴ്സി ലേഡി എന്ന അപൂർണ്ണ ചിത്രവും, രവിവർമ്മ വരച്ച മാവേലിക്കര പുത്തൻ കൊട്ടാരത്തിലെ തൃക്കേട്ട തിരുനാൾ തമ്പുരാട്ടിയുടെ ഛായാചിത്രവും ഔപചാരികമായി പ്രദർശനോദ്ഘാടനം ചെയ്യുന്നതായി

പ്രഖ്യാപിച്ചു. ആ ചിത്രരൂപങ്ങൾ വേദിയിലെ എൽ.ഇ.ഡി. സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടു. സദസ്സ് ഒന്നടങ്കം കരഘോഷം മുഴക്കി. ജന്മദിനാഘോഷത്തിനു മുൻകൈയെടുത്ത കിളിമാനൂർ പാലസ് ട്രസ്റ്റിന് ആദരണീയയായ തിരുവിതാംകൂർ രാജകുടുംബാംഗം ഹെർ ഹൈനസ് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീബായി തമ്പുരാട്ടിയും, ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാനും ആശംസകളും അഭിനന്ദനങ്ങളും അറിയിച്ചുകൊണ്ടുള്ള വീഡിയോ എൽ.ഇ.ഡി. സ്ക്രീൻ വഴി പ്രദർശിപ്പിച്ചു. ഓസ്കാർ അവാർഡ് ജേതാവായ പത്മശ്രീ റസൂൽ പൂക്കുട്ടിയുടെ മഹനീയ സാന്നിധ്യവും, ആശംസാ പ്രസംഗവും ജന്മോത്സവത്തിന് മാറ്റുകൂട്ടി. അടൂർ പ്രകാശ് MP, ഒ.എസ്. അംബിക എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ് റ്റി.ആർ. മനോജ്, പാലസ് ട്രസ്റ്റ് ഭാരവാഹികൾ തുടങ്ങിയവരും വേദിയിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ജന്മോത്സവത്തിന്റെ ഭാഗമായി കലാകാരന്മാരെയും പ്രധാന വ്യക്തികളെയും കിളിമാനൂർ പാലസ് ട്രസ്റ്റ് ആദരിച്ചു.

എഴുത്തുകാരനും ക്യൂറേറ്ററും ആർട്ട് പ്രൊമോട്ടറുമായ ഗണേഷ് വി. ശിവസ്വാമി, വിമലേഷ് ബ്രിജ്‌വാൾ (ആർട്ട് പ്രൊമോട്ടർ, സെക്രട്ടറി മേഘമണ്ഡൽ സൻസ്ഥാൻ), സച്ചിൻ കാലുസ്കർ (ആർട്ട് പ്രൊമോട്ടർ & ക്യൂറേറ്റർ, ബറോഡ), ശരത് സുന്ദർ രാജീവ് (കൺസെർവേറ്റർ, ആർക്കിടെക്റ്റ്) ഡോ. സച്ചിൻ പേഴ്കർ, പൂണേ, ഹർഷവർദ്ധൻ റാനഡേ, പൂണേ, ഡോ. എസ്. മദൻ (റീസ്റ്റോറർ & കൺസർവേറ്റർ ഓഫ് രാജാരവിവർമ്മ പെയിന്റിങ്സ്), മോസസ് BFA (റീസ്റ്റോറർ & കൺസർവേറ്റർ ഓഫ് രാജാരവിവർമ്മ പെയിന്റിങ്സ്), എം.എൻ. മണികണ്ഠൻ (റീസ്റ്റോറർ & കൺസർവേറ്റർ ഓഫ് രാജാരവിവർമ്മ പെയിന്റിങ്സ്), പ്രൊഫ. മിനി ജോൺ പൂഞ്ഞാർ (എഴുത്തുകാരി, ഗവേഷക– രാജാരവിവർമ്മയും കിളിമാനൂർ രാജവംശ ചരിത്രവും), ഗായത്രി മധുസൂദനൻ (മോഹിനിയാട്ടം നർത്തകി), ദാന കൃഷ്ണപിള്ള (ചിത്രകാരൻ) എന്നിവരെ എല്ലാ മറ്റു പ്രമുഖ വ്യക്തികളോടൊപ്പം പുരസ്കാരം നൽകി വേദിയിൽ ആദരിച്ചു.

ജന്മോത്സവം ഇത്രയും വർണ്ണാഭമാക്കുന്നതിനു മുൻകൈ എടുത്ത കിളിമാനൂർ പാലസ് ട്രസ്റ്റ് ഭാരവാഹികളെ വേദിയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ഉൾപ്പെടെയുള്ള ബഹുമാന്യർ അഭിനന്ദിച്ചു.

ജന്മോത്സവ ഉദ്ഘാടനശേഷം വേദിയിൽ പ്രതീകാത്മകമായി അനാച്ഛാദനം ചെയ്ത രാജാരവിവർമ്മയുടെ പൂർത്തീകരിക്കാൻ കഴിയാത്ത ഒറിജിനൽ പെയിന്റിംഗ് പാഴ്സി ലേഡിയും, മറ്റൊരു ഒറിജിനൽ പെയിന്റിംഗ് ആയ തൃക്കേട്ട തിരുനാൾ ഉമയമ്മ തമ്പുരാട്ടിയുടെ ഛായാചിത്രവും ബഹു. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനും, വിശിഷ്ട വ്യക്തികളും നേരിട്ടുകാണുന്നതിനായി കിളിമാനൂർ പാലസ്സിലെ രാജാരവിവർമ്മ ചിത്രശാല സന്ദർശിക്കുകയും, മഹാനായ കലാകാരന്റെ ചിത്രങ്ങൾക്കു മുൻപിൽ ആദരവ് പ്രകടിപ്പിക്കുകയും ചെയ്തു.

ഗവർണർ ഏകദേശം 35 മിനിറ്റിൽ അധികം കുടുംബാംഗങ്ങളുമായി ചിത്രശാലയിൽ ചെലവഴിച്ചു. കിളിമാനൂർ പാലസ് ട്രസ്റ്റ് ജനറൽ സെക്രട്ടറി രാമവർമ്മ തമ്പുരാൻ ഭാരതരത്നം നിർദ്ദേശത്തിന്റെ കോപ്പി ആരിഫ് മുഹമ്മദ് ഖാന് കൈമാറി.

ആർട്ടിസ്റ്റ് ദാന കൃഷ്ണപിള്ള പുനഃസൃഷ്ടിച്ച രവിവർമ്മയുടെ ചിത്രങ്ങളുടെ പ്രദർശനവും ആകർഷണീയമായിരുന്നു.

അഡ്വ. ഗണേഷ് വി. ശിവസ്വാമി (ക്യൂറേറ്റർ, ശ്രീചിത്ര ആർട്ട് ഗാലറി & ഗണേഷ് ശിവസ്വാമി ഫൗണ്ടേഷൻ സ്ഥാപകൻ) രചിച്ച 'Raja Ravivarma an everlasting imprint' എന്ന പുസ്തകത്തിന്റെ കോപ്പി കിളിമാനൂർ പാലസ് ട്രസ്റ്റ് പ്രസിഡന്റ് കെ. ദിവാകരവർമ്മയ്ക്ക് കൈമാറി.

ഔപചാരിക ചടങ്ങുകൾക്കും യോഗനടപടികൾക്കും ശേഷം കലാസന്ധ്യയുടെ സമയം ആയി. കൊട്ടാരകുടുംബാംഗമായ പരേതനായ രാജരാജവർമ്മ കോയിത്തമ്പുരാന്റെ (കോമളൻ) ചെറുമകൻ ഹരിശങ്കർ എസ്. വർമ്മയുടെ മനോഹരമായ വയലിൻ കച്ചേരി ആയിരുന്നു ആദ്യ പരിപാടി. വയലിൻ കച്ചേരിക്ക് മനോഹരമായി മൃദംഗം വായിച്ച നന്ദകിഷോർ വർമ്മയുടെ തനിയാവർത്തനം പ്രശംസനീയമായിരുന്നു. അതിനുശേഷം രാജാ രവിവർമ്മ രചിച്ച അപൂർവ ശ്ലോകങ്ങളും കവിതകളും ആസ്പദമാക്കി ഗായത്രി മധുസൂദനൻ (ദ്രുതി കോഴിക്കോട്) 'ഹിരൺമയം' എന്ന പേരിൽ ഏകാംഗ മോഹിനിയാട്ടം അവതരിപ്പിച്ചു. നൃത്തവും, ഓരോ ശ്ലോകം സംബന്ധിച്ച്

നടത്തിയ വിവരണവും വളരെ മനോഹരമായിരുന്നു. രാജാരവിവർമ്മ ചിത്രകാരൻ മാത്രമല്ല കവിയും അസാമാന്യ സംഗീത പ്രതിഭയും കൂടിയാണ് എന്നും ഈ താളബോധത്തോടെ കൂടിയുള്ള ശ്ലോകങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയും എന്നും അവർ അഭിപ്രായപ്പെട്ടു. എൻ. ഉണ്ണികൃഷ്ണവർമ്മ (വൈസ് പ്രസിഡന്റ്, പാലസ് ട്രസ്റ്റ്), എൻ. സുധീർ വർമ്മ (ട്രഷറർ), കൃഷ്ണകുമാരി വർമ്മ (എക്സിക്യൂട്ടീവ് അംഗം) എന്നിവർ കലാസന്ധ്യയിലെ കലാകാരന്മാരെയും കലാകാരികളെയും ആദരിച്ചു. രാത്രി 9-ന് ശേഷം പരിപാടികൾ അവസാനിച്ചു.

'ശ്രീപദ്മനാഭസ്വാമി ക്ഷേത്രം-ഒരു നഗരത്തിന്റെ കഥ' ഫെയ്സ്ബുക്ക് കൂട്ടായ്മയുടെ പ്രതിനിധികളായ അശ്വിൻ സുരേഷ്, മോഹൻ നായർ, അശ്വിൻ സലിജ ശ്രീകുമാർ എന്നിവരും ജന്മോത്സവത്തിന് എത്തിച്ചേരുകയും ചിത്രശാലയിൽ പുഷ്പാർച്ചന ചെയ്ത് മഹാനായ ചിത്രകാരന് പ്രണാമങ്ങളർപ്പിക്കുകയും ചെയ്തു എന്നത് ഞങ്ങൾ പ്രത്യേകം സ്മരിക്കുന്നു.

കിളിമാനൂർ പാലസ് ട്രസ്റ്റ് പ്രസിഡന്റ് കെ. ദിവാകരവർമ്മയുടെ നേതൃത്വത്തിൽ രാജാരവിവർമ്മയുടെ 175-ാമത് ജന്മോത്സവം ഇത്രയും വർണ്ണാഭമാക്കുന്നതിന് അശ്രാന്തം പരിശ്രമം ചെയ്ത ജനറൽ സെക്രട്ടറി രാമവർമ്മ തമ്പുരാൻ, ഒപ്പം നിന്ന് സഹകരിച്ച സുഹൃത്തും സിനിമാ സംവിധായകനുമായ സജി കെ. പിള്ള, പാലസ് ട്രസ്റ്റ് ട്രഷറർ സുധീർ വർമ്മ എന്നിവരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അതുപോലെ എല്ലാത്തിലും നിരീക്ഷണ പാടവത്തോടെ കാര്യങ്ങൾ നിർവഹിച്ച വൈസ് പ്രസിഡന്റ് എൻ. ഉണ്ണികൃഷ്ണ വർമ്മ, ഹരികൃഷ്ണവർമ്മ, കെ.എൻ. രാമവർമ്മ തുടങ്ങി മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും, കുടുംബാംഗങ്ങളും എല്ലാവരും കൂടി ചേർന്നപ്പോൾ പരിപാടി വർണ്ണാഭമായി.

ജന്മോത്സവത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാദിഷ്ടവും സുഭിക്ഷവുമായ ഭക്ഷണം വിതരണം നടത്തുന്നതിനു സാധിച്ചു എന്നുള്ളത് കിളിമാനൂർ പാലസ് ട്രസ്റ്റിന് അഭിമാനിക്കാവുന്നതാണ്.

രാജാരവിവർമ്മയുടെ 175-ാമത് ജന്മോത്സവം കിളിമാനൂർ കൊട്ടാരത്തിനും നാടിനും തന്നെ അവിസ്മരണീയമായ അനുഭവം തന്നെയായിരുന്നു.

ഇനി രാജാരവിവർമ്മയുടെ ജനനവും എടുത്തു പറയേണ്ട പുരസ്കാരങ്ങളും സംബന്ധിച്ച് ഒരു ലഘു വിവരണം കൂടി. അദ്ദേഹത്തിന്റെ ഓരോ കലാസൃഷ്ടികളും ഒന്നിനൊന്നു മികച്ചതാണ്. എങ്കിലും ചില ചിത്രങ്ങളുടെ വിവരണം മാത്രം ഉൾക്കൊള്ളിക്കുന്നു.

ഏഴുമാവിൽ നീലകണ്ഠൻ ഭട്ടതിരിപ്പാടിന്റെയും ഉമാംബാഭായി തമ്പുരാട്ടിയുടെയും മകനായി 1848 ഏപ്രിൽ 29-ന് പൂരുരുട്ടാതി നക്ഷത്രത്തിൽ കിളിമാനൂർ കൊട്ടാരത്തിൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ കിളിമാനൂർ കൊട്ടാരത്തിലെ ചുവരുകളിൽ കരിക്കട്ട കൊണ്ട് ചിത്രങ്ങൾ വരച്ച് നിറച്ചിരിക്കുന്നത് കണ്ട് അദ്ദേഹത്തിന്റെ അമ്മാവനും, ചിത്രകാരനുമായ ഭരണി തിരുനാൾ രാജരാജവർമ്മ കോയിൽ തമ്പുരാൻ അനന്തരവനെ ചിത്രകല അഭ്യസിപ്പിച്ചു. 1862 ആയില്യം തിരുനാൾ മഹാരാജാവ് രവിവർമ്മയുടെ ചിത്രങ്ങൾ കണ്ട് സന്തുഷ്ടനായി തിരുവനന്തപുരം കോട്ടയ്ക്കകം മൂടത്തു മഠത്തിൽ താമസിച്ച് ചിത്രകല പഠിപ്പിക്കുന്നതിന് സൗകര്യം ഒരുക്കിക്കൊടുത്തു. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിന് ഒരു വഴിത്തിരിവായി. എണ്ണച്ചായത്തിൽ വരച്ച ബക്കിങ്ഹാം പ്രഭുവിന്റെ ചിത്രം മദ്രാസ് ഗവൺമെൻറ് ആസ്ഥാനത്ത് സ്ഥാപിച്ചതോടു കൂടി അദ്ദേഹം പ്രശസ്തിയിലേക്ക് ഉയർന്നു. പിന്നെ അങ്ങോട്ട് വളർച്ചയുടെ കാലഘട്ടം ആയിരുന്നു.

1886 - മാവേലിക്കര കൊട്ടാരത്തിൽ പൂരുരുട്ടാതി തിരുനാൾ ഭാഗീരഥി തമ്പുരാട്ടിയെ വിവാഹം കഴിച്ചു.

1870 - ആദ്യ ചിത്രത്തിന് പ്രതിഫലം മഹാരാജാവിൽ നിന്ന് വീര ശൃംഖല.

1873 - മദ്രാസിൽ നടന്ന ചിത്രപ്രദർശനത്തിൽ 'മുല്ലപ്പൂ ചൂടിയ നായർ വനിത' സമ്മാനം നേടി

1874 - 'തമിഴ് വനിതയുടെ സംഗീതാലാപനം' എന്ന ചിത്രം മദ്രാസ് ചിത്രപ്രദർശനത്തിൽ പ്രദർശിപ്പിച്ചു. അത് തിരുവിതാംകൂർ മഹാരാജാവ് വെയിൽസ് രാജകുമാരന് സമ്മാനിച്ചു.

1876 - 'ശകുന്തളയുടെ പ്രേമലേഖനം' എന്ന ചിത്രം ബെക്കിങ്ഹാം പ്രഭു വിലയ്ക്കു വാങ്ങി.

1880 - സർ. ടി. മാധവറാവു വാങ്ങിയ 'ഭൂമിദേവിയും സീതയും' എന്ന ചിത്രം പൂനയിൽ പ്രദർശിപ്പിച്ചു.

കവിത



# മറ്റൊരു മാറ്റൊലിക്കവിത

പ്രഭാ വർമ്മ
കാട്ടുങ്കൽ കോവിലകം, കരപ്പുറം, ചേർത്തല, മൊ. 9446042701

എന്തു ചൊല്ലേണ്ടു ഞാൻ ബന്ധശൈഥില്യമെന്ന
ബന്ധനം നമ്മെ കുഴയ്ക്കുന്നു മേൽക്കുമേൽ
ചിന്തിക്കിലീ ലോകസത്യങ്ങളെന്നുമേ
സന്തതം നമ്മുടെ മിത്രങ്ങളാകയൊ
എന്റെയാണെന്റെയാണെന്നു ചൊല്ലീടുവാൻ
എന്തുണ്ടു ലോകത്തിൽ? ഒന്നുമേയില്ലതാൻ
മർത്ത്യമനസ്സിൽ നിഗൂഢതയാരാഞ്ഞാൽ
എത്തുന്നതേതു വിചിത്രലോകത്തിൽ നാം
സന്തോഷസന്താപ നിർവ്വചനങ്ങൾക്കൊ
രന്ത്യമുണ്ടാകുമോ ഭാഷാനിഘണ്ടുവിൽ
ഇന്നെന്റെ സന്തോഷമന്യനു സന്താപം
അന്യന്റെ സന്താപമെന്റെ സന്തോഷവും
മാറണമീ മനോമാത്സര്യം മർത്ത്യന്റെ
അന്തരാളത്തിൽ കുടിയിരിക്കും വിഷം
എല്ലാം തികഞ്ഞവരായിയീ ലോകത്തിൽ
ഇല്ലാ മനുഷ്യരെന്നുള്ള മഹാസത്യം
ചെറ്റെങ്കിലും ഗ്രഹിച്ചീടുകിലന്യോന്യം
ഉറ്റവരായി കഴിഞ്ഞിടാം മേൽക്കുമേൽ.

→ രവിവർമ്മയ്ക്ക് വരുന്ന കത്തുകൾ കൈകാര്യം ചെയ്യുന്നതിനായി കിളിമാനൂരിൽ ഒരു തപാൽ കാര്യാലയം തന്നെ തുറന്നു. കിളിമാനൂർ പാലസ് പോസ്റ്റ് ഓഫീസ് എന്ന പേരിൽ അത് ഇന്നും പ്രവർത്തിച്ചുവരുന്നു.

1893 - ൽ ഷിക്കാഗോയിൽ നടന്ന ലോക ചിത്രകലാമേളയിൽ 'മലബാർ മനോഹരി', 'അച്ഛൻ അതാവരുന്നു' തുടങ്ങിയവ അടക്കം 10 ചിത്രങ്ങൾ അയച്ചു. അവിടെയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

1888-1890 കാലയളവിൽ ബറോഡ മഹാരാജാവിന് വേണ്ടി രാമായണം, മഹാഭാരതം എന്നിവയിലെ 14 ചിത്രങ്ങൾ വരച്ചു.

ബറോഡ രാജാവിന്റെ സഹകരണത്താൽ വിപുലമായ രീതിയിൽ ചിത്രപ്രദർശനം നടത്തുകയും വില്പന നടത്തുകയും ചെയ്തു.

1894 - രവിവർമ്മ പ്രസ്സ് ബോംബെയിൽ ആരംഭിച്ചു. സാധാരണക്കാരുടെ ഇടയിലേക്ക് താൻ വരച്ച ദേവീദേവൻമാരുടെ ചിത്രങ്ങളും, തന്റെ മറ്റു ചിത്രങ്ങളും എത്തിക്കുക എന്ന സദുദ്ദേശത്തോടു കൂടിയാണ് പ്രസ്സ് ഉണ്ടാക്കുന്നതിന് തീരുമാനിച്ചത്.

1904 - ബ്രിട്ടീഷ് ഭരണകൂടം 'കൈസർ-ഐ-ഹിന്ദ്' സ്വർണ്ണ മെഡൽ (Kaisar-i-Hind Gold Medal) ബഹുമതി രവിവർമ്മയ്ക്ക് നൽകി.

1905-ൽ രവിവർമ്മയുടെ സഹോദരൻ രാജരാജ വർമ്മ മദ്രാസിൽ വച്ച് അന്തരിച്ചു. അത് അദ്ദേഹത്തിന് വലിയ മാനസിക സംഘർഷം ഉണ്ടാക്കി. അദ്ദേഹം പിന്നെ കിളിമാനൂരിലേക്ക് സ്ഥിരമായി താമസിക്കുന്നതിന് എത്തിച്ചേർന്നു.

1906 Oct. 2 ന് - കിളിമാനൂർ കൊട്ടാരത്തിൽ വെച്ച് ചിത്രകലയുടെ രാജാവ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

ഇപ്പോൾ അനാച്ഛാദനം ചെയ്ത പാഴ്സി ലേഡി എന്ന ചിത്രമാണ് അദ്ദേഹം അവസാനമായി പൂർത്തിയാക്കാൻ ശ്രമിച്ചത്. അപൂർണ്ണമായ ഈ ചിത്രം ലോകത്തിനു മുൻപിൽ 'The Last Unfinished Painting of the great Artist Raja Ravivarma' എന്ന് അറിയപ്പെടുന്നു. തമിഴ് കവി ഭാരതിയാർ രാജാ രവിവർമ്മയുടെ മരണവാർത്തയറിഞ്ഞ് എഴുതിയ കവിതയിൽ ഇങ്ങനെ പറയുന്നു: "മഹാനായ ചിത്രകാരന് മരണമില്ല, അദ്ദേഹം താൻ വരച്ച ദേവീദേവന്മാരുടെയും, അപ്സരസ്സുകളുടെയും രൂപങ്ങൾ യഥാർത്ഥമാണോ എന്ന് ഒത്തുനോക്കി



# കളിയാട്ടപ്പെരുമ

**അംബിക വർമ്മ**
ചിറക്കൽ കോവിലകം, കണ്ണൂർ, മൊ: 9995672413

ചിറക്കൽ ചാമുണ്ഡിക്കോട്ടത്ത് 45 വർഷത്തിന് ശേഷം നടന്ന ആചാരപ്പെരുമ... ഇത് കണ്ണിനും മനസ്സിനും നിറവായി. ഒരു നാടിന്റെ ഉണർവും ഉത്സാഹവുമായി ഈ പെരുംകളിയാട്ട മഹോത്സവം മാറി. ചാമുണ്ഡിക്കോട്ടം എന്നും തുറന്ന് തിരി തെളിയിച്ച് ഇതിന് ഒരു തുടക്കം കുറിച്ച രാജേട്ടൻ വല്യച്ഛനെ ഈ അവസരത്തിൽ സ്മരിക്കാതെ വയ്യ. വല്യച്ഛന്റെ അടുത്തുനിന്ന് ചാമുണ്ഡിക്കോട്ടത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത സുരേഷേട്ടൻ അതിനെ പതിന്മടങ്ങ് ഭംഗിയായി പരിപാലിച്ചു. ലോകോത്തരമായ തലത്തിൽ തന്നെ ഈ പെരുംകളിയാട്ടത്തിന്റെ പെരുമ ഉയർന്നു...

ഇനി അല്പം വ്യക്തിപരമായ അനുഭവം പങ്കുവയ്ക്കട്ടെ...

ഗർഭകാലത്തു മുപ്പത്തേവർക്ക് വിളക്കു വെയ്ക്കണം എന്നുള്ള മോഹത്തിൽ പഴയ കോവിലകത്ത് വന്നുനിന്നതാണ് ഞാൻ. പ്രസവം കഴിഞ്ഞ് കളിയാട്ടവും കഴിഞ്ഞു പോകാം എന്നായിരുന്നു ആദ്യം കരുതിയത്... പക്ഷെ ആളും തിരക്കും ചൂടും പൊടിയുമൊക്കെ കുഞ്ഞിനെ ബുദ്ധിമുട്ടിക്കുമോ എന്ന പേടിയിൽ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. ഒന്നും കാണാൻ സാധിക്കില്ലല്ലോ എന്നൊരു നീറ്റൽ ഉള്ളിലുണ്ടായിരുന്നു. എങ്കിലും ഇടയ്ക്ക് ഏതെങ്കിലും ഒരു ദിവസം വന്നു കാണാം എന്നു സമാധാനിച്ച് പോയി. പക്ഷെ മുപ്പത്തേവരുടെ കല്പന വേറെ ഒന്നായിരുന്നു. ഞങ്ങളെ കാണാതെ പോയാൽ ശരിയാവില്ല എന്ന് അവർ തീരുമാനിക്കുകയായിരുന്നു. കാണാൻ വരാൻ പറ്റില്ല എങ്കിൽ ഞങ്ങൾ വന്നു നിന്നെയും കുഞ്ഞിനേയും കാണാം എന്നത് അവിടുത്തെ കല്പന ആയിരുന്നു... ഒരു ദിവസം എന്ന് ചിന്തിച്ചിട്ട് അഞ്ചു ദിവസവും ഇവിടെ ഞങ്ങൾ നിന്നു. മുറിയിൽ കിടന്നാൽ തെയ്യം വന്നാൽ അറിയില്ല. അതുകൊണ്ട് ചൂടും പൊടിയും കൊതുകും ഒന്നും വകവെയ്ക്കാതെ ആ അഞ്ചു ദിവസവും ഞാൻ കുഞ്ഞിനേയും കൊണ്ട് തെക്കിനിത്തറയിൽ കിടന്നു. ഉറക്കംപോലുമില്ലാതെ മുപ്പത്തേവരെ കാത്തു കിടന്നു. ചില സമയം തെയ്യം വന്നപ്പോൾ ഞാനും മോനും മാത്രം. ചിറക്കൽ കോവിലകത്തെ ഏറ്റവും ഇളയ തമ്പുരാനായി അരിയിട്ട് വാഴിക്കാനുള്ള യോഗം എന്റെ കുഞ്ഞിന് കിട്ടി എന്നതും വലിയൊരു ഭാഗ്യം.

ഈ തിരക്കും ചൂടും പൊടിയുമൊന്നും എന്റെ കുഞ്ഞിനേയും ബാധിച്ചില്ല എന്നതാണ് മറ്റൊരു അനുഗ്രഹം. ഒരു വാശിയും വഴക്കുമില്ലാതെ അവനും എല്ലാം ആസ്വദിച്ചു എന്നുതന്നെ പറയാം. മുപ്പത്തേവർ അവനെ മാറോടു ചേർത്ത് തലയിൽ കൈവച്ച് അനുഗ്രഹിച്ചു. അതിലും വലിയ സുകൃതം വേറെന്താണ്... കൊടിയിറങ്ങിയിട്ടും വാളിന്റെയും ചിലമ്പിന്റെയും നാദവും താളവും ഇപ്പോളും ചെവിയിൽ മുഴങ്ങുന്നു...

മനസ്സും കണ്ണും നിറയുന്നു... ഇനിയും എഴുതാൻ ഒരുപാടുണ്ട് പക്ഷെ എനിക്ക് കഴിയുന്നില്ല. കണ്ണീര് എന്റെ കാഴ്ചയെ മറയ്ക്കുന്നു...

*മുപ്പത്തേവരെ... പരദേവതമാരെ... ഇഷ്ടദേവതമാരെ ശുഭം* ●

---

→

തന്റെ ഭാവനയിൽ ഉള്ള രൂപങ്ങൾ തന്നെയാണോ എന്ന് ഉറപ്പിക്കുവാൻ സ്വർഗ്ഗത്തിലേക്ക് പോയിരിക്കുകയാണ്". കവി പറഞ്ഞത് ശരിയാണ്. രാജാ രവിവർമ്മയ്ക്ക് മരണമില്ല. അദ്ദേഹം ഇന്നും തന്റെ മനോഹരമായ ചിത്രങ്ങളിലൂടെ നമുക്കിടയിൽ ജീവിക്കുന്നു. ആ മഹാനായ ചിത്രകാരന്റെ മുമ്പിൽ ഒരായിരം പ്രണാമങ്ങൾ അർപ്പിക്കുന്നു. ●

# രാംഗോപാൽ എന്ന തോണിക്കാരൻ



**ലളിത കെ. വർമ്മ**
പിലാത്തറ, മൊ. 9447567574

**മോ**ക്ഷദായക പ്രദേശങ്ങളിൽ 'കാശി' എന്ന പുണ്യനഗരിക്ക് പരമോന്നതമായ സ്ഥാനമാണുള്ളത്. ഉമാ-മഹേശ്വരന്മാർക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം കാശിയാണ്. അനേകമനേകം ഋഷിവര്യന്മാരെയും ആത്മീയ നേതാക്കളെയും ആകർഷിച്ചിട്ടുള്ള ഈ പുണ്യഭൂമി എന്നും തലയുയർത്തിത്തന്നെ നിൽക്കുന്നു. പുണ്യനദിയായ ഗംഗയിൽ സ്നാനം ചെയ്ത് അതിന്റെ തീരത്തുതന്നെയുള്ള കാശി-വിശ്വനാഥനെയും തൊട്ടടുത്തു മരുവുന്ന അന്നപൂർണ്ണേശ്വരിയെയും ദർശിച്ച് സായൂജ്യമടയുക എന്നത് ഏതൊരു ഹിന്ദുവിന്റെയും ജീവിതാഭിലാഷമാണ്. കാശിയിൽ എത്തി ഗംഗാസ്നാനം ചെയ്താൽ തീരാത്ത പാപങ്ങളില്ല. അവിടെയെത്തി പിതൃതർപ്പണം ചെയ്യുവാനുള്ള അടങ്ങാത്ത മോഹമാണ് ഏതൊരു ഭാരതീയനെയും അങ്ങോട്ടേക്കാകർഷിക്കുന്നത്. അദ്വൈതത്തിന്റെ ഉപജ്ഞാതാവായ ശ്രീശങ്കരാചാര്യർക്ക് ചണ്ഡാലവേഷത്തിൽ ദർശനം കൊടുത്ത പുണ്യഭൂമിയാണ് കാശി. ലോകം കണ്ടതിൽവെച്ച് ഏറ്റവും വലിയ തത്ത്വജ്ഞാനിയായ സ്വാമി വിവേകാനന്ദന് മോക്ഷമന്ത്രം ഉരുവിട്ടുകൊടുത്തതും ഇതേ കാശിയിൽ വെച്ചുതന്നെ. ഈ പുണ്യനഗരിയുടെ ഓരം ചേർന്ന് ഗംഗാനദി ഏവർക്കും അനുഗ്രഹാശിസ്സുകൾ നേർന്നുകൊണ്ട് അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

ഞാൻ ഇത് അഞ്ചാമത്തെ പ്രാവശ്യമാണ് കാശി എന്ന പുണ്യനഗരിയിൽ എത്തുന്നത്. ഞാൻ എങ്ങനെയാണ് ഇത്രയും പ്രാവശ്യം കാശിയിലെത്തി ഗംഗാസ്നാനം ചെയ്ത് വിശ്വനാഥ ദർശനം നടത്തിയത് എന്നതിന് എനിക്ക് ഒരു മറുപടിയുമില്ല. കാശിയിലേക്കു മാത്രമായി മൂന്നു പ്രാവശ്യം എത്തി. മറ്റു പല യാത്രകളിൽ കാശിയിൽ എത്തിപ്പെട്ടു എന്നതാണ് സത്യം. 2004 ലാണ് ഞാൻ ആദ്യം കാശിയിലെത്തിയത്. ത്രിവേണീ സംഗമം നടത്തിയ ശേഷം കാശിയിലെത്തി. അന്ന് കാശി വളരെ അറപ്പുളവാക്കുന്ന ഒരു പട്ടണമായിരുന്നു. ഗംഗയിലെ ജലം വളരെ മലിനമായിരുന്നു. ഇതാണോ പുണ്യതീർത്ഥം എന്നൊക്കെ ഞാൻ വിചാരിച്ചു. എന്നിരുന്നാലും ഗംഗയിൽ കുളിച്ച് പൂവും മാലയും അഭിഷേകത്തിനുള്ള പാലുമെല്ലാമായി വിശ്വനാഥനെ ദർശിച്ച് പാലഭിഷേകം ചെയ്ത് മാല ചാർത്തി പൂവിട്ടു തൊഴുത് ആ ബിംബത്തിൽ തൊട്ട് നമസ്ക്കരിച്ച് സംതൃപ്തയായി മടങ്ങിയിട്ടുണ്ട്.

പിന്നീട്, 2008 ൽ വീണ്ടും കാശിയിൽ പോയി. അപ്പോൾ പരിസരമൊക്കെ കുറച്ചുകൂടി വൃത്തിയായിട്ടുണ്ടായിരുന്നു. "ഗംഗയെ സംരക്ഷിക്കൂ. മലിനമാക്കാതിരിക്കൂ." എന്നെല്ലാം പല സ്ഥലത്തും ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. കാശിയിലെത്തുമ്പോഴൊക്കെത്തന്നെ നല്ല തിരക്കായിരുന്നു. മണികർണ്ണികാ ഘട്ടിലെ സ്നാനഘട്ടിലാണ് ഞങ്ങൾ കുളിക്കാറുള്ളത്. അതിനടുത്തു തന്നെയുള്ള ഹരിശ്ചന്ദ്രഘട്ടിൽ എപ്പോഴും മൃതദേഹങ്ങൾ കത്തിയെരിയുന്നതും കാണാമായിരുന്നു. വിശ്വനാഥ ക്ഷേത്രത്തിലേക്കുള്ള ഇടുങ്ങിയ വഴിയിലാകട്ടെ പശുക്കളെക്കൊണ്ടും യാത്രക്കാരെക്കൊണ്ടും തിക്കുംതിരക്കുമായിരുന്നു. കള്ളന്മാരും പിടിച്ചുപറിക്കാരുമൊക്കെ അവിടെയും ഉണ്ടായിരുന്നു. ഞങ്ങൾക്ക് അതൊന്നും അനുഭവപ്പെട്ടില്ല.

ഇപ്രാവശ്യം (കഴിഞ്ഞ നവംബർ പതിനഞ്ചാം തീയതി) കാശിയിലെത്തിയ എനിക്ക് ഒരു പുതിയ കാശിയിലെത്തിയ പ്രതീതിയുണ്ടായി. നമ്മുടെ പ്രധാനമന്ത്രിയുടെ മണ്ഡലമായ വാരാണസിയെ പുരോഗതിയിലേക്കു നയിച്ച നരേന്ദ്ര മോദിജിക്ക് സ്നേഹാദരങ്ങൾ അർപ്പിക്കുന്നു. ഗംഗയിൽ കുളിച്ച് മുകളിലെത്തിയാൽത്തന്നെ വിശ്വനാഥ ദർശനത്തിനുള്ള ക്യൂ തുടങ്ങുകയായി. വളരെ

വൃത്തിയുള്ളതും കോൺക്രീറ്റു ചെയ്തതുമായ വിശാലമായ ഇടനാഴിയിൽക്കൂടി ക്യൂവിൽ തിക്കും തിരക്കുമില്ലാതെ ക്ഷേത്രനടയിലെത്തി വിശ്വനാഥ ദർശനം നടത്താൻ കഴിഞ്ഞത് അത്യന്തം ആനന്ദ ത്തിനു വകനൽകി.

പണ്ടത്തെപ്പോലെ വിശ്വനാഥനെ തൊട്ടുവന്ദി ക്കാനോ മാല ചാർത്താനോ അഭിഷേകം ചെയ്യാനോ സാധിക്കുകയില്ലല്ലോ എന്നോർത്ത് ദുഃഖവും തോന്നി. പാലഭിഷേകം പുറത്തുനിന്നു തന്നെ ചെയ്യാൻ സാധിക്കും. പിന്നീട് അന്നപൂർണ്ണേശ്വരിയെ ദർശിച്ച് മടങ്ങുകയും ചെയ്യാം.

കാശിയിലെത്തിയ ഏതൊരാളുടെയും മോഹ മാണ് ഗംഗാസ്നാനം. അതുപോലെ തന്നെ ഗംഗാ നദിയിലൂടെയുള്ള ഒരു തോണി യാത്രയും. ഞാൻ വിവേകാനന്ദാ ട്രാവൽസിനൊപ്പമാണ് നാലു പ്രവ ശ്യവും യാത്ര ചെയ്തത്. ഇപ്രാവശ്യം വിജയൻ-രാധികാ ദമ്പതികളോടൊപ്പമായിരുന്നു യാത്ര. എല്ലാ പ്രാവശ്യവും നടത്താറുള്ള തോണി യാത്ര ഇപ്രാവശ്യവും നടത്തി. വിവേകാനന്ദാ ഗ്രൂപ്പുകാ രോടൊപ്പം യാത്ര ചെയ്തപ്പോഴൊക്കെ കാശിയിലെ രാംഗോപാലിന്റെ തോണിയിലാണ് ഞങ്ങൾ യാത്ര ചെയ്യാറുള്ളത്. രാംഗോപാൽ എന്ന പേരുതന്നെ എത്ര മനോഹരമാണ്! ഞാനോർക്കുകയാണ്, കഴിഞ്ഞ നാലു യാത്രകളിലും അദ്ദേഹത്തെ കണ്ടു മുട്ടിയിരുന്നു. ഓരോ പ്രാവശ്യം കാണുമ്പോഴും ഞങ്ങൾക്ക് വളരെ സന്തോഷമാകും. പല പ്രാവശ്യം കണ്ടുമുട്ടിയതിനാലാകാം അദ്ദേഹം ഞങ്ങൾക്ക് സുപരിചിതനായിക്കഴിഞ്ഞു. യാത്രക്കാരെല്ലാം തോണിയിൽക്കയറിയാൽ അദ്ദേഹം തന്റെ ജോലി തുടരും. അധികം സംസാരപ്രിയനല്ലായിരുന്നു. ഗംഗാനദിക്കരയിൽ അറുപത്തിനാലു സ്നാനഘട്ട ങ്ങളുണ്ടല്ലോ. അവയിൽ പ്രധാനപ്പെട്ടവയെക്കുറി ച്ചെല്ലാം പറഞ്ഞുതരും. എപ്പോഴും സുസ്മേരവദ നനും ഉന്മേഷവാനുമായിരുന്നു. അങ്ങേയറ്റംവരെ സ്നാനഘട്ടങ്ങളെല്ലാം ദർശിച്ച്, തിരികെ വന്ന് ഗംഗാ ആരതി നന്നായി ദർശിക്കാൻ തക്കവണ്ണം തോണി ചേർത്തുനിർത്തും. നന്നായി ഗംഗാ ആര തിയും കണ്ട് സന്തോഷഭരിതരായി ഞങ്ങൾ തോണിയിൽ നിന്നും ഇറങ്ങും. കാശി യാത്രയി ലെല്ലാം രാജേട്ടനായിരിക്കും ഞങ്ങളുടെ ഗൈഡ്. രാംഗോപാലിന് തോണിക്കൂലി രാജേട്ടൻ കൊടു ക്കാറാണ് പതിവ്. കാശിയിൽ രണ്ടു ദിവസം ഞങ്ങൾ താമസിക്കുമായിരുന്നു. അവിടെ ബലി കർമ്മാദികൾ ചെയ്യുന്നതുകൊണ്ടാണ് ഞാനും അനിയേട്ടനും രണ്ടു പ്രാവശ്യമേ ശ്രാദ്ധം ചെയ്തു ള്ളൂ. മറ്റുള്ളവർ ശ്രാദ്ധം ചെയ്യുമ്പോൾ ഞങ്ങൾ ചിലപ്പോൾ ഗംഗാനദിക്കരയിലൂടെ നടക്കാറുണ്ട്. ഒരു പ്രാവശ്യം ഈ രാംഗോപാലിനെ അയാളുടെ തോണിക്കരികിൽക്കണ്ടു. സാബ്ജി, മാതാജി എന്നൊക്കെ വിളിച്ച് അദ്ദേഹം ഞങ്ങളോട് കുശലം ചോദിച്ചു. അന്നു ഞാൻ അദ്ദേഹത്തോട് കുടുംബ ത്തെക്കുറിച്ചുമൊക്കെ ഹിന്ദിയിൽ ചോദിച്ചു. അങ്ങ നെയാണ് എനിക്ക് അദ്ദേഹത്തിന്റെ പേര് 'രാംഗോ പാൽ' എന്നാണെന്ന് മനസ്സിലായത്. എന്നോട് വളരെ സ്നേഹത്തോടെയും സന്തോഷത്തോടെ യുമാണ് പെരുമാറിയത്. എന്റെ ചോദ്യങ്ങൾ ക്കെല്ലാം അദ്ദേഹം മറുപടി പറഞ്ഞു. അദ്ദേഹ ത്തിന് സ്വന്തമായി ഒരു വീടോ കുടുംബമോ ഇല്ലെന്നും പത്തുവയസ്സു മുതൽ തോണി തുഴഞ്ഞ് ജീവിക്കുന്നുവെന്നും പറഞ്ഞു. അയാൾ തന്റെ കഥ തുടർന്നു. "ആദ്യമൊക്കെ വേറെ തോണിക്കാരുടെ സഹായിയായി ജോലിചെയ്തു. പിന്നീട് തോണി വാടകയ്ക്കെടുത്ത് തുഴയും. ബോട്ടു യാത്രയ്ക്ക് ധാരാളം ആൾക്കാർ ഉള്ളതുകൊണ്ട് തരക്കേടി ല്ലാത്ത കൂലി കിട്ടും. ഇപ്പോൾ സ്വന്തമായി വാങ്ങിയ തോണിയുണ്ട്. കുടുംബം വേണമെന്ന് തോന്നിയി ട്ടില്ല. ഇവിടെ വരുന്ന നിങ്ങളെപ്പോലുള്ള എല്ലാ വരും എന്റെ കുടുംബക്കാരാണ്. ഈ ഗംഗാമാതാ വാണ് എന്റെ സ്വന്തം അമ്മ. ഈ തോണി തന്നെ യാണ് എന്റെ ഭവനവും. ഇതിൽക്കയറി യാത്രചെ യ്യുന്ന എല്ലാ യാത്രക്കാരും എന്റെ സഹോദരീ-സഹോദരന്മാരാണ്. ഇവരാണ് എന്റെ ഉറ്റ സുഹൃ ത്തുക്കൾ. കാശി വിശ്വനാഥൻ എന്റെ പിതാവാണ്. ഈ നദിക്കരയിൽ ഓടിക്കളിക്കുന്ന കുഞ്ഞുങ്ങ ളെല്ലാം എന്റെ മക്കളാണ്. എനിക്കിനി വേറിട്ടൊരു കുടുംബം എന്തിനാണ്. ജോലി കഴിഞ്ഞ് ഹോട്ട ലിൽ നിന്നും ഭക്ഷണം കഴിച്ച് തോണിയിലെത്തും. അവിടെത്തന്നെ ആകാശവും നോക്കി മലർന്നുകി ടന്നുറങ്ങും. ആകാശം നിറയെ പൂത്തുനില്ക്കുന്ന നക്ഷത്രങ്ങൾ കാണാൻ എന്തൊരു ഭംഗിയാ ണെന്നോ? ചിലപ്പോൾ അവയെന്നെ മാടി വിളിക്കു ന്നതായി തോന്നും. ചിലപ്പോൾ ആൽത്തറയിൽ കിടന്നുറങ്ങും. മഴക്കാലമായാൽ ബാബാജിയുടെ വൃദ്ധസദനത്തിൽ കിടക്കാനൊരിടം തരും. എന്റെ

കവിത

# "വന്ദേ ഭാരതം"




**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി
പാലക്കാട്
മൊ. 9846429743


"വന്ദേഭാരത"മെന്നുകൂവി-
വളരേയുച്ചത്തിലായ് വന്നൊരീ
'വന്ദേഭാരത്' വണ്ടിയിന്നുമുതലീ
റെയ്‌ലിൽ കരേറുന്നുതാൻ
മോദത്താലിതു മോദിതന്നെ വളരെ
തോഷത്തിലിക്കേരളേ
സമ്മാനിപ്പിതു സ്വച്ഛസുന്ദരസുഖം
യാത്രയ്ക്കു കോപ്പിട്ടുതാൻ"

# ശ്രീ. എം.എൻ. കാരശ്ശേരിക്ക്

കാര്യങ്ങൾ പലമട്ടിലുള്ളതതിനെ
ചിന്തിച്ചു സംശുദ്ധമായ്
കാര്യാകാര്യ വിവേചനം പലതുമേ
ചെയ്യുന്ന സദ്പണ്ഡിതൻ

കാരശ്ശേരിയതെന്ന പേരിൽ വളരെ
പൂജാർഹനായ് നിന്നുതാൻ
സാഹിത്യത്തിൽ വിളങ്ങിടുന്നു ബഹുധാ
'കാര്യംശരി' മാസ്റ്ററായ്

# ഡോ. എൻ. ഗോപാലകൃഷ്ണന്

എപ്പോഴും ധർമ്മചിന്താമനനമതിൽ നിമഗ്നൻ
മഹാ ധന്യവാനായ്
കെല്പേറുന്ന വിധത്തിലേറെ ലളിതം
സദ്ഭാഷണം ചെയ്യുവോൻ

അദ്ധ്യാത്മജ്ഞാനചിന്താ അതിസരസമായ്
സംവദിച്ചും രചിച്ചും
ശ്രോതാക്കൾക്കു രസംപകർന്നു ഭുവനേ
വാണൂ ഭവാൻ പുണ്യവാൻ

→

ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള പണം ഞാൻ ബാബാജിയുടെ വൃദ്ധസദനത്തിലേക്ക് കൊടുക്കും. ഉറ്റവരും ഉടയവരുമില്ലാത്ത കുറേപ്പേർ അവിടെയുണ്ട്. വയസ്സായിക്കഴിഞ്ഞാൽ മാതാപിതാക്കളെ ഗംഗാതീരത്തുപേക്ഷിച്ച് പോകുന്നവരും ഉണ്ട്. എന്റെ ജീവിതം ഇങ്ങനെയൊക്കെപ്പോകും."

രാംഗോപാലിന്റെ കഥ കേട്ട് എനിക്ക് അത്ഭുതവും ആനന്ദവും ഉണ്ടായി. ഞാൻ സന്തോഷത്തോടെ കൊടുക്കുന്ന നൂറു രൂപ പോലും ആദ്യം വാങ്ങാൻ കൂട്ടാക്കിയില്ല. "വൃദ്ധസദനത്തിലെ ബാബാജിക്കു കൊടുത്തോളൂ" എന്നു പറഞ്ഞപ്പോൾ അതു വാങ്ങി കണ്ണിൽത്തൊട്ട് കീശയിൽ വെച്ചു. ഇങ്ങനെയുള്ള മനുഷ്യനും കൊള്ളക്കാർക്കിടയിലുണ്ടല്ലോ എന്നോർത്ത് കരഞ്ഞുപോയി. കാശി വിശ്വനാഥനും ഗംഗയും രാംഗോപാലിനെപ്പോലെയുള്ളവരെ കാത്തുരക്ഷിക്കട്ടെ എന്നൊരു പ്രാർത്ഥന മാത്രം! കാശി വിശ്വനാഥ് കീ ജയ്!!

●

# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം



**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ, മൊ.9447978024

*(കഴിഞ്ഞ ലക്കം തുടർച്ച...)*

**അ**ക്ഷരശ്ലോക സദസ്സിൽ പങ്കെടുക്കുന്നവർ കവികളോടും ശ്ലോക രചയിതാക്കളോടും ശ്രോതാക്കളോടും നീതിപുലർത്തേണ്ടവരാണ്. വിദ്യാലയങ്ങളിലും ഉത്സവപ്പറമ്പിലും വനിതാവേദിയിലും ഗൃഹസദസ്സിലും ക്ഷേത്രനടയിലും ചൊല്ലുന്ന ശ്ലോകങ്ങൾ തിരഞ്ഞെടുക്കുന്നതിൽ വളരെ ശ്രദ്ധിക്കണം. അശിക്ഷിതരും ആത്മവിശ്വാസമില്ലാത്തവരും പണ്ഡിത സദസ്സുകളിൽ കയറിച്ചെല്ലരുത്. അവർ തൽക്കാലം ശ്രോതാവായിട്ടിരിക്കുന്നതാണ് ഉത്തമം.

അക്ഷരം ഏതാണെന്ന് അടുത്തുള്ളവരോട് ചോദിക്കരുത്. അതിനാൽ ശ്ലോകം ഒരുവൻ ചൊല്ലുമ്പോൾ മറ്റുള്ളവരും ശ്രദ്ധിക്കണം. പ്രത്യുത "എനിക്കിതെല്ലാം അറിയാം" എന്ന മനോഭാവത്തോടെ അങ്ങോട്ടും ഇങ്ങോട്ടും നോക്കിയിരിക്കുകയാണെങ്കിൽ അത് കാണികളിൽ വെറുപ്പ് സൃഷ്ടിക്കും. അലസത സദസ്സിൽ പങ്കെടുക്കുന്നവർ ഉപേക്ഷിക്കണം.

കവികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തിനും വികാരത്തിനും യോജിച്ച വൃത്തങ്ങളാണ് ഉപയോഗിക്കാറുള്ളത്. കവിതയുടെ വിജയത്തിന് ആ വൃത്ത നിബന്ധന തന്നെയാണ് നിദാനമായിരിക്കുന്നതെന്ന് നിരാക്ഷേപമായ വസ്തുത തന്നെയാണെന്ന് ശിരഃകമ്പം പണ്ഡിതന്മാർ സമ്മതിക്കുകയും ചെയ്യും. ശോകമൂകത സൃഷ്ടിക്കുന്നതിൽ വിയോഗിനിയും വള്ളംതുഴഞ്ഞ് പോകുവാൻ നതവും ഉന്നതവും ആയ രീതിയിൽ ചൊല്ലുവാൻ നതോന്നതയും (ഭാഷാവൃത്തം) സഹായിക്കുന്നു. അതുപോലെ നായകന്റെ വിപ്രലംഭം സൃഷ്ടിക്കുവാൻ സന്ദേശകാവ്യങ്ങളിൽ മന്ദാക്രാന്തയും ഉപയോഗിക്കുന്നു. സന്ദേശവൃത്തം എന്ന ഖ്യാതികൂടി മന്ദമായ ആക്രന്ദനം ത്രസിച്ചുനില്ക്കുന്ന മന്ദാക്രാന്തയ്ക്കുണ്ടുതാനും. മന്ദാക്രാന്തയ്ക്ക് പകരം ഭുജംഗപ്രയാഗമോ പഞ്ചചാമരമോ ഇവിടെ യോജിച്ചെന്നു വരികയില്ല. വസന്തതിലകവും മല്ലികയും മറ്റും ചൊല്ലി നോക്കുമ്പോൾ അതിന്റെ പ്രസന്ന പ്രവാഹം നമുക്ക് അറിയാം. ശബ്ദനിയന്ത്രണത്തിലും ശ്ലോകം ചൊല്ലുന്നയാൾ വളരെ ശ്രദ്ധിക്കണം. അടച്ച് ഉച്ചരിക്കേണ്ടത് അടച്ചും തുറന്നുച്ചരിക്കേണ്ടത് തുറന്നും ഉച്ചരിക്കണം. എങ്കിലേ പദ്യം ചൊല്ലൽ കേൾക്കുവാൻ രസം തോന്നുകയുള്ളൂ. ആട്ടക്കഥകളിലെ ശ്ലോകങ്ങൾ തുറന്നുച്ചരിക്കേണ്ടതു തന്നെയാണ്. പലപ്പോഴും വൃത്തം നോക്കി ചൊല്ലിയാൽ ശ്ലോകഭംഗി കുറഞ്ഞെന്നും വരും. ഓരോ ശ്ലോകം ചൊല്ലുമ്പോഴും ശ്രോതാക്കളിൽ വികാരം സൃഷ്ടിക്കുംവിധം ചൊല്ലണം. എങ്കിലേ സദസ്സുകൾ നന്നായി എന്ന് ശ്ലോതാക്കൾ വിലയിരുത്തുകയുള്ളൂ.


വൃത്തം ഒപ്പിക്കുവാനും ഊഴം പോക്കാനും വേണ്ടി വെറും ശ്ലോകങ്ങൾ നല്ല വേദികളിൽ ചൊല്ലാതിരിക്കയാണ് ഉത്തമം. അലങ്കാരം, ലോകോക്തി, ഗുണപാഠം എന്നിവയിൽ ഏതെങ്കിലും കവിതയിൽ നിന്നും കിട്ടിയിരിക്കണം.

"അതാ കിടക്കുന്നൊരു കാളവണ്ടി
അതാരുടേതെന്നു നമുക്കു നോക്കാം
ഇതാ കിടക്കുന്നിതു മറ്റൊരെണ്ണം
അതും അയാൾക്കുള്ളതു തന്നെയാവാം."

ഇവിടെ വൃത്തവും ദ്വിതീയാക്ഷര പ്രാസവും ഉണ്ടെങ്കിലും സാഹിത്യവുമായി യാതൊരു ബന്ധവുമില്ല ഈ നാല്ക്കാലിക്ക്. ശബ്ദവും അലങ്കാരവും വൃത്തവും പ്രാസവും ഗുണപാഠവും എല്ലാം സമ്മേളിച്ചിരിക്കുന്നതിനെയാണ് കവിതയെന്ന് വ്യവഹരിക്കാറുള്ളത്. സാഹിത്യത്തിൽ ഏതെങ്കിലും വിധത്തിൽ പ്രാധാന്യമാർജ്ജിച്ച ശ്ലോകങ്ങളാണ് ഹൃദിസ്ഥമാക്കി ചൊല്ലേണ്ടത്. പണ്ട് താൻ

കവിത

# ഓം ശ്രീകൃഷ്ണായ നമഃ



**സി.കെ. കേരളവർമ്മ (കൊച്ചു കേരളൻ)**
കിഴക്കേ കോവിലകം, ചിറക്കൽ, കണ്ണൂർ, മൊ. 9495375276

കണ്ടതാമാ കടൽ വായിൽ നിന്നും
ഉണ്ണിയാം കണ്ണന്റെ വിഗ്രഹത്തെ
കോലത്തു നാട്ടിന്റെയധിപതിക്ക്
മുക്കുവശ്രേഷ്ഠൻ കാഴ്ചവച്ചു

വേണ്ടും വിധേനയായ് പൂജകൾ ചെയ്തുടൻ
പ്രതിഷ്ഠാദി കർമ്മങ്ങൾ നിർവ്വഹിച്ചു
'കടൽവായിൽ' നിന്നും കിട്ടിയതാകയാൽ
'കടലായി ശ്രീകൃഷ്ണ' ക്ഷേത്രമായി

ഗുരുവായൂരപ്പന്റെ സാന്നിദ്ധ്യമേകുന്ന
കടലായി ശ്രീകൃഷ്ണ ക്ഷേത്രാങ്കണം
'രണ്ടാം ഗുരുവായൂർ' എന്നൊരു പേരിലായ്
കോലത്തുനാട്ടിൽ പ്രസിദ്ധമായി

കടലായിവാസാ എന്നുണ്ണിക്കണ്ണാ
കോലത്തുനാടിന്റെ രക്ഷകനേ
വെണ്ണക്കണ്ണന്റെ കോമള വിഗ്രഹം
എന്നും മനസ്സിൽ തെളിഞ്ഞിടേണം

നന്മകൾ ചെയ്തങ്ങു സായൂജ്യം നേടുവാൻ
കടലായി നാഥാ, നീ തുണയ്ക്കവേണം
കടലായിക്കൃഷ്ണാ കാർമുകിൽവർണ്ണാ
എന്നും നീയുള്ളിൽ നിറഞ്ഞിടേണം

നിത്യവും കർമ്മങ്ങൾ നേരോടെ ചെയ്യുവാൻ
ഭക്തരാം ഞങ്ങൾക്കു ശക്തി തരൂ
കടലായി ശ്രീകൃഷ്ണാ, കാരുണ്യവാരിധേ
കൈതൊഴുന്നേൻ ഞങ്ങൾ കൈതൊഴുന്നേൻ

---

→

പള്ളിക്കൂടത്തിൽ പഠിച്ച കുറെ ശ്ലോകങ്ങളുമായി വേദിയിൽ കയറുകയും അരുത്. ആധുനികർ എഴുതിയ ശ്ലോകങ്ങളും പഠിച്ചുവെയ്ക്കണം. ശ്ലോകസദസ്സുകൾ പണ്ഡിതന്മാരുടെ സദസ്സുകളായിരിക്കും. ചിലർ സദസ്സുകളിൽ പങ്കെടുത്ത് അവതരിപ്പിച്ചില്ലെങ്കിലും ശ്ലോകസമ്പത്തുള്ളവർ തന്നെയായിരിക്കും. ആദ്യന്തം സഹൃദയരായിട്ടിരിക്കുന്നവർ ഒരുകാലത്ത് അക്ഷരകാന്തിയിൽ ആടിക്കളിച്ചവർ തന്നെയായിരിക്കും. അല്ലാത്തവർ ഏതാനും ശ്ലോകം കേട്ടുകഴിയുമ്പോൾ കുറ്റവും പറഞ്ഞ് സ്ഥലംവിടും.

അക്ഷരശ്ലോകം നല്ലൊരു കല തന്നെയാണ്. ശ്ലോകസമ്പത്തിന് ഉടമയാവുക, സദസ്സുകളിൽ അവതരിപ്പിക്കുക, അംഗീകാരം നേടുക തുടങ്ങിയവ ക്ഷിപ്രസാധ്യമല്ല. നല്ലൊരു ശ്ലോകപ്രവീണനെ ജനം ആദരിക്കും, അംഗീകരിക്കും. ഇതിന് യാതൊരു സംശയവും വേണ്ട. മറ്റു കലകളെപ്പോലെ ഈ സാഹിത്യകേളിയും മൺമറയാതെ നില്ക്കുന്നത് നാം ആലോചിക്കുക. ഇത് ഒരു സമുദായത്തിന്റെ മാത്രം കലയല്ല. വിദ്യാഭ്യാസം ഉള്ളവരുടെ കലയാണ്. സ്കൂൾ, കോളേജ് പഠനം എന്നതല്ല ഉദ്ദേശിക്കുന്നത്. ഫോർമൽ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവരും ശ്ലോകം തെറ്റുകൂടാതെ പഠിക്കുന്നവർ എന്നാണ് വിദ്യാഭ്യാസം നേടിയവർ എന്ന് ധരിക്കുക. അവർക്ക് സർട്ടിഫിക്കറ്റുകൾ ഇല്ലായിരിക്കാം. പക്ഷേ നല്ല വായനാശീലവും പുസ്തക സമീപനവും ഉണ്ടാകും. വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളും ഉണ്ടാകും.

(തുടരും...)

കഥ

# തിരുവാതിരകളി



**യു. അപർണ മുള്ളത്ത്**
തിരുവനന്തപുരം, മൊ. 7012306750

അയാൾ കോളിങ് ബെല്ലിൽ വിരൽ അമർത്തിയതേയുള്ളൂ... പൂമുഖവാതിലിൽ അവന്റെ വരവിനായ് കാത്തുനിന്നിട്ടെന്നപോലെ ഭാര്യ സുസ്മേര വദനയായ് നിൽക്കുന്നു.

"ഉടുപ്പ് മാറിവരൂ, ചായ കുടിക്കാം" ശൃംഗാര ചിരിയോടെയുള്ള ആ പറച്ചിലിൽ അയാൾ എന്തോ പന്തികേട് മണത്തു.

ഭാര്യയും ഭർത്താവും ഒരേ കേന്ദ്രസർക്കാർ സ്ഥാപനത്തിൽ മുംബൈയിൽ ജോലി ചെയ്യുന്നു. ഭർത്താവിന് ഇരുപത്തിയഞ്ച് വർഷത്തെ സർവീസ് ഉണ്ട്. ഇപ്പോൾ വല്യ ആപ്പീസറായി. ഭാര്യയാണെങ്കിൽ കയറിയിട്ട് ഒൻപത് വർഷമേ ആയിട്ടുള്ളൂ. ഇപ്പോഴും ക്ലെറിക്കൽ പോസ്റ്റ് തന്നെയാ. രണ്ട് ആൺമക്കൾ, സന്തുഷ്ട കുടുംബം.

ഇറുകിയ കുപ്പായങ്ങൾ അഴിച്ചുമാറ്റി ഒരു കാവി മുണ്ടും ഉടുത്ത് അയാൾ ചായയ്ക്കായി എത്തി. മുംബൈയിലാണെങ്കിലും ഇപ്പോഴും തനി നാടൻ മട്ടുകാരനാണ് ഇഷ്ടൻ.

പലതും ആലോചിച്ച് ചായ കുടിക്കാൻ വന്നിരുന്നു. ഡൈനിങ് ടേബിളിന്റെ എല്ലാ കാലുകൾക്കും ഇത്തിരി ആട്ടമുള്ളതുകൊണ്ട് ചുമരിൽ തട്ടിച്ചാണ് ഇട്ടിരിക്കുന്നത്. കൂടുതൽ ഇളകാതെ നോക്കണമല്ലോ! വാങ്ങിച്ചിട്ട് 20 കൊല്ലമേ ആവുന്നുള്ളൂ. ചെറുപ്പം...! ചായയ്ക്കൊപ്പം കഴിക്കാൻ ഒരാഴ്ചയിലേറെ പ്രായമുള്ള മിക്സ്ചറും വച്ചിട്ടുണ്ട്.

അയാൾ ഒരു കവിൾ ചായ വായ്ക്കകത്തേക്ക് എടുത്തതും ഭാര്യ പറഞ്ഞുതുടങ്ങി, "ഇപ്രാവശ്യത്തെ ഓഫീസ് ഡേയ്ക്ക് ഞങ്ങൾ തിരുവാതിരകളി അവതരിപ്പിക്കുന്നുണ്ട്". ചൂടുണ്ടായിരുന്നിട്ടും അയാൾ ആ ചായ പെട്ടെന്ന് ഇറക്കി. "അയ്യോ!" എന്നൊന്ന് ഞെട്ടി.

അതൊന്നും വകവയ്ക്കാതെ ഭാര്യ തുടർന്നു: "പഠിപ്പിക്കാൻ പുറത്തുനിന്നും ആളെയൊന്നും വയ്ക്കുന്നില്ല".

"അയ്യോ... എനിക്ക് സ്വൽപ്പം സാഹിത്യത്തിന്റെ അസുഖമുണ്ടെന്നല്ലാതെ തിരുവാതിരകളി പഠിപ്പിക്കാനൊന്നും അറിയില്ല". അയാൾ പറഞ്ഞുനിർത്തി. "അല്ലെങ്കിലും നിങ്ങളെക്കൊണ്ട് അതിനൊന്നും പറ്റില്ലെന്ന് എനിക്കറിയാം. ഞാനാണ് പഠിപ്പിക്കുന്നത്". അവൾ ഗമയിൽ മൊഴിഞ്ഞു. ഇപ്രാവശ്യം ഇത്തിരി ഘനത്തിൽത്തന്നെ ഭർത്താവൊന്ന് ഞെട്ടി, ടീച്ചറിന്റെ ശിഷ്യരെക്കുറിച്ച് ഒന്നോർത്തു. ഒരാൾ ആനച്ചന്തം, മറ്റൊരാൾ കോങ്കണ്ണി, പിന്നൊരാൾ തോട്ടിക്കാല്... ലിസ്റ്റ് നീണ്ടു. അയാൾ ആലോചന നിർത്തി.

"അപ്പോൾ തിരുവാതിര കളിക്കാൻ മങ്കമാർ നിർബന്ധമില്ലേ?" ഭർത്താവിന്റെ ആത്മഗതം കുറച്ച് ഉറക്കെയായിപ്പോയി... പക്ഷെ ഭാഗ്യം വാമഭാഗം അത് കേട്ടില്ല. "തനിക്കതിന് തിരുവാതിര കളിച്ച് പ്രാക്ടീസ് ഉണ്ടോ?" ചോദ്യം തീർന്നില്ല, ഉടൻ ഉത്തരം വന്നു. "യു ട്യൂബ് നോക്കി പഠിക്കാല്ലോ..." വിവരസാങ്കേതികവിദ്യയുടെ ഒരു ഗുണമേ...

പ്രിയതമയുടെ ആവശ്യം ഇപ്പോഴും പറഞ്ഞിട്ടില്ല. "എല്ലാവരും പച്ച ബ്ലൗസും കസവ് സെറ്റും ആണ് ഉദ്ദേശിക്കുന്നത്. അതിന് മാച്ച് ആകുന്ന ആക്സസറീസും ഉണ്ട്". അവൾ പറഞ്ഞു നിർത്തിയ ഉടനെ മൂത്ത മകന്റെ വക കമന്റ്, "അല്ലെങ്കിലും ചെവിയിൽ തൂക്കിയിടുന്ന സാധനം വാങ്ങിക്കാനൊക്കെ അമ്മയ്ക്ക് കാശുണ്ട്". ഉടനെ ഇളയവൻ "അമൂൽ ഐസ്ക്രീം വാങ്ങിക്കാൻ മാത്രം അമ്മയ്ക്ക് കാശില്ല."

നിങ്ങൾക്കുള്ളത് പിറകേ തരാം എന്ന് മനസ്സിൽ പറഞ്ഞ് അവൾ തുടർന്നു. "എനിക്ക് കസവ് സെറ്റ്

ഇല്ല, ഒരെണ്ണം വാങ്ങണം". അങ്ങനെ ഒരു കപ്പ് ചായയുടെ ആവശ്യം പുറത്തുവന്നു.

''നാട്ടിൽ പോയപ്പോൾ താൻ അമ്മയുടെ സെറ്റൊന്നും കൊണ്ടുവന്നില്ലേ?'' ഭർത്താവിന്റെ വക ചോദ്യം. "അതെങ്ങനെയാ... എന്റെ ഡ്രസ്സ് വയ്ക്കാൻ മാത്രം സ്ഥലമില്ലല്ലോ പെട്ടിയിൽ. അച്ഛന്റെയും മക്കളുടെയും ജീൻസും ഷർട്ടും എന്തിന് കർച്ചീഫ് വരെ വയ്ക്കാൻ സ്ഥലമുണ്ട്. എന്റെ എന്തെങ്കിലും വച്ചാൽ അപ്പോൾ പെട്ടിക്ക് വെയ്റ്റ് കൂടും." സ്വൽപം ഗർവ്വിച്ചുതന്നെ ഭാര്യ പറഞ്ഞു.

"കഷ്ടമായിപ്പോയി, എന്റെ ലുങ്കി മാറ്റിവച്ച് അമ്മയുടെ സെറ്റ് എടുത്ത് വച്ചാൽ മതിയായിരുന്നു." ഇപ്രാവശ്യം ഭർത്താവിന്റെ ആത്മഗതം പതുക്കെയായിരുന്നു.

ഭർത്താവിന്റെ തലയിൽ ഉഗ്രനൊരു ആവശ്യമുദിച്ചു. "സെറ്റും മുണ്ടും നമുക്ക് വാടകയ്ക്കെടുത്താലോ? പണ്ട് ക്ലബ്ബിന്റെ നാടകത്തിന് തെന്നാലിരാമന്റെ വേഷങ്ങൾ ഞാൻ വാടകയ്ക്കല്ലേ എടുത്തത്? കുടുമ പോലും കിട്ടി." ചാടിയെഴുന്നേറ്റ് ഭാര്യ ഉച്ചത്തിൽ പറഞ്ഞു, "അങ്ങനെ വല്ലവരും ഉപയോഗിച്ചതൊന്നും ഇടാൻ എന്നെ കിട്ടൂല്ല..." ഗർവ്വിച്ച് അടുക്കളയിലേക്ക് ഒറ്റപ്പോക്ക്.

ഭർത്താവിന് പിറകെ ചെന്നല്ലേ പറ്റൂ... അനുനയിപ്പിക്കണ്ടേ... പോകുംവഴി ഒരു കൂട്ടിനായി മക്കളെ നോക്കി. അവർ ഒന്നും കേൾക്കാത്ത മട്ടിൽ കംപ്യൂട്ടറിൽ മുഖമമർത്തിയിരിക്കുന്നു. അല്ലെങ്കിലും ആവശ്യത്തിന് ഉപകരിക്കാത്തവരാണല്ലോ ഈ മക്കൾ വർഗ്ഗങ്ങൾ.

''വാടകയ്ക്ക് വേണ്ടെങ്കിൽ വേണ്ട. നമുക്ക് ശ്രീലക്ഷ്മിയോട് ഒന്ന് ചോദിച്ചാലോ?'' കുറച്ച് നിർബന്ധിച്ച് അയാൾ അവളെക്കൊണ്ട് സമ്മതം മൂളിച്ചു. ആശ്വാസം...

"ഇത് ചേച്ചിയുടെയാ, കഴിഞ്ഞ തവണ നാട്ടിൽ പോയപ്പോൾ കൊണ്ടുവന്നതാ... ഒരു പ്രാവശ്യം മാത്രമേ ഞാനിത് ഉടുത്തിട്ടുള്ളൂ". കോടികൾ വില മതിക്കുന്ന ഏതോ വജ്രാഭരണം തരുന്ന ഭാവത്തിൽ കസവു സെറ്റ് കൈയിൽ തന്ന് ശ്രീലക്ഷ്മി പറഞ്ഞു. നവരസങ്ങളിലെ ഘനഗംഭീരങ്ങളായ രസങ്ങൾ ക്രോഡീകരിച്ച് ഇനിയും പേരിടാത്ത 'ഒരു രസം' ഭാര്യയുടെ മുഖത്തു വന്നത് അവൻ കണ്ടില്ലെന്ന് നടിച്ചു, മനഃപൂർവ്വം.

അങ്ങനെ ആ സുദിനം വന്നെത്തി. തിരുവാതിരകളി ദിവസം. അയാളും മക്കളും മുൻനിരയിൽത്തന്നെ ഇരിപ്പിടം കണ്ടെത്തി. ഭാര്യ പഠിപ്പിച്ച 'കളി' മൊബൈലിൽ പകർത്തണമല്ലോ, ഒരുപാട് ഗ്രൂപ്പുകളിൽ ഇടാനുള്ളതല്ലേ.

തിരുവാതിര സംഘം എത്തി... ഗണപതി സ്തുതിയോടെ കളി തുടങ്ങി. വിചാരിച്ചപോലല്ല, വാമഭാഗം നന്നായി പഠിപ്പിച്ച് വിട്ടിട്ടുണ്ട്.

തരക്കേടില്ലല്ലോ... ഭർത്താവിന് ഭാര്യയിൽ സ്വല്പം മതിപ്പൊക്കെ തോന്നി. മമ്മിമാരുടെ 'കുമ്മി' സമയത്ത് ഏതോ ഒരു ശിഷ്യത്തി ദക്ഷിണയെന്നോണം ഗുരുവിനിട്ടൊരു തട്ട്... മുന്താണി പ്ലീറ്റ്സിൽ രണ്ട് മടക്കുകൾ അഴിഞ്ഞുപോയി. എങ്കിലും കാര്യങ്ങളൊന്നും കൈവിട്ടുപോകാതെ ടീച്ചറും ശിഷ്യത്തികളും കളി ഭംഗിയായി പൂർത്തിയാക്കി.

വീട്ടിൽ വന്ന് സെറ്റും മുണ്ടും അഴിച്ചപ്പോൾ കണ്ട കാഴ്ച-അതാ മുണ്ടൊരു ത്രിവർണ്ണ പതാക... ശ്രീലക്ഷ്മിയുടെ വജ്രാഭരണം വളരെ കളർഫുൾ ആയി മാറിയിരിക്കുന്നു.

"അയ്യോ... ഇനിയെന്തു ചെയ്യും" അച്ഛന്റെ മുഖഭാവം വായിച്ചിട്ടെന്നപോലെ മൂത്ത മകന്റെ ചോദ്യം.

''ഇത്ര ആലോചിക്കാനെന്താ... പുതിയ ഒരെണ്ണം വാങ്ങിച്ചു കൊടുത്തേ പറ്റൂ... അതോ വേറെ എവിടുന്നെങ്കിലും വാടകയ്ക്ക് എടുത്ത് കൊടുക്കുമോടാ" ഭർത്താവിനിട്ട് ഭാര്യ ശരിക്കൊന്ന് താങ്ങി.

രക്തസമ്മർദ്ദത്തിനുള്ള മരുന്ന് കഴിക്കുന്നവർ ഒരുപാട് ഞെട്ടരുതെന്ന് ഏതോ ഒരു ഡോക്ടർ പറഞ്ഞത് ഓർമ്മവന്നതുകൊണ്ട് ഇപ്രാവശ്യം മനഃപൂർവ്വം ഞെട്ടിയില്ല.

സെറ്റ് വാങ്ങാനായി ചെമ്പൂർ മാർക്കറ്റിൽ എത്തി. അവിടെ റോഡിന്റെ ഇടതു സൈഡിൽ ശീതീകരിക്കാത്ത ഒറ്റമുറി കടകൾ. കുറഞ്ഞ വിലയിൽ വസ്ത്രങ്ങൾ കിട്ടും. വലതു സൈഡിൽ വില കൂടിയ വസ്ത്രങ്ങൾ വിൽക്കുന്ന ശീതീകരിച്ച ഇരുനില കടകൾ.

ഭാര്യ ആവശ്യപ്പെട്ടപ്പോൾ വാങ്ങിച്ചുകൊടുത്തിരുന്നെങ്കിൽ ഇടതു സൈഡിലേക്ക് പോയാൽ മതിയായിരുന്നു... ഇതിപ്പോൾ കൂട്ടുകാരന്റെ ഭാര്യയുടെ വജ്രാഭരണമാകുമ്പോൾ... കൂടുതലൊന്നും ആലോചിച്ച് ഞെട്ടാൻ നിന്നില്ല. മനസ്സിൽ പിറുപിറുത്തുകൊണ്ട് റോഡിന്റെ വലതുവശത്തേക്കു നടന്നു. വിനാശകാലേ വിപരീത ബുദ്ധി... ●



# മായിപ്പാടി കൊട്ടാരം

**മധുകുമാർ വർമ്മ വി.കെ.**
ആലപ്പുഴ, മൊ. 9847017105

കേരളത്തിന്റെ ഏറ്റവും വടക്കേ അറ്റത്തുള്ള പുരാതനമായ ഒരു രാജകുടുംബമാണ് വസിഷ്ഠ ഗോത്രത്തിൽപ്പെട്ട കദംബവംശം. ഇവരുടെ ആസ്ഥാനമാണ് മായിപ്പാടി കൊട്ടാരം. ഏപ്രിൽ 22-ാം തീയതി ക്ഷത്രിയ ക്ഷേമസഭയുടെ നീലേശ്വരം യൂണിറ്റ് സന്ദർശനശേഷം വൈകുന്നേരം മായിപ്പാടി കൊട്ടാരം കാണുവാനായി കാസർകോട്ട് പോവുകയുണ്ടായി. വൈകുന്നേരം അഞ്ചു മണിയോടു കൂടി കൊട്ടാരസമുച്ചയത്തിലെത്തി. വളരെ വലിയ ഒരു ഹാൾവഴിയാണ് അകത്തളത്തിലേക്ക് കടക്കുക. രാജഭരണകാലത്ത് ഇവിടെയാണ് ഡർബാർ ചേർന്നിരുന്നതത്രേ. ഹാളിൽ നിന്നിറങ്ങുന്നത് ഒരു വലിയ അങ്കണത്തിലേക്കാണ്. ഇരുവശങ്ങളിലും വളരെ നീളത്തിലുള്ള അനവധി തൂണുകളുള്ള, മുൻഭാഗത്ത് ഭിത്തിയില്ലാത്ത തുറന്ന സ്ഥലമാണ്. നേരെ ചെല്ലുമ്പോൾ അമ്പലം/തേവാരപ്പുരയാണ്. അമ്പലത്തിന്റെ ഇരുവശങ്ങളും, പുറകുഭാഗവും ആണ് താമസസ്ഥലം. വലുതും ചെറുതുമായ അനവധി മുറികൾ താഴത്തേയും മുകളിലത്തേയും നിലകളിലുണ്ട്. അമ്പലമുള്ളതിനാൽ കൊട്ടാരത്തിൽ കയറുവാൻ ഷർട്ട് അഴിക്കണം, ക്ഷേത്രമര്യാദയും നിയമങ്ങളും പാലിക്കണം. വളരെ വൃത്തിയും വെടിപ്പുമായി ഇപ്പോഴും പരിസരം സൂക്ഷിക്കുന്നു. നിത്യപൂജകളും നിവേദ്യസമർപ്പണവുമുണ്ട്. കോവിഡ് വരുന്നതിനു മുൻപ് ദിവസവും അന്നദാനമുണ്ടായിരുന്നു. ഇപ്പോൾ പുനരാരംഭിച്ചിട്ടില്ല. അഞ്ചര മണിയോടെ ക്ഷേത്രപൂജാരിയെത്തി. വൈകുന്നേരത്തെ ഒരു പൂജ കാണുവാനുള്ള ഭാഗ്യമുണ്ടായി.

ഈ കൊട്ടാരം ശ്രീ ശ്രീ മയൂരവർമ്മ സ്ഥാപിത കദംബവംശ (ഹാനുഗല്ലു ശാഖ) രാജപീഠമായ മായിപ്പാടി കൊട്ടാരമാണ്. ഇപ്പോഴത്തെ വലിയ രാജാ, 96 വയസ്സുള്ള ശ്രീ ശ്രീ ദാന മാർത്താണ്ഡ വർമ്മ രാജാ എന്ന രാമം തറസുകൾ XIII ആണ്.

*ശേഷം പേജ് 55-ൽ*



*ശ്രീ ശ്രീ രഘുരാമവർമ്മ രാജ ക്ഷത്രിയക്ഷേമ സഭ ജന. സെക്രട്ടറി മധുകുമാർ വർമ്മ, പ്രസിഡന്റ് ഡോ. എം. ലളിതാംബിക, ട്രഷറർ സൂര്യകുമാർ വർമ്മ എന്നിവരോടൊപ്പം*

കവിത



# ഗണപതി–സരസ്വതി പ്രണാമം

ഇ. രാമവർമ്മ രാജ
എണ്ണയ്ക്കാട് കൊട്ടാരം





ഗണപതിയാണെൻ വിഘ്നേശ്വരൻ
സരസ്വതിയാണെൻ വിദ്യാദേവി
ഗണപതി-സരസ്വതി പ്രസാദത്താൽ
ജീവിതം സഫലമായ്‌വരും
ദീർഘചതുരാകൃതി തറമേൽ നിന്ന്
പശ്ചിമ ദിശേ കണ്ണുംനട്ട് നോക്കുന്ന
ദേവീദേവന്മാരെ വണങ്ങി
അഞ്ജലി കൂപ്പാത്തതാരാണ്?
കറുകമാല, പുഷ്പശോഭയാൽ
പുഞ്ചിരിതൂകുന്ന വിഗ്രഹങ്ങൾ
ദീപങ്ങൾ പ്രകാശം പരത്തിയും
തിരികൾ സുഗന്ധം വിതറിയും
നാമകീർത്തനം ഞങ്ങൾ പാടി വലംവച്ച്
മുന്തിരി, പഴം, അവൽ, ശർക്കരമിശ്രിതം
തിരുമുമ്പിൽ നിവേദിച്ച് കർപ്പൂര
ദീപം കൊണ്ടുഴിയുന്നു ഭക്തിയോടെ
സുഗന്ധപുഷ്പങ്ങൾ അർച്ചന ചെയ്ത്
“ഹാ! ഹാ! കൊട്ടിഞ്ചിരി” ശബ്ദിച്ച്
ഓടിയോടി വലംചെയ്യുന്ന ഞങ്ങൾ
ദേവീ-ദേവന്മാരെ തൊഴുത് വണങ്ങുന്നു.
നിവേദ്യം സ്വാദോടെ രുചിച്ച് ഭുജിച്ചും
പിന്നെയെല്ലാം ദൈവഹിതം പോലെ
എന്നുറച്ച് മടങ്ങുംമുമ്പേ ചൊല്ലുന്നു
“ലോകാ സമസ്താ സുഖിനോ ഭവന്തു”
“ക്ഷിപ്രപ്രസാദി ഭഗവാൻ ഗണനായകോ മേ
വിഘ്നങ്ങൾ തീർത്ത് വിളയാടുക സർവ്വകാലം
സർവ്വാർത്ഥകാരിണി സരസ്വതി ദേവി വന്നെൻ
നാവിൽ കളിക്കകുമുദേഷു നിലാവ് പോലെ”

ഗണപതി ഭഗവാനും സരസ്വതി ഭഗവതിയും
അനുഗ്രഹിക്കണേ.

---

*പേജ് 35 തുടർച്ച*

അറിയിച്ചു. താൻ ഒരു തെറ്റും ചെയ്തിട്ടില്ലെന്നും പിതാവാണ് എല്ലാ കർമ്മങ്ങൾക്കും കാരണമെന്നും പറഞ്ഞ ലീലാവതി സുദർശന രാജകുമാരനെ രാജ്യം നന്നായി ഭരിക്കുവാൻ ആശീർവദിച്ചു.

അയോദ്ധ്യാപതിയായി ഭവിച്ച സുദർശന കുമാരൻ ആദ്യംതന്നെ ദേവിക്കുവേണ്ടി ഒരു സ്വർണ്ണ സിംഹാസനം നിർമ്മിച്ചു. അവിടെ ജഗദംബികയെ പ്രതിഷ്ഠിച്ചു. നിത്യവും ദേവിയെ പൂജിച്ചതിനു ശേഷം ആണ് രാജ്യകാര്യങ്ങൾ നിർവ്വഹിച്ചത്.

മനോമാലിന്യങ്ങൾ കൂടാതെ അചഞ്ചലമായ ഭക്തിയോടുകൂടി പരാശക്തിയെ ആരാധിച്ചാൽ ദേവിയുടെ അനുഗ്രഹവും വാത്സല്യവും ഭക്തർക്ക് ലഭിക്കുമെന്നുള്ളത് സുദർശനന്റെ അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കണം. അതിനുള്ള ബുദ്ധിയും എല്ലാവർക്കും നൽകണമേ എന്ന് പരാശക്തിയോട് പ്രാർത്ഥിക്കുന്നു. ●

# വേമ്പനാട്ട് കായൽ



**പ്രഫുല്ല വർമ്മ**
ചങ്ങനാശ്ശേരി, മൊ. 8921788327

ഒരിടത്തൊരിടത്ത് ഒരു വേമ്പനാട്ട് കായൽ ഉണ്ടായിരുന്നു. അടുത്ത തലമുറയിലെ കുട്ടികൾ അങ്ങനെയാവും പുസ്തകങ്ങളിൽ പഠിക്കുക. ആ 'കഥ' സാദ്ധ്യമാക്കാൻ 'മെൽയാലി' ഓവർ ടൈം പണിയെടുക്കുന്നു. വേഷം കെട്ടല്ലെ എന്ന് വേമ്പനാട്ടുകായൽ. എന്നെ നികത്തി നികത്തി പണ്ടാരമടക്കി. അമൃത് പോലെയുള്ള വെള്ളത്തിൽ ചപ്പും, ചവറും കലക്കി. മുണ്ടാണ്ടേം, പറയാണ്ടേം ഇരുന്ന എന്നെപ്പറ്റി ശാസ്ത്രജ്ഞർ പറയുന്നത് കേൾക്ക്. Dysfunctional (പ്രവർത്തന വൈകല്യമുള്ളത്), debilitated (ദുർബലപ്പെടുത്തിയത്)... അതാണ് ഇന്ന് വേമ്പനാട്ട് കായൽ... പോയി തൂങ്ങിച്ചാവ് ഭരണാധികാരികളെ. വിശേഷങ്ങൾ കോരിത്തരിപ്പിക്കുന്നുണ്ടോ? ഏതാണ്ട് 80 ലക്ഷം പേരുടെ കഞ്ഞികുടി മുട്ടിക്കുന്ന ഏർപ്പാടാണ് നിങ്ങൾ ഒപ്പിക്കുന്നത്. ബ്രഹ്മപുരത്തെ മാലിന്യ കൂമ്പാരത്തിനൊപ്പം എറണാകുളത്തുകാർ ലോറി ഓടിക്കുന്ന വേമ്പനാട്ടു കായലിനെപ്പറ്റിയും കഥ പറയും; അടുത്ത രണ്ട് പതിറ്റാണ്ടിനുള്ളിൽ. കൂട്ടത്തിൽ കോട്ടയംകാരുടെ കണ്ണീരും, ആലപ്പുഴ, പത്തനംതിട്ടക്കാരുടെ നിലവിളിയും സംഭവിക്കും. നരവംശജന്യമായ (anthropogenic)തും, പ്രകൃതിജന്യമായതുമായ പ്രശ്നങ്ങളും ചേർന്ന് തണ്ണീർത്തട (wet land) മെന്ന വാക്ക് തന്നെ നമ്മൾ ഒരു മരീചികയാക്കും. മരമുണ്ണാക്കൻ ഭരണകർത്താക്കളെ, നിങ്ങൾ വേമ്പനാട്ട് കായൽ ഒരു കഥയാക്കി മാറ്റും, ഉറപ്പ്. (കൂട്ടത്തിൽ കായൽ നികത്തിയെടുത്ത കായൽമുരിക്കൻ സാറിനെ നന്ദിയോടെ സ്മരിക്കുന്നു) 55,000 ഹെക്ടർ ഭൂമിയും ഉണ്ട്. 260 കോടി ക്യൂബിക്ക് മീറ്റർ ജലം വെറും 38 cu. mtr. ആക്കി മാറ്റിക്കഴിഞ്ഞിരിക്കുന്നു നമ്മൾ. വേമ്പനാട്ടുകായലിനെ 'ഒതുക്കി' എന്നു ചുരുക്കം. വടക്ക് പെരിയാറിലെ ജലം ഇവിടെ എത്തുന്നു. പമ്പയാറിലെ വെള്ളം വലിച്ചെടുക്കുന്നു. ഒപ്പം മീനച്ചിലാറിലെയും, മണിമലയാറിലെ വെള്ളവും. മദ്ധ്യകേരളത്തിന്റെ ജീവനാണ് ശ്വാസംകിട്ടാതെ മരിക്കുന്നത്. തണ്ണീർമുക്കം ബണ്ടും, തോട്ടപ്പള്ളി സ്പിൽവേയും കൂടി ആയാൽ മൊത്തം തരികിട തിത്തെയ്. 8.5 മീറ്റർ ആഴമുണ്ടായിരുന്ന വേമ്പനാട്ടു കായൽ ഇന്ന് മൂന്നു മീറ്ററിൽ താഴെ. 150 തരം മത്സ്യങ്ങൾ ഉണ്ടായിരുന്നത് ഇന്ന് 90 ൽ താഴെ. പക്ഷെ 30 തരം കീടനാശിനികൾ ചേർക്കുന്നുണ്ട്. വെള്ളം ശുചീകരിക്കാൻ. മലിനീകരണം എന്ന pollution ഭീതിദമായിട്ടില്ല എന്ന് ലോകാരോഗ്യ സംഘടന. ഒന്നു കട്ടയ്ക്ക് പിടിച്ചാൽ ആ റെക്കോഡും നമുക്ക് സ്വന്തമാക്കാം. സൂക്ഷ്മജീവികളുടെ അളവ് ഗണ്യമായി കുറഞ്ഞു. നത്തയ്ക്ക എന്ന CLAMS പഴങ്കഥ. ഈ ചവിട്ടുനാടകം തുടർന്നാൽ അഴിമുഖത്തിന്റെ ഘടന തന്നെ മാറും. 40 കോടി ക്യൂബിക് മീറ്റർ ചപ്പും, ചവറും മാറ്റണം. വേമ്പനാട് കായൽ പച്ചപിടിക്കാൻ. നടക്കോ? പ്രകൃതി അടിയറവ് പറഞ്ഞ കേരളത്തിൽ ന്യായീകരണ തൊഴിലാളികളുടെ ചവിട്ടുനാടകം മാത്രം നടക്കും; അസംബ്ലിയിലും, പത്രങ്ങളിലും, ചാനലുകളിലും. വിദേശത്തുള്ള നമ്മുടെ സ്വന്തക്കാർക്ക് വേമ്പനാട്ട് കായലിന്റെ ഫോട്ടൊയും വീഡിയോകളും അയയ്ക്കുന്നത് നന്നായിരിക്കും. ആണ്ട് ബലിയിടാൻ. അപ്പൊ, ഒരു നല്ല ദിവസം നേരുന്നു. ●



മൂന്ന് നുറുങ്ങു കഥകൾ

# മുത്തശ്ശിയും പേരക്കുട്ടിയും

**പി.വി.ആർ. തിരുമുൽപ്പാട്**
പ്രശാന്തി തൃപ്പാദം, തൃപ്പൂണിത്തുറ, മൊ. 9995593852



**(1)**

പേരക്കുട്ടി: എന്താ മുത്തശ്ശി ഇങ്ങിനെ ചുണ്ടനക്കിക്കൊണ്ട് ചറുപിറാന്ന് പാടണ പോലെ...

മുത്തശ്ശി: പാട്ടല്ല കുഞ്ഞേ ഒരു കീർത്തനം ചൊല്ലുന്നതാ. വെറുതെയിരുന്നാൽ മനസ്സ് അങ്ങോട്ടും ഇങ്ങോട്ടും പോകും. കീർത്തനം ചൊല്ലിയാൽ അത് ഭഗവാന്റെ നേരെയാകട്ടെയെന്നുകരുതിയാ.

പേരക്കുട്ടി: മുത്തശ്ശി ഇന്നൊരു സംഭവം ഉണ്ടായി.

മുത്തശ്ശി: എന്താ ഉണ്ടായത് പറയ് കേൾക്കട്ടെ. വല്ല കുരുത്തക്കേട് ഒപ്പിച്ചതാണെങ്കിൽ വേണ്ട.

പേരക്കുട്ടി: അല്ല മുത്തശ്ശി. രാവിലെ കുറച്ചു ദൂരെയുള്ള വീട്ടിലെ രാജമ്മച്ചേച്ചിയുടെ പേരക്കുട്ടി അമ്പിളി അടുക്കളഭാഗത്ത് വന്നു. കെട്ടുപാവാട. പിഞ്ഞിത്തുടങ്ങിയ ജംബർ. കൈയിൽ ഒരു ഇലയിൽ പൊതിഞ്ഞ കെട്ട്. തല ചീകിക്കെട്ടിയിട്ടും കുളിച്ചിട്ടും കൂടിയില്ല. പാവം തോന്നും. പക്ഷെ ഞാൻ മിണ്ടാനൊന്നും പോയില്ല. പൊതി അമ്മയുടെ നേരെ നീട്ടി പറഞ്ഞു കുറച്ച് കാന്താരി മുളക്, വീട്ടിലുണ്ടായതാ. അമ്മയും മുത്തശ്ശിയും അത് പറിച്ച് ഇവിടെത്തരാൻ പറഞ്ഞു.

സന്തോഷത്തോടെ അമ്മ പൊതി വാങ്ങി. ഉള്ളിയും കാന്താരിയും ചതച്ച് വെളിച്ചെണ്ണയൊഴിച്ചതും കപ്പ ചെണ്ടമുറിയനായി പുഴുങ്ങിയതും കഴിക്കാൻ എന്തൊരു സ്വാദ്. നിങ്ങൾ അങ്ങിനെ കഴിക്കാറില്ലേയെന്ന് അമ്മ ചോദിച്ചു. അതിന് കപ്പ ഉണ്ടായിട്ടു വേണ്ടേ? എന്ന് ചോദിച്ച് തലതാഴ്ത്തി അമ്പിളി തിരിച്ചുപോയി. അമ്മ അടുക്കളയിലേക്കും പോയി.



ഇതെല്ലാം കേട്ട മുത്തശ്ശിയുടെ കണ്ണിൽ വെള്ളം പൊടിഞ്ഞു. ഒന്നും പറഞ്ഞില്ല. ഞാനും ഒന്നും പറയാതെ തിരിച്ചുപോയി. എന്റെ കണ്ണിലും വെള്ളം പൊടിഞ്ഞു.

**(2)**

പേരക്കുട്ടി: മുത്തശ്ശി, പരീക്ഷയെല്ലാം കഴിഞ്ഞു. അടുത്ത ദിവസം അമ്മയുടെ വീട്ടിലും മറ്റു പല വീടുകളിലും യാത്രയാണ്. കുറച്ച് കഥ പറഞ്ഞു തരണം. അവരെല്ലാം ചോദിച്ചാൽ എനിക്കും മുത്തശ്ശി പറഞ്ഞു തന്നതാണെന്ന് പറയാനാ.

മുത്തശ്ശി: മോളെ. എത്ര കഥയാണ് പറയുക. എനിക്ക് കഥയുണ്ടാക്കി പറയാൻ അറിയാമോ?

പേരക്കുട്ടി: പൊന്നു മുത്തശ്ശി പ്ലീസ് പ്ലീസ്.

മുത്തശ്ശി: പണ്ട് എന്നെപ്പോലെ പ്രായമായ സ്ത്രീ ഒരു മുറിയിൽ ഇരുന്ന് എന്തോ തയ്ച്ചു കൊണ്ടിരുന്നു, നേരം വൈകിയതിനാൽ മുറിയിൽ ഇരുട്ടായി. വേറെ വെളിച്ചത്തിന് വിളക്കുമില്ല. ആ സമയം സൂചി നിലത്തു വീണു പോയി. ആവുന്നതും ശ്രമിച്ചിട്ടും ഇരുട്ടുമൂലം സൂചി കാണാൻ കഴിഞ്ഞില്ല. അപ്പോൾ പുറത്തുള്ള റോഡിലെ സ്ട്രീറ്റ് ലൈറ്റിന് കീഴിൽ നല്ല വെളിച്ചം, എന്നാൽ അവിടെ നോക്കാമെന്നു കരുതി അവിടുത്തെ റോഡിൽ ശ്രദ്ധിച്ച് നോക്കിത്തുടങ്ങി. ഇത് അതുവഴിവന്ന മറ്റൊരാൾ കണ്ടു. എന്തോ വിലപിടിപ്പുള്ള വസ്തുവായിരിക്കും കളഞ്ഞുപോയതെന്ന് കരുതി അയാളും നോട്ടം തുടങ്ങി. വേറൊരാൾ കൂടി വന്നു. അയാളും നോട്ടം തുടങ്ങി. അങ്ങിനെ ഒരാൾക്കൂട്ടമായി. അവസാനം ഒരാൾ തിരക്കി എന്താണ് തപ്പുന്നതെന്ന്. അപ്പോൾ ആ

സ്ത്രീ പറഞ്ഞു ഞാൻ തയ്ച്ചുകൊണ്ടിരുന്ന സൂചി താഴെപ്പോയെന്ന്, എവിടെയിരുന്നാണ് തയ്ച്ചതെന്ന് ചോദിച്ചപ്പോൾ മുറിയിലിരുന്നാണ് തയ്ച്ചതെന്ന് പറഞ്ഞു. അപ്പോൾ അവിടെയല്ലേ തപ്പേണ്ടതെന്നു ചോദിച്ചപ്പോൾ അവിടെ വെളിച്ചമില്ല. അതിനാൽ വെളിച്ചമുള്ളിടത്ത് അല്ലേ കാണാൻ പറ്റുകയൊള്ളു, അതിനാലാണ് വെളിച്ചമുള്ള ഇവിടെ തപ്പുന്നതെന്ന് പറഞ്ഞു. ഇതു കേട്ട ജനം ഇളിഭ്യരായി തിരിച്ചുപോയി. ഇപ്പോൾ മോളും ഈ കഥ കേട്ട് ഇളിഭ്യയായില്ലേ, അതാണ് മുത്തശ്ശിയുടെ വിദ്യ... ഇനി നല്ല കഥകൾ ഓർത്താൽ ഞാൻ പറഞ്ഞുതരാം.

പേരക്കുട്ടി: ഇതും നല്ല കഥ തന്നെയാ മുത്തശ്ശി. താങ്ക് യൂ മുത്തശ്ശി.

**(3)**

പേരക്കുട്ടി: മുത്തശ്ശി. ഇന്ന് നമുക്ക് ദുഃഖ വെള്ളിയാഴ്ച ശരിക്കും ഫലിച്ചു. അച്ഛനും അമ്മയും തമ്മിൽ ഒരു തർക്കം. അച്ഛന് ആരോ ഒരു പായ്ക്കറ്റ് ചാമ അരി കൊടുത്തു. ചാമയരി കൊണ്ട് ഉപ്പുമാവ് ഉണ്ടാക്കാൻ പോകുന്നു, അതിനിടയിൽ അതിൽ മഞ്ഞൾപ്പൊടി ചേർക്കണമെന്ന് അച്ഛൻ, വേണ്ടെന്ന് അമ്മ. കൂടാതെ രണ്ടുപേർക്കും ഉണ്ടാക്കാനും അറിയാൻ പാടില്ല. മുത്തശ്ശിയെ വിളിക്കാൻ പോകുന്നു. നല്ല രസമാണ് നടക്കാൻ പോണത്.

മുത്തശ്ശി: എന്താ കുട്ടി. ഇതുവരെ ചായ ആയില്ലേ? മുത്തച്ഛൻ ചായ കഴിക്കാൻ ഒരുങ്ങിക്കഴിഞ്ഞു. എന്തുപറ്റിയിവർക്ക്.

പേരക്കുട്ടി: ദേ മുത്തശ്ശി. ഒന്ന് അടുക്കള വരെ വരാൻ അച്ഛനും അമ്മയും വിളിക്കുന്നു. മഞ്ഞൾപ്പൊടി വേണമോ വേണ്ടയോ എന്നു ചോദിക്കാനാ കിലുങ്ങിച്ചിരിച്ചുകൊണ്ട് മുത്തശ്ശി വിളിച്ചു പറഞ്ഞു. മഞ്ഞൾപ്പൊടി ഇട്ടാലും ഇട്ടില്ലേലും നല്ലതാ. നല്ലോണം വേവണം. ഉപ്പ് പാകത്തിനാകണം. അച്ഛനും അമ്മയ്ക്കും സന്തോഷമായി. വേവുന്ന കാര്യം അമ്മ നോക്കും ഉപ്പിന്റെ കാര്യം അച്ഛൻ നോക്കും. അവസാനം ഉപ്പുമാവ് റെഡിയായി. ഉപ്പ് കൂടിയും പോയി. ചാമയരി വേവാതേയും പോയി. അവസാനം പഞ്ചസാര ചേർത്ത് മിക്സിയിൽ ഇട്ട് അരച്ച് കൊഴുക്കട്ടയാക്കി.


എല്ലാവരും പറഞ്ഞു. വളരെ നന്നായി ചാമയരി കൊഴുക്കട്ട. അവസാനം മുത്തച്ഛൻ പറഞ്ഞു, ഈ പ്രിപ്പറേഷന് പേറ്റന്റ് എടുക്കാൻ.

ഇന്നത്തെ കഥ കഴിഞ്ഞു ഇനി നാളെ രണ്ട് കഥ.

## പുസ്തക പ്രകാശനം



ഈ കഴിഞ്ഞ മെയ് 13 ന് തൃശ്ശൂർ എഴുത്തച്ഛൻ സമാജം ഹാളിൽവെച്ച് മാങ്കാവു കോവിലകത്തെ കുമാരി തമ്പുരാട്ടിയുടെ പ്രഥമ കവിതാസമാഹാരം 'ശൈത്യകാല വെയിൽ' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം മലയാളത്തിലെ പ്രശസ്ത കവി മധുസൂദനൻ നായർ നിർവ്വഹിച്ചു. പുസ്തകം ഏറ്റുവാങ്ങിയത് തമ്പുരാട്ടിയുടെ ജാമാതാവ് ബിജേഷ് വർമ്മ.



# ധന്വന്തരീ പരിക്രമണം

**ആർ. രമേശ്ചന്ദ്ര വർമ്മ**
കോട്ടയ്ക്കൽ, മൊ. 9249337928

പരിക്രമണമെന്നുവച്ചാൽ സഞ്ചാരമെന്നർത്ഥം. ഗമനമെന്ന് പറയും. അങ്ങനെയൊരു പരിക്രമണമാണ് ഈ ലേഖനത്തിനാധാരം.

ധന്വന്തരിയെപ്പറ്റി അറിയാൻ എല്ലാവരും ജിജ്ഞാസുക്കളാണ്. പാലാഴിമഥന സമയത്ത് ഉയർന്നുവന്ന ദേവവൈദ്യനാണ് ധന്വന്തരി. ദേവന്മാരുടെയും മനുഷ്യരുടെയും വൈദ്യനാണ് വിഷ്ണ്വംശ സംഭവനായ ധന്വന്തരി. വിഷ്ണുവിന്റെ പന്ത്രണ്ടാമത്തെ അവതാരമായാണ് ധന്വന്തരിയെ കണക്കാക്കുന്നത്. ഭുവനത്തിൽ രോഗങ്ങൾ ഇല്ലാതാക്കാനും രോഗം വരാതിരിക്കാനുമുള്ള ഉപദേശത്തിനായിട്ടാണ് ധന്വന്തരിയുടെ അവതാരം.

ആയുർവ്വേദ ശാസ്ത്ര ഗ്രന്ഥങ്ങളിലാണ് ധന്വന്തരിയുടെ വിശദമായ വിവരണമുള്ളത്. ആയുർവ്വേദ ശാസ്ത്രത്തിൽ പാരമ്പര്യ നിഗമനത്തിന്റെ വാക്കായി ധന്വന്തരി പറയപ്പെടുന്നു. സുശ്രുതാചാര്യൻ ധന്വന്തരീ കുലത്തിൽ ജനിച്ച വൈദ്യനായാണ് അറിയപ്പെടുന്നത്. വാരാണസി ഭരിച്ചിരുന്ന കാശി രാജാവിന് വിഷ്ണുവിന്റെ അവതാരമായി ദിവോദാസൻ എന്ന പേരിൽ ജനിച്ച പുത്രനത്രെ ധന്വന്തരി! ആ പരമ്പരയിൽപ്പെട്ട വൈദ്യന്മാർ ധന്വന്തരീയന്മാർ എന്ന പേരിൽ അറിയപ്പെട്ടു. നാലു തൃക്കൈകളോടുകൂടിയ ധന്വന്തരിയെയാണ് വൈദ്യന്മാർ ഉപാസിക്കാൻ തുടങ്ങിയത്.

*ശംഖംചക്രം ജളൂകാം ദധതമമൃതകുംഭംത*
*ധോർഭിശ്ചതുർഭിഃ*
*സൂക്ഷ്മസ്വച്ഛാദിഹൃദ്യാംശുക പരിവിലസത്*
*മൗലിമംഭോജനേത്രം*
*കാളാംഭോദുജ്ജ്വലാംഗം കടിതടവിലസത് ചാരു*
*പീതാംബരാഢ്യം*
*വന്ദേ ധന്വന്തരിം തം നിഖില ഗദവന പ്രൗഢദാ*
*വാഗ്നിലീലം.*

ഈ വന്ദന ശ്ലോകത്തിലൂടെ ധന്വന്തരിയുടെ നാല് തൃക്കൈകളിലുള്ള ശംഖ്, ചക്രം, ജളൂകം (അട്ട), അമൃതകുംഭം എന്നിവയെ ആയുർവ്വേദത്തിലെ നാല് സങ്കല്പ ഗുണങ്ങളായി നോക്കിക്കാണുന്നു.

1) **ശംഖ്**: ശംഖുനാദമാണ് പ്രപഞ്ചത്തിന്റെ നാദം. ആ നാദം നമ്മുടെ കർണ്ണപുടങ്ങളിൽ സന്തോഷത്തിന്റെ, ആരോഗ്യത്തിന്റെ കമ്പനങ്ങളുണ്ടാക്കുന്നു.

2) **ചക്രം**: കാലചക്രം എപ്പോഴും ഊർജ്ജസ്വലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആയുർവ്വേദ ശാസ്ത്രം കാലാനുവർത്തിയാണ്.

3) **ജളൂകം** (അട്ട): ആയുർവ്വേദത്തിലെ ശസ്ത്രക്രിയയെ സൂചിപ്പിക്കുന്നു. ശരീരത്തിലെ ദുഷ്ടരക്തത്തെ വലിച്ചെടുത്ത് രോഗശമനം പൂർണ്ണമാക്കി ആരോഗ്യത്തെ പ്രദാനം ചെയ്യുന്നതാണ് ജളൂകാവചരണം അഥവാ അട്ടചികിത്സ.

4) **അമൃതകുംഭം**: ആയുർവ്വേദം അമൃതദാനം എന്ന് ചരകൻ പറയുന്നു.

ധന്വന്തരിക്ക് സൂക്ഷ്മവും സ്വച്ഛവും അതിഹൃദ്യവുമായ തലപ്പാവാണുള്ളത്. അപാരമായ ബുദ്ധിവൈഭവത്തിന്റെ സങ്കല്പമാണ് ഇവിടെ സൂചിപ്പിക്കുന്നത്. അംഭോജനേത്രം താമരപ്പൂവിതളുപോലുള്ള കണ്ണുകൾ ദർശനസൗഖ്യം നൽകുന്നു. ധന്വന്തരി ഭഗവാന്റെ ദർശനത്തിലൂടെ ആയുരാരോഗ്യ സൗഖ്യം നേടാം. കാളമേഘം പോലെ ഉജ്ജ്വലമായ ശരീരകാന്തി എല്ലാവരെയും ആകർഷിക്കുന്നു. അരയിലെ മഞ്ഞപ്പട്ട് കുലീനമായ വേഷവിധാനത്തെ പ്രകീർത്തിക്കുന്നു.

ഇപ്രകാരമുള്ള ധന്വന്തരി ഭഗവാൻ മനുഷ്യന്റെ ശാരീരിക മാനസിക രോഗങ്ങളെ നശിപ്പിക്കുന്നു. ആ ധന്വന്തരിയെ സാഷ്ടാംഗം നമസ്കരിക്കുന്നു.

### ധന്വന്തരി ക്ഷേത്രങ്ങൾ

**നെല്ലുവായ് ശ്രീ ധന്വന്തരീ ക്ഷേത്രം**: സൗന്ദര്യവും നിഷ്കളങ്കതയും നിറഞ്ഞുനിൽക്കുന്ന ഒരു ഗ്രാമമാണ് തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ നെല്ലുവായ് എന്ന ഗ്രാമം. ഇവിടെയാണ് പ്രസിദ്ധമായ നെല്ലുവായ് ധന്വന്തരി ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

ഗുരുവായൂർ ക്ഷേത്രവും നെല്ലുവായ് ക്ഷേത്രവും തമ്മിൽ വളരെയധികം ബന്ധമുള്ളതായി പൗരാണികർ വിശ്വസിക്കുന്നു. ഗുരുവായൂരിൽ നന്ദഗോപർ പൂജിച്ചിരുന്ന വിഗ്രഹമാണെന്നും നെല്ലുവായിൽ വസുദേവർ പൂജിച്ചിരുന്ന വിഗ്രഹമാണെന്നും വിശ്വസിക്കപ്പെടുന്നു.

ഗുരുവായൂരപ്പനെ ഭജിക്കുന്നവർക്ക് വാതാദി രോഗങ്ങൾ ശമിക്കുന്നു. നെല്ലുവായിൽ ഭജിക്കുന്നവർക്ക് ഉദരരോഗങ്ങൾ ശമിക്കുന്നു. ഗുരുവായൂരിലെ ആട്ടിയ എണ്ണ വിധിപ്രകാരം വാതരോഗങ്ങൾക്ക് സിദ്ധൗഷധമായി കരുതിപ്പോരുന്നു. അതുപോലെ നെല്ലുവായ ക്ഷേത്രത്തിലെ മുക്കുടി ഉദരരോഗ ശമനത്തിനും സിദ്ധൗഷധം തന്നെ. ഏകാദശിയാണ് രണ്ടു ക്ഷേത്രങ്ങളിലേയും വിശേഷ ദിവസങ്ങൾ!

**മരുത്തോർവട്ടം ധന്വന്തരി ക്ഷേത്രം**: ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കടുത്താണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഇവിടെ പ്രധാന വഴിപാടുകളിലൊന്ന് പന്തിരുനാഴി എന്നറിയപ്പെടുന്നു. നിവേദ്യമായി ലഭിക്കുന്ന ഉണക്കലരി ചോറും താളുകറിയും ഉദരരോഗശമനത്തിന് വിശേഷമായി പറയപ്പെടുന്നു.

അഷ്ടവൈദ്യന്മാരിൽ പ്രധാനിയായിരുന്ന വെള്ളുടു നമ്പൂതിരിയുടെ കഥയുമായി ബന്ധപ്പെട്ടതാണ് മരുത്തോർവട്ടത്തെ ഐതിഹ്യം.

**തോട്ടുവ ശ്രീ ധന്വന്തരി ക്ഷേത്രം**: പ്രസിദ്ധമായ കോടനാട് ആന വളർത്തൽ കേന്ദ്രത്തിനടുത്താണ് തോട്ടുവ എന്ന കൊച്ചു ഗ്രാമം. ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്തുകൂടി കിഴക്കോട്ട് ഒഴുകുന്ന വലിയ തോടാവണം ഈ ഗ്രാമത്തിന് തോട്ടുവ എന്ന പേര് സമ്മാനിച്ചത്. സർവ്വ ഐശ്വര്യപ്രദാനമാണ് തോട്ടുവ ധന്വന്തരി ക്ഷേത്രദർശനം.

**പ്രായിക്കര ശ്രീ ധന്വന്തരി ക്ഷേത്രം**: മാവേലിക്കരയ്ക്കടുത്ത് പ്രായിക്കര എന്ന ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിന് 500-ൽപരം ഓണം വർഷം പഴക്കമുണ്ടെന്ന് പഴമക്കാർ പറയുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ കീരംകുളങ്ങരയിലും പെരിങ്ങാവിലും നെല്ലിക്കുന്നിലും ഇരിങ്ങാലക്കുടയ്ക്കടുത്ത് ആനായ്ക്കലും ധന്വന്തരി സങ്കൽപ്പത്തിലുള്ള ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നു.

ആയുർവ്വേദ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങളിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയോട് ചേർന്നുള്ള വിശ്വംഭര ക്ഷേത്രം, വൈദ്യമഠത്തിനോടു ചേർന്നുള്ള ദക്ഷിണാമൂർത്തി ക്ഷേത്രം, കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയോടു ചേർന്നുള്ള ധന്വന്തരി ക്ഷേത്രം തൈക്കാട്ടു മൂസ്സിന്റെയവിടെയുള്ള ക്ഷേത്രം എന്നിങ്ങനെ നീണ്ടുപോകുന്നു ധന്വന്തരി ക്ഷേത്രങ്ങളുടെ പട്ടിക. ●

---

*പേജ് 49 തുടർച്ച*

അദ്ദേഹം തലശ്ശേരി കൊട്ടാരത്തിലാണ് ഇപ്പോൾ താമസം.

കുമ്പളയിലുള്ള അനന്തപുരിക്ഷേത്രം, മധുർ ക്ഷേത്രം എല്ലാം ഈ രാജകുടുംബത്തിന്റെ മറ്റു ക്ഷേത്രങ്ങളാണ്.

ഞങ്ങൾ ചെന്നപ്പോൾ അവിടെയുണ്ടായിരുന്നത് ശ്രീ ശ്രീ രഘു രാമവർമ്മ രാജയാണ്. അദ്ദേഹം കൊട്ടാരത്തിനടുത്ത് വേറേയൊരു പുതിയ വീട്ടിലാണ് താമസം. അദ്ദേഹമാണ് കൊട്ടാരവും, അമ്പലവും തേവാരപ്പുരയുമെല്ലാം കാണിച്ചുതന്നത്. അവിടുത്തെ ദൈനംദിന കാര്യങ്ങളെല്ലാം നോക്കിനടത്തുന്നതും അദ്ദേഹവും ഭാര്യയുമാണ്. നൂറിലധികം അംഗങ്ങളുള്ള ഈ കൊട്ടാരത്തിലെ എല്ലാവരും തന്നെ നവരാത്രിക്കാലത്ത് എത്തിച്ചേരാറുണ്ട് എന്നു പറയുകയുണ്ടായി. കഴിയുമെങ്കിൽ വരുന്ന നവരാത്രിക്കാലത്ത് വീണ്ടുമവിടെയെത്തി വലിയ തമ്പുരാനേയും മറ്റു കുടുംബാംഗങ്ങളെയും നേരിൽക്കണ്ട് ക്ഷത്രിയ ക്ഷേമസഭയുടെ ഒരു യൂണിറ്റ് തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കണമെന്നുണ്ട്. ഭഗവാൻ സാധിച്ചു തരട്ടെ.

നേരത്തേ എനിക്ക് കേട്ടറിവില്ലാത്ത മായിപ്പാടി കൊട്ടാരത്തിൽ പോകുവാനായത് തികച്ചും ഒരു ഭാഗ്യമായിക്കാണുന്നു. ●

ഓർമ്മക്കുറിപ്പ്

## പരമ്പര: കേരള ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കവും വളർച്ചയും

### മുൻകാല സാരഥികൾ – 6

# ആർ. സുരേന്ദ്രൻ

### മണ്ണൂർമഠം കൊട്ടാരം, മാവേലിക്കര.

സാമുദായികമായി സംഘടിക്കാനും സമുദായക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാനും കേരളത്തിലെ ക്ഷത്രിയർക്ക് പൊതുവേ ഒരു ഉദാസീനതയാണ് പണ്ടുമുതലേ കണ്ടുവന്നിരുന്നത്. എന്നിരുന്നാലും സംഘടിത ശക്തിയുടെ ഫലപ്രാപ്തി ഉൾക്കൊണ്ട ചിലർ സമുദായ ക്ഷേമത്തിന് കൂട്ടായ പ്രവർത്തനം ഭാവിയിൽ അനിവാര്യമാണ് എന്നു മനസ്സിലാക്കി ക്ഷത്രിയ സമുദായാംഗങ്ങളെ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാൻ പലപ്പോഴും ശ്രമിച്ചിരുന്നു. 19–ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ ഇതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരള ക്ഷത്രിയരെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഉറച്ച സംഘടന എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ കഴിഞ്ഞില്ല. സംഘടനകൾ തുടങ്ങി കുറച്ചുനാൾ പ്രവർത്തനം കാഴ്ചവച്ചതിനു ശേഷം പ്രവർത്തനങ്ങൾ നിലയ്ക്കുന്ന നിലയിലേക്ക് എത്തുന്നതായിട്ടാണ് കണ്ടുവന്നത്. പ്രാദേശികമായി പ്രവർത്തിച്ചുവന്ന കൊച്ചി ക്ഷത്രിയസമാജം, കരപ്പുറം ക്ഷത്രിയസഭ, പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തിവന്ന സാമന്തസഭ എന്നിങ്ങനെ ചുരുക്കം ചില സംഘടനകളേ ഈ ശിഥിലീകരണ പ്രവണതയെ അതിജീവിച്ചുള്ളൂ. ഇന്നു നിലവിലുള്ള നമ്മുടെ ക്ഷത്രിയ ക്ഷേമസഭയ്ക്കും ഇതുപോലുള്ള ഒരു ദുര്യോഗത്തിന്റെ വക്കിൽ തൊണ്ണൂറുകളുടെ അവസാനം എത്തുകയുണ്ടായി. ക്ഷത്രിയ ക്ഷേമസഭയുടെ നെടുംതൂണായിരുന്ന എം.സി. കേരളവർമ്മയുടെ വിയോഗത്തിനു ശേഷം 1987–ൽ സാരഥ്യം ഏറ്റെടുത്ത പി.എ. വർമ്മ, സഭയുടെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായിത്തന്നെ മുൻപോട്ടു കൊണ്ടുപോയി. ക്ഷത്രിയസഭയ്ക്കു നിർണ്ണായകമായ പല നേട്ടങ്ങളും അദ്ദേഹം നേടിയെടുത്തു. സഭയ്ക്ക് ഒരു ഓഫീസ് മന്ദിരം, നാലു ക്ഷത്രിയ വിദ്യാർത്ഥികൾക്ക് വർഷം തോറും സ്കോളർഷിപ്പ്, കേരളത്തിനകത്തും പുറത്തും സഭയ്ക്കു പുതിയ യൂണിറ്റുകൾ, യൂണിറ്റുകളും സഭയുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക, ക്ഷത്രിയർക്കു ലഭിച്ചുവന്ന അടുത്തൂൺ വർദ്ധിപ്പിക്കുക എന്നിവ അദ്ദേഹത്തിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളായിരുന്നു. പക്ഷെ തൊണ്ണൂറുകളുടെ അവസാനത്തോടെ അംഗങ്ങളും യൂണിറ്റുകളും നൽകിവന്ന പ്രോത്സാഹനവും സഹകരണവും ഗണ്യമായി കുറഞ്ഞു. ഒരു ഘട്ടത്തിൽ സഭ പിരിച്ചുവിട്ടാലോ എന്നു വരെ ചിന്തിക്കുകയുണ്ടായി. പിരിച്ചുവിടാനുള്ള തീരുമാനം എടുക്കുന്നതിന് ഒരു യോഗം വരെ കൂടുകയും ഉണ്ടായി. ചില സുമനസ്സുകളുടെ സമയോചിതമായ ഇടപെടൽ കൊണ്ട് ആ ദുര്യോഗം സംഭവിച്ചില്ല. പി.എ. വർമ്മയുടെ നിര്യാണത്തോടെ സഭയുടെ സാരഥ്യം ഏറ്റെടുക്കുവാൻ പലരെയും സമീപിച്ചെങ്കിലും അതു ഫലവത്തായില്ല. ആയിടയ്ക്കാണ് മാവേലിക്കര മണ്ണൂർ മഠം കൊട്ടാരത്തിലെ ആർ. സുരേന്ദ്രൻ തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്ന് സ്വയം വിരമിച്ച് തിരുവനന്തപുരത്തുള്ള തന്റെ സ്വന്തം വസതിയിൽ സ്ഥിരതാമസത്തിന് എത്തിയത്.



സഭയെ മുൻപോട്ട് നയിക്കുവാനുള്ള പോംവഴികൾ ചർച്ച ചെയ്യുവാൻ ഞാനും എം. രവിവർമ്മ രാജ (കുട്ടൻ ചേട്ടൻ) യും പി. രവിവർമ്മ (രവിക്കുട്ടൻ ചേട്ടൻ) യും സഭാമന്ദിരത്തിൽ ഒരു ദിവസം ഒത്തുകൂടി. ഞങ്ങൾക്കൊപ്പം സഭാപ്രവർത്തനങ്ങളിൽ എന്നും കൂടെ നിന്നിരുന്ന പി.ജി. ശശികുമാർ വർമ്മ സ്ഥലത്തില്ലാത്തതിനാൽ അന്ന് എത്താൻ കഴിഞ്ഞില്ല. സഭയുടെ പ്രസിഡന്റാകാൻ ഇനി ആരെ സമീപിക്കാം എന്നാലോചിച്ചപ്പോൾ ഞങ്ങൾക്കു മൂന്നുപേർക്കും ഒരുപോലെ സ്വീകാര്യനായ വ്യക്തി ആർ. സുരേന്ദ്രനായിരുന്നു. സഭാപ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കുവാൻ അദ്ദേഹത്തെ ലഭിച്ചാൽ സഭയുടെ ഭാവി പൂർവ്വാധികം ഭംഗിയായി മെച്ചപ്പെടുത്തുവാൻ സാധിക്കും എന്ന് ഞങ്ങൾക്കു മൂന്നുപേർക്കും ഉറച്ച വിശ്വാസമുണ്ടായിരുന്നു. എന്നുതന്നെയുമല്ല, പരോക്ഷമായി അദ്ദേഹത്തോട് സഭയ്ക്ക് ഒരു കടപ്പാടുണ്ട് എന്നും വേണമെങ്കിൽ പറയാം. ക്ഷത്രിയ ക്ഷേമസഭ തുടങ്ങുന്നതിനു വേണ്ടി 1981 മാർച്ച് 29-ാം തീയതി തിരുവനന്തപുരത്ത് ബാങ്ക് എംപ്ലോയിസ് യൂണിയൻ ഹാളിൽ വച്ചു നടത്തിയ കൺവെൻഷന്റെ ജനറൽ കൺവീനറായിരുന്ന എനിക്ക് സമ്മേളന നടത്തിപ്പിന്റെ ഒരുക്കങ്ങൾ ചിട്ടയായി പറഞ്ഞുതരികയും അന്നേദിവസം രാവിലെ സ്വന്തം കാറിൽ കൂടെ വന്ന് സമ്മേളന നടത്തിപ്പിനുവേണ്ട മുന്നൊരുക്കങ്ങളിൽ സഹായിക്കുകയും എനിക്ക് ഉചിതമായ ചില നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി എന്നുള്ളത് കൃതാർത്ഥതയോടെ സ്മരിക്കുന്നു. ആർ. സുരേന്ദ്രനെ കണ്ട് നമ്മുടെ ഈ ആഗ്രഹം അറിയിക്കുവാനും അദ്ദേഹത്തെക്കൊണ്ട് സമ്മതിപ്പിക്കുവാനും പി. രവിവർമ്മയെ ചുമതലപ്പെടുത്തി. സ്നേഹപൂർവ്വമുള്ള അഭ്യർത്ഥന മാനിച്ച് സഭയുടെ സാരഥ്യം ഏറ്റെടുക്കാമെന്നും ഉയർച്ചയിലേക്ക് നയിക്കുവാൻ ശ്രമിക്കാമെന്നും ആർ. സുരേന്ദ്രൻ സമ്മതം മൂളി. ഭരണ നിർവ്വഹണ സമിതിയുടെ പൂർണ്ണ പിന്തുണയും ചടുലമായി പ്രവർത്തിക്കുന്ന ഒരു സെക്രട്ടറിയെയും ലഭിക്കുകയാണെങ്കിൽ സഭയെ പൂർവ്വാധികം ശക്തമാക്കുവാൻ സാധിക്കും എന്ന് അദ്ദേഹം പറഞ്ഞു.

സഭാപ്രവർത്തനങ്ങൾ ഏതാണ്ട് നിലച്ച സമയത്താണ് രക്ഷകനായി ആർ. സുരേന്ദ്രനെ പ്രസിഡന്റായി ലഭിച്ചത്. അദ്ദേഹം വാഗ്ദാനം നൽകിയതുപോലെ തന്നെ സഭയെ പൂർവ്വാധികം ശക്തമാക്കി. ക്ഷത്രിയ സഭയുടെ പ്രവർത്തനങ്ങൾ കേരളത്തിനുള്ളിലും മറ്റു സംസ്ഥാനങ്ങളിലേക്കും ഇന്ത്യയ്ക്കു പുറത്തേക്കും വ്യാപിപ്പിച്ചു. യൂണിറ്റുകൾക്ക് ചുമതലകൾ വീതിച്ചു നൽകി അവരെ കൂടുതൽ കർമ്മോത്സുകരാക്കി. യൂണിറ്റുകളെ പൂർണ്ണമായും സഭയോടടുപ്പിച്ചു. പുതിയ യൂണിറ്റുകൾ തുടങ്ങുക, കേരളത്തിനു പുറത്ത് പ്രവർത്തിച്ചിരുന്ന ബാംഗ്ലൂർ, ചെന്നൈ യൂണിറ്റുകളെ സഭയുടെ പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധിപ്പിക്കുക, യു.എ.ഇ. യിലെ 'VAYU' എന്ന സംഘടന വഴി സഭാംഗങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുക, അമേരിക്കയിലെ ക്ഷത്രിയ കൂട്ടായ്മയുമായി സഹകരിച്ച് കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക എന്നിവ അദ്ദേഹത്തിന്റെ എടുത്തു പറയേണ്ടുന്ന സംഭാവനകളാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ഇത്രകണ്ട് വ്യാപരിച്ചിരുന്നില്ലെങ്കിൽ പോലും സഭാവാർത്തകളും സഭാംഗങ്ങളുടെ വിശേഷങ്ങളും അറിയിക്കുവാനായി സഭയുടെ വെബ്സൈറ്റായ 'ക്ഷാത്രജാലകം' ആരംഭിച്ചു. സഭയുടെ വെബ്സൈറ്റിന്റെ ഉദ്ഘാടനം തൃശ്ശൂർ അഞ്ചേരി വളർകാവ് അഞ്ചേരിക്കാവ് ദേവസ്വം ഹാളിൽ വച്ച് H.H. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി തമ്പുരാട്ടി നിർവ്വഹിച്ചു. എം.സി. കേരളവർമ്മയുടെ കൊച്ചുമകൾ ഡോ. ശ്രീലതാ വർമ്മയാണ് വെബ്സൈറ്റിന് 'ക്ഷാത്രജാലകം' എന്ന പേര് നിർദ്ദേശിച്ചത്. ഭരണ നിർവ്വഹണ സമിതികളിലെ ചർച്ചകൾ ഒന്നും വിട്ടുപോകാതിരിക്കുവാൻ അവ ശബ്ദലേഖനം ചെയ്ത് എല്ലാ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിശകലനം ചെയ്തായിരുന്നു പിന്നീടുള്ള പ്രവർത്തനം. മഹാറാണി സേതു പാർവ്വതി ബായി സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾക്ക് ഗ്രേഡിങ്ങും മാർക്കും നൽകി അർഹരായവരെ തിരഞ്ഞെടുക്കുന്ന പ്രക്രിയ കൂടുതൽ ശാസ്ത്രീയമാക്കി. അദ്ദേഹത്തിന്റെ സംഘടനാ പാടവവും, കൃത്യതയാർന്ന ഭരണസമിതി യോഗങ്ങളും യൂണിറ്റുകളുമായുള്ള നിരന്തരമായ ആശയവിനിമയവും വഴി സഭയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകി.

അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ നേട്ടം എന്നു വിശേഷിപ്പിക്കാവുന്നത് സഭയുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ടി 'റോയൽ

എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് (REACT) എന്ന സംഘടനയ്ക്ക് രൂപം കൊടുത്തതാണ്. 2001–ൽ അദ്ദേഹം മുൻപോട്ടു വച്ച ഈ ആശയം പല കമ്മിറ്റികളിലും ചർച്ച ചെയ്ത് നിയമാവലി എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ ഭേദഗതി ചെയ്ത് തീരുമാനം ആക്കിയെങ്കിലും 2005 ൽ അദ്ദേഹം പ്രസിഡന്റ് സ്ഥാനം ഒഴിയുമ്പോഴും REACT രജിട്രേഷൻ എന്ന കടമ്പ കടക്കുവാൻ സാധിച്ചില്ല. 2007–ൽ അദ്ദേഹം വീണ്ടും പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തതിനു ശേഷമാണ് ഈ വിഷയത്തിന് വീണ്ടും ജീവൻ വയ്ക്കുന്നതും 2008 ജൂലൈ 18 ന് REACT എന്ന പേരിൽ ട്രസ്റ്റ് ഡീഡ് രജിസ്റ്റർ ചെയ്യുന്നതും. കവടിയാർ കൊട്ടാരത്തിൽ നിന്നും ലഭിച്ച ഒരു ലക്ഷം രൂപയായിരുന്നു REACT ന്റെ മൂലധനം.

ആർ. സുരേന്ദ്രൻ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഭരണ നിർവ്വഹണ സമിതി അംഗമെന്ന നിലയിലും ശ്രദ്ധേയമായ പ്രവർത്തന രീതികളോടെ സഭാപ്രവർത്തനത്തിന് പുതിയ മാനം നൽകി. തിരുവനന്തപുരം നഗരത്തിൽ ചിതറിക്കിടക്കുന്ന സഭാംഗങ്ങളെ എല്ലാം തന്നെ സഭാപ്രവർത്തനത്തിന്റെ ഭാഗഭാഗാക്കുവാൻ നഗരത്തിന്റെ വിവിധ ഭാഗങ്ങളെ ഓരോ സെക്ടറുകളായി തിരിച്ച് ഓരോ സെക്ടറിനും ഒരു ലീഡറെ കണ്ടെത്തി സെക്ടർ മീറ്റിങ്ങുകൾ നടത്തുകയും അംഗങ്ങളെ മറ്റു സെക്ടറുകളുമായി ബന്ധിപ്പിച്ച് എല്ലാവരെയും സജീവ അംഗങ്ങളാക്കുവാനുമുള്ള പദ്ധതി വിജയകരമായി നടപ്പിലാക്കി.

ഒരു കുടുംബത്തിലെ ഒരംഗത്തെയെങ്കിലും അവരുടെ യൂണിറ്റിലെ പരിപാടികളിൽ പങ്കെടുപ്പിക്കണമെന്നും അതുപോലെ തന്നെ ഒരംഗത്തിന്റെയെങ്കിലും ന്യൂസ് സഭയുടെ വെബ്സൈറ്റിൽ ഇടണമെന്നുമുള്ളതും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലെ ഒരു മുഖ്യ അജണ്ട ആയിരുന്നു.

ക്ഷത്രിയ ക്ഷേമസഭയുടെ വെബ്സൈറ്റായ 'ക്ഷാത്രജാലക'ത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടി മലയാള ഭാഷയിലുള്ള ഒരു വെബ്സൈറ്റിന്റെ രൂപകൽപ്പന അദ്ദേഹംതന്നെ ചെയ്യുകയും ഏതു പ്രായത്തിലുള്ളവർക്കും അനായാസേന കൈകാര്യം ചെയ്യുവാനായി വേണ്ടുന്ന നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വെബ്സൈറ്റിന്റെ 'വ്യൂവർഷിപ്പ്' വർദ്ധിപ്പിക്കുകയും കുടുംബ വാർത്തകൾ കൂടുതൽ പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുകയും ചെയ്തു.

കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾ സ്വയം പഠിച്ച് അവയിൽ നല്ല വൈദഗ്ധ്യം നേടിയിട്ടുള്ള ആളാണ് ആർ. സുരേന്ദ്രൻ. ക്ഷത്രിയ ക്ഷേമസഭയിലെ പല മുതിർന്ന അംഗങ്ങൾക്കും ലളിതമായ രീതിയിൽ കമ്പ്യൂട്ടർ ക്ലാസ്സുകൾ നടത്തിയിരുന്നു.

ഒരു വലിയ കലാഹൃദയത്തിന്റെ ഉടമ കൂടിയായിരുന്നു ആർ. സുരേന്ദ്രൻ. നാടക രചനയും സംവിധാനവും അദ്ദേഹത്തിനേറെ താൽപ്പര്യമുള്ള വിഷയങ്ങളായിരുന്നു.

മാവേലിക്കര മണ്ണൂർ മഠം കൊട്ടാരത്തിലെ പൂയംനാൾ ജായിത്തമ്പുരാട്ടിയുടെയും തിരുവല്ല പാലിയക്കര കൊട്ടാരത്തിലെ ടി.പി. രാഘവ വർമ്മയുടെയും മകനായി 1946 സെപ്തംബർ 5–ാം തീയതി ജനനം. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും Statistics–ൽ ബിരുദാനന്തര ബിരുദം നേടിയതിനു ശേഷം കുറച്ചുനാൾ കോളേജ് അദ്ധ്യാപകനായി. പിന്നീട് നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് റിസർച്ചിലും ജോലി നോക്കി. 1970 മുതൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ ഓഫീസറായി സേവനം അനുഷ്ഠിച്ചു. 2000 ഡിസംബർ 31–ന് ബാങ്കിൽ നിന്നും സ്വമേധയാ വിരമിച്ചു. ഇപ്പോൾ തിരുവനന്തപുരത്ത് സ്ഥിരതാമസം. ആലപ്പുഴ കളർകോട് കിഴക്കേടത്ത് വാര്യത്തെ അംഗവും റിട്ട. കോളേജ് പ്രൊഫസറും ആയ ഡോ. ഇന്ദിരാ ദേവിയാണ് സഹധർമ്മിണി.

മക്കളായ വേണുഗോപാലും മഞ്ജുളയും യു.എസ്.എ. യിൽ താമസിക്കുന്നു.

**ആർ. രാമവർമ്മ (വിജയൻ)**
തിരുവനന്തപുരം

## തിരുത്ത്

കഴിഞ്ഞ ലക്കത്തിലെ ചരമ വാർത്തയിൽ ഇന്ദിരാദേവിയുടെ ഭർത്താവിന്റെ കുടുംബ നാമം **പൂക്കോട്ട് മഠത്തിൽ** എന്ന് തിരുത്തി വായിക്കുക. പക്കോട്ട് മഠം എന്ന് തെറ്റായി ചേർത്തതിൽ ഖേദിക്കുന്നു.

യൂണിറ്റുകൾ – 6

# നീലേശ്വരം ക്ഷത്രിയ ക്ഷേമസഭ

വടക്കേ മലബാറിൽ ഒളവറപ്പുഴ മുതൽ വടക്ക് ചന്ദ്രഗിരി പുഴ വരെയുള്ള പ്രദേശങ്ങളുടെ അധിപന്മാരായിരുന്നു നീലേശ്വരം രാജാക്കന്മാർ. നീലേശ്വരം രാജവംശത്തിന്റെ തുടക്കം ഏകദേശം 700 വർഷങ്ങൾക്ക് മുമ്പ് ആകാമെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. കക്കാട്ട് മഠത്തിൽ കോവിലകം ആയിരുന്നു നീലേശ്വരം രാജവംശത്തിന്റെ തുടക്കത്തിലുള്ള ആസ്ഥാനം. പിന്നീട് താവഴികൾ കൂടിയപ്പോൾ മറ്റ് ആസ്ഥാനങ്ങൾ വേണമെന്ന് തോന്നി. അങ്ങനെ കക്കാട്ട് മഠത്തിൽ കോവിലകം കൂടാതെ തെക്കേ കോവിലകം, വടക്കേ കോവിലകം, കിനാവൂർ കോവിലകം എന്നിങ്ങനെ നാല് കോവിലകങ്ങൾ ഉണ്ടായി. നീലേശ്വരത്ത് ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കം 1985–ൽ ആണ്. എം.സി. കൃഷ്ണവർമ്മ രാജയാണ് നീലേശ്വരത്ത് ക്ഷത്രിയ ക്ഷേമസഭയുടെ യൂണിറ്റ് വേണമെന്ന ആശയം കൊണ്ടുവന്നത്. കേന്ദ്രസഭയുടെ പ്രവർത്തനം തുടങ്ങിയ ആ കാലഘട്ടത്തിൽ കേന്ദ്രസഭയുമായി ബന്ധപ്പെട്ട് അദ്ദേഹം ഒരു യൂണിറ്റ് രൂപീകരിക്കാനുള്ള ശ്രമം നടത്തി. അദ്ദേഹത്തിന്റെ കഠിന പരിശ്രമത്തിലൂടെ 28-1-1986-ൽ നടന്ന ആദ്യ പൊതുയോഗത്തിൽ നീലേശ്വരം ക്ഷത്രിയ കുടുംബാംഗങ്ങൾ ഉൾപ്പെടെ 50 ഓളം പേർ പങ്കെടുത്തു. ആ യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് 'എം.സി. ചേട്ടൻ' എന്ന എം.സി. കേരളവർമ്മ വിശദമായി ക്ഷത്രിയ സഭയുടെ പ്രവർത്തനത്തെക്കുറിച്ച് സംസാരിച്ചു. പി.ജി. ശശികുമാര വർമ്മ അഭിസംബോധന ചെയ്തു സംസാരിച്ച പൊതുയോഗത്തിൽ വി.സി. കേരളവർമ്മ രാജ പ്രസിഡന്റായും എം.സി. കൃഷ്ണ വർമ്മ രാജ സെക്രട്ടറിയായും ചുമതലയേറ്റ ആദ്യ ഭരണ സമിതി നിലവിൽ വന്നു. പിന്നീട് സഭയുടെ പ്രവർത്തനം വളരെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചു. കേന്ദ്രസഭയുടെ പ്രവർത്തനങ്ങളിലും സഭാംഗങ്ങൾ സജീവമായി പങ്കെടുക്കാറുണ്ട്. വടക്കേ മലബാറിൽ നിന്ന് ഇദംപ്രഥമമായി സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തേക്ക് നീലേശ്വരം യൂണിറ്റിലെ കെ.സി. മാനവർമ്മ രാജയെ ഉയർത്തിക്കൊണ്ടുവരുവാൻ സാധിച്ചു. സഭയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള കാലയളവിൽ കേന്ദ്ര ക്ഷത്രിയക്ഷേമസഭയുടെ ആറു ഭരണസമിതി യോഗങ്ങൾ നീലേശ്വരത്തുവച്ച് ചേരുകയുണ്ടായി. ക്ഷേത്രവും ആചാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാണ് നീലേശ്വരം യൂണിറ്റ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്. നിലവിൽ നീലേശ്വരം യൂണിറ്റിന്റെ പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജയും സെക്രട്ടറി എ.സി. രാകേഷും ട്രഷറർ ഡോ. ടി.സി. വിജയകൃഷ്ണനും ആണ്.



***വി.സി. കേരള വർമ്മ വലിയരാജ.***
*നീലേശ്വരം ക്ഷത്രിയ ക്ഷേമസഭ പ്രഥമ പ്രസിഡന്റ്*

## അഭിനന്ദനങ്ങൾ



തജികിസ്ഥാനിലെ അവിസെന്ന തജിക് സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ (Avicenna Tajik State Medical University) നിന്ന് M.B.B.S.ൽ മികച്ച വിജയം കരസ്ഥമാക്കിയ **ഡോ. വൃന്ദ കൈമൾ.** പരേതനായ വൈക്കം മുട്ടത്തിപ്പറമ്പ് കോവിലകത്ത് കുമാര വർമ്മയുടെയും അങ്കമാലിക്കൽ കോവിലകത്ത് ഓമനക്കുഞ്ഞമ്മയുടെയും പൗത്രിയും ജയചന്ദ്ര കൈമളുടെയും ഗായത്രി ദേവിയുടെയും പുത്രിയുമാണ്. വൈക്കം ക്ഷത്രിയ ക്ഷേമസഭ ഭരണസമിതിയംഗങ്ങൾ അനുമോദിച്ചു.

# ഒരു നുറുങ്ങു കഥ



**മിനി ഭട്ടതിരി**
തിരുവല്ല, മൊ. 9446577475

**ന്റെ** ഭഗോതീ... ഞാനെന്താ വേണ്ടെ... ഉഴുന്ന ങ്ങട് ഇട്ടട്ടേ ള്ളു... ഒന്നുരണ്ടു പ്രാവശ്യം തിരഞ്ഞപ്പ് ഴയ്ക്കും ഗ്രൈൻഡറ് നിന്നു... അയ്നെന്തോ വയ്യായ പോലെ... ന്നത്തെ അരി അരയ്ക്കല് കൊഴപ്പാവും ന്നന്ന്യാ തോന്നണേ...

ന്റെ ഒച്ച കേട്ട് ഏട്ടൻ വന്നു നോക്കി. എങ്ങന്യോ അത് ശര്യാക്കി. ഇപ്പൊ ഇതിന് കൊഴപ്പൊന്നൂല്ല്യ ല്ലോന്ന് ഏട്ടൻ...

അതെന്താശ്ച ണ്ടോ ഏട്ടാ ഞാൻ ഭഗോതി യ്ക്കൊരു വഴിപാട് നേർന്നു. അതോണ്ടാ ഇത് നേര്യായേ...

നീ ഈ വഴിപാടു നടത്തണ കാശ് ണ്ടാർന്നെ ങ്കില് നമ്മക്ക് രണ്ട് ഗ്രൈൻഡർ മേടിയ്ക്കാർന്നു. പണീടെ തെരക്കോണ്ടാവും ഏട്ടൻ വേഗം പോയി...

ഏട്ടൻ പറയണപോലെ ന്നെക്കൊണ്ട് നടത്താൻ പറ്റാത്ത വല്യേ വഴിപാടൊന്നും ഞാൻ നേരാറി ല്ല്യാട്ടോ... നിയ്ക്കു ജോലീം കൂല്യൊന്നുല്ല്യല്ലോ. അത് ഭഗോതിയ്ക്കും അറിയാം...

വഴിപാടു നേരണ കാര്യത്തിൽ എന്റമ്മേം ഇവി ടുത്തെ അമ്മേം ആരാരാ മീതേന്ന് നിശ്ചല്ല്യ. എന്തെങ്കിലും സാധനം, അതിഞ്ഞിപ്പൊ വല്യേ വെല പിടിച്ചതൊന്ന്വല്ലെങ്കിലും കണ്ടില്ല്യെങ്കിൽ ന്റമ്മ അപ്പത്തന്നെ ചിരിച്ചിക്കാവിലമ്മയ്ക്ക് കൊട്ടും ചിരീം നേരും. സാധനം കിട്ട്വേം ചെയ്യും. ചെറ്യേ ഉരുളീല് ഗുരുതീണ്ടാക്കി, എലഞ്ഞീടെലേല് - ചെലേടത്തൊക്കെ പ്ളാവിലേം പതിവ്ണ്ട്- തിരി വെച്ച് വെളക്കു കൊളുത്തി അതിനു ചുറ്റും വെയ്ക്കും. ചിരിച്ചിക്കാവിലമ്മയ്ക്ക് കൊട്ടും ചിരീം ന്നു പറഞ്ഞ് മൂന്നു പ്രാവശ്യം പ്രദക്ഷിണം വെച്ച് കൈകൊട്ടും. ന്നട്ടാ ഗുരുതീടെ ഉരുളി കമഴ്ത്തും.

ഈ ചിരിച്ചിക്കാവെവിട്യാണെന്ന് അമ്മ്യോ അച്ചോളുമാരോ പറഞ്ഞു തന്നട്ടില്ല്യ... അന്നൊന്നും ചോദിച്ചറിഞ്ഞിട്ടൂല്ല്യ...

പന്തളത്ത് ഇല്ലത്തടുത്ത് പുത്തൻകാവില് ഭഗോതീടെ അമ്പലണ്ട്. കൊട്ടും ചിരീം വഴിപാട് അവിടേം ണ്ട്. പായ്ക്കറ്റു നിറയെ മിഠായി കൊണ്ടു വന്ന് വാരിയെറിയും. കിട്ടുന്നവർക്കെടുക്കാം. ധാരാളം മിഠായി പായ്ക്കറ്റുകൾ ദിവസോം അമ്പലത്തിലെ ത്താറുണ്ട്. ഇത്രയധികം വീടുകളില് സാധനങ്ങൾ കളഞ്ഞു പോകാറുണ്ടോ? അറിയില്ല്യ. എല്ലാം വിശ്വാസാണല്ലോ.

ഞങ്ങൾടവടെ എപ്പ്ഴും കാണാണ്ട്യാവണത് പിശാങ്കത്തിയാണ്. ന്റെ അയ്ക്കാട്ടെ അച്ചോള് പറയാറ് ള്ളത് പിശാങ്കത്തി കാണാണ്ട്യാവണത് ദമയന്തീടെ ശാപം കൊണ്ടാണത്രേ... നളനേം ദമയന്ത്യേം പറ്റീള്ള കഥേം അച്ചോള് പറഞ്ഞ് തന്നേർന്നു. ഇപ്പൊ നിയ്ക്കത് അത്രയ്ക്കോർമ്മല്ല്യ.

അമ്മേടെ വാസേവൻ, ന്റെ ഏട്ടൻ, അമ്മയ്ക്ക് വഴിപാട് നടത്താൻ എല്ലാ മാസോം പൈസ കൊടുത്തേർന്നു. അമ്മ യാത്രയാവണവരെ എല്ലാ മാസോം ഞങ്ങളെല്ലാർടേം നാളുകൾക്ക് ചെമ്പു ക്കാവമ്പലത്തില് പുഷ്പാഞ്ജലീം മറ്റു വഴിപാടു കളും നടത്ത്യേർന്നു... സുനൂന്റെ മനുക്കുട്ടന്റേതുൾ പ്പടെ നാലു തലമുറേലെ എല്ലാർടേം നാളോള് അമ്മയ്ക്ക് നല്ല ഓർമ്മേണ്ടാർന്നു... അടുത്ത ബന്ധുക്കളും ആ ലിസ്റ്റില്ണ്ടാർന്നൂട്ടോ...

രോഗമുക്തിയ്ക്ക് എറണാകുളത്തപ്പന് എള്ളോണ്ട് തുലാഭാരം, നിശ്ചയിച്ചുറപ്പിച്ച വേളിയോ മറ്റു ചട ങ്ങുകളോ മഴ കാരണം മുടങ്ങാണ്ടിരിയ്ക്കാൻ കൂടൽമാണിക്യത്തെ തേവർക്ക് താമരമാല വഴിപാട്, മുപ്പട്ടു വെള്ളിയാഴ്ച വടക്കുന്നാഥനിലെ ഗണപതി യ്ക്ക് അപ്പം നേദിയ്ക്കല്, തിരുവമ്പാടി കൃഷ്ണന് അവില് നേദ്യം... അമ്മേടെ വഴിപാടോള് ഇങ്ങനെ ശ്ശി ണ്ടാർന്നൂട്ടോ...

*ശേഷം പേജ് 100-ൽ*

# യജ്ഞോപവീതം



തൃപ്പൂണിത്തുറ കണ്ണെഴുത്ത് പുത്തൻ മഠത്തിൽ മഹേഷ് വർമ്മയുടെയും ഇളംകുന്നപ്പുഴ രാമർകോവിലകത്ത് ചാന്ദിനി വർമ്മയുടെയും പുത്രൻ **സുദീപ് വർമ്മ**യുടെ (**യദു**) ഉപനയനം തൃപ്പൂണിത്തുറ അന്യോന്യം നാലുകെട്ടിൽ വച്ചു സമംഗളം നടന്നു.





# വിവാഹമംഗളാശംസകൾ





പന്തളം ഊട്ടുപുര കൊട്ടാരത്തിൽ
എം. ആർ. സുരേഷ് വർമ്മയുടെയും
തൃപ്പൂണിത്തുറ പാലസ് നമ്പർ 11 ലെ ലേഖയുടെയും
പുത്രൻ **സഞ്ജയും**
തൃപ്പൂണിത്തുറ ഗോകുലം പാലസിൽ
ആർ.വി. സുരേഷിന്റെയും നിലമ്പൂർ കോവിലകത്തെ
മീനയുടെയും പുത്രി **ഐശ്വര്യ**യും
തമ്മിലുള്ള വിവാഹം മെയ് 15 2023 തിങ്കളാഴ്ച
തൃപ്പൂണിത്തുറ കളിക്കോട്ട പാലസിൽ വച്ച്
സമംഗളം നടന്നു.





# വിവാഹമംഗളാശംസകൾ

തൃപ്പൂണിത്തുറ പാലസ് നം.13 ലെ സുശീല വർമ്മയുടെയും
പൂഞ്ഞാർ പാലസിലെ ആർ. ജയരാജ വർമ്മയുടെയും പുത്രി
അഞ്ജനയുടെയും വേണുഗോപാലിന്റെയും മകൾ **ശ്വേത**യും
തൃശ്ശൂർ അഞ്ചേരിയിലെ സനത് കുമാറിന്റെയും ചെറുകുന്നു
പടിഞ്ഞാറെ കോവിലകത്തെ സുധയുടെയും മകൻ **അരുണും**
തമ്മിലുള്ള വിവാഹം 2023 മെയ് 5 ന്
തൃപ്പൂണിത്തുറ കളിക്കോട്ടയിൽ വച്ച് സമംഗളം നടന്നു.







# വിവാഹമംഗളാശംസകൾ



കോട്ടയം കല്ലറ സൗത്ത് താഴത്തെമഠത്തിൽ
എസ്. ശ്രീലത വർമ്മയുടെയും
ടി. എം. രാംജി വർമ്മയുടെയും
പുത്രി **മാളവിക വർമ്മ**യും
കർണ്ണാടക റോബർട്ട്സൺപെട്ട്
'ഹരിശ്രീനിവാസി' ൽ
കെ. ആർ. രാജശ്രീയുടെയും എൻ.
പ്രഭാകരന്റെയും പുത്രൻ
**ഹരീഷ് പി.**യും
തമ്മിലുള്ള വിവാഹം 2023 മെയ് 21 ന്
ഏറ്റുമാനൂർ 'നന്ദാവനം'
ആഡിറ്റോറിയത്തിൽ വച്ച്
സമംഗളം നടന്നു

# വിവാഹമംഗളാശംസകൾ



സഞ്ജയ് (നെടുമ്പ്രം കൊട്ടാരം,
തിരുവല്ല) യുടെയും
നീലിമ വർമ്മ (ലക്ഷ്മിപുരം കൊട്ടാരം,
ചങ്ങനാശ്ശേരി) യുടെയും മകൾ

**മാളവിക വർമ്മ**യും,

കിഷോർ കുമാറിന്റെയും
(നിലമ്പൂർ പുതിയ കോവിലകം)
ഇന്ദിര വർമ്മയുടെയും
(പരിമണത്തു കോവിലകം, ചേർത്തല)
മകൻ ലഫ്റ്റനന്റ് കമാൻഡർ

**അനന്ത് കിഷോറും**

തമ്മിലുള്ള വിവാഹം
2023 ജൂൺ 29-ന് ചങ്ങനാശ്ശേരി
കോണ്ടൂർ റിസോർട്ടിൽ
വെച്ചു മംഗളമായി നടന്നു.



# വിവാഹ മംഗളാശംസകൾ





അഞ്ചേരി പടിഞ്ഞാറെ ചങ്കരമ്പാട്ട്
മഠത്തിൽ ഡോ. പി.സി.സുധീരന്റെയും
പറവൂർ പഴയ കോവിലകത്ത്
ശ്രീമതി. ടി. സുമിത്രയുടെയും മകൻ
**അശ്വിൻകുമാറും**
കോട്ടയ്ക്കൽ കോവിലകത്ത്
ശ്രീ. കെ.സി. നരേന്ദ്രന്റെയും
ആയിരനാഴി കോവിലകത്ത് ശ്രീമതി
അംബികയുടെയും മകൾ
**നിവേദിത**യും തമ്മിലുള്ള വിവാഹം
21–05–2023 ന് (1198 ഇടവം 7)
തൃശ്ശൂർ കൗസ്തുഭം
ഓഡിറ്റോറിയത്തിൽ വച്ച്
സമംഗളം നടന്നു.

# സപ്തതി ആശംസകൾ





പന്തളം പാലസ് ക്ലബ്ബിനു വേണ്ടി
പി.ജി.ശശികുമാർവർമ്മ
മുരളീധര രവിവർമ്മ എന്നിവർ
പൊന്നാടയണിയിക്കുന്നു

പന്തളം പുത്തൻ പൂമുഖം കൊട്ടാരത്തിൽ

## ശ്രീ ആർ. മോഹൻ വർമ്മയുടെ സപ്തതി

2023 ജൂൺ 12 തിങ്കളാഴ്ച ഉത്തൃട്ടാതി നാളിൽ
ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വച്ച് ആഘോഷിച്ചു.
പന്തളം പാലസ് ക്ലബ്ബ് പ്രഥമ പ്രസിഡന്റാണ്.
മാവേലിക്കര കൊട്ടാരത്തിൽ ഷീലാ വർമ്മയാണ് പത്നി.
മകൻ – ഇന്ദ്രജിത്ത് വർമ്മ, മരുമകൾ – അനുപമ വർമ്മ


സ്നേഹ സൗഹൃദങ്ങളുടെ
അമ്പത്തൊന്ന് വർഷം
51
ലളിതം സുന്ദരം
കെ.പി.കേശവൻ മാസ്റ്റർ
വി.ഇ.രുഗ്മിണി ടീച്ചർ
നടുവിൽ,കണ്ണൂർ
2023 ഏപ്രിൽ 26

# സ്നേഹത്തിന്റെയും പാരസ്പര്യത്തിന്റെയും 40 വസന്തങ്ങൾ



## ആദിത്യവർമ്മ & ഗീതാവർമ്മ

കാട്ടിൽ കോവിലകം
തിരുവിഴ, കണിച്ചുകുളങ്ങര പി.ഒ.,

**2023 ജൂൺ 19 ന്
40–ാം വിവാഹവാർഷികം
ആഘോഷിച്ച ഞങ്ങളുടെ
പ്രിയപ്പെട്ട അച്ഛനും അമ്മയ്ക്കും
സ്നേഹത്തിന്റെ
ഒരായിരം പനിനീർപൂക്കൾ**

അമൃത (മോളു)
അനിരുദ്ധ് (മോനു)



## ഹരികൃഷ്ണവർമ്മ & മായാദേവി

കാട്ടിൽ കോവിലകം
തിരുവിഴ, കണിച്ചുകുളങ്ങര പി.ഒ.,

**2023 ജൂൺ 25 ന്
40–ാം വിവാഹവാർഷികം ആഘോഷിച്ച
ഞങ്ങളുടെ പ്രിയപ്പെട്ട
അച്ഛനും അമ്മയ്ക്കും
സ്നേഹത്തിന്റെ
ഒരായിരം പനിനീർപൂക്കൾ**

അപർണ്ണ (അമ്മു)
അരവിന്ദ് (അപ്പു)
ചേതൻ (കുഞ്ഞുണ്ണി)

മഹേഷ് (മഹി)
വർഷ (അമ്മു)

# വിവാഹമംഗളാശംസകൾ




കാസർഗോഡ് ചെറുവത്തൂർ, തിമിരി,
'പഞ്ചവടി'യിലെ വൈ.എം.സി.
ചന്ദ്രശേഖരന്റെയും
യു. സുജാതയുടെയും മകൾ
**സരയൂ**വും
ടി. രാമകൃഷ്ണന്റെയും
കെ. ഉഷാദേവിയുടെയും മകൻ
**രൺജിത്ത് കെ.**യും
തമ്മിലുള്ള വിവാഹം ഏപ്രിൽ 30 2023 ന്
പയ്യന്നൂർ വെള്ളൂർ കൊട്ടണച്ചേരി
ഭഗവതിക്ഷേത്രത്തിൽവച്ച്
സമംഗളം നടന്നു.

# ആശംസകൾ

## ദേവി വർമ്മയ്ക്ക് സംസ്ഥാന അവാർഡ്



ഈ വർഷത്തെ ഏറ്റവും നല്ല സ്വഭാവ നടിക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിന് ദേവി വർമ്മ അർഹയായി. 'സൗദി വെള്ളയ്ക്ക' എന്ന ചിത്രത്തിലെ ഐഷ റാവുത്തർ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചതിനാണ് അവാർഡ്. തന്റെ 85–ാം വയസ്സിലാണ് ആദ്യമായി അഭിനയിച്ചത്, 87–ാം വയസ്സിൽ അവാർഡും കരസ്ഥമാക്കി. 'ചാർലി' എന്ന മലയാള സിനിമയുടെ തമിഴ് പതിപ്പായ 'മാരാ'യ്ക്കാണ് ആദ്യമായി ക്യാമറയെ അഭിമുഖീകരിച്ചത്. തൃശ്ശൂർ വടക്കാഞ്ചേരിയിലെ പ്രശസ്തമായ കണ്ണമ്പ്ര തറവാട്ടിലെ അംഗമാണ്. കൊച്ചി രാജകുടുംബാംഗം പരേതനായ രവിവർമ്മ തമ്പുരാനാണ് ഭർത്താവ്. തൃപ്പൂണിത്തുറയിലെ ശ്രീകല തീയറ്ററിന്റെ ഉടമയായിരുന്നു അദ്ദേഹം. മക്കളായ ദേവദാസ് വർമ്മ, ശുഭ വർമ്മ എന്നിവരോടൊപ്പം തൃപ്പൂണിത്തുറയിലാണ് താമസം.



# പിറന്നാൾ ആശംസകൾ



## നവതി ആഘോഷിച്ച് 'കുഞ്ഞണ്ണൻ'

പ്രസിദ്ധ ഭിഷഗ്വരനും ചരിത്ര ഗവേഷകനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ മാവേലിക്കര കൊട്ടാരത്തിലെ ഡോ. ആർ. പി. രാജ (കുഞ്ഞണ്ണൻ) യുടെ 90–ാം ജന്മദിനം ജൂൺ 9 ന് പൂഞ്ഞാർ കാഞ്ഞിരമറ്റം പാലസിൽ വച്ച് ആഘോഷിച്ചു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബികയും സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയും ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു.




പ്രസിദ്ധ സാഹിത്യകാരനും ഭാഷാപണ്ഡിതനും വാഗ്മിയുമായ ഡോ. എഴുമറ്റൂർ രാജരാജവർമ്മയ്ക്ക് ഇക്കഴിഞ്ഞ ഇടവമാസത്തിലെ ആയില്യം നാളിൽ (മെയ് 26) 70 വയസ്സ് തികഞ്ഞു. തലസ്ഥാനത്തെ സാഹിത്യ–കലാ–സാംസ്കാരികരംഗത്ത് സജീവസാന്നിദ്ധ്യമായ രാജരാജവർമ്മയുടെ സപ്തതിയോടനുബന്ധിച്ച് 'മലയാള കാവ്യവേദി', 'നാദം കേരള' തുടങ്ങി വിവിധ സാംസ്കാരിക സംഘടനകൾ ആഘോഷ സമ്മേളനവും കാവ്യോത്സവവും നടത്തുകയുണ്ടായി. മുൻ അംബാസഡർ ടി. പി. ശ്രീനിവാസൻ, പ്രസിദ്ധ നോവലിസ്റ്റ് ഡോ. ജോർജ്ജ് ഓണക്കൂർ, മുൻ എം. പി. പന്ന്യൻ രവീന്ദ്രൻ, പ്രശസ്ത സംഗീതജ്ഞൻ പ്രൊഫ. കുമാര കേരളവർമ്മ തുടങ്ങി നിരവധി പ്രമുഖ വ്യക്തികളും കവികളും ചടങ്ങുകളിൽ പങ്കെടുത്ത് ആശംസകളും ആദരവും അർപ്പിക്കുകയുണ്ടായി.


DISTRICT4
ICL
emier Bakers
DISTRICT 4
MOTUL
DISTRICT4
DRAKEN
#FRUITBAE
"LIFE ON THE TARMAC, LET'S MAKE IT SAFE!"
DISTRICT4
DISTRICT4

# ഡിസ്ട്രിക്റ്റ് 4 (District 4) ആലപ്പുഴ

'കിഴക്കിന്റെ വെനീസ്' എന്നറിയപ്പെടുന്ന ആലപ്പുഴയിൽ 2016 ജൂൺ മാസം 8-ാം തീയതി നിലവിൽ വന്നു ഈ സ്ഥാപനം.

ഗുണമേന്മയുള്ള സുരക്ഷാ കവചങ്ങളുടെ അഭാവംമൂലം ഇരുചക്രവാഹന യാത്രികർക്ക് അപകടങ്ങൾ സ്ഥിരമായിരുന്ന ഒരു കാലഘട്ടം. ആലപ്പുഴക്കാർക്ക് ബ്രാൻഡഡ് ആയിട്ടുള്ള ഹെൽമറ്റ്, ജാക്കറ്റ്, ഗ്ലൗസ്, ഷൂസ് തുടങ്ങി റൈഡേഴ്സിന് ആവശ്യമായ നല്ല സാധനങ്ങൾ വാങ്ങണമെങ്കിൽ എറണാകുളത്തോ തൃശ്ശൂരോ പോകണമായിരുന്നു. ഒരു ദിവസത്തെ മെനക്കേടും പണച്ചിലവും. ഈ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സ്ഥാപനം എന്തുകൊണ്ട് ആലപ്പുഴയിൽ തുടങ്ങിക്കൂടാ എന്ന ചിന്തയാണ് ഈ സംരംഭം ആലപ്പുഴയിൽ തുടങ്ങാൻ ഞങ്ങൾക്ക് പ്രേരിതമായത്.

ആലപ്പുഴയിൽ ഇതുപോലെയുള്ള സ്ഥാപനങ്ങൾ തുടങ്ങിയാൽ വിജയിക്കുമോ എന്ന ചോദ്യം ആദ്യകാലങ്ങളിൽ ഒരുപാട് ആൾക്കാർക്ക് ഒരു സംശയമുണ്ടായിരുന്നു. ഒരു സംരംഭം തുടങ്ങുന്നതിനു മുമ്പ് ആവശ്യമായ പ്രാഥമിക സർവ്വേകൾ, ഉല്പന്നങ്ങളുടെ ലഭ്യത, സപ്ലയേഴ്സ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശദമായ പഠനത്തിനു ശേഷം അവസാനം സംരംഭം ആലപ്പുഴയിൽ തന്നെ തുടങ്ങാമെന്നു തീരുമാനിച്ചു.

2018 ൽ പ്രളയം, 2019 അവസാനം തൊട്ട് 2022 വരെ കോവിഡ് എന്ന മഹാമാരി ഇങ്ങനെ ആൾക്കാരിൽ ഭയം ഉണ്ടാക്കിയ വിഷയങ്ങൾ നിരവധി. ഇതിനെയെല്ലാം അതിജീവിച്ച് ഈ ജൂൺ 8-ാം തീയതി ഞങ്ങൾ ഏഴു വർഷം പൂർത്തിയാക്കി. ആയതിന് ഞങ്ങൾ സർവ്വേശ്വരനോടും ഞങ്ങളോട് സഹകരിച്ച ഉപഭോക്താക്കളോടും നന്ദി പറയുന്നു.

ഹെൽമറ്റ്, ജാക്കറ്റ്, ഗ്ലൗസ്, ബൂട്ട്, ആക്സസറീസ് തുടങ്ങി ഇരുചക്രവാഹന യാത്രികർക്ക് ആവശ്യമായ എല്ലാ സാധനങ്ങളും ഈ സ്ഥാപനത്തിൽ ലഭ്യമാണ്.

ഉപഭോക്താക്കളുടെ ആവശ്യം അനുസരിച്ച് അന്യസംസ്ഥാനങ്ങളിലേക്കും ഉല്പന്നങ്ങൾ കൊറിയർ മാർഗ്ഗം എത്തിച്ചുകൊടുക്കുന്നുണ്ട്. ഉപയോഗിക്കേണ്ട ഉല്പന്നങ്ങളെക്കുറിച്ച് ഒരു വ്യക്തമായ ധാരണ കസ്റ്റമറിനുണ്ടാകണം. കൊറിയർ മാർഗ്ഗം ആവശ്യപ്പെടുന്നവർ ഉല്പന്നത്തിന്റെ ബ്രാൻഡ്, സൈസ് ഇവ കൃത്യമായി അറിഞ്ഞ് ആവശ്യപ്പെടണം.

ലഭ്യമായ ബ്രാൻഡുകൾ:-

**ഹെൽമറ്റ്: MT, AXXIS, RIDEX, HTC, KORDA, AXOR, STUDDS, VEGA etc.**

**(സ്ത്രീകൾക്കും ആവശ്യമായ ഹെൽമറ്റ് ഇവിടെ ലഭ്യമാണ്)**

**ജാക്കറ്റ്: SCIMITAR, RYNOX, DSG, XDI etc. റെയിൻകോട്ട്, ഇരുചക്ര വാഹനങ്ങളുടെ ബോഡി കവർ തുടങ്ങിയവയും ലഭ്യമാണ്.**

**ഗ്ലൗസ്: RYNOX, KORDA, SCIMITAR, SCOYCO, XDI, VEGA, PROBIKER etc.**

**ബൂട്ട്: FORMA, RYO**

**ലൂബ്രിക്കന്റ്: Liquimoly, MOTUL, ADDINOL etc. Chain Lube, Chain Cleaner, Helmet Cleaner etc. ഇവയും ലഭ്യമാണ്.**

**Working Time: Monday to Saturday 10 AM to 8 PM**

ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് **(8075009443)** എന്ന മൊബൈൽ നമ്പറിൽ വിളിക്കുക.


മാനേജിംഗ് ഡയറക്ടർ: **വി.കെ. പ്രകാശ് വർമ്മ**, മൊബൈൽ **(8589002322)**

ജനറൽ മാനേജർ: **പൃഥ്വിരാജ് പി. വർമ്മ**, മൊബൈൽ **(7025101444) gmail: gmoperations@district4.in**

വിലാസം: **District 4, 28/521 B, Ist Floor, Ishaa Heights, Opp. Municipal Park, Valiyachudukadu, Near Punnapra Vayalar Smarakam, Alleppey 688009.**

**സാന്നിദ്ധ്യത്തിനും സഹകരണത്തിനും നന്ദി. എല്ലാവർക്കും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സമൃദ്ധിയുടെയും ഒരു നല്ല ഓണം ആശംസിക്കുന്നു.**

# ഭാരതീയ ഋഷിമാരും ആധുനിക ശാസ്ത്രജ്ഞന്മാരും



**ഡോ. ആർ. പി. രാജാ**
തിരുവനന്തപുരം, മൊ. 7034741555

**1893** – ൽ അമേരിക്കയിലെ ചിക്കാഗോയിൽ വച്ച് നടന്ന 'വേൾഡ് പാർലമെന്റ് ഓഫ് റിലീജിയൺസി'ൽ ഹിന്ദുമതത്തെക്കുറിച്ച് സ്വാമി വിവേകാനന്ദൻ നടത്തിയ പ്രഭാഷണത്തിൽ, ഒരു ഭാഗത്ത് "ശാസ്ത്രത്തിന്റെ അത്യാധുനിക വേദങ്ങളിൽ നിന്നുള്ള പ്രതിധ്വനി പോലെ തോന്നും" എന്ന് പറയുകയുണ്ടായി. ഇന്നേവരെ ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകളെ യഥാർഥമായ ഭാരതീയ ചിന്താസരണികൾ എതിർത്തിട്ടില്ല എന്നു മാത്രമല്ല, അവ ഭാരതീയ ദർശനങ്ങളെ സാധൂകരിക്കുന്നവ കൂടിയാണ്.

അതേസമയം പാശ്ചാത്യലോകത്തിലേക്ക് കടക്കുമ്പോഴോ (അവിടെയാണ് ആധുനിക ശാസ്ത്രം വളർന്നു വികസിച്ചിരിക്കുന്നത്). ആദ്യകാല ചിത്രങ്ങളും, അപൂർവ്വമായി സമീപകാല ചിത്രങ്ങളും, വേറേയാണ്.

ആധുനിക ശാസ്ത്രത്തിന്റെ പിതാവായി ആദരിക്കപ്പെടുന്നത് ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ഗലീലിയോ ഗലീലിയെ (1564 – 1642) ആണ്. സൗരയൂഥത്തിൽ ഗ്രഹങ്ങൾ സൂര്യന് ചുറ്റുമാണ് കറങ്ങുന്നത് എന്ന് കാര്യ കാരണസഹിതം സമർഥിച്ചതിന്റെ പേരിൽ അദ്ദേഹത്തെ 'ഇറ്റാലിയൻ ട്രിബ്യൂണൽ ഇൻക്വിസിഷൻ' (പുരോഹിതന്മാരുടെ കോടതി) വധശിക്ഷയ്ക്ക് വിധിച്ചു. അക്കാലത്ത് ക്രിസ്തുമത വിശ്വാസമനുസരിച്ച്, എല്ലാം ഭൂമിക്ക് ചുറ്റും ആണ് കറങ്ങിക്കൊണ്ടിരുന്നത്. ഏഴു മേഖലകളായി കറങ്ങുന്നുവെന്നും, അത്യുന്നത മേഖലയിൽ സ്വർഗ്ഗമാണെന്നും ഒക്കെയുള്ള സങ്കൽപ്പങ്ങളും വിശ്വാസങ്ങളും ഉണ്ടായിരുന്നു. അവയ്ക്കെതിരായി ഉയർത്തിയ സിദ്ധാന്തത്തിന്റെ പേരിലാണ് ഈ ശിക്ഷ വിധിച്ചത്. ഗലീലിയോ പോപ്പിന്റെ വളരെ അടുത്ത ബന്ധു ആയിരുന്നതിനാൽ, വധശിക്ഷ 'ആയുഷ്കാല വീട്ടു തടങ്കൽ' ആയി ലഘൂകരിച്ചു.

ഗലീലിയോയുടെ ശിഷ്യന്മാരിൽ പ്രധാനി ആയിരുന്നു ബ്രൂണൊ. ട്രിബ്യൂണൽ ഓഫ് ഇൻക്വിസിഷൻ നിലപാട് മാറുന്നുവെന്ന് കണ്ടപ്പോൾ തന്നെ ബ്രൂണോ ഇറ്റലിയിൽ നിന്നും രക്ഷപ്പെട്ടു. പിന്നീട് അദ്ദേഹം യൂറോപ്പിൽ പല സർവ്വകലാശാലകളിലും ശാസ്ത്രജ്ഞന്മാരുടെ അടുക്കലും ഒക്കെ ചെന്ന് ഗലീലിയോയുടെ സിദ്ധാന്തം പ്രചരിപ്പിച്ചു. ഇതറിഞ്ഞ ട്രിബ്യൂണൽ, ബ്രൂണോയ്ക്കു വേണ്ടി വേട്ടയാടാൻ തുടങ്ങി. ആറു വർഷത്തെ പരിശ്രമം കൊണ്ട് വീയന്നയിൽ വച്ച് ബ്രൂണോയെ അവരുടെ ആൾക്കാർ പിടികൂടി. ഇറ്റലിയിൽ കൊണ്ടുവന്ന് ബന്ധനസ്ഥനാക്കുകയും പലതരം അതിക്രൂരമായ പീഡനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. ഏതാണ്ട് ആറു വർഷങ്ങളോളം കഷ്ടപ്പെടുത്തിയ ശേഷം ഒരു കുറ്റിയിൽ കെട്ടിയിട്ട് തീ കൊളുത്തി വധിക്കുകയായിരുന്നു അവർ ചെയ്തത്. പലപ്പോഴും ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ പാശ്ചാത്യ ലോകത്തിലെ മതവിശ്വാസങ്ങളുമായി സംഘർഷാവസ്ഥയിൽ എത്തിയിട്ടുണ്ട്.

ഹിന്ദുമതത്തിലും സൃഷ്ടികർത്താവായ ബ്രഹ്മാവുണ്ട്. എന്നാൽ അത് ഒരു പ്രതീകാത്മക സങ്കല്പം മാത്രമാണ്. അനന്തമജ്ഞാതമായ പരബ്രഹ്മത്തിന്റെ സൃഷ്ടിവൈഭവം മനസ്സിലാക്കാനും ഉൾക്കൊള്ളാനും വേണ്ടി സഹസ്രാബ്ദങ്ങൾക്ക് മുൻപ് ഉള്ള സങ്കൽപങ്ങളാണവ. എന്നാൽ, ഋഷിമാരുടെ യഥാർഥ 'ദർശനങ്ങളിലേക്ക്' വരുമ്പോൾ, നമ്മൾ കാണുന്ന ചിത്രം വേറെയാണ്.

പ്രധാനമായ ഒരു വിരോധം പാശ്ചാത്യലോകത്ത് ഉയർന്നുവന്നത് സൃഷ്ടിയുടെ കാര്യത്തിലാണ്.



ഓണാശംസകൾ

ആറു ദിവസം കൊണ്ട് ദൈവം ഇതെല്ലാം സൃഷ്ടിച്ചുവെന്നാണല്ലോ സെമിറ്റിക്ക് മതഗ്രന്ഥങ്ങളുടെ അടിസ്ഥാനമായ പഴയ നിയമം പറയുന്നത്. ആധുനിക ശാസ്ത്രം ഇത് അന്ധമായി വിശ്വസിക്കുന്നില്ല. ഭൂമിയും, പ്രപഞ്ചവും ഒക്കെ ഉണ്ടാകാനുള്ള കാരണം അവർ പലതരത്തിൽ വ്യഖ്യാനിച്ചിട്ടുണ്ട്. അവയെല്ലാം ക്രിസ്തുമതത്തിന്റെയും മറ്റും വിശ്വാസങ്ങളുമായി യോജിക്കുന്നവയല്ല.

ഇനി, നമ്മുടെ ഋഷിമാർ എന്തു പറഞ്ഞുവെന്ന് നോക്കാം. ഭാരതീയ ഋഷിമാരുടെ ദർശനങ്ങളും ചിന്താസരണികളും ഉൾക്കൊള്ളുന്ന വിശിഷ്ട ഗ്രന്ഥങ്ങളാണ് 'ഉപനിഷത്തുക്കൾ'. അവ ആകെ 108 എണ്ണമുണ്ട്. അവയിൽ തന്നെ ആദിശങ്കരൻ വ്യാഖ്യാനിച്ചിരിക്കുന്ന പത്ത് ഉപനിഷത്തുക്കൾ ഉണ്ട്. ഇവയെ 'ദശോപനിഷത്തുക്കൾ' എന്ന് പറയുന്നു. ഇവയിലൊന്നാണ് 'പ്രശ്നോപനിഷത്ത്'. പിപ്പലാദ മഹർഷിയെ, സത്യാന്വേഷണ തൃഷ്ണയുള്ള ആറു പേർ സമീപിച്ച് ആറ് ചോദ്യങ്ങൾ ചോദിക്കുന്നു. അവയ്ക്കുള്ള ഉത്തരങ്ങൾ പിപ്പലാദ മഹർഷി നൽകുന്നു. അതുകൊണ്ടാണ് ഈ ഉപനിഷത്തിന് 'പ്രശ്നോപനിഷത്ത്' എന്ന പേരുണ്ടായത്. ഇതിൽ, ഒന്നാമത്തെ ചോദ്യം ചോദിക്കുന്നത് കാത്യായന മഹർഷിയുടെ പുത്രൻ കബന്ധിൻ ആണ്. ഒരിക്കൽ, ശിഷ്യന്മാരിൽ ഒരാളായ കാത്യായന കബന്ധിൻ പിപ്പലാദനോട് "ഇതെല്ലാം (ഭൂമി, ഈ പ്രപഞ്ചം മുതലായവ) എങ്ങിനെ ഉണ്ടായി?" എന്ന് ചോദിച്ചു. അതിനു മറുപടിയായി:

"തസ്മൈ സ ഏവ ഹൊവാച - പ്രജാകാമോ വൈ പ്രജാപതി: സ തപോ/തപ്യത, സ മിഥുന മുദ്പാദയതെ, റയിം ച പ്രാണം ച ഇതി, ഏതൗ മേ ബഹുധാ പ്രജാ;കരിഷ്യത ഇതി."

'റയി' (മാറ്റെർ 'പ്രാണം', ഊർജ്ജം – എനെർജി) എന്നിവ തമ്മിലുള്ള പ്രവർത്തനം കൊണ്ടാണ് ഇതെല്ലാം ഉണ്ടായിരിക്കുന്നത് എന്നായിരുന്നു മറുപടി.

ഇവിടെ പിപ്പലാദൻ ഒരു 'സൃഷ്ടി തത്ത്വത്തെ' (ക്രിയേറ്റീവ് പ്രിൻസിപ്പിൾ) കൊണ്ടുവന്നിട്ടുണ്ട്. അതായത് 'പ്രജാപതിക്ക്' സൃഷ്ടിക്കാൻ മോഹമുണ്ടായി എന്നും, അതിനായി അദ്ദേഹം തപസ്സ് ചെയ്തുവെന്നും, തപസ്സിൽ നിന്നും റായിയും പ്രാണനും ഉൽഭവിച്ചുവെന്നും, അവയുടെ പരസ്പര പ്രവർത്തനങ്ങളിൽ ഇവയെല്ലാം സൃഷ്ടിതമായി എന്നുമാണ് പറഞ്ഞിരിക്കുന്നത്.

അദ്ദേഹത്തെ സമീപിച്ച അക്കാലത്തെ ജ്ഞാന ദാഹികൾക്കോ, അവരുടെ ശിഷ്യ പരമ്പരകൾക്കോ, ഒരു 'സൃഷ്ടി തത്ത്വം' ഇല്ലാതെ രണ്ട് ഘടകങ്ങൾ തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങൾ കൊണ്ട് സൃഷ്ടി നടന്നുവെന്ന് പറഞ്ഞാൽ അവർക്ക് അത് മാനസികമായോ, ബുദ്ധിപരമായോ (കോൺസെപ്റ്റലൈസേഷൻ) ഉൾക്കൊള്ളാൻ പ്രയാസമായിരിക്കുമെന്നതിനാലാണോ, ഒരു പ്രജാപതിയെ പിപ്പലാദൻ അവതരിപ്പിച്ചത് എന്നറിഞ്ഞുകൂടാ. അതോ അദ്ദേഹം തന്നെ ഒരു പ്രജാപതിയെ (സൃഷ്ടിയുടെ ഒരു കാരണഭൂതൻ) അംഗീകരിച്ചിരുന്നുവോ എന്നും അറിഞ്ഞുകൂടാ, ഏതായാലും സഹ്രസാബ്ദങ്ങൾക്കു മുൻപുള്ള ഈ ദർശനം അൽഭുതമുളവാക്കുന്നതു തന്നെയാണ്.

ഇത്രയും പറഞ്ഞ സ്ഥിതിക്ക് 'പ്രപഞ്ചോൽപ്പത്തി'യെ കുറിച്ചും രണ്ട് വാക്ക്.

മാഹേശ്വര സൂത്രത്തിൽ, ഇതിനെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ഉഷൂനകാലെ ബിന്ദ്വാൽമാ
സാക്ഷാദര സംഭവഃ
ബിന്ദു സ്ഫോടന മാത്രേണ
വർണ്ണാനാം ച സമുൽഭവ"

ഈ പ്രപഞ്ചം ഉണ്ടാകുന്ന കാലത്ത് 'അക്ഷര സംഭവനായിരിക്കുന്ന' (ക്ഷരം = നാശം. അക്ഷരം = നാശമില്ലാത്തത്, ശാശ്വതം) 'കാരണ സ്വരൂപൻ' ബിന്ദു സ്വരൂപൻ ആയിരുന്നു. അതിൽ ഒരു വിസ്ഫോടനം ഉണ്ടായി. സ്ഫോടനാവസ്ഥയിൽ നിന്നും, 'വർണ്ണങ്ങൾ' – ചൂടും വെളിച്ചവും ഉണ്ടാവുകയും ചെയ്യുന്നു. ഇവയിൽ നിന്നും ഇന്ദ്രിയ ഗോചരമായ ഭൗതിക പ്രപഞ്ചം (ബൈ കൺവെർഷൺ ഓഫ് എനെർജി ഇൻ മാറ്റർ – പിപ്പലാദ ദർശനം ഓർക്കുക) സംജാതമാകുന്നു. ഇന്നത്തെ 'ബിഗ് ബാങ്ങ് തിയറി'യെ ഓർമ്മിപ്പിക്കുന്ന പ്രസ്താവനകളാണിവ. ഈ ദർശനം പിപ്പലാദന്റെ ദർശനത്തെക്കാൾ അൽഭുതം ഉളവാക്കുന്നതല്ലയോ? ഇന്ന് പ്രപഞ്ചോൽപ്പത്തിക്ക് നിദാനമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ആധുനിക ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തമായ 'ബിഗ് ബാങ്ങ്' തിയറി ആണെന്നു കൂടി ഓർക്കുമ്പോഴാണ് ഇത് പതിന്മടങ്ങ് വർദ്ധിക്കുക.

പാശ്ചാത്യ ലോകത്ത് മതവിശ്വാസികളുടെ ഇടയിൽ എതിർപ്പുണ്ടാക്കുന്ന വേറൊരു വിഷയമാണ് ചാൾസ് ഡാർവിന്റെ 'പരിണാമ സിദ്ധാന്തം'. അമേരിക്കയിലെ ചില സ്കൂളുകളിൽ, പരിണാമ സിദ്ധാന്തം വിലക്കിയിട്ടുണ്ട്. എന്നാൽ, ഭാരതത്തിലേക്ക് വരുമ്പോൾ, നമ്മൾ എത്തുന്നത് പതഞ്ജലി മഹർഷിയുടെ 'രാജയോഗത്തിൽ' കാണുന്ന ദർശനമാണ്.

പതഞ്ജലി മഹർഷി പറയുന്നു:

"ജാത്യാന്തരപരിണാമ പ്രകൃത്യാപൂരാത്"

"അനുകൂല സാഹചര്യങ്ങളിൽ ഒരു ജീവി, മറ്റൊരു ജീവി ആയി പരിണമിക്കുന്നു".

എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. - "പരിണമിക്കുന്നു'' (എവല്യൂഷൻ) എന്ന് തന്നെയാണ് പതഞ്ജലി പറഞ്ഞിരിക്കുന്നത്.

കൂടാതെ പുരാണങ്ങളിൽ കൂടി, 'മനുഷ്യ പരിണാമ'ത്തെപ്പറ്റിയും - അവന്റെ തുടക്കം മുതൽ അവസാനം വരെയും ഋഷിമാർ ഭാവനാ രൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ജീവന്റെ ഉൽപത്തി 'ജല'ത്തിലാണ്. 'ജീയതെ ലിയതെ' അതായത് ജീവൻ ജലത്തിൽ ലയിച്ചു കിടക്കുന്നു, അതുകൊണ്ട് 'ജലം' എന്ന് മഹാ പണ്ഡിതനായ ബ്രഹ്മശ്രീ മിത്രൻ നമ്പൂതിരിപ്പാട് വ്യാഖ്യാനിച്ചു തന്നിട്ടുണ്ട്.

ജലത്തിൽ നിന്നും മത്സ്യം ഉണ്ടായി (ജീവൻ ഉൽഭവിച്ചതിന്റെ പ്രതീകം) ആ ജീവി പരിണമിച്ച് ജലത്തിലും കരയ്ക്കുമായി 'കൂർമ്മം' (ആമ) ആയി. കൂർമ്മം പരിണമിച്ച് വരാഹം (പന്നി), ഒരു യഥാർഥ കരജീവി, ആയി. ആ ജീവി പരിണമിച്ച് മനുഷ്യന്റെ രൂപത്തിലേക്ക് - മൃഗവും മനുഷ്യനും കലർന്ന 'നരസിംഹ' രൂപത്തിലേക്ക്- വളർന്നു. ആ രൂപം വളർന്ന് ആദി പൂർണ്ണ മനുഷ്യൻ ഉണ്ടായി. (വാമനൻ - ചെറിയ ഒരു മനുഷ്യൻ - ചെറിയ മനുഷ്യൻ എന്ന് പറഞ്ഞത് വലിപ്പം കൊണ്ടല്ല, പ്രതീകാത്മകമായി യഥാർത്ഥ ആദിമനുഷ്യൻ എന്നാണ്). അതു കഴിഞ്ഞപ്പോൾ, ആ അവസ്ഥ പരിണമിച്ച് ശക്തനായ ഒരു മനുഷ്യൻ രൂപം കൊള്ളുന്നു - പരശുരാമൻ. അവിടെ നിന്നും സംസ്കാരസമ്പന്നനായ മനുഷ്യൻ പരിണമിക്കുന്നു - ശ്രീരാമൻ. അവിടെ നിന്നും സുഖലോലുപനായ മനുഷ്യൻ. ബലരാമൻ സുഖലോലുപനായിരുന്നു. അതിൽ നിന്നും ആധുനിക മനുഷ്യൻ, ശ്രീകൃഷ്ണൻ. ആധുനിക മനുഷ്യൻ പരിണമിച്ച് ഭൂമിയെയും തന്നെത്തന്നെയും ഇല്ലാതാക്കുന്ന 'കൽക്കി' അവസ്ഥയിലേക്ക് എത്തുന്നു. ഭൂമിയേയും ജീവജാലങ്ങളെയും അവൻ നശിപ്പിക്കുന്നു. എല്ലാം 'മഹാപ്രളയത്തിൽ' ഇല്ലാതാകുന്നു. ഭൂമിയുടെ ഒരു യുഗത്തിന്റെ അന്ത്യം.

അത്യാർത്തി മൂത്തുകൊണ്ടിരിക്കുന്ന മനുഷ്യൻ, ശ്രീകൃഷ്ണൻ പൂതനയുടെ മുലപ്പാൽ കുടിച്ചപ്പോൾ, അവളുടെ 'പഞ്ച പ്രാണനേയും' വലിച്ചെടുത്തതു പോലെ, പ്രകൃതിയെയും ഭൂമിയെയും ആദരിക്കാതെ, അത്യാഗ്രഹം മുഴുത്ത് ഭൂമിയിൽ കാട്ടുന്ന ചൂഷണം, ഈ ഗോളത്തിന്റെ നിലനിൽപ്പിനു തന്നെ അപകടമാകുമോ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ പ്രവൃത്തികൾ, കേവലം പാലിന്റെ മുകളിലെ പാട പോലെ മാത്രമുള്ളതും, ഭൂമിയുടെ ഉപരിതലത്തിന്റെ കാൽ ഭാഗം മാത്രം പരന്നുകിടക്കുന്നതുമായ പ്രദേശത്തെ വെള്ളത്തിൽ ആഴ്ത്തിക്കളയുമോ എന്നും ശങ്കിക്കേണ്ടിയിരിക്കുന്നു. ഇതെല്ലാം നമ്മുടെ ഋഷിമാർ അവരുടെ 'ദർശനങ്ങളിൽ' കണ്ടിരിക്കുമോ? തീർച്ചയായും കണ്ടിരിക്കുമെന്നു തന്നെയാണ് സൂചന.

ഇനി വളരെ ശ്രദ്ധേയമായ ചില കാര്യങ്ങളിലേക്ക് കടക്കാം.

ഭാരതീയരായ നമുക്ക് വളരെ വിശേഷപ്പെട്ട ഒരു സ്വഭാവമുണ്ട്, ഒരു വിശ്വാസമുണ്ട്. അമേരിക്കയിൽ റൈറ്റ് സഹോദരന്മാർ വിമാനം കണ്ടുപിടിച്ചു എന്നു പറയുമ്പോൾ, നമ്മൾ പറയും, "ഓ! അത് പണ്ടേ നമ്മുടെ ഭരദ്വാജ മഹർഷിക്കറിയാമായിരുന്നു. ഇന്നുള്ളവർക്ക് ഒരു വിമാനത്തെപ്പറ്റി 50 കാര്യങ്ങളേ അറിയാവൂ, ഭരദ്വാജ മഹർഷിക്ക് 500 കാര്യങ്ങൾ അറിയാമായിരുന്നു''. ഈ അടുത്ത കാലത്ത്, വളരെ പ്രശസ്തമായ ഒരു ആധുനിക ശാസ്ത്ര ഗവേഷണ കേന്ദ്രത്തിൽ വച്ചു നടന്ന ഒരു അന്താരാഷ്ട്ര സെമിനാറിൽ, ഭാരതീയ ശാസ്ത്രത്തെപ്പറ്റി പ്രസംഗിക്കുവാൻ വളരെ പ്രശസ്തനായ ഒരു ഭാരതീയ രാഷ്ട്രീയ നേതാവിനെ ക്ഷണിച്ചിരുന്നു. അദ്ദേഹവും ഭാരതീയ പാരമ്പര്യം കൈവെടിഞ്ഞില്ല. പ്രാചീനമായ ഭാരതീയ ഗണിതശാസ്ത്രജ്ഞന്മാർ 'പൂജ്യം' കണ്ടുപിടിച്ചതിനെപ്പറ്റിയും, 'പൈത്തഗോറസ്' തിയറത്തെപ്പറ്റിയും (ഗ്രീക്ക് ഗണിതശാസ്ത്രജ്ഞനായ പൈത്തഗോറ

സിന്റെ നാമധേയം ഉപയോഗിക്കേണ്ടി വന്നു) എന്തിന് അവയവം മാറ്റിവയ്ക്കുന്നതിനെപ്പറ്റിയും ഒക്കെ പറയുക മാത്രമല്ല, നമ്മുടെ ഓലകൾ വിദേശീയർ കൊണ്ടുപോയി പഠിച്ചതിനാലാണ് അവർക്ക് ഇന്നുള്ള പുരോഗതി എന്നുവരെ വാദിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള മഹാ ശാസ്ത്രജ്ഞന്മാരായതിനാലും, സംസ്കാര സമ്പന്നരായതിനാലും, ആതിഥേയ രാജ്യമായതിനാലും അവരിൽ ഉയർന്നു വന്ന ചോദ്യങ്ങൾ, അവർ പാടുപെട്ട് നിയന്ത്രിച്ച് നമ്മുടെ മാനം കാത്തു. അതെ, "എല്ലാം നമുക്ക് അറിയാമായിരുന്നു" എന്ന ആത്മപ്രശംസയും, നമ്മുടെ അറിവുകൾ മറ്റുള്ളവർ കടത്തിക്കൊണ്ടു പോയാണ് അവർ കേമന്മാരായത് എന്ന 'പരിഹാസവും' പണ്ടുകാലം മുതൽക്കേ നമ്മുടെ ഇടയിൽ വ്യാപകമായി നിലനിൽക്കുന്ന ഒരു 'മനോദുർബലത' ആണ്. നമ്മൾ ഇങ്ങനെ പ്രവർത്തിക്കുമ്പോൾ, പറയുമ്പോൾ, ബുദ്ധിശക്തിയെയും ഈ ലോകത്തുള്ള കോടാനുകോടി ജനങ്ങളുടെ ബുദ്ധിശക്തിയെയും കഴിവുകളെയും പരിഹസിക്കുകയാണെന്ന കാര്യം നമ്മൾ ഓർക്കാറില്ല, മനസ്സിലാക്കാറില്ല.

ഇതെങ്ങിനെ സംഭവിച്ചു? തെറ്റിദ്ധാരണ കൊണ്ടും, വിവേകപൂർണ്ണമായ, വസ്തുനിഷ്ഠമായ നിഷ്പക്ഷമായ, അഗാധമായ പഠനങ്ങളുടെ അഭാവം കൊണ്ടും സംഭവിച്ചതാണ്.

ദർശനങ്ങളിൽ ഉള്ള അറിവ് സ്ഥൂലമാണ്. അത് ഒരു പൊതു കാഴ്ചപ്പാടാണ്. ഉദാഹരണമായി, ഒരു ആപ്പിൾ മരത്തിൽ നിന്നും താഴോട്ടു വീണപ്പോൾ, ആ വീഴ്ച ആപ്പിളിന്റെ ഭാരം കൊണ്ടല്ലാ, അത് ഭൂമിയുടെ ഗുരുത്വാകർഷണ ശക്തികൊണ്ടാണെന്ന് 'സർ ഐസക്ക് ന്യൂട്ടണ്' കാണാൻ സാധിച്ചു. അത് ഐസക്ക് ന്യൂട്ടന്റെ 'ദർശനമാണ്'. എന്നാൽ, ന്യൂട്ടൺ അവിടെ നിറുത്തിയില്ല. ഭൂമിയുടെ ഗുരുത്വാകർഷണത്തെപ്പറ്റി അനവധി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുകയും, പല കാര്യങ്ങളും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തു. ന്യൂട്ടന്റെ പഠനഫലമായി ലഭിച്ച അറിവുകളാണ് 'ആധുനിക ശാസ്ത്ര വിജ്ഞാനം'.

മറ്റൊരു ഉദാഹരണം, പതഞ്ജലി മഹർഷി, "അനുകൂല സാഹചര്യങ്ങളിൽ, ഒരു ജീവി മറ്റൊരു ജീവിയായി പരിണമിക്കും" എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ, പതഞ്ജലി മഹർഷിക്ക് പ്രകൃതിയിൽ, 'പരിണാമം' എന്നൊരു 'പ്രതിഭാസം' ഉണ്ടെന്ന സത്യം മനസ്സിലായിരുന്നു. അത് അദ്ദേഹത്തിന്റെ 'ദർശനം' ആണ്. എന്നാൽ, ചാൾസ് ഡാർവിനും 'പരിണാമം' എന്ന പ്രതിഭാസത്തെ കണ്ടെത്തിയിരുന്നു. പക്ഷെ ആ കണ്ടെത്തലുകളിൽ അദ്ദേഹം നിറുത്തിയില്ല. അത് എങ്ങിനെ സംഭവിക്കുന്നു അവയിലുള്ള ഘടകങ്ങൾ ഏവ എന്നെല്ലാം പഠനം നടത്തി. അദ്ദേഹത്തെ തുടർന്നു വന്ന ശാസ്ത്രജ്ഞന്മാരാണ് ഇന്ന് നമുക്ക് സുപരിചിതമായ ഡി.എൻ.എ., ആർ.എൻ.എ., മൈറ്റോകോണ്ട്രിയ, ക്രോമസോമുകൾ, ജീനുകൾ മുതലായ വിഷയങ്ങൾ കണ്ടുപിടിച്ചത്. അതായത് ആധുനിക ശാസ്ത്രത്തിന്റെ അറിവുകൾ വളരെ വിപുലമാണ്.

ഇവിടെ വളരെ ശ്രദ്ധേയമായ മറ്റൊരു വിഷയം, നമ്മുടെ യഥാർഥ മഹർഷിമാരെയും ആധുനിക ഭൗതിക ശാസ്ത്രജ്ഞന്മാരെയും നയിക്കുന്ന വികാരം, ഒന്നുതന്നെ. 'സത്യാന്വേഷണ തൃഷ്ണ' അതുകൊണ്ടാണ് സെമെറ്റിക്ക് മതങ്ങളിൽ നിന്നും വിഭിന്നമായി, നമ്മുടെ ഋഷിമാരുടെ ദർശനങ്ങളും, ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും തമ്മിൽ യാതൊരു സംഘട്ടനവും ഉണ്ടാകാത്തത്. ഋഷിമാരുടെ ദർശനങ്ങളെ ന്യായീകരിക്കുന്നതിനോടൊപ്പം, അവയുടെ അതിസൂക്ഷ്മമായ അറിവുകളുടെ വിശാലമായ ലോകത്തേക്കും കൂടി ശാസ്ത്രജ്ഞന്മാർ നമ്മെ കൊണ്ടു പോകുന്നുണ്ട്. ഈ അറിവുകൾ നമ്മുടെ പൂർവ്വികന്മാർക്ക് ഉണ്ടായിരുന്നില്ല. അവിടെയാണ് ഋഷിമാരുടെ ദർശനങ്ങളും ആധുനിക ശാസ്ത്രജ്ഞന്മാരുടെ അറിവുകളും തമ്മിലുള്ള വ്യത്യാസങ്ങൾ തുടങ്ങുന്നത്. അതായത് ഒന്ന് 'സ്ഥൂലം'. മറ്റേത് 'സൂക്ഷ്മം', വിപുലം.

ഈ ലേഖനം അവസാനിപ്പിക്കുന്നതിനു മുൻപ് ഭാരതം കണ്ട പ്രതിഭാധനന്മാരിൽ ഒരാളായിരുന്ന ഒരു മഹദ് വ്യക്തിയെയും അദ്ദേഹത്തിന്റെ വാക്കുകളെയും പരിചയപ്പെടുത്താമെന്ന് വിചാരിക്കുന്നു.

തിരുവനന്തപുരത്ത് ഒരു സ്ഥലം 'സ്റ്റാച്യൂ ജംഗ്ഷൻ' എന്ന് പ്രസിദ്ധമാണ്. അതിനു കാരണം, തിരുവിതാംകൂർ രാജ്യത്തിനും, ജനങ്ങൾക്കും, പ്രത്യേകിച്ച് തിരുവനന്തപുരത്തിനും ചെയ്ത സേവനങ്ങളെ അനുസ്മരിച്ച് ഈ വ്യക്തിയുടെ ഒരു പ്രതിമ അവിടെ ഉള്ളതുകൊണ്ടാണ്. സെക്രട്ടേറിയറ്റ്

മന്ദിരം പണികഴിപ്പിച്ചതിനെ തുടർന്നാണ് ഈ പ്രതിമ സ്ഥാപിച്ചത്. ഈ പ്രതിമ അവിടെ സ്ഥാപിച്ചത് മഹാരാജാക്കന്മാരോ, തിരുവിതാംകൂർ സർക്കാരോ അല്ലെന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. പൊതു ജനങ്ങൾക്ക് ഇദ്ദേഹത്തോടു തോന്നിയ സ്നേഹാ ദരങ്ങൾ കാരണം അവർ തന്നെ പണപ്പിരിവ് നടത്തി സ്ഥാപിച്ചതാണ് ഈ പ്രതിമ. ഈ പ്രതിമ തിരു വിതാംകൂർ ദിവാനായിരുന്ന സർ. ടി. മാധവ റാവു വിന്റേതാണ്. തിരുവിതാംകൂറിൽ നിന്നും പോയ തിനു ശേഷം ഇദ്ദേഹം ഇൻഡോറിലും, ബറോഡ യിലും ദിവാൻജിയായി ജോലി നോക്കിയിട്ടുണ്ട്. ബറോഡയിൽ, അവിടുത്തെ രാജാവിന് പ്രായ പൂർത്തി ആകാത്തതിനാൽ ദിവാൻ-കം-റീജന്റ് ആയാണ് അദ്ദേഹം സേവനം അനുഷ്ഠിച്ചത്. അദ്ദേഹത്തിന്റെ വിശ്രമജീവിതം, ചെന്നൈയിൽ മൈലാപ്പൂരിൽ ആയിരുന്നു. 1880-കളിൽ (കൃത്യ മായ വർഷം അന്വേഷിച്ചുകൊണ്ടിരിക്കയാണ്) മദ്രാസ് യൂണിവേഴ്സിറ്റിയുടെ 'ബിരുദദാന ചടങ്ങിൽ' (കോൺവൊക്കേഷൻ) അദ്ദേഹം നട ത്തിയ പ്രഭാഷണത്തിൽ (കോൺവൊക്കേഷൻ അഡ്രസ്സ്) നിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ:

"ഇന്നുള്ളവരേക്കാൾ അറിവുള്ളവരായിരുന്നു പൂർവ്വികന്മാരെന്ന അബദ്ധജടിലമായ വിശ്വാസ ങ്ങൾ ഒഴിവാക്കുക. അതൊരിക്കലും സത്യമാവുക യില്ല. ഒരു വ്യക്തിയുടെ ഓരോ വർഷത്തെ ജീവി തത്തിലും അയാൾ കൂടുതൽ അറിവ് നേടുന്നു. അങ്ങിനെ വർഷാവർഷം അറിവ് വർദ്ധിച്ചുകൊ ണ്ടേയിരിക്കും. അതുപോലെ ഓരോ തലമുറയും അതിനു മുൻപുള്ള തലമുറയുടെ അറിവിനോട് കൂടുതൽ അറിവ് ചേർക്കുന്നു. ഈ പ്രക്രിയയിൽ മനുഷ്യരാശി ഒരു ശതാബ്ദത്തിൽ സമാഹരിക്കുന്ന അറിവ് വളരെ വലുതാണ്. അതുകൊണ്ട് ശതാബ്ദ ങ്ങൾക്കു മുൻപ് ജീവിച്ചിരുന്ന മനുഷ്യർക്ക് ഇന്നു ള്ളവരേക്കാൾ അറിവുണ്ടായിരുന്നുവെന്ന് പറയു ന്നത് അസംബന്ധം തന്നെയാണ്. അതുകൊണ്ട് പ്രാചീന അറിവുകളേക്കാൾ ആധുനിക അറിവ് സമ്പാദിക്കുവാൻ യാതൊരു മടിയും വേണ്ട. നമ്മുടെ പൂർവ്വികന്മാർക്ക് 'എല്ലാമറിയാമായിരുന്നു' എന്ന അന്ധവിശ്വാസം ആപത്താണ്, കാരണം അത് തെറ്റുകളിലേക്കും, അറിവിന്റെ നിശ്ചലതയി ലേക്കും നയിക്കും."

'നമ്മുടെ പൂർവികർക്ക് എല്ലാമറിയാമായിരുന്നു' എന്ന പല്ലവി 18-ാം നൂറ്റാണ്ടിൽ കേട്ടു, ഇന്നും കേൾക്കാം. ജാഗ്രത പാലിക്കുക. പൂർവ്വികരെ ആദരിക്കണം. ഭൗതികമായ വിഷയങ്ങളെക്കുറിച്ച് അവർക്കുള്ള അറിവ് മനോഹരമായ ഒരു പൊയ്ക യാണെങ്കിൽ, ഇന്ന് ആധുനിക ശാസ്ത്ര വിജ്ഞാനം ഒരു സമുദ്രമാണ്. ആ സത്യം വിസ്മരിക്കരുത്.

എന്നാൽ, മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന അധ്യാത്മിക തലത്തിലേക്ക് ഉയരു മ്പോൾ, നമ്മുടെ ഋഷിമാരുടെ ദർശനങ്ങൾ 'സനാ തനമാണ് - ആദിയും അന്തവും ഇല്ലാത്തതാണ്. അവ അവരുടെ അന്തർ മണ്ഡലങ്ങളിൽ കണ്ടെ ത്തിയ അധ്യാത്മിക സത്യങ്ങളാണ്', യഥാർഥ ത്തിൽ 'അധ്യാത്മിക സത്യവും' 'ഭൗതിക സത്യവും' ഒന്നു തന്നെയാണെന്ന് അവർ കണ്ടെത്തി. സൃഷ്ടിയും സ്രഷ്ടാവും ഒന്നു തന്നെയെന്ന സത്യം അവർ കണ്ടെത്തി. സ്രഷ്ടാവിന്റെ ഒരു പ്രകടിത ഭാവം മാത്രമാണ് സൃഷ്ടി എന്നും അവർ കണ്ടെത്തി. അവയെല്ലാം അവരുടെ 'ദർശനങ്ങളായിരുന്നു'. അവയിൽ നിന്നാണ്:-

പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതെ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ

"അത് പൂർണ്ണമാണ്, അനന്തമാണ്. ഇതും (ഈ ഭൗതിക പ്രപഞ്ചം) പൂർണ്ണമാണ്, അനന്ത മാണ്. ആ പൂർണ്ണതയിൽ നിന്നും ഈ പൂർണ്ണത ഉൽഭവിച്ചു. ഈ പൂർണ്ണതയ്ക്കു വേണ്ടി ആ പൂർണ്ണതയിൽ നിന്നും പൂർണ്ണത എടുത്തപ്പോൾ, ബാക്കി അവശേഷിച്ചതും 'പൂർണ്ണത' തന്നെ."

ഋഷിമാരുടെ 'അന്തർമണ്ഡലം' എത്ര വിശാല മാണ്, അനന്തമാണ്. അത് അനന്തമായ ഭൗതിക പ്രപഞ്ചത്തെ അവരുടെ അന്തർ മണ്ഡലത്തിന്റെ ഒരു ഭാഗമായി ചുരുക്കിക്കളഞ്ഞു. അതിശയം തന്നെ.

അത്യഗാധമായ ധ്യാനങ്ങളുടേയും മനനങ്ങ ളുടേയും ഫലമായാണ് അവർക്ക് അത് സാദ്ധ്യമാ യത്, ആ ദർശനങ്ങൾ ഉണ്ടായത്.

അങ്ങിനെയാണ് "സർവ്വം ഖല്വിദം ബ്രഹ്മഃ" എന്നും "ഏകമദ്വിതീയം ബ്രഹ്മഃ" എന്നുമുള്ള ഭൗതികവും ആധ്യാത്മികവും കൂടിച്ചേർന്ന ഒന്നാ ണെന്ന അത്യുന്നതമായ സത്യം അവർ കണ്ടെ ത്തിയത്.

കവിത

# ഇന്നലെകൾ

**കൃഷ്ണ വർമ്മ**
ചിറക്കൽ കോവിലകം, കൊടുങ്ങല്ലൂർ, മൊ. 9447697000



ഇളകുന്ന ഗോവണിപ്പലകകൾക്കപ്പുറ-
മിന്നലെകൾ കുറേയേറെയുണ്ട്

ശോഷിച്ച കൈവരികൾക്കോ പറയുവാൻ
ശേഷിച്ച മധുരമാം പ്രണയമുണ്ട്

കരി വീണ മച്ചിൽ കുറുകുന്ന പ്രാവിന്നു
പറയുവാനേറെ കഥകളുണ്ട്

നിഴൽവീണു നീളും വടക്കിനി കോലായ്ക്കു
നീറുന്ന നോവിന്റെ തേങ്ങലുണ്ട്

പതിയെയിറങ്ങുമ്പോൾ പിന്നിലുയരുന്ന
പരിഭവ മന്ത്രണം കൂടെയുണ്ട്

പിരിയാത്ത കൗമാര സ്വപ്നങ്ങളെ നിങ്ങൾ
പുറകിലായെപ്പോഴും കൂടെയുണ്ട്

→

എത്ര അനന്തമായ 'സൂക്ഷ്മത' ആണ് ഋഷി മനസ്സുകളിൽ നാം കാണുന്നത്. ഇതുപോലെ ഋഗ്വേദത്തിലെ 'നാസദീയസൂക്ത'ത്തിൽ "പ്രപഞ്ചോൽപ്പത്തിക്ക് മുൻപ് എല്ലാം ശൂന്യമായിരുന്നു" എന്നും, "അന്ധകാരം അന്ധകാരത്തെ ആവരണം ചെയ്തിരുന്നു" എന്നും മറ്റും പറയുമ്പോൾ, ആ ഋഷിമാരുടെ മനസ്സിന്റെ തലങ്ങൾ എവിടെ ആയിരുന്നു, എങ്ങിനെ ആയിരുന്നു... നമുക്ക് അജ്ഞാതം.

നമ്മുടെ പൂർവ്വികർ സന്ധ്യാവന്ദനവേളയിൽ,

"ഇദം നമഃ ഋഷിഭ്യഃ പൂർവ്വജേഭ്യഃ
പൂർവ്വേഭ്യഃ പഥികൃദ്ഭ്യഃ"
(ഋഗ്വേദ സംഹിത - 10-14-15)

("വഴി വെട്ടിത്തെളിച്ചു തന്ന പൂർവ്വികരായ ഋഷിമാർക്ക് നമസ്കാരം." തീർച്ചയായും അറിവിന്റെ പാത ആയിരിക്കുമല്ലോ അവർ വെട്ടിത്തുറന്നത്)

എന്ന് തീർച്ചയായും "പഞ്ച ഋണങ്ങളിൽ" ഋഷിസ്മരണയായി ചൊല്ലിക്കൊണ്ടിരുന്നത്, ഇന്ന് കേവലം ഒരു 'ഋഷി തർപ്പണം' ആയി ചുരുങ്ങിപ്പോയിരിക്കുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു.

'സത്യാന്വേഷണ തൃഷ്ണയുള്ള' മഹാത്മാക്കളായ ആ ഋഷിവര്യന്മാർക്കും, ആധുനിക ഭൗതിക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞന്മാർക്കും ശതകോടി 'നമസ്കാരങ്ങൾ'. ●

## അഭിനന്ദനങ്ങൾ

ഇക്കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ (2022/23) ബിസിനസ്സ് മാനേജ്മെന്റിൽ (BBM) തൃപ്പൂണിത്തുറ ചിന്മയ കോളേജിൽ നിന്നും രണ്ടാം റാങ്കോടെയും എം.ജി. സർവ്വകലാശാലയിൽ എട്ടാം റാങ്കോടെയും പ്രശസ്ത വിജയം കൈവരിച്ച **മീനാക്ഷി വർമ്മ**. വൈക്കം വടക്കേ മഠത്തിലെ അജിത്ത് രാമവർമ്മയുടെയും ആറന്മുള കൊട്ടാരത്തിലെ മഞ്ജുള വർമ്മയുടെയും മകളും തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയിലെ മുതിർന്ന അംഗവും കവയിത്രിയുമായ ശ്യാമള വർമ്മയുടെ ചെറുമകളുമാണ്.



# ബൃഹദേശ്വരം മുതൽ ജംബുകേശ്വരം വരെ



**ഡോ. കെ.സി. മനോരമ തമ്പുരാട്ടി**
തിരുവനന്തപുരം, മൊ. 9495304892

കിഴക്കൻ തമിഴ്നാട്ടിലെ ചില പൈതൃക സ്ഥലികളിലൂടെ ഒരു ചെറിയ സഞ്ചാരം. തമിഴ്നാട്ടിലൂടെ യാത്ര ചെയ്യുമ്പോഴൊക്കെ അവിടേക്കുള്ള എന്റെ ആദ്യയാത്ര മനസ്സിലേക്കോടിയെത്തും. നാൽപ്പത്തിയഞ്ചു വർഷം മുൻപുള്ള ഒരു ഊട്ടി യാത്രയാണത്. ഞാൻ താമസിച്ചിരുന്ന ഹോസ്റ്റലിൽ നിന്നും കുട്ടികളായ ഞങ്ങളെ പാലക്കാട്, കോയമ്പത്തൂർ വഴി ഊട്ടിയിലേക്ക് ഒരു വിനോദയാത്ര കൊണ്ടുപോയി. കോയമ്പത്തൂർ വച്ച് ഒരു സിനിമകണ്ട്, അവിടെയുള്ള ഒരു കോൺവെന്റ് ഡോർമെർട്രിയിൽ അന്തിയുറങ്ങി പിറ്റേന്ന് ഊട്ടിയെന്ന പുഷ്പസാമ്രാജ്യത്തിലേക്കുള്ള യാത്ര. ബൊട്ടാണിക്കൽ ഗാർഡനും, തോഡരുടെ കുടിയും മനോഹരമായ ഒരു പള്ളിയും കണ്ട് ചെറിയ ഷോപ്പിങ്ങും നടത്തി തിരിച്ച് ഹോസ്റ്റലിലേക്ക്. അതിനുശേഷം എത്രയോ തവണ ഊട്ടി, കൂനൂർ, കോത്തഗിരി ഭാഗങ്ങളിലേക്ക് കുടുംബത്തോടൊപ്പവും, സുഹൃത്തുക്കളോടൊപ്പവും, ഔദ്യോഗികാവശ്യത്തിനായും യാത്ര ചെയ്തു. എന്നാലും ആ ആദ്യ യാത്രയുടെ കുളിർമ്മ ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു. കേരളത്തിന് പുറത്തേക്കുള്ള ആദ്യ യാത്രയായിരുന്നു അത്.

പിന്നീട് ഏറെ തവണ തമിഴ്നാട്ടിലേക്ക് യാത്ര ചെയ്തിട്ടുള്ളത് കന്യാകുമാരിയിലേക്കും മധുരയിലേക്കുമാണ്. പക്ഷെ കന്യാകുമാരി തമിഴ്നാട്ടിലാണെന്നൊരു തോന്നൽ ഒരിക്കൽപോലും ഉണ്ടായിട്ടില്ല. എന്തോ നമ്മുടെ സ്വന്തം എന്നൊരു തോന്നലാണ്. പിന്നെ മധുര മീനാക്ഷി ഭർത്തൃകുടുംബ പരദേവതയായതിനാൽ അമ്മയെക്കാണാനായുള്ള യാത്രയാണ് മധുരയ്ക്കുപോക്ക്. അങ്ങനെയിരിക്കവെയാണ് ഈ കിഴക്കൻ തമിഴ്നാട് യാത്ര തരപ്പെട്ടത്. വളരെ സാവകാശം, തിരഞ്ഞെടുത്ത സ്ഥലങ്ങൾ മാത്രം കണ്ട്, ഒരു അലസഗമനം എന്ന് വേണമെങ്കിൽ പറയാവുന്ന ഒരു സഞ്ചാരം. ഒരു ഇന്നോവ കാറിൽ തിരുവനന്തപുരത്തുനിന്നും തഞ്ചാവൂരിലേക്കും അവിടന്നങ്ങോട്ട് തിരുവണ്ണാമലൈ വരെ പോയി തിരുച്ചിറപ്പള്ളി വഴി തിരുവനന്തപുരത്തേക്കും. ഇതിനിടയിലുള്ള ചില പൈതൃക സ്ഥലികൾ കണ്ടറിഞ്ഞു യാത്രചെയ്ത ഈ അഞ്ചു ദിവസങ്ങൾ രസകരമായി കടന്നുപോയി.

ഞങ്ങൾ അഞ്ചുപേർ. പിന്നെ വണ്ടിയുടെ സാരഥിയും. രാവിലെ തിരുവനന്തപുരത്തുനിന്നും തിരിച്ച്, പ്രഭാത ഭക്ഷണം പാറശ്ശാലയിൽ നിന്നും കഴിച്ച് യാത്ര തുടർന്നു. നാഗർകോവിൽ കഴിഞ്ഞാൽ പിന്നെ നല്ല റോഡ്. യാത്ര സുഖകരം. വണ്ടിയുടെ സ്പീഡോമീറ്റർ 80 നും 100 നും ഇടയിൽ തന്നെ. വഴിയുടെ രണ്ടു വശവും ഊഷരപ്രാന്തങ്ങൾ പ്രതീക്ഷിച്ചെങ്കിലും സസ്യശ്യാമളകോമള സമൃദ്ധിയാണ് കണ്ടത്. തെങ്ങിൻതോപ്പുകളും, നെല്ല്, കരിമ്പ്, നിലക്കടല, സൂര്യകാന്തി, കനകാംബര പാടങ്ങളും, കാറ്റാടിപ്പാടങ്ങളും കടന്ന് വണ്ടി ഓടിക്കൊണ്ടിരുന്നു. ഇടയ്ക്കിടെ കല്ല് അടുക്കിയതുപോലുള്ള വലിയ ഒറ്റ കുന്നുകളും കാണുന്നുണ്ട്. ഈ കല്ലുകൾ അടർന്നു വീഴില്ലേ എന്ന സംശയം സ്വാഭാവികം. പക്ഷെ വളരെ ഉറപ്പുള്ള ഈ പാറക്കൂട്ടങ്ങൾ അടർന്നു വീഴാറില്ലെന്നാണ് അവിടത്തുകാർ പറയുന്നത്. മനസ്സിൽ അറിയാതെയാണെങ്കിലും ഹിമാലയപ്രാന്തങ്ങളിലെ കല്ലുവീഴ്ച ഓർമ്മവന്നു.

ഈ വഴിയിൽ വള്ളിയൂർ കഴിഞ്ഞാൽ പിന്നെ നോക്കെത്താദൂരത്തോളം കാറ്റാടിപ്പാടങ്ങളാണ്. വഴിയുടെ ഇരുവശവും ഭീമൻ കാറ്റാടിയന്ത്രങ്ങൾ കറങ്ങിക്കൊണ്ടിരിക്കുന്നു. തമിഴ്നാടിന്റെ വൈദ്യുതി ഉല്പാദനത്തിൽ ഇവയ്ക്ക് നിർണ്ണായകമായ

സ്ഥാനം ഉണ്ട്. വൈദ്യുതി ഉല്പാദനത്തിൽ മാത്രമല്ല, ആ പ്രദേശത്തിന്റെ സാമ്പത്തിക സാമൂഹിക നിലവാരത്തിലും ഇവ ചെറുതല്ലാത്ത സ്വാധീനം ചെലുത്തുന്നു. എങ്കിലും പഴയ തലമുറയിൽപ്പെട്ട ചിലർ കൃഷിഭൂമി ഇത്തരത്തിലായതിൽ ഖേദിക്കുന്നുണ്ട്. കാറ്റാടിപ്പാടങ്ങൾ വേലികെട്ടി തിരിച്ചതിലാണ് ആടുവളർത്തുന്നവർക്കു വിഷമം. അങ്ങിനെ പാടങ്ങൾ അതിരിടുന്ന മലകളും, താഴ്വാരങ്ങളിൽ മേഞ്ഞുനടക്കുന്ന ആട്ടിൻകൂട്ടങ്ങളും, പറന്നുല്ലസിക്കുന്ന പറവകളും വിസ്മൃതിയിൽ ആണ്ടെങ്കിലും സാമ്പത്തിക ഉന്നതി നൽകുന്നതിനാൽ പൊതുവെ ജനങ്ങൾ സന്തുഷ്ടരാണ്. കൂടാതെ ഹരിതോർജ്ജ ഉറവിടമായതിനാൽ പരിസ്ഥിതി സൗഹൃദവുമാണല്ലൊ.



വഴിയുടെ ഇരുവശത്തും ധാരാളം നല്ല ഹോട്ടലുകൾ ഉള്ളതിനാൽ ഭക്ഷണം ഒരു പ്രശ്നമായില്ല. പ്രശ്നമായില്ലെന്നു മാത്രമല്ല അല്പം കൂടിപ്പോയോ എന്നൊരു സംശയം. ഉച്ചയൂണിനു കയറിയ A2B ആനന്ദഭവൻ ഹോട്ടലിൽ മിനി മീൽസ് ഓർഡർ ചെയ്തപ്പോൾ കിട്ടിയത് പൊങ്കലും, തൈരുസാദവും സാമ്പാർ സാദവും മധുരവും മറ്റ് ഉപദംശങ്ങളും അടങ്ങിയ ഒരു 'മെഗാ മിനി മീൽ'. ഭക്ഷണം കളയാൻ മടിച്ച് യാത്രയിലെ ഭക്ഷണ മിതത്വം ഇവിടെ കൈമോശം വന്നു. ഭക്ഷണകാര്യങ്ങളിൽ അല്പംകൂടി സൂക്ഷിക്കാം, അല്ലെങ്കിൽ കാര്യങ്ങൾ അവതാളത്തിലാകുമെന്ന് പൂർവ്വാനുഭവം. മുൻപ് ഇതിലെ പോയപ്പോൾ ഇത്രയധികം ഹോട്ടലുകൾ കണ്ടിരുന്നില്ല. സഞ്ചാരികളുടെ വർദ്ധിച്ച തിരക്ക് ഈ മേഖലയ്ക്ക് മുതൽക്കൂട്ടായിക്കാണും. വൈകുന്നേരത്തോടെ തഞ്ചാവൂർ എത്തി. താമസം സംഗം ഹോട്ടലിൽ.

**തഞ്ചാവൂർ കാഴ്ചകൾ**

താഞ്ചൂർ എന്നറിയപ്പെട്ടിരുന്ന തഞ്ചാവൂർ, ചോള, നായ്ക്കർ, മറാത്ത ഭരണാധികാരികളുടെ രാജകീയ നഗരമാണ്. ഒൻപതു മുതൽ പതിനാറാം നൂറ്റാണ്ടുവരെ ചോളരും, അതിനുശേഷം ഒരു നൂറ്റാണ്ടോളം നായ്ക്കരും പിന്നെ പത്തൊൻപതാം നൂറ്റാണ്ടുവരെ മറാത്ത രാജവംശവുമായിരുന്നു ഇവിടം ഭരിച്ചിരുന്നത്.

തഞ്ചാവൂർ എന്ന പേരിനു പുറകിൽ പല കഥകൾ പറഞ്ഞുകേൾക്കുന്നു. ഒന്ന് 'തഞ്ചം പുഗുന്ത ഊര്' പറഞ്ഞു പഴകി തഞ്ചാവൂർ ആയിയെന്ന്. മറ്റൊന്ന് തഞ്ജൻ എന്ന അസുരനെ മഹാവിഷ്ണു വധിച്ചപ്പോൾ പട്ടണത്തിനു തന്റെ പേരിടണമെന്ന അവസാന ആഗ്രഹം സാധിച്ചുകൊടുത്തതാണെന്നാണ്. പേരിനെപ്പറ്റി ഇനിയും പല കഥകളും ഉണ്ട്. തമിഴ്നാടിന്റെ സാംസ്കാരിക തലസ്ഥാനമായി അറിയപ്പെടുന്ന ഇവിടം പുരാതന ക്ഷേത്രങ്ങൾക്കും അതിമനോഹരമായ കരകൗശല വാസ്തുവിദ്യയ്ക്കും പേരുകേട്ടതാണ്. ഏറ്റവും പ്രസിദ്ധം ബൃഹദേശ്വരക്ഷേത്രം തന്നെ.

തഞ്ചാവൂരിൽ ഞങ്ങൾ ആദ്യമായി സന്ദർശിച്ചത് ബൃഹദീശ്വരക്ഷേത്രമായിരുന്നു (ബൃഹദ്ദേശ്വര ക്ഷേത്രം ബ്രഹദേശ്വരക്ഷേത്രം എന്നും എഴുതിക്കാണുന്നുണ്ട്). മനോഹരമായ ചോള വാസ്തുവിദ്യയുടെ മകുടോദാഹരണമാണ് ഈ ക്ഷേത്രം. പൂർണ്ണമായും കരിങ്കല്ലിൽ തീർത്ത ക്ഷേത്രം. സമീപപ്രദേശത്തൊന്നും നല്ല കരിങ്കല്ല് ലഭ്യമല്ലാത്തതിനാൽ കല്ല് ദൂരെനിന്ന് കൊണ്ടുവന്നാണ് ഈ ക്ഷേത്രം നിർമ്മിച്ചിട്ടുള്ളത്. കരിങ്കല്ല് കൊണ്ടുവരുവാനും ഇത്രയും ഉയരത്തിൽ ക്ഷേത്രം കെട്ടിപ്പടുക്കുവാനും ഉപയോഗിച്ച അന്നത്തെ ആ സാങ്കേതിക വിദ്യ എന്തായിരുന്നുവോ എന്തൊ?

ദക്ഷിണമേരു എന്നും, ക്ഷേത്രം പണികഴിപ്പിച്ച രാജരാജചോളന്റെ പേരിൽ രാജരാജേശ്വരം ക്ഷേത്രമെന്നും ഇവിടം അറിയപ്പെടുന്നുണ്ട്. എങ്കിലും പെരിയകോവിൽ എന്നാണ് പൊതുവെ പറയുന്നത്. പെരുവുടയാർ (പെരിയ ആവുടയാർ) കോവിൽ എന്നതു ലോപിച്ച് പെരിയകോവിൽ ആയതത്രെ. ആവുടയാർ എന്നത് ശിവന്റെ ഒരു

നാമമാണ്. ചോള ഭരണകാലത്ത് നിലനിന്നിരുന്ന ഈ പേരുകൾ, മറാത്താ ഭരണമായപ്പോഴേക്കും മാറി 'ബൃഹദീശ്വര ക്ഷേത്രം' എന്നറിയപ്പെട്ടു തുടങ്ങി. കുഞ്ചരമല്ലൻ പെരുന്തച്ചൻ എന്ന ശില്പിയാണ് ഈ ബൃഹദ് ക്ഷേത്രം രൂപകല്പന ചെയ്തത്. ക്ഷേത്രമതിലിൽ പേരു കൊത്തിവച്ച് അദ്ദേഹത്തിനെയും ആദരിച്ചിട്ടുണ്ട്. ക്ഷേത്രം യുനെസ്കോയുടെ ലോക പൈതൃക സൈറ്റിൽ പെടുന്നു.

യുദ്ധത്തിൽ വിജയിച്ചതിന്റെ പ്രതീകമായാണ് ശിവഭക്തനായ രാജരാജ ചോളൻ എ.ഡി. 985-ൽ ക്ഷേത്രനിർമ്മാണം തുടങ്ങുന്നത്. 2010-ൽ ക്ഷേത്രം 1000-ാം വാർഷികം ആഘോഷിച്ചു. ലിംഗരൂപത്തിലുള്ള ശിവനാണ് പ്രധാന പ്രതിഷ്ഠ. അക്കാലത്തെ ക്ഷേത്രങ്ങളിൽ ഏറ്റവും ഉയരമുള്ള ഗോപുരം ഇവിടെയായിരുന്നു. ഇന്നത്തെ നിർമ്മിത ബുദ്ധി/വിജ്ഞാന വിസ്ഫോടന കാലഘട്ടത്തിൽ ക്ഷേത്രത്തെപ്പറ്റി അധികം പറയുന്നതിൽ കാര്യമില്ല. എങ്കിലും അല്പസ്വല്പം പറയാതെയും പറ്റില്ലല്ലൊ. എന്റെ ഈ കുറിപ്പ് ഇവിടം സന്ദർശിച്ചവർക്ക് ഓർമ്മകളിലൂടെയുള്ള ഒരു യാത്രയും അല്ലാത്തവർക്ക് യാത്രയ്ക്കൊരു പ്രചോദനവും ആകുമെന്ന് കരുതട്ടെ. ഇതിലൊന്നിലും പെടാത്തവർ സദയം ക്ഷമിക്കുക.

ബൃഹദാകാരത്തിലുള്ള ഈ ക്ഷേത്രത്തെ അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണാനാകൂ. സന്ധ്യാസമയത്താണ് ഞങ്ങൾ ക്ഷേത്രപരിസരത്തെത്തുന്നത്. അസ്തമയപ്രഭയിൽ ആകാശവുമായി സമന്വയിച്ച്, ശില്പചാരുതയാർന്ന മനോഹരമായ ഗോപുരവും അതിനു മുകളിൽ സ്ഥാപിച്ചിട്ടുള്ള ഗോളാകൃതിയിലുള്ള മകുടവും നിർന്നിമേഷം നോക്കിനിന്നുപോയി. ആ കാഴ്ച അല്പനേരത്തേക്കെ ഉണ്ടായിരുന്നുള്ളു. ഉടൻതന്നെ ക്ഷേത്രം മുഴുവനും വൈദ്യുതാലങ്കാരപ്രഭയിൽ മുങ്ങി. അതും നയനാഭിരാമമായ കാഴ്ചയാണ്. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരംകൂടിയ ഈ ക്ഷേത്രത്തിന് 216 അടി ഉയരവും 14 നിലകളുമുണ്ട്. 12 വർഷം കൊണ്ടാണ് പണി തീർന്നത്. ക്ഷേത്രനിർമ്മാണത്തിന് മൊത്തം 1.3 ലക്ഷം ടൺ കരിങ്കല്ല് വേണ്ടിവന്നു എന്നു പറയുമ്പോൾ ക്ഷേത്രാകാരം നമുക്കൂഹിക്കാവുന്നതിനും അപ്പുറമത്രെ.

ക്ഷേത്രത്തിലേക്കെത്തുന്നത് രണ്ട് ഗോപുര കവാടങ്ങൾ കടന്നാണ്. ചോള സാമ്രാജ്യത്തിന്റെ ഇന്നലെകളോട് ചേർന്നുനിൽക്കുന്നതാണ് ഈ ഗോപുരങ്ങൾ. ഇവയിൽ ആദ്യ ഗോപുരത്തിന് കേരളവുമായി ഒരല്പം ബന്ധമുണ്ട്. ഈ ഗോപുരത്തിന്റെ പേര് 'കേരളാന്തകൻ തിരുവയൽ' എന്നാണ്. കേരളനാട്ടുരാജാവായ ശ്രീ ഭാസ്കര രവിവർമ്മനെ പരാജയപ്പെടുത്തിയതിനു ശേഷം രാജരാജൻ ഒന്നാമനു ലഭിച്ച പേരാണത്രെ കേരളാന്തകൻ. ആ ഓർമ്മയ്ക്കായാണ് ഈ അഞ്ചു നിലകളുള്ള ഗോപുരത്തിനു 'കേരളാന്തകൻ തിരുവയൽ' എന്ന് നാമകരണം ചെയ്തിരിക്കുന്നത്. 66 മീറ്റർ ഉയരമുള്ള ഈ ഗോപുരത്തിൽ ദ്രാവിഡ ശില്പചാതുരി പ്രകടിപ്പിക്കുന്ന നിരവധി മനോഹര ശിൽപ്പങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. ഇവയിൽ ദക്ഷിണാമൂർത്തിയുടേയും (തെക്ക്), ബ്രഹ്മാവിന്റേയും (വടക്ക്) പ്രതിഷ്ഠകൾ എടുത്തു പറയത്തക്കതാണ്.

മൂന്നു നിലകളുള്ള രണ്ടാമത്തെ ഗോപുരം 'രാജരാജൻ തിരുവയൽ' എന്നറിയപ്പെടുന്നു. ഈ ഗോപുരത്തിൽ മാർക്കണ്ഡേയപുരാണം, കിരാതാർജ്ജുനീയം തുടങ്ങി ധാരാളം പുരാണകഥാസന്ദർഭങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു. പാമ്പ് ആനയെ വിഴുങ്ങുന്ന ഒരപൂർവ്വ ശില്പം ഇവിടെ കണ്ടു.

പ്രവേശന ഗോപുരങ്ങൾ കഴിഞ്ഞാൽ നേരെ കാണുന്നത് സ്വർണ്ണത്തിൽ പൊതിഞ്ഞ ധ്വജവും ചിത്രപ്പണികൾ നിറഞ്ഞ നന്ദിമണ്ഡപവും, അതിൽ ശിവലിംഗത്തെ നോക്കുന്ന രൂപത്തിലുള്ള വലിയ നന്ദി പ്രതിഷ്ഠയുമാണ്. ധ്വജത്തിന്റെ അഗ്രഭാഗത്ത് കേരളത്തിൽ കാണുന്നതിൽ നിന്ന് വ്യത്യസ്തമായി, മൂന്നു ദണ്ഡുകൾ തിരശ്ചീനമായി നിൽക്കുന്നുണ്ട്. അതിൽ മണികളും ഘടിപ്പിച്ചിട്ടുണ്ട്. ഒറ്റക്കല്ലിൽ നിർമിച്ച നന്ദി 12 അടി ഉയരവും 16 അടി നീളവും 25 ടൺ തൂക്കവും ഉള്ളതാണ്. അസാമാന്യ വലുപ്പമുള്ള ഈ നന്ദി ഏതാണ്ട് രണ്ടു ഗജവീരന്മാർ ഒത്തുചേർന്നത്രയുണ്ട്. നന്ദി വിഗ്രഹത്തിനെ വലംവച്ച് താഴേക്കിറങ്ങി ക്ഷേത്രത്തിനുള്ളിലേക്കു കയറാം. ഇനി രണ്ടു മഹാമണ്ഡപങ്ങൾ കടന്നാൽ ശ്രീകോവിലായി. ശ്രീകോവിലിനു മുകളിലായി ഏറ്റവും ഉയരമുള്ള ഗോപുരം. ആ

ഗോപുരത്തിനു മുകളിലുള്ള മകുടം ഏകദേശം 80 ടൺ ഭാരമുള്ള ഒറ്റക്കല്ലിൽ നിർമ്മിച്ചതാണ്. മകുടത്തിന്റെ നിഴൽ ഉച്ചസമയത്ത് നിലത്ത് വീഴില്ല എന്നതാണ് ഈ ക്ഷേത്രത്തിന്റെ മറ്റൊരു പ്രത്യേകത. മകുടത്തിനു ചുറ്റും നന്ദികേശ്വര പ്രതിഷ്ഠകളും ഉണ്ട്.

ഒറ്റക്കല്ലിൽ നിർമ്മിച്ച 13 അടി ഉയരവും 20 മെട്രിക് ടൺ ഭാരവുമുള്ള ശിവലിംഗമാണ് പ്രധാന പ്രതിഷ്ഠ. ഒറ്റനോട്ടത്തിൽ ഈ വിഗ്രഹം മുഴുവനായും കണ്ണുകൾക്കാവാഹിക്കാനാകില്ല. ഞാൻ ആദ്യനോട്ടത്തിൽ ശിവലിംഗത്തിൽ പതിച്ചിരിക്കുന്ന വലത്തെ കണ്ണ് മാത്രമാണ് കണ്ടത്. പിന്നീട് അല്പം പുറകോട്ടു മാറി നിന്നപ്പോളാണ് മൂന്ന് നയനങ്ങളും ചന്ദ്രക്കലയും ഭസ്മക്കുറികളും ഒക്കെ കണ്ടത്. ഒരു ബൃഹദ് ആകാരം തന്നെ. ഭക്തിയേക്കാൾ ഉപരി അവിടെ നിന്നപ്പോൾ അത്ഭുതമാണ് തോന്നിയത്. "ശിവ ശിവ" എന്ന് അറിയാതെ തന്നെ വിളിച്ചുപോയി. മുകളിലേക്ക് നോക്കിയപ്പോൾ അവിടെയും തമിഴിൽ അതുതന്നെ എഴുതിയിരിക്കുന്നു. നമ്മുടെ നാട്ടിൽ 'ഓം നമഃശിവായ' എന്നല്ലേ കാണാറുള്ളത്. അല്ലെങ്കിലും ഇത്ര ബൃഹദ് നിർമ്മിതികൾ കണ്ടുശീലിച്ചിട്ടില്ലാത്ത എനിക്ക് കുറേ നേരത്തേക്ക് അന്തംവിട്ട് നോക്കിനിൽക്കാനെ കഴിഞ്ഞുള്ളു. പിന്നീടെപ്പോഴോ ശിവലിംഗ പ്രതിഷ്ഠ മനസ്സിൽ കയറിക്കൂടി. അറിയാതെ തന്നെ നാവ് "നമഃശിവായ" ഉതിർത്തു.

ഈ മഹാക്ഷേത്രത്തിന്റെ മച്ചിലും മനോഹരമായ ധാരാളം ചിത്രങ്ങൾ കാണാം. ക്ഷേത്ര ചുവരുകളിലെ കൊത്തുപണികൾ ചോളരാജാക്കന്മാർ നടത്തിയ വീരസാഹസിക പോരാട്ടങ്ങളുടെയും അവരുടെ കുടുംബ പരമ്പരയുടെയും കഥകൾ പറയുന്നു. ഒപ്പം ഭരതനാട്യത്തിലെ 108 കരണങ്ങളിലെ 81 എണ്ണം ഇവിടെ ആലേഖനം ചെയ്തിട്ടുണ്ട്. ബാക്കി 27-നു സ്ഥലം ഒഴിച്ചിട്ടിട്ടുണ്ട്. പക്ഷെ എന്തുകൊണ്ടെന്നറിയില്ല ബാക്കി ശില്പങ്ങൾ അവിടെ മെനയാതിരുന്നത്. ക്ഷേത്രവളപ്പിന് ചുറ്റുമായി ദീർഘമായ ഇടനാഴികളിൽ 108 ശിവലിംഗങ്ങൾ നിരയായി പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ പ്രദേശത്തിന്റെ വാസ്തുവിദ്യാ മികവ് ഇവയിലെല്ലാം തെളിഞ്ഞു കാണാം.

പ്രധാന പ്രതിഷ്ഠ കൂടാതെ ചണ്ഡികേശ്വരൻ, പെരിയനായകി അമ്മാൾ, സുബ്രഹ്മണ്യൻ, ഗണപതി എന്നിവർക്കുള്ള ക്ഷേത്രങ്ങൾ ഉണ്ട്. അവ പിൽക്കാലത്ത് നിർമ്മിച്ചവയാണ്. നന്ദി മണ്ഡപവും വിഗ്രഹവും ഇക്കൂട്ടത്തിൽ പെടുന്നു. ഇവയ്ക്കുപുറമെ ഉപദേവതകളായ ദക്ഷിണാമൂർത്തി, സൂര്യൻ, ചന്ദ്രൻ, അഷ്ടദിക്ക്പാലകരായ അഗ്നി, ഇന്ദ്രൻ, ഈസാന, കുബേരൻ, നിരുതി, വരുണൻ, വായു, യമൻ, തുടങ്ങിയവരുടെ സ്ഥാനങ്ങളും ഇവിടെയുണ്ട്.

ക്ഷേത്രത്തിൽ മിക്കവാറും ദിവസങ്ങളിൽ ഏതെങ്കിലും നൃത്തപരിപാടികളുണ്ടായിരിക്കും. ഞങ്ങൾ തൊഴുതിറങ്ങിയപ്പോൾ വലതുഭാഗത്തുള്ള നൃത്തമണ്ഡപത്തിൽ നടരാജ വിഗ്രഹത്തിനു മുന്നിലായി തഞ്ചാവൂർ നാട്യഗൃഹ സമിതിയുടെ ആഭിമുഖ്യത്തിൽ തമിഴ്നാട്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നർത്തകിമാരുടെ ഭരതനാട്യം നടക്കുകയായിരുന്നു. നല്ല അവതരണം. അൽപനേരം അതും ആസ്വദിച്ചു.

ശിവരാത്രി, നവരാത്രി, പഞ്ചമി, പ്രദോഷം, അഷ്ടമി, പൗർണ്ണമി എല്ലാം ഇവിടെ വിശേഷ ദിവസങ്ങളാണ്. ബൃഹദേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തുന്നത് തന്നെ പുണ്യമാണെന്ന് പറയപ്പെടുന്നു. രാവിലെ 6 മുതൽ ഉച്ചയ്ക്ക് 12.30 വരെയും വൈകിട്ട് 4 മുതൽ 8.30 വരെയും ആണ് ദർശന സമയം. ക്ഷേത്രത്തിന്റെ സംരക്ഷണം പുരാവസ്തു ഗവേഷണ വകുപ്പിന്റെ ചുമതലയിൽ പെട്ടതിനാൽ നല്ലരീതിയിൽ സംരക്ഷിച്ചുപോരുന്നു.

അടുത്ത ദിവസം രാവിലെ വീണ്ടും ബൃഹദേശ്വര ക്ഷേത്രസന്നിധിയിൽ എത്തി. അവിടെയൊക്കെ ഒന്ന് ചുറ്റിക്കറങ്ങി, കുറച്ചു ഫോട്ടോയൊക്കെ എടുത്തു. പിന്നീട് ക്ഷേത്രത്തിനടുത്തുള്ള തഞ്ചാവൂർ കൊട്ടാരം കാണാനായി പോയി. ഇവിടം 'തഞ്ചാവൂർ പാലസ് കോംപ്ലക്സ്' എന്നാണറിയപ്പെടുന്നത്. ഇതിനകത്താണ് സരസ്വതി മഹൽ ലൈബ്രറി, റോയൽ പാലസ് മ്യൂസിയം, സെർഫോജി മെമ്മോറിയൽ ഹാൾ, ഡർബാർ ഹാൾ, ആർട്ട് ഗാലറി ഇവയൊക്കെ. ടിക്കറ്റെടുത്ത് പാലസ് കോംപ്ലക്സിൽ കയറാം. റോയൽ പാലസ് മ്യൂസിയത്തിനും, സെർഫോജി മെമ്മോറിയൽ

ഹാളിനും വേറെ ടിക്കറ്റ് എടുക്കേണ്ടതുണ്ട്, വളരെ ചെറിയ തുകയാണെങ്കിലും.

ആദ്യം ലൈബ്രറിയിലേക്ക് കയറി. പതിനാറാം നൂറ്റാണ്ടിൽ നായ്ക്ക് രാജാക്കന്മാർക്കുള്ള ഒരു രാജകീയ ലൈബ്രറി എന്ന നിലയിലാണ് ഇതു സ്ഥാപിച്ചത്. ഏഷ്യയിലെ ഏറ്റവും പഴക്കം ചെന്ന ലൈബ്രറികളിലൊന്നാണിത്. മറാത്താ ഭരണ കാലത്ത് ഈ ലൈബ്രറി വലിയ വികസനം കൈവരിച്ചു. താളിയോലകൾ ഉൾപ്പെടെ 60,000-ത്തിലധികം അപൂർവ ഗ്രന്ഥങ്ങളുടെയും കൈയെഴുത്തുപ്രതികളുടെയും അമൂല്യ ശേഖരം ഇവിടെയുണ്ട്. ഇവയെല്ലാം മൈക്രോ ഫിലിമിലാക്കിയും ഡിജിറ്റൈസ് ചെയ്തും സംരക്ഷിച്ചിട്ടുണ്ട്. രാജകീയ രേഖകൾ, ഭൂപടങ്ങൾ, ചിത്രങ്ങൾ, തഞ്ചാവൂർ പെയിന്റിംഗുകൾ എന്നിവയാണ് മറ്റ് ഇനങ്ങൾ. ചിത്രങ്ങളിൽ എനിക്ക് സവിശേഷമായി തോന്നിയത് മനുഷ്യരെയും മൃഗങ്ങളെയും അടുത്തടുത്ത് ചിത്രീകരിച്ച് പ്രദർശിപ്പിച്ചവയാണ്. രണ്ടുകൂട്ടർക്കും തമ്മിൽ എവിടെയൊക്കെയൊ ഒരു സാമ്യവും തോന്നി. പഴയ നരവംശശാസ്ത്ര പഠനത്തിന്റെ ഭാഗമായിരുന്നുവോ ഇവ? അറിയില്ല.

പൊതുജനങ്ങൾക്ക് ലൈബ്രറിയുടെ എല്ലാ ഭാഗവും കാണുന്നതിനായി തുറന്നു കൊടുത്തിട്ടില്ല. തിരഞ്ഞെടുത്ത ചില ഭാഗങ്ങളിലേ പ്രവേശനം അനുവദിച്ചിട്ടുള്ളു. 2016-ൽ ഒരു ഓഡിയോ വിഷ്വൽ തിയേറ്റർ കൂടി പണിതു. തഞ്ചാവൂരിന്റെയും കൊട്ടാരത്തിന്റെയും ചരിത്രം വിവരിക്കുന്ന ഉൾക്കാഴ്ചയുള്ള ഒരു ഡോക്യുമെന്ററി അവിടെ പ്രദർശിപ്പിക്കുന്നു. 45 മിനിറ്റിൽ ഒരു ചെറിയ വിവരണം. ഞങ്ങളും സമയംകളയാതെ അവിടെ കയറി. ഈ പ്രദർശനം തരക്കേടില്ല. കുറഞ്ഞ സമയംകൊണ്ട് ആ കാലഘട്ടത്തെപ്പറ്റിയും തഞ്ചാവൂരിനെപ്പറ്റിയും ഏതാണ്ടൊക്കെ പിടികിട്ടും. കൊട്ടാരവും ചുറ്റുപാടുകളുമൊക്കെ നല്ല സുന്ദരമായി പ്രദർശിപ്പിക്കുന്നുണ്ട്. എങ്കിലും നേർക്കാഴ്ചയിൽ ആ ഭംഗി വരുന്നില്ല.

പിന്നീട് ആർട്ട് ഗാലറിയാണ് സന്ദർശിച്ചത്. ഇവിടം നായ്ക്കരുടെ കാലത്തെ കൊട്ടാരമായിരുന്നു. പിന്നീട് ഭരിച്ച മറാത്തർ അത് ഒന്നുകൂടി വലുതാക്കി. കൂറ്റൻ ഇടനാഴികളും വിശാലമായ ഹാളുകളും രണ്ട് കൊട്ടാര ഗോപുരങ്ങളും ആയുധപ്പുരയും അടങ്ങിയതാണ് ഇവിടം. കലാവൈഭവം പ്രതിഫലിപ്പിക്കുന്ന പെയിന്റിംഗുകളും വെങ്കല, കരിങ്കൽ ശിൽപങ്ങളും, പ്രതിമകളും മറ്റും നിറഞ്ഞ ആർട്ട് ഗാലറി മനോഹരമാണ്. പക്ഷെ അത് ഒന്നുകൂടി ഭംഗിയായി പരിരക്ഷിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോയി. കൊട്ടാരത്തിലെ ദർബാർ ഹാളിൽ രാമായണകഥ ചിത്രങ്ങളായി ആലേഖനം ചെയ്തിരിക്കുന്നു. ഇതിന്റെ തന്നെ ഭാഗമായ പാലസ് മ്യൂസിയത്തിൽ പഴയ കാലത്തെ നാണയങ്ങൾ, പാത്രങ്ങൾ, സംഗീതോപകരണങ്ങൾ, ആയുധങ്ങൾ എന്നിവയൊക്കെ മറ്റെല്ലാ മ്യൂസിയങ്ങളിലെയും പോലെ പ്രദർശിപ്പിച്ചിരിക്കുന്നു. ഇപ്പറഞ്ഞതുകൊണ്ട് ഞാൻ മ്യൂസിയത്തെ നിസ്സാരവൽക്കരിക്കുകയല്ല. തികഞ്ഞ ബഹുമാനത്തോടെ തന്നെ പറയട്ടെ, ഓരോ മ്യൂസിയവും അത് കാണുന്നവരുടെ ചിന്തകളെ അവരറിയാതെ തന്നെ പഴയ ആ കാലത്തിലേക്ക് കൊണ്ടുപോകും. പലപ്പോഴും ആ നിഗൂഢതകളെ ഗൂഢമായെങ്കിലും നാം ആരാധിക്കുകയോ വിമർശിക്കുകയോ ചെയ്യും. എങ്കിലും അവ നൽകുന്ന വിജ്ഞാനം വിലപ്പെട്ടത് തന്നെ. തുടർന്ന് ഞങ്ങൾ ബെൽ ടവറും സംഗീത മഹലും സന്ദർശിച്ചു.

തഞ്ചാവൂർ ധാരാളം പ്രത്യേകതകൾ ഉള്ള ഒരു സ്ഥലമാണ്. ഏറ്റവും പ്രധാനം അവിടുത്തെ മനോഹര ശില്പങ്ങളാണ്. തഞ്ചാവൂർ ചിത്രങ്ങളും, തലയാട്ടും ബൊമ്മകളും, തഞ്ചാവൂർ പട്ടും, വീണയും തവിലും ഒക്കെ പ്രസിദ്ധികേട്ട തനതു നിർമ്മിതികളാണ്. ഇവയ്ക്കു പുറമെ ഭരതനാട്യത്തിന്റെ ഈറ്റില്ലം തന്നെയാണ് തഞ്ചാവൂർ. കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികളായ ത്യാഗരാജരും മുത്തുസ്വാമിദീക്ഷിതരും ശ്യാമശാസ്ത്രികളും തഞ്ചാവൂർ വാസികളാണ്.

തഞ്ചാവൂരിലെ അതുല്യമായ പെയിന്റിംഗുകളും കരകൗശല വസ്തുക്കളും നഗരത്തിലെമ്പാടും വില്പനയ്ക്ക് വെച്ചിട്ടുണ്ട്. കരകൗശല വിദഗ്ധരെയും കലാകാരന്മാരെയും പരിപോഷിപ്പിക്കുന്നതിൽ തഞ്ചാവൂർ എന്നും മുന്നിലായിരുന്നു. സാംസ്കാരികോന്നതി മാത്രമല്ല അദ്ധ്വാനികളായ കർഷകരും ഏറെയുള്ള സ്ഥലം കൂടിയാണ് തഞ്ചാവൂർ. കാവേരി നദിയുടെ തീരത്തെങ്ങും സമൃദ്ധമായ കൃഷിയിടങ്ങളാണ്.

തഞ്ചാവൂർ പാചകരീതിയും പ്രസിദ്ധമാണ്. ചെട്ടിനാട് വിഭവങ്ങളെല്ലാം തഞ്ചാവൂരിന്റെ സംഭാവനകളാണ്. ദക്ഷിണേന്ത്യൻ വിഭവമായ സാമ്പാർ യഥാർത്ഥത്തിൽ മറാത്ത രാജകീയ അടുക്കളയിൽ നിന്നാണ് ഉത്ഭവിച്ചതെന്നാണ് പറയുന്നത്. മറാത്ത ഭരണാധികാരി സാംഭാജി യുടെ പേരിലാണ് ഈ വിഭവത്തിന് പേരിട്ടിരിക്കു ന്നതെന്ന് അവകാശവാദങ്ങളുമുണ്ട്.

ക്ഷേത്രത്തിനു പുറമെ തഞ്ചാവൂരിൽ ചരിത്ര പ്രാധാന്യമുള്ള ഒരു പള്ളിയുമുണ്ട്. ഷ്വാർട്സ് പള്ളി. ദക്ഷിണേന്ത്യയിലെ ഏറ്റവും പഴക്കംചെന്ന പള്ളികളിലൊന്നാണിത്. ക്ഷേത്രത്തിനടുത്തുള്ള ശിവഗംഗ ഗാർഡൻ കഴിഞ്ഞാൽ പള്ളിയായി. ഞങ്ങൾ ചെന്നപ്പോൾ പള്ളി അടഞ്ഞു കിടക്കുക യായിരുന്നു. പുറത്തുനിന്ന് പള്ളി കണ്ട് തഞ്ചാവൂ രിനോട് യാത്ര പറഞ്ഞു.

**അഞ്ചു നദികളുടെ നാട്... സംഗീതമയം**

അടുത്ത ലക്ഷ്യം തഞ്ചാവൂരിൽ നിന്ന് ഏകദേശം 13 കിലോമീറ്റർ വടക്ക് കാവേരി നദി ക്കരയിലുള്ള തിരുവയ്യാർ (Thiruvaiyaru) ആണ്. കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികളായ ത്യാഗരാജർ, മുത്തുസ്വാമിദീക്ഷിതർ, ശ്യാമ ശാസ്ത്രികൾ എന്നിവരോടു ബന്ധപ്പെട്ടാണ് ഇന്ന് ഈ ഗ്രാമം കൂടുതലായി അറിയപ്പെടുന്നത്. മൂന്നുപേരും ഇവിടെയെത്തി സംഗീതസമർപ്പണം ചെയ്തവരാണ്. തിരുവയ്യാർ എന്നുവച്ചാൽ പവി ത്രമായ അഞ്ചു നദികൾ എന്നാണ്. അവ വടവാർ, വെണ്ണാർ, വെട്ടാർ, കുടമുരുട്ടിയാർ, കാവേരി എന്നിവയാണ്. ആദ്യ നാലു ചെറു നദികളും കാവേരിയിൽ ചേർന്ന് പവിത്രമാക്കപ്പെട്ടതാണി വിടം.

ത്യാഗരാജസ്വാമിയുടെ ജന്മത്താൽ അനുഗൃ ഹീതമായ പുണ്യഭൂമി. സ്വാമികളുടെ പ്രശസ്ത കൃതികൾ പലതും ഇവിടെ വച്ചാണ് രചിക്കപ്പെട്ടി ട്ടുള്ളത്. അദ്ദേഹത്തിന്റെ സമാധിയും ഇവിടെ ത്തന്നെ. ഈ സമാധിയാണ് ത്യാഗരാജ ആരാധന മഹോത്സവത്തിന്റെ വേദി. അദ്ദേഹത്തിന്റെ ബഹു മാനാർത്ഥം നടക്കുന്ന ഉത്സവത്തിൽ നൂറുകണ ക്കിന് സംഗീതജ്ഞർ കർണാടക സംഗീതം അവതരിപ്പിക്കാൻ എത്തുന്നു. സ്വാമികളുടെ ഒട്ടുമിക്ക കൃതികളും ഈയവസരത്തിൽ ഇവിടെ ആലപിക്കപ്പെടുന്നു. ഉത്സവാവസാനം നടക്കുന്ന പഞ്ചരത്ന കീർത്തനാലാപനത്തിനു ദക്ഷിണേന്ത്യ യിലെ മിക്കവാറുമെല്ലാ പ്രശസ്ത സംഗീതജ്ഞരും എത്താറുണ്ട്.

ഞങ്ങൾ ചെല്ലുമ്പോൾ, ത്യാഗരാജ ആരാധന ഉത്സവം കഴിഞ്ഞിട്ട് അധിക ദിവസമായിരുന്നില്ല. ആ സന്നിധിയിൽ ഒരു നിമിഷം കണ്ണടച്ച് കൈ കൂപ്പി നിന്നു. മനം സംഗീതസാന്ദ്രമായി. ബാഷ്പോ ദകത്താൽ സമാധിയിൽ തർപ്പണം നടത്തി. ത്യാഗരാജസമാധിക്കു മുൻപിലായി ജലസമൃദ്ധ യായ കാവേരി ഓളങ്ങളാൽ സംഗീതാർച്ചന നടത്തുന്നു. പ്രശാന്തമായ ഒരിടം. കാവേരി യിൽതട്ടി വീശുന്ന മന്ദമാരുതൻ ഉച്ചച്ചൂടിലും ഞങ്ങൾക്ക് ആശ്വാസമായി. ഗംഗയ്ക്ക് തുല്യമത്രെ കാവേരി. ആ ജലം ശിരസ്സിലണിഞ്ഞു. ഈ അനുഭവം അല്ലെങ്കിൽ അനുഭൂതി പറഞ്ഞറിയി ക്കാൻ പറ്റാത്ത ഒരു മാനസികാവസ്ഥയാണ്. സംഗീതത്തിൽ വലിയ അറിവില്ലാത്ത എനിക്ക് ഇത്രയും അനുഭവവേദ്യമായപ്പോൾ സംഗീതപ്രേമി കളുടെ കാര്യം പറയാനുണ്ടോ.

ത്യാഗരാജ സ്വാമികളുടെ സമാധിദിനമായ മാർഗഴി മാസത്തിലെ ബഹുള പഞ്ചമി നാളിലാണ് (ഡിസംബർ-ജനുവരി മാസങ്ങളിൽ) ത്യാഗരാജ ആരാധന. 1847-ൽ അദ്ദേഹം സമാധിയായതിനു ശേഷം കുറെ വർഷങ്ങൾ ശിഷ്യർ അവരവരുടെ വീടുകളിൽ വച്ച് സ്വാമികളുടെ ബഹുമാനാർത്ഥം സംഗീതസപര്യ നടത്തിയിരുന്നു. എന്നാൽ വർഷ ങ്ങൾക്കു ശേഷം, സ്വാമികളുടെ ജീവിച്ചിരുന്ന അവസാന ശിഷ്യരായിരുന്ന ഉമയാൾപുരം കൃഷ്ണ ഭാഗവതരും സുന്ദര ഭാഗവതരും സമാധിസ്ഥല ത്തിന്റെ ശോചനീയ സ്ഥിതികണ്ട് അവിടം നവീ കരിച്ച് കാവേരിതീരത്തു വച്ചുതന്നെ സംഗീത ആരാധന നടത്തുവാൻ തീരുമാനിച്ചു. 1903-ൽ ആദ്യ ആരാധന ഉത്സവം നടത്തുകയും ചെയ്തു. ഈ ആരാധനോത്സവം സ്പോൺസർ ചെയ്തി രുന്ന തില്ലൈസ്ഥാനം സഹോദരർ തമ്മിലിടയു കയും രണ്ടുപേരും മത്സരിച്ച് പ്രത്യേകം പ്രത്യേകം ആരാധനോത്സവം നടത്താനും തുടങ്ങി. ഇതി

നിടയിൽ ത്യാഗരാജ സ്വാമികളുടെ ആരാധിക യായിരുന്ന പ്രശസ്ത കർണ്ണാടക സംഗീതജ്ഞ നാഗരത്നമ്മ കാവേരി തീരത്ത് സമാധി ഉൾക്കൊള്ളിച്ച് ഒരു ക്ഷേത്രം പണിയുകയും അവിടെ വച്ച് സംഗീതാരാധന നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ സ്ത്രീയായതു കൊണ്ട് അവിടെ വച്ച് സംഗീതസപര്യ നടത്താൻ അവരെ അനുവദിച്ചില്ല. തുടർന്ന് അവർ ക്ഷേത്രത്തിനു പുറകിലായി ആരാധനോത്സവം നടത്താൻ തുടങ്ങി. അങ്ങനെ ആരാധനോത്സവ ദിവസങ്ങൾ മൂന്നു കൂട്ടർക്കുമായി വിഭജിക്കപ്പെട്ടു. അത് പലപ്പോഴും വഴക്കിൽ കലാശിച്ചിരുന്നു. പിന്നീട് കൃഷ്ണസ്വാമി ICS, ഇവരെ അനുനയിപ്പിച്ച് ആഘോഷം 1941-ൽ ഒരുമിച്ചാക്കി. ആ രീതി തന്നെയാണ് ഇപ്പോഴും തുടരുന്നത്.

ശ്രീമതി നാഗരത്നമ്മ അവരുടെ സർവ്വസ്വത്തും ത്യാഗരാജ മെമ്മോറിയലിനു നൽകി. മരണം വരെയും അവർ അവിടെ തന്നെയാണ് താമസിച്ചിരുന്നതും. അവർക്കായും ത്യാഗരാജ സമാധിയോടടുത്ത് കാവേരി നദീതീരത്ത് ഒരു ചെറിയ സമാധിമണ്ഡപം ഒരുക്കിയിട്ടുണ്ട്.

ത്യാഗരാജ സമാധിയുടെ വളരെ അടുത്തു തന്നെയാണ് പഞ്ചനദീശ്വര ക്ഷേത്രം. ഞങ്ങൾ അവിടേക്കു യാത്രയായി. ഞങ്ങൾ അവിടെ എത്തുകയും ഉച്ചപൂജ കഴിഞ്ഞ് ക്ഷേത്രം അടയ്ക്കുകയും ഒപ്പമായിരുന്നു. ക്ഷേത്രവാതിലിനു പുറത്തുള്ള ഇടനാഴിയിലും മണ്ഡപത്തിലും ഇരുന്നിരുന്ന സാധുക്കൾ വളരെ വിഷമത്തോടെ "ഇപ്പോൾ ക്ഷേത്രം അടച്ചതേയുള്ളു, ഇനി വൈകുന്നേരം നാലരക്കേ തുറക്കൂ" എന്ന് അറിയിച്ചു. ക്ഷേത്രവാതിലിലുള്ള ഒരു ചെറിയ വിടവിലൂടെ നോക്കിയാൽ ഉൾവശം കാണാം. തിരുനട കണ്ടില്ല എന്നു വേണ്ട; അതിലൂടെ നോക്കി തൊഴുതു. ഈ സമയത്ത് എനിക്കോർമ്മ വന്നത് തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ പിൻവാതിലിലൂടെ അനന്തനെ വന്ദിക്കുന്നതാണ്. പഞ്ചനദീശ്വര ക്ഷേത്രത്തെപ്പറ്റി കുറച്ചു കാര്യങ്ങൾ അവിടെയിരുന്ന സാധുക്കൾ പറഞ്ഞുതന്നു. ഭഗവൽ പ്രസാദം കഴിച്ച് ഉച്ചവിശ്രമത്തിനുള്ള ഒരുക്കത്തിലായിരുന്നു അവർ.


തിരുവയ്യാർ പഞ്ചനദീശ്വര ക്ഷേത്രവും പരിസരവും സംഗീത ചക്രവർത്തിയായ ത്യാഗരാജ സ്വാമികളുടെ പാദസ്പർശം ഏറ്റുവാങ്ങിയവയാണ്. ഈ ക്ഷേത്രത്തിനോടു ചേർന്ന് തന്നെയായിരുന്നു ത്യാഗരാജ സ്വാമികളുടെ ഒറ്റമുറി വീട്. സീതാ-ലക്ഷ്മണ-ഹനുമത് സമേതരായി ശ്രീരാമസ്വാമിയുടെ കാലടികൾ പതിഞ്ഞ പുണ്യഗൃഹം. നാരദരും സന്യാസിരൂപത്തിൽ ഇവിടെയെത്തി ത്യാഗരാജർക്ക് 'സ്വരാർണ്ണവം' എന്ന താളിയോല ഗ്രന്ഥം നൽകി സംഗീത ചക്രവർത്തിയാകട്ടെയെന്ന് അനുഗ്രഹിച്ചു എന്നാണ് പറയപ്പെടുന്നത്. അദ്ദേഹം സ്തോത്ര രചന നടത്തിയിരുന്നത് ഈ ക്ഷേത്രത്തിലും പരിസരത്തുംവച്ച് ആയിരുന്നു.

കാവേരി ഉൾപ്പെടെ അഞ്ചു നദികൾ യോജിക്കുന്ന തിരുവയ്യാറിൽ ആ അഞ്ചു നദികളുടെ ഈശനായി 'പഞ്ചനദീശ്വരൻ'. ശിവനാണ് പ്രതിഷ്ഠ. സൂക്ഷ്മമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ക്ഷേത്ര ആകൃതി പെരിയകോവിലിനെ ഓർമ്മിപ്പിക്കുന്നു. കാവേരി തീരത്തെ ഈ ക്ഷേത്രം പെരിയ കോവിലിനെക്കാൾ പഴക്കമേറിയതാണ്. കരികാല ചോളനാണ് ക്ഷേത്രനിർമ്മാണം തുടങ്ങിയത്. തുടർന്ന് വന്നവർ ക്ഷേത്രം വിപുലീകരിച്ചു. രാജാവിന്റെ രഥചക്രം താഴ്ന്നുപോയ സ്ഥലം കുഴിച്ചപ്പോൾ കിട്ടിയ ശിവലിംഗവും മറ്റു വിഗ്രഹങ്ങളുമാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. താഴേക്ക് കുഴിച്ചുചെന്നപ്പോൾ സമാധിയിലിരിക്കുന്ന മുനിയെ ക്കാണുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ക്ഷേത്രം പണിയുകയുമാണ് ഉണ്ടായതത്രെ.

ഈ ക്ഷേത്രം 'ദക്ഷിണ കൈലാസം' എന്നും അറിയപ്പെടുന്നു. നായനാർമാരിൽ പ്രശസ്തനായ 'അപ്പാർ'ക്ക് ഭഗവാൻ ഇവിടെവച്ചു കൈലാസ ദർശനം നൽകി. കർക്കിടകത്തിലെ അമാവാസി നാളിലായിരുന്നു ഇത്. എല്ലാ വർഷവും ആ ദിവസം ഇവിടെ വലിയ ആഘോഷമാണ്. 'അയ്യാരപ്പാർ' എന്നാണ് ശിവൻ ഇവിടെ അറിയപ്പെടുന്നത്. ഈ ക്ഷേത്രത്തിൽ പ്രദക്ഷിണം അനുവദിക്കാറില്ല. ക്ഷേത്രം അടച്ചിരിക്കുന്നതിനാൽ സാധുക്കൾ പറഞ്ഞുതന്നതൊക്കെ കേട്ട്, കുറച്ചുസമയം പുറത്തെ ഇടനാഴിയിൽ ഇരുന്ന് ശിവനാമം ജപിച്ചു.

(തുടരും)

# കളിയരങ്ങിലേക്ക് ഒരു ആസ്വാദകന്റെ തിരനോട്ടം



**പാർത്ഥിവ് ആർ.**
തിരുവല്ല, മൊ. 9446338625

മഹാനായ സാഹിത്യകാരൻ എം.ടിയുടെ രചനകളിൽ നിളാതീരത്തെ നായർ തറവാടുകളും പൊൻകുന്നം വർക്കിയുടെ കൃതികളിൽ കത്തോലിക്ക കർഷകരും സ്ഥിരമായി കടന്നുവരുന്നത് അവരുടെ ജന്മസ്ഥലത്തിന്റെ സ്വാധീനമാണെന്ന് അഭിപ്രായപ്പെടുന്ന നിരൂപകരുണ്ട്. അവരുടെ കൃതികളെക്കുറിച്ചും ജീവിതപശ്ചാത്തലത്തെക്കുറിച്ചും വേണ്ടവിധം പരിജ്ഞാനമില്ലാത്തതിനാൽ ഈ പ്രസ്താവനയെക്കുറിച്ച് ഞാൻ അഭിപ്രായം പറയുന്നത് സാഹസമാകും. എന്തായാലും കഥകളി പ്രിയനായ പാർത്ഥിവിനെ സൃഷ്ടിച്ചെടുത്തത് ഞാൻ ജനിച്ചുവളർന്ന പശ്ചാത്തലമാണ്.

എന്റെ അച്ഛന്റെ നാട് തിരുവല്ലയിലാണ്. വർഷത്തിൽ ഒട്ടുമിക്ക ദിവസങ്ങളിലും കഥകളി നടക്കുന്ന, ഞങ്ങൾ 'വല്യമ്പലം' എന്നു വിളിക്കുന്ന ശ്രീവല്ലഭക്ഷേത്രം സ്ഥിതിചെയ്യുന്ന നാട്. കരനാഥനായ ശ്രീവല്ലഭന്റെ ഇഷ്ടവഴിപാടാണ് കഥകളി. ക്ഷേത്രത്തിൽനിന്ന് കഷ്ടിച്ച് അരകിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന പാലിയേക്കര കൊട്ടാരമാണ് ഞങ്ങളുടെ വീട്. അവിടെ മൂന്നുവയസ്സുകാരനായ ഞാൻ ആനകളിലും വണ്ടികളിലും തനതായ രീതിയിൽ ഗവേഷണം നടത്തിപ്പോന്ന കാലം. ഒട്ടുമിക്ക വണ്ടികളേയും ആനകളേയും തിരിച്ചറിയാൻ ശ്രമിക്കുകയായിരുന്നു എന്റെ വിനോദം. എന്റെ ഓർമ്മ ശരിയാണെങ്കിൽ ആ കാലഘട്ടത്തിലാണ് ഞാൻ ആദ്യമായി കഥകളി കാണുന്നത്. ദൈവഹിതമെന്നോണം അത് ശ്രീവല്ലഭന്റെ കഥകളി മണ്ഡപത്തിൽ വച്ചായിരുന്നു.

ചരിത്രാന്വേഷിയും സഹൃദയനും കഥകളി ആസ്വാദകനും ഞങ്ങളുടെ ബന്ധുവുമൊക്കെയായ ഒരു പഴയ പട്ടാളവും 'പരുക്ക'നുമായ പാവം അപ്പൂപ്പന്റെകൂടെയാണ് ഞാൻ ആദ്യം കഥകളി കണ്ടത്. എന്നെ രസിപ്പിക്കാൻ അദ്ദേഹം വേഷക്കാർക്കൊപ്പം ചില കൈയ്യാങ്കളികൾ കാണിച്ചു കൊണ്ടിരുന്നു. എന്നാൽ അപ്പൂപ്പന്റെ അസാധാരണ ഗാംഭീര്യമുള്ള ശബ്ദത്തെ ഭയപ്പെട്ട ഞാൻ അമ്മയുടെ മടിയിൽ ഇരുന്നുകൊണ്ട് അവിടെയുമിവിടെയും നോക്കുകയായിരുന്നു. അച്ഛനും അമ്മയും എന്റെ ശ്രദ്ധ കഥകളിയിലേക്കെത്തിക്കാൻ ശ്രമിച്ചു. അങ്ങനെ എന്റെ കണ്ണുകൾ കഥകളി മണ്ഡപത്തിൽ സ്ഥാപിച്ചിരുന്ന കഥകളി ചിത്രങ്ങളിൽ ഉടക്കി. ഇതുവരെ കണ്ടിട്ടില്ലാത്ത ചില അത്ഭുത രൂപങ്ങൾ! പിന്നീട് ഏറെ നേരം ആ ചിത്രങ്ങൾ മാറി മാറി നോക്കിരസിച്ചു. ഇടയ്ക്കെപ്പോഴോ "മതി മതി വിഹാരം" എന്ന മനസ്സിന്റെ നിർദ്ദേശം മാനിച്ച് ഞാൻ ഉറങ്ങിപ്പോയി.

അക്ഷരാർത്ഥത്തിൽ അവിസ്മരണീയം എന്നുവിശേഷിപ്പിക്കാവുന്ന ഒന്നായിരുന്നു എന്റെ രണ്ടാമത്തെ കഥകളി അനുഭവം. മണ്ഡലപൂജയോടനുബന്ധിച്ച് അവസാനത്തെ രണ്ടുദിവസം കൊട്ടാരത്തിൽ ഒരു കുടുംബസംഗമം നടത്താറുണ്ട്. ലോകത്തിന്റെവിവിധ ഭാഗങ്ങളിലുള്ള ബന്ധുക്കൾ ആ ദിനങ്ങളിൽ അവിടെ ഒത്തുകൂടും. ഭജന, കലാപരിപാടികൾ തുടങ്ങിയവയാണ് പരിപാടിയുടെ പ്രധാന ആകർഷണം. കുട്ടികളുടെ വകയായ അടി, ഇടി, കരച്ചിൽ പിന്നീട് എല്ലാം മറന്നുള്ള കെട്ടിപ്പിടുത്തം തുടങ്ങിയവയും ഒഴിവാക്കാനാവാത്ത ഘടകങ്ങളാണ്. ചില അവസരങ്ങളിൽ കഥകളി, മുടിയേറ്റ്, തീയാട്ട്, പടയണി തുടങ്ങിയ കലാരൂപങ്ങളും അവതരിപ്പിക്കാറുണ്ട്. അപ്രകാരം വർണ്ണാഭമായ ഒരു രാത്രിയിൽ സപ്തവർണ്ണങ്ങളെക്കൊണ്ട് മനോഹരമായ തിരശ്ശീലയ്ക്കു മുന്നിൽ ഞാൻ ഇരുന്നു. കുടുംബസംഗമവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച കഥകളി കാണാൻ അമ്മ എന്നെ മുൻനിരയിലേക്ക് പറഞ്ഞു വിട്ടു. രാഗംപാടുന്നതുകേട്ട് മടുത്ത എന്നെ ആവേശ

ഭരിതനാക്കിക്കൊണ്ട് കച്ചമണിയുടെ ശബ്ദം മുഴങ്ങി. ഞൊറിയുടെ ഒരു ഭാഗം തിരശ്ശീലയുടെ വശത്തുകൂടി കണ്ടപ്പോൾ അകത്ത് എന്താണ് നടക്കുന്നതെന്നുള്ള ആകാംക്ഷ എന്നെ അസ്വസ്ഥനാക്കി. വേദിയുടെ മുൻപിൽ നിലത്തിരുന്ന ഞാൻ മുകളിലേക്ക് നോക്കി. "ഇങ്ങേര് ഈ തുണി ഒന്ന് മാറ്റിയിരുന്നെങ്കിൽ!" ഒരു കഠിനഹൃദയനായി, വെറുപ്പിക്കലിന്റെ ആൾരൂപമായി നിന്ന ആ അണിയറക്കാരന്റെ ശരീരത്തെ ഉഴിഞ്ഞുകൊണ്ട് എന്റെ കണ്ണുകൾ വീണ്ടും താഴത്തെത്തിയപ്പോളാണ് തിരശ്ശീലയുടെ താഴ്ഭാഗം കണ്ണിലുടക്കുന്നത്. ഒന്നു മുന്നോട്ടാഞ്ഞാൽ തിരശ്ശീലയുടെ താഴത്തെ തുമ്പിൽ പിടിക്കാം. അവിടം ഒന്നു പൊക്കിനോക്കാം. പദ്ധതി നടപ്പാക്കാനായി മുന്നോട്ടാഞ്ഞതും പൊങ്ങിനിന്ന പൃഷ്ഠഭാഗത്ത് പുറകിലിരുന്ന അപ്പൂപ്പന്റെ വക ഒരു കുഞ്ഞടി കിട്ടിയതും ഒരുമിച്ചായിരുന്നു. അടികിട്ടിയതിന്റെ ജാള്യതമൂലം ഞാൻ സ്ഥലം കാലിയാക്കി. നീണ്ട വെളുത്തതാടിയുള്ളതുമൂലം വെള്ളത്താടിയപ്പൂപ്പൻ (ആ പേരിലും ഒരു കഥകളിത്തം) എന്നു അറിയപ്പെട്ടിരുന്ന അപ്പൂപ്പനോടുള്ള പിണക്കംമൂലം അമ്മ പഠിച്ചപണി പത്തൊൻപതും നോക്കിയിട്ടും ഞാൻ തുടർന്ന് കളികാണാൻ കൂട്ടാക്കിയില്ല. കുടുംബസംഗമത്തിൽ വച്ച് നടന്ന ഒരു നളചരിതവും കൂടി ഓർമ്മയിൽ ഉണ്ട്. വേദിയിൽനിന്ന് കുറച്ചുമാറി പൂഴിവാരി കളിക്കുകയായിരുന്ന എന്നെ ചേട്ടൻ "ദേ ഡാ കൊക്ക്!" എന്നു പറഞ്ഞ് ഹംസത്തെ കാണിച്ചു തന്നു. രസകരമായ ആ ദൃശ്യം കുറച്ചുനേരം ആസ്വദിച്ചെങ്കിലും ഒന്നും മനസ്സിലാവാഞ്ഞതുമൂലം ഞാൻ എന്റെ പാട്ടിന് പോയി. "അത് കൊക്കല്ല, താറാവാണ്" എന്ന് പറഞ്ഞ മറ്റൊരു ചേട്ടനോട് തർക്കിച്ചുകൊണ്ട് 'കൊക്കേട്ടൻ' ചേട്ടന്റെ വഴിക്കും പോയി. അങ്ങനെ ആദ്യ കഥകളിയനുഭവങ്ങൾ കടന്നുപോയി. പിന്നെ ഞാൻ സ്കൂളിലും ചേർന്നു.

* * * * *

ഞാൻ സ്കൂളിൽ ചേരുന്നതുവരെയുള്ള കാലഘട്ടത്തിലായിരുന്നു തിരുവല്ലയിൽ സ്ഥിരതാമസമായിരുന്നത്. സ്കൂളിൽ ചേർന്നതോടെ അമ്മയുടെ നാടായ അയിരൂരിലേക്ക് താമസം മാറ്റി. എന്റെ കഥകളിയോടുള്ള ബന്ധം വിച്ഛേദിക്കപ്പെടാതിരിക്കാൻ ജീവിതത്തിന്റെ അമ്പയർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കഥകളിയുമായി അഭേദ്യമായ ബന്ധമുള്ള ഒരു നാടായിരുന്നു ഞാൻ ജീവിതത്തിന്റെ പുതിയ ഇന്നിംഗ്സ് ഓപ്പൺചെയ്ത അയിരൂർ.

സമകാലിക കഥകളിരംഗത്ത് ഏറ്റവും പ്രാധാന്യമുള്ള സ്ഥലങ്ങളിലൊന്നാണ് കഥകളിഗ്രാമമായ അയിരൂർ. കേരളത്തിൽ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കഥകളി ക്ലബ്ബുകളിലൊന്നായ പത്തനംതിട്ട ജില്ലാ കഥകളിക്ലബ്ബും അവരുടെ ആഭിമുഖ്യത്തിൽ വർഷംതോറും നടക്കുന്ന കഥകളിമേളയുമാണ് ആസ്വാദകരെ മുഖ്യമായും ഈ ഗ്രാമത്തിലേക്ക് ആകർഷിക്കുന്നത്. എന്റെ വീടിനടുത്തുള്ള ക്ഷേത്രത്തിൽ അഗ്രഗണ്യരായ തെക്കൻ നടന്മാരുടെ ഉത്സവക്കളി പതിവായി നടക്കാറുണ്ടായിരുന്നുവത്രേ. ഇങ്ങനെ നൂറ്റാണ്ടുകളുടെ കഥകളി പാരമ്പര്യം അയിരൂരിന് ഉണ്ടെന്നാണ് കേൾവി.

അമ്മയ്ക്ക് കുട്ടിക്കാലത്ത് കഥകളി കാണാൻ ഏറെ ആഗ്രഹമുണ്ടായിരുന്നിട്ടും ആ മോഹം സാധിച്ചിരുന്നില്ല. കുറച്ച് കലാപാരമ്പര്യവും കലാവാസനയുമൊക്കെ അച്ഛനുമുണ്ട്. അതുകൊണ്ട് എന്നിലും ഏതെങ്കിലും കലയിൽ താല്പര്യം വളർത്തുന്നതിന് അവർക്ക് ഉത്സാഹം ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവർ എന്നെ ഒന്നുരണ്ട് കഥകളിമേളയിൽ പങ്കെടുപ്പിച്ചത്. പക്ഷേ ഭേദപ്പെട്ട വികൃതിയായ ഞാൻ പമ്പാമണൽപ്പുറത്തെ കല്ലുകൾ ശേഖരിക്കുകയും രുചിച്ചുനോക്കുകയും ചെയ്യുന്ന തിരക്കിലായിരുന്നു. കുറച്ചുകൂടി വിവരം വച്ചിട്ടോ എന്തോ 2014 ലെ കഥകളി മേള എന്നെ ഗൗരവമായിതന്നെ കാണിക്കണം എന്ന് അച്ഛനും അമ്മയും ദൃഢനിശ്ചയമെടുത്തു. കഥകളിമേള തുടങ്ങുന്നതിനു കുറച്ചുദിവസം മുൻപ് അമ്മ എന്നോട് ഈ കാര്യം സൂചിപ്പിച്ചിരുന്നുവെങ്കിലും ഒന്നാം ക്ലാസ്സുകാരനായ ഞാൻ അത്ര കാര്യമാക്കിയെടുത്തില്ല. അങ്ങനെയിരിക്കുമ്പോഴാണ് എനിക്ക് കഥകളിമേളയുടെ നോട്ടീസ് തന്ന് അതിലെ 'തോരണയുദ്ധം' എന്ന തലക്കെട്ടിനു താഴേക്കുള്ളഭാഗം വായിക്കാൻ അച്ഛനും അമ്മയും ആവശ്യപ്പെടുന്നത്. എന്റെ വായനാ സ്ഫുടത പരീക്ഷിക്കാനായിരിക്കും ഈ പുറപ്പാട് എന്നെനിക്ക് തോന്നിയിരുന്നതിനാൽ ഈ നീക്കത്തിൽ എനിക്ക് അസ്വാഭാവികതയൊന്നും തോന്നിയില്ല. ചുട്ടിക്കാരന്റെ പേരു വായിച്ച് നിർത്തി, നാക്കിനെ വിശ്രമിക്കാൻ അനുവദിക്കുന്നതിനു മുൻപ് അച്ഛൻ ചോദ്യമെറിഞ്ഞു.

"കഥകളികാണാൻ വരുന്നുണ്ടോ?"

പ്രതീക്ഷിച്ചതെങ്കിലും അപ്രതീക്ഷിതമായ ചോദ്യത്തിന് ആവോളം നാടകീയത നൽകിക്കൊണ്ട് ഞാൻ കുറച്ചു സമയം നിശബ്ദതപാലിച്ചു. പിന്നീട് 'പുറത്തുപോകാമല്ലോ' എന്ന സന്തോഷത്തോടെ പറഞ്ഞു:

"ഉണ്ട്"

കഥയറിയാതെ ആട്ടം കാണാതിരിക്കാൻ അപ്പൂപ്പന്റെ അടുത്തുചെന്ന് കഥപഠിക്കാൻ അമ്മ ആവശ്യപ്പെട്ടു. അപ്പൂപ്പന്റെ അടുത്തേക്ക് ഓടുമ്പോൾ മനസ്സ് നിറയെ അവിശ്വസനീയതയായിരുന്നു. കാരണം നാട്ടിൽ ബഹുമാന്യനും അറിയപ്പെടുന്ന അദ്ധ്യാപകനുമൊക്കെ ആയിരുന്നുവെങ്കിലും അപ്പൂപ്പൻ നരസിംഹത്തിന്റെയും കുഞ്ഞിനെ നോക്കിയ കീരിയുടെയും രണ്ടേ രണ്ട് കഥകൾ മാത്രമേ പറഞ്ഞു തന്നിരുന്നതായി എന്റെ ഓർമ്മയിലുള്ളൂ. സാധാരണ പുരാണകഥകൾ പറഞ്ഞു തരുന്നത് അമ്മൂമ്മയായിരുന്നു. എന്നാൽ എന്നെ അമ്പരപ്പിച്ചുകൊണ്ട് ഒരു മാന്ത്രികനെപ്പോലെ 'കഥകളിയുടെ കഥകൾ' എന്ന ആട്ടപ്പുസ്തകം മുറിയിൽനിന്ന് എടുത്തുകൊണ്ടുവന്ന് അപ്പൂപ്പൻ കഥ മുഴുവൻ പറഞ്ഞുതന്നു. കഥകേട്ടുവെങ്കിലും എന്റെ സ്ഥായിഭാവമായ നിർവ്വികാരതയോടെ അല്പം വൈകിയാണ് കളിസ്ഥലത്ത് എത്തിയത്. വീട്ടിൽ അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും സംഭാഷണം അനുകരിച്ച് കൈയ്യടിയും ചിലപ്പോൾ കൈകൊണ്ടുള്ള അടിയും വാങ്ങാറുണ്ടായിരുന്ന എനിക്ക് ഹനുമാൻ ചെയ്യുന്നത് 'മോണോആക്ട്' ആണെന്ന് വേഗം മനസ്സിലായി. കഥ അറിയാവുന്നതുകൊണ്ട് കാണിക്കുന്നതെന്തെന്നും മനസ്സിലായതോടെ എനിക്കും രസം പിടിച്ചു. പിന്നീട് രാവണന്റെ പതിഞ്ഞപദം ആരംഭിച്ചപ്പോൾ എനിക്ക് മടുപ്പുതുടങ്ങി. അങ്ങനെ ഞങ്ങൾ തിരിച്ച് വീട്ടിലേക്ക് മടങ്ങി. പിന്നീട് നടന്ന ബാണയുദ്ധം കഥകളിയും ഞാൻ കുറച്ച് കണ്ടിരുന്നു. അതിലെ വർണ്ണാഭമായ വേഷഭംഗി ആയിരുന്നു എന്നെ ആകർഷിച്ചത്.

"ഒരാനച്ചന്തമൊക്കെയുണ്ട്"

2014 ജനുവരി മാസത്തിൽ, കഥകളിമേളയുടെ അഞ്ചാംദിവസമായ ആ വെള്ളിയാഴ്ച ദുര്യോധനവധം കഥകളികാണാൻ പോയ ഞാൻ രണ്ട് കഥകൾ ഭാഗികമായി കണ്ട അനുഭവ സമ്പത്തുകൊണ്ട് കടഞ്ഞെടുത്ത അഭിപ്രായമാണിത്. എന്റെ കഥകളി ജീവിതത്തിലെ വഴിത്തിരിവായിത്തീരും ആ ദിവസം എന്നു ഞാൻ കരുതിയതേയില്ല. സദസ്സിൽ ചെന്നിരുന്നപ്പോൾതന്നെ ദുര്യോധനാദികളുടെ ഘോരാട്ടഹാസം കേട്ടു. തുടർന്ന് സ്ഥലജലഭ്രമവും ചൂതുകളിയും ദുശ്ശാസനവധവും ദുര്യോധനവധവും തുടങ്ങി പൊടിപൂരംതന്നെ. ഇടതുകൈയിൽ നിവർത്തിപ്പിടിച്ചിരുന്ന 'കഥകളിയുടെ കഥകൾ ' അരങ്ങുപാഠങ്ങളെല്ലാം മനസ്സിലാക്കിത്തന്നു. ഞാൻ മുഴുനീളെകണ്ട ആദ്യ കഥകളി. ശ്രീവല്ലഭന്റെ നാട്ടിൽനിന്നും വരുന്ന അച്ഛൻപോലും ആദ്യമായി മുഴുവൻകണ്ട കളിയായിരുന്നുവത്രേ അത്. എന്തായാലും ആ രാത്രി കഥകളി എന്റെ ഹൃദയത്തിന്റെ വാതിൽ ചവിട്ടിത്തുറന്നു. 'ഹ്രാ!' തുടങ്ങിയ വ്യാക്ഷേപങ്ങളിലൂടെ ദുശ്ശാസനനെയും മറ്റും അനുകരിച്ച് കാണിക്കുകയായി പിന്നെ എന്റെ വിനോദം. എന്റെ ആവേശത്തിന് ആക്കം കൂട്ടാനായി അച്ഛനും അമ്മയും അപ്പൂപ്പന്മാരും അമ്മൂമ്മാരും എന്നുവേണ്ട സകല മുതിർന്നവരും പ്രശാന്ത് ബ്രോ കണ്ടുപിടിച്ച 'തുള്ളൽ പ്രസ്ഥാന'ത്തിന്റെ സഹായത്തോടെ അവരുടെ കുട്ടിക്കാല കഥകളി അനുഭവങ്ങൾ പങ്കുവച്ചു. ആ വർഷം നടന്ന കഥകളി ക്വിസ് മത്സരത്തിലും ഞാൻ ഒരുകൈ നോക്കി. മത്സരത്തിൽ പരാജയപ്പെട്ടെങ്കിലും ആ അവസരം എന്നിൽ ബാക്കിയാക്കിയത് ആ മഹത്തായ കലയെ അടുത്തറിയാനുള്ള ആഗ്രഹമാണ്. ഇതിനു നല്ലൊരുവഴികാട്ടിയെ തിരയുമ്പോഴാണ് "മിളിതം പദയുഗളെ നിഗളതയാ മാർഗ്ഗിതയാ ലതയാ" എന്നു പറഞ്ഞതുപോലെ പത്തനംതിട്ട ജില്ലാ കഥകളിക്ലബ്ബ് പ്രസിദ്ധീകരിച്ച ശ്രീ വിമൽ രാജ് എഴുതിയ 'കഥകളിയമ്മാവൻ കഥപറയുന്നു' എന്ന പുസ്തകം കിട്ടുന്നത്. കഥകളി യാത്രയ്ക്ക് ഒരു ഉത്തമ ആരംഭം അതിൽനിന്നും കിട്ടി. കൂടുതൽ അറിവുകൾ വായനയിലൂടെയും വിമൽ അങ്കിളുമായുള്ള സംഭാഷണങ്ങളിൽകൂടിയും ലഭിച്ചു. സാധാരണ കൃഷിവിളകളെ പോലെ മാറിമാറി ആയിരുന്നു എന്നിൽ ഓരോതരം ഭ്രാന്തുകൾ വളർന്നിരുന്നത്. എന്നാൽ കഥകളി ഭ്രാന്ത് മനസ്സിൽ ചിരപ്രതിഷ്ഠനേടി.

"അനുഭവം ഗുരു" എന്ന് പണ്ടാരോ പറഞ്ഞതിന്റെ ശരിയായ അർത്ഥം ഞാൻ പഠിക്കുന്നത് കഥകളി കാണാൻ തുടങ്ങിയ ശേഷമാണ്. എട്ടു

വർഷത്തിനപ്പുറവും തുടർന്നുകൊണ്ടിരിക്കുന്ന ആ നീണ്ട യാത്രക്കിടയിൽ ഞാൻ പഠിച്ചതും പഠിച്ചു കൊണ്ടിരിക്കുന്നതുമായ പാഠങ്ങൾ എന്റെ കഥകളി ആസ്വാദനത്തിന് മുതൽക്കൂട്ടായി.

ഞാൻ സ്ഥിരമായി കഥകളി കാണാറുണ്ടായിരുന്നത് അയിരൂർ കഥകളിഗ്രാമത്തിന്റെ വിസ്തൃതിക്കകത്തുമാത്രമായിരുന്നു. ഒരു ശരീരാവയവം പോലെ തോളത്ത് തൂങ്ങിക്കിടക്കുന്ന സഞ്ചിയിൽ ഒരു കുപ്പിവെള്ളവും 'കഥകളിയുടെ കഥകൾ' എന്ന ആട്ടപ്പുസ്തകവുമായാകും ഞാൻ കളിസ്ഥലത്ത് എത്തുക. വേഷ വൈചിത്ര്യവും ഭംഗിയും യുദ്ധപ്പദങ്ങളുടെ ചടുലതയും "ഗോഗ്വേ" വിളികളുമൊക്കെ ആസ്വദിച്ചാണ് ഞാൻ കഥകളി കണ്ടിരുന്നത്. പതിഞ്ഞ പദങ്ങളെത്തുമ്പോൾ പരമാവധി ശ്രദ്ധിക്കാൻ ശ്രമിക്കും. രക്ഷയില്ലെങ്കിൽ കൈയ്യിലിരിക്കുന്ന പുസ്തകത്തിന്റെ അവതാരികയും മറ്റും വായിച്ച് സമയം പോക്കും. ചുവന്നതാടി വേഷങ്ങളോട് ഉണ്ടായിരുന്ന പ്രത്യേക ഇഷ്ടം കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ ആശാനെ പരിചയപ്പെടുന്നതുവരെ എത്തിച്ചു. ഞാൻ കഥകളും കാണാൻ പോകാറുണ്ടായിരുന്നില്ല. ചുരുങ്ങിയത് ഒരലറുന്ന വേഷമെങ്കിലും വേണം എന്നതായിരുന്നു എന്റെ ആവശ്യം. ഇപ്രകാരം വളരെ ബാലിശമായ രീതിയിലായിരുന്നു എന്റെ കഥകളി ആസ്വാദനമെങ്കിലും എന്റെ കഥകളിയിലുള്ള അല്പജ്ഞാനത്തിൽ ഞാൻ അഭിമാനിയും ഭേദപ്പെട്ട അഹങ്കാരിയുമായിരുന്നു. "മുറിവൈദ്യൻ ആളെക്കൊല്ലും" എന്നുപറയുന്നതുപോലെ ഞാൻ കാണിച്ചുകൂട്ടിയ ചില ലീലാവിലാസങ്ങൾ ഓർത്തോർത്തു ചിരിക്കാൻ വകയുള്ളവയാണ്. അതിലൊന്നാണ് എന്റെ ആട്ടക്കഥയെഴുത്ത്.

ഒരു മാതൃഭൂമി വാരാന്തപ്പതിപ്പിലാണ് 'മധുവിജയം' എന്ന പേരിലുള്ള ആ ലേഖനം പ്രത്യക്ഷപ്പെടുന്നത്. പ്രശസ്ത കഥകളിനടനും പിന്നീട് എന്റെ ആശാനുമായിത്തീർന്ന ശ്രീ മധു വാരാണസിയെക്കുറിച്ചുള്ള ഒരു ലേഖനമായിരുന്നു അത്. ആശാൻ തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽതന്നെ 'അഗ്നിപരീക്ഷ' എന്ന ആട്ടക്കഥ രചിച്ചതിനെക്കുറിച്ച് അതിൽ പ്രതിപാദിച്ചിരുന്നു. ഇതുവായിച്ച എന്റെ മനസ്സിൽ പരസ്യത്തിൽ പറയുന്നപോലെ ഒരു ലഡ്ഡുപൊട്ടി. എനിക്ക് ഒൻപത് വയസ്സേ ഉള്ളൂ. വളരെവേഗം ഒരു ലോകറെക്കോർഡ് കിട്ടാനുള്ള സുവർണ്ണാവസരമാണിത്. ഒരു ആട്ടക്കഥ എഴുതിക്കളയാം. പക്ഷേ പല പ്രതിബന്ധങ്ങളുമുണ്ട്. ഒന്നാമത് ഈ കാര്യം വീട്ടിലവതരിപ്പിക്കുന്നത് അത്ര എളുപ്പമല്ല. ഏതുകാര്യവും സമഗ്രമായി പഠിച്ച് ആഴത്തിൽ മനസ്സിലാക്കി മാത്രമേ അതുമായി ബന്ധപ്പെട്ട എന്തും ചെയ്യാവൂ എന്ന നിലപാടാണ് വീട്ടുകാർക്ക് . ഇതെല്ലാം പഠിച്ചു വരുമ്പോഴേക്ക് പന്ത്രണ്ടു വയസ്സ് കഴിഞ്ഞാലോ? പറയാതെ എഴുതുന്നതിന് മടിയുമുണ്ട്. ഏതായാലും ഇലയ്ക്കും മുള്ളിനും കേടില്ലാത്ത വിധത്തിൽ ഞാൻ കാര്യം നടത്തി. ആട്ടക്കഥ എഴുതുന്നതിനെക്കുറിച്ച് വിമലങ്കിളുമായി സംസാരിച്ചു. അതിനോടൊപ്പം ചോദിക്കാൻ മറ്റൊരു തട്ടിക്കൂട്ട് സംശയവും കരുതിവച്ചിരുന്നു. (മറ്റൊരു സംശയം കണ്ടെത്താനുള്ള കാരണം ഞാൻ ആട്ടക്കഥ എഴുതുന്നു എന്ന് അങ്കിൾ അത്രവേഗം കണ്ടെത്തേണ്ട എന്നു കരുതിത്തന്നെയാണ്. ഒരു തരം മനഃശാസ്ത്രപരമായ നീക്കം!)

"ചെറുകഥയെഴുതാൻ പാടാണ്, കവിതയെഴുതാൻ പാടാണ് എന്നാൽ ആട്ടക്കഥ അതിലുമെളുപ്പം എഴുതാം."

ഇതായിരുന്നു ഞങ്ങളുടെ ചർച്ചയ്ക്കിടയിൽ വിമലങ്കിൾ പറഞ്ഞ പ്രധാന വാചകം. അദ്ദേഹം നിഷ്കളങ്കനും നിർദ്ദോഷിയുമായ ഒരു ഒൻപതു വയസ്സുകാരനെ അതിക്രൂരമായി തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു എന്നു മാന്യവായനക്കാർ തെറ്റിദ്ധരിക്കരുതേ! അദ്ദേഹം എന്റെ നിലവാരത്തിൽ കാര്യത്തെ ലളിതമായി അവതരിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ആട്ടക്കഥകൾ മിക്കവയും പുരാണഗ്രന്ഥങ്ങളിൽനിന്നായതിനാൽ അവയ്ക്ക് ഒരു ഇതിവൃത്തം കണ്ടുപിടിക്കാൻ പ്രയാസമില്ല എന്നു മാത്രമാണ് അദ്ദേഹം ഉദ്ദേശിച്ചത്. എന്നാൽ കാര്യം ശരിയാംവിധം മനസ്സിലാക്കാൻ സാധിക്കാതെയിരുന്ന എനിക്ക് വിഡ്ഢിത്തരം പ്രവർത്തിക്കാൻ ഈ വാക്കുകൾ ആത്മവിശ്വാസം നൽകി. നളചരിതം അഞ്ചാംദിവസം എന്നൊക്കെ വ്യാഖ്യാനിക്കാവുന്ന 'വ്യാഘ്രവധം' എന്നായിരുന്നു എന്റെ കഥയുടെ പേര്. നളനെ കാട്ടിൽ അയച്ചതിൽ പുഷ്കരന് പശ്ചാത്താപം തോന്നുകയും, നളനെ കണ്ടെത്തി രാജാവാക്കുന്നതും ആ സമയം നളന്റെ അയൽരാ

ജ്യത്തു താമസിക്കുന്ന വ്യാഘ്രലൻ എന്ന അസുരൻ നിഷധരാജധാനിയെ ആക്രമിക്കുന്നതും അവനെ വധിക്കുന്നതുമാണ് പൂർണ്ണമായും എന്റെ ഭാവനാസൃഷ്ടിയായ ഈ കഥയുടെ ഇതിവൃത്തം. കഥകളിയിലെ കരിവേഷമൊഴിച്ച് എല്ലാ വേഷങ്ങളും ഈ കഥയിലുണ്ട്. എന്റെ വേഷ വൈചിത്ര്യത്തോടുള്ള ഭ്രമമായിരുന്നു എന്നെ ഇതിനൊക്കെ പ്രേരിപ്പിച്ചത്. പരിപൂർണ്ണമായും വിഡ്ഢിത്തമായിരുന്നു ഈ കഥയെങ്കിലും അതിതുവരെ ഒരു നിർഗ്ഗുണ പരബ്രഹ്മമായി പരിണമിച്ചിട്ടില്ല. എന്നെയും എന്നെ പരിഹസിക്കുന്നതിൽ അതീവ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്ന എന്റെ അനിയത്തിയെയും കുടുകുടെ ചിരിപ്പിച്ചുകൊണ്ട് ആ കടലാസ്സുകെട്ട് എന്റെ അലമാരയിൽ വിശ്രമിക്കുകയാണ്.

കൃത്യം ഒൻപതുവയസ്സ് ആയപ്പോഴാണ് എന്റെ കഥകളി ജീവിതത്തിൽ അടുത്ത വഴിത്തിരിവ് ഉണ്ടാകുന്നത്. 2015 ഒക്ടോബർ 21. എന്റെ ഒൻപതാം പിറന്നാൾ ദിവസം. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ നവരാത്രി കളി. കഥ കല്യാണ സൗഗന്ധികം. ബാലസുബ്രഹ്മണ്യനാശാന്റെ ഭീമൻ, എന്റെ ആദ്യ കഥകളി ആശാൻ കലാമണ്ഡലം അരുണിന്റെ പാഞ്ചാലി, ഉണ്ണിത്താൻ ആശാന്റെ ഹനുമാൻ. ഞാൻ പതിവുപോലെ പുസ്തകവും വെള്ളവുമായി മുൻനിരയിലിരുന്ന് കളികാണുകയാണ്. അവസാന ഭീമ-ഹനുമാൻ സംവാദം വരെയെത്തി. മുദ്രാഭിനയം ആണല്ലോ. ഞാൻ ഇടതുകൈയ്യിൽ നിവർത്തിപ്പിടിച്ചിരുന്ന പുസ്തകത്തിലേക്ക് നോക്കി. "ഗദ അങ്ങയുടെ വാലിലാണ്" എന്ന് കാണിച്ചത് എനിക്ക് മനസ്സിലായി. സംഭാഷണത്തിന്റെ ബാക്കി അറിയാനാണ് പുസ്തകത്തിലേക്ക് നോക്കിയത്. "എന്റെ വാലിൽ വന്നതെങ്ങനെയാണ്" എന്ന ഹനുമാന്റെ ചോദ്യമാണ് പുസ്തകത്തിൽ. ഇതുവായിച്ച് അരങ്ങത്തേക്ക് നോക്കിയപ്പോൾ ഹനുമാൻ എന്തോ കാണിക്കുന്നതും മുൻപിൽ എന്റെ അടുത്തിരുന്ന ആസ്വാദകർ ചിരിച്ചു മറിയുന്നതുമാണ് കണ്ടത്. ഞാൻ അന്തം വിട്ടു. പുസ്തകത്തിന്റെ രചയിതാവായ വിമലങ്കിളുംകൂടി കുലുങ്ങിക്കുലുങ്ങി ചിരിക്കുന്നു. എനിക്ക് പുസ്തകത്തിലെ സംഭാഷണത്തിൽ ഇത്രയും ചിരിച്ച് ഞെട്ടിക്കാൻ തമാശയൊന്നും ഉള്ളതായി തോന്നിയതുമില്ല. ചിരിയുടെ ഓളം ഏതാണ്ട് അവസാനിച്ചപ്പോഴാണ് എനിക്ക് ആ ബോധോദയം ഉണ്ടാകുന്നത്. "പുസ്തകത്തിൽ എഴുതിയിരിക്കുന്നതിന്റെ ഈച്ചക്കോപ്പിയല്ല നടന്മാർ അരങ്ങത്ത് കാണിക്കുന്നത്. അതവരുടെ മനോധർമ്മമാണ്." ഇതുവരെ നേടിയ അറിവൊന്നും ഒന്നുമല്ലെന്നും കഥകളി ആസ്വാദനത്തിന്റെ അടിസ്ഥാനമായ മുദ്രകൾപോലും എനിക്ക് അറിയില്ലെന്നുമുള്ള കയ്പ്പേറിയ യാഥാർത്ഥ്യം അവിടെയിരുന്ന് അരങ്ങിനപ്പുറത്തെ രാത്രിയുടെ ഏകാന്തതയിലേക്ക് നോക്കി ഞാൻ ബദ്ധപ്പെട്ട് കുടിച്ചിറക്കി. ഈ അനുഭവമാണ് മുദ്രാഭിനയം പഠിക്കാൻ എനിക്ക് പ്രേരണയായത്. പിന്നീട് രണ്ടുവർഷങ്ങൾക്കും മൂന്നുമാസങ്ങൾക്കും ശേഷം ഞാൻ ഈ അനുഭവത്തിന് പ്രതികാരവും ചെയ്തു. 2018 ജനുവരി ഒൻപതിന് കഥകളിമേളയുടെ രണ്ടാം ദിവസം നടന്ന 'കല്യാണസൗഗന്ധികം' കഥയിൽ നരിപ്പറ്റ ആശാനും ചന്ദ്രശേഖര വാര്യർ ആശാനും അവതരിപ്പിച്ച ഫലിതം മനസ്സിലാക്കി ചിരിച്ച ആസ്വാദകർക്കൊപ്പം ഞാനുമുണ്ടായിരുന്നു. പിന്നീട് കഥകളി കാണുമ്പോൾ നടന്മാരുടെ ഇളകിയാട്ടങ്ങൾകൂടി ശ്രദ്ധിച്ചു, ആസ്വദിച്ചു. രസകരവും ദൈർഘ്യമുള്ളതുമായ ആട്ടങ്ങളോടായി പിന്നെ എനിക്ക് പ്രിയം. പിന്നീട് ആട്ടപ്പുസ്തകം ഇല്ലാതെതന്നെ അരങ്ങത്തു നടക്കുന്നത് ഒരുവിധം മനസ്സിലാക്കാം എന്ന സ്ഥിതിയായി. എന്നാൽ നടന്മാർ കാണിക്കുന്നത് വെറുതെയങ്ങ് മനസ്സിലാക്കിയാൽ മാത്രം മതിയോ എന്നു ചിന്തിക്കാൻ വീണ്ടും രണ്ടുവർഷം എടുത്തു.

*    *    *    *    *

മറ്റുപലരേയുംപോലെ എനിക്കും ജീവിതത്തിൽ, പ്രത്യേകിച്ചും കലാസംബന്ധിയായ ചില ഭരണപരിഷ്കാരങ്ങൾ നടത്താനുള്ള അവസരം 2020 ലെ ലോക്ഡൗൺകാലം തന്നു. കഥകളികാണാൻ സാധിച്ചില്ലെങ്കിലും എനിക്ക് താല്പര്യമുള്ള മറ്റു മേഖലകളായ സാഹിത്യം, സിനിമ തുടങ്ങിയ കലാരൂപങ്ങളെ കുറച്ചുകൂടി ശ്രദ്ധിക്കാൻ സാധിച്ചു. അങ്ങനെ അവയെ എപ്രകാരം കുറച്ചുകൂടി ഗൗരവതരമായി, വിമർശനാത്മകമായി സമീപിക്കാം എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോഴാണ് ഞാൻ അതുവരെയുള്ള എന്റെ കഥകളി ആസ്വാദനത്തെ അപഗ്രഥിക്കുവാൻ ആരംഭിച്ചത്. കഥകളിയെ എങ്ങനെ ആസ്വദിക്കാം എന്നു ഞാൻ ചിന്തിച്ചു തുടങ്ങി. ആട്ടവും പാട്ടും മേളവും നൃത്തവും ചിത്രകലയുമെല്ലാം ഒത്തുചേരുന്ന കലാ

രൂപമായ കഥകളി ആസ്വാദകന് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാനുള്ള ഒരു സ്രോതസ്സാണ് (സൂപ്പർ മാർക്കറ്റ്) എന്ന എന്റെ പ്രാഥമിക നിഗമനത്തിൽ ഞാൻ അസംതൃപ്തനായിരുന്നു. കഥകളിയെ മനസ്സിലാക്കുകയല്ലാതെ ആസ്വദിക്കുക എന്ന ലക്ഷ്യവുമായി ഞാൻ ഒരു വർഷത്തോളം ജീവിച്ചു. വിമലങ്കിളിനെയും കുമാരനാശാനെയും കടമെടുത്തു പറഞ്ഞാൽ "കാക്കയും വന്നു പനമ്പഴവും വീണു" എന്നു പറഞ്ഞതുപോലെയാണ് കഥകളി പഠനകളരി എന്ന ഞങ്ങളുടെ വാട്സ് ആപ്പ് കഥകളി കൂട്ടായ്മ 'കഥകളി പരിചയം' എന്ന ആസ്വാദന ക്ലാസ്സ് തുടങ്ങിയത്. കഥകളി ആസ്വാദകനായ ശ്രീ മനോജ് കൃഷ്ണയായിരുന്നു ക്ലാസ്സ് നയിച്ചത്. കഥകളിയുടെ അടിസ്ഥാനം നേടിക്കഴിഞ്ഞ ഞങ്ങൾ ഒരുപറ്റം വിദ്യാർത്ഥികളെ കഥകളി ആസ്വദിക്കാൻ പഠിപ്പിക്കുക എന്നതായിരുന്നു ഓൺലൈനായി നടത്തിയ ആ പരമ്പരയുടെ ലക്ഷ്യം. നവസാങ്കേതിക വിദ്യയെ നന്നായി ഉപയോഗപ്പെടുത്തിയ ആ ക്ലാസ്സുകളുടെ ഇടയിൽ മനോജ് സാർ പറഞ്ഞ ഒരു കാര്യമാണ് അടുത്ത വഴിത്തിരിവ് എന്റെ ആസ്വാദന ജീവിതത്തിൽ ഉണ്ടാക്കിയത്.

"കഥകളി കഥ കളിച്ചുകാണിക്കുന്നതാണ്. അവിടെ കഥയ്ക്കല്ല കളിക്കാണ് പ്രാധാന്യം. എന്തുചെയ്യുന്നു എന്നതിനെക്കാൾ എങ്ങനെ ചെയ്യുന്നു എന്നതാണ് നമ്മൾ ആസ്വദിക്കേണ്ടത്."

ഈ അഭിപ്രായം മനസ്സിലാക്കിത്തരാനായി അദ്ദേഹം രാമൻകുട്ടിയാശാന്റെ ഹനുമാന്റെ ഒരു വീഡിയോയും കാണിച്ചുതന്നു. ആശാന്റെ ഹനുമാൻ സമുദ്രവർണ്ണനയുടെ സമയത്ത് സമുദ്രത്തിൽ വലവീശുന്ന ഭാഗം. എന്നിട്ട് അദ്ദേഹം തുടർന്നു,

"സീതാദേവിയെ അന്വേഷിക്കുന്ന ഹനുമാൻ മുക്കുവരെയൊക്കെ നോക്കേണ്ട കാര്യമുണ്ടോ എന്ന് ചോദിക്കുന്നവരുണ്ട്. പക്ഷേ അദ്ദേഹം വല വീശുന്നതിന്റെ ഭംഗി നോക്കൂ."

"കഥകളിയിൽ കളിക്കാണ് പ്രാധാന്യം" എന്ന പലയിടത്തും കേട്ടുപഴകിയ വാചകത്തിന്റെ പൊരുൾ അന്നാണ് എനിക്ക് മനസ്സിലായത്. എന്റെ അഭിപ്രായത്തിൽ ഈ കാര്യം മറന്നുപോകുന്നതോ അറിയാതെ പോകുന്നതോ ആണ് കഥകളി ഒരു ജനപ്രിയ കലയായി പരിണമിക്കാത്തതിന്റെ മുഖ്യ കാരണം. ഏതായാലും ഈ വാക്യത്തെ അടിസ്ഥാനമാക്കി ഞാൻ പിന്നീട് കഥകളി കണ്ടു. പാട്ടും മേളവും കൈയ്യും കണ്ണും എല്ലാം യോജിച്ചുണ്ടാകുന്ന അനുഭൂതി പകരുന്ന സൗന്ദര്യം, ഇല്ലാത്ത ഒന്നിനെ സൃഷ്ടിക്കുകയും അനുഭവിപ്പിക്കുകയും ചെയ്യുന്ന കഥകളിയുടെ സങ്കേത സൗന്ദര്യം തുടങ്ങി കഥകളിക്ക് മാത്രം സ്വന്തമായുള്ള സൗന്ദര്യാംശങ്ങളെനിക്കും അനുഭവവേദ്യമായിത്തുടങ്ങി. അങ്ങനെ കഥകളിയുടെ ആസ്വാദനാംശങ്ങൾ കൂടുതൽ മനസ്സിലാക്കുവാനായി, പണ്ട് 'ബുജീ ഗ്രന്ഥങ്ങൾ' എന്നു പറഞ്ഞ് മാറ്റിവെച്ച പുസ്തകങ്ങൾ വായിക്കാൻ തയ്യാറായതുവരെ എത്തിനിൽക്കുകയാണ് എന്റെ ആസ്വാദനയാത്ര. മുന്നോട്ടുള്ള യാത്രയ്ക്ക് വഴിവിളക്കായി വിമലങ്കിൾ എപ്പോഴും പറയാറുള്ള അർത്ഥസമ്പുഷ്ടമായ വാക്യമുണ്ട്.

"നിരന്തരം കഥകളി കണ്ടാലേ അത് കാണാൻ പഠിക്കൂ..." ●



യുവ സാഹിത്യ പ്രതിഭ **പാർത്ഥിവ് ആർ. വർമ്മ**, തിരുവല്ല എഴുതിയ '**ദർശനം പുനരസ്തു**' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം റാന്നി എം.എൽ.എ. പ്രമോദ് നാരായണൻ നിർവ്വഹിക്കുന്നു. തന്റെ സ്കൂൾ വിദ്യാഭ്യാസകാലത്തെ അനുഭവങ്ങളാണ് പുസ്തകത്തിന്റെ പ്രമേയം. പുസ്തകം സ്വീകരിക്കുന്നത് സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ നൈനാൻ കോശി.

യാത്രകൾ-18

# ഷിർദ്ദി, ശനി സിംഗനാപ്പൂർ

**കെ. ഹരികൃഷ്ണവർമ്മ**
ചേർത്തല, മൊ. 9447484099

മഹാരാഷ്ട്ര സംസ്ഥാനത്തിലെ പ്രസിദ്ധങ്ങളായ ദേവാലയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അഹമ്മദ് നഗർ ജില്ലയിലെ ചെറിയൊരു ഗ്രാമമായ ഷിർദ്ദിയിലെ സായിബാബാ ക്ഷേത്രം. അഹമ്മദ് നഗറിന്റെ ചരിത്രം ബി.സി മൂന്നാം നൂറ്റാണ്ടിലെ മൗര്യ ചക്രവർത്തി അശോകനിൽ തുടങ്ങുന്നതാണ്. പിന്നീട് ആന്ധ്രബ്രിട്യാ, ഡെക്കാൺ, രാഷ്ട്രകൂട, ചാലൂക്യ, ഡിയൊഗിരി തുടങ്ങിയ പല രാജവംശങ്ങളിലൂടെ കടന്ന് ഏ.ഡി. പതിമൂന്നാം നൂറ്റാണ്ടിൽ ഈ പ്രദേശം അലാവുദ്ദീൻ ഖിൽജിയിലൂടെ മുഗൾ ഭരണത്തിൻ കീഴിൽ എത്തി. പതിനേഴാം നൂറ്റാണ്ടിൽ മറാത്ത രാജാവായിരുന്ന ഛത്രപതി ശിവജി തന്റെ ഗറില്ലാ യുദ്ധതന്ത്രങ്ങളിലൂടെ ഔറംഗസീബിന്റെ മേൽക്കോയ്മയ്ക്കു നിരന്തരം ഭീഷണി ഉയർത്തി എന്നത് മഹാരാഷ്ട്രക്കാർ അഭിമാനപുരസ്സരം ആണ് ഇക്കാലത്തും സ്മരിക്കുന്നത്. ഹിന്ദുക്കൾ മാത്രം മതപരമായി സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്താൽ മാത്രം അത് തീവ്രവാദം ആകുന്ന ഒരു പ്രത്യേക ആശയസംഹിത കേരളത്തിൽ അല്ലാതെ ഭാരതത്തിൽ മറ്റൊരു സംസ്ഥാനത്തിലും നിലവിലില്ല എന്നു കൂടി പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

സായിബാബ എന്ന മുസ്ലീം ഗുരു (ഫക്കീർ) പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ആണ് ഷിർദ്ദിയിൽ എത്തിയത്. ആയിരത്തി തൊള്ളായിരത്തി പതിനെട്ടിൽ അദ്ദേഹത്തിന്റ മരണം വരെ അദ്ദേഹം ഷിർദ്ദിയിൽ തന്നെ ആണ് താമസിച്ചത്. സായി എന്നതിനർത്ഥം 'സമ്പൂർണ്ണ ഈശ്വരൻ' എന്നാകുന്നു. ജാതി-മത ഭേദമെന്യേ ധാരാളം ഭക്തന്മാരും വിശ്വാസികളും അനുയായികളും അദ്ദേഹത്തെ തേടി എത്തിയിരുന്നു. എല്ലാവരേയും സ്വീകരിക്കുകയും അനുഗ്രഹിക്കുകയും ഉപദേശിക്കുകയും ചെയ്തതോടൊപ്പം എല്ലാവർക്കും എല്ലാ സമയത്തും ഭക്ഷണവും അദ്ദേഹം സന്തോഷപൂർവ്വം നൽകിയിരുന്നു. സായി ക്ഷേത്രത്തോടൊപ്പം അടുക്കളയും വളരെ പ്രസിദ്ധമാണ് ഇപ്പോഴും. പൂനെയിൽ 2013 ഫെബ്രുവരിയിൽ എത്തിയതിനുശേഷം ഇടക്കിടെയുള്ള യാത്രകളിലൂടെ മഹാരാഷ്ട്രയിലെ പല സ്ഥലങ്ങളും സന്ദർശിച്ചെങ്കിലും എന്തുകൊണ്ടോ ഷിർദ്ദിയിൽ പോകാൻ തോന്നിയില്ല. ആൾദൈവങ്ങളോടുള്ള വിപ്രതിപത്തി ആയിരിക്കാം അതിന് ഹേതു. 2015-ൽ പെട്ടെന്ന് ഒരു തോന്നൽ വന്നതാണ് അവിടെയും ഒന്നു പോകണമെന്ന്. സുഹൃത്തുക്കളോട് ഇക്കാര്യം സൂചിപ്പിച്ചപ്പോൾ മറ്റൊരറിവു കൂടി കിട്ടി. ഷിർദ്ദിയിൽ നിന്നും 70 കി.മി. മാറി ഒരു ശനീശ്വരൻ ക്ഷേത്രം ഉണ്ട്, ശനി സിംഗനാപ്പൂർ. 2015 മാർച്ചിൽ ആയിരുന്നു യാത്ര. ഷിർദ്ദിയിൽ ദർശനത്തിനും മുറിക്കും സൈറ്റിലൂടെ ബുക്ക് ചെയ്യാൻ സാധിക്കും. അങ്ങനെ രണ്ടും ബുക്ക് ചെയ്ത് യാത്ര പുറപ്പെട്ടു. എന്റെ പഴയ മാരുതി 800 സുഹൃത്ത് ഡാർവിനു കൊടുത്ത് അവന്റെ



താരതമ്യേന പുതിയ കാർ കടം വാങ്ങി 2 ദിവസത്തേക്ക്. കൊച്ചുമഠത്തിലെ രവീന്ദ്രേട്ടന്റെ മകൻ ഹരീഷും യാദൃച്ഛികമായി വന്നു ഒപ്പംചേർന്നു. രാവിലെ 6.30 ന് യാത്ര ആരംഭിച്ചു. പൂനെയിൽ നിന്ന് നാസിക്കിലേക്കുള്ള പാതയിലൂടെ ഒരു മുക്കാൽ ഭാഗം ചെന്നുകഴിഞ്ഞ് വലത്തോട്ടു തിരിഞ്ഞാണ് ഷിർദ്ദിയിലേക്കു പോകേണ്ടത്. യാത്ര വളരെ രസകരമായിരുന്നു. റോഡിനു വീതി കുറവായിരുന്നതിനാൽ വേഗത കുറച്ചാണു പോയത്. 8 മണിയോടെ ഒരിടത്തരം ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. ഗ്രാമങ്ങളും കൃഷിസ്ഥലങ്ങളും പിന്നിട്ട് 11 മണിയോടെ ഷിർദ്ദിയിലെത്തി. ക്ഷേത്രത്തിന്റെ വകയായ സത്രത്തിൽ തന്നെയാണ് മുറി ബുക്ക് ചെയ്തിരുന്നത്. 3 പേർക്കുള്ള എയർ കൺഡീഷൻ ചെയ്ത മുറിക്ക് വെറും 500 രൂപ മാത്രം! നല്ല വൃത്തിയും വെടിപ്പുമുള്ള മുറിയും പരിസരവും. സത്രത്തിൽ നിന്ന് ക്ഷേത്രത്തിലേക്ക് ബസ്സ് യാത്ര സൗജന്യമാണ്. ഞങ്ങൾ അപ്പോൾ തന്നെ ക്ഷേത്ര പരിസരത്തേക്കു പുറപ്പെട്ടു. ക്ഷേത്രത്തിൽ നിന്നു കുറച്ചകലെയാണ് ക്ഷേത്രം വക ഭക്ഷണം കൊടുക്കുന്ന സ്ഥലം, അടുക്കള. ഞങ്ങൾ അവിടേക്കു പോയി, ഒരു ഓട്ടോയിൽ. ഭക്ഷണശാല വളരെ വലുതും അതിഗംഭീരവുമാണ്. സായിബാബ അനുഗ്രഹരൂപത്തിലും ഭക്ഷണം പാകംചെയ്യുന്ന രീതിയിലും വലിയ പ്രതിമകൾ സ്ഥാപിച്ചിട്ടുണ്ട്. ഭക്ഷണം സൗജന്യമായും 40 രൂപ ചീട്ടു പ്രകാരവും കൊടുക്കുന്നുണ്ട്. വിളമ്പുന്നത് ഒരേ രീതിയിൽ തന്നെയാണ്. രണ്ടു ഹാളുകളിലാണെന്നു മാത്രമാണു വ്യത്യാസം. ഞങ്ങൾ 40 രൂപ ചീട്ടെടുത്താണു കയറിയത്. ഭക്ഷണശാലയ്ക്കടുത്ത് പല വിധത്തിലുള്ള കച്ചവടക്കാരും ഉണ്ട്.

ഉച്ചകഴിഞ്ഞ് 3 മണിക്കുള്ള ദർശനത്തിനാണ് ഞാൻ ബുക്ക് ചെയ്തിരുന്നത്. അതിനാൽ ഭക്ഷണം കഴിഞ്ഞ് കറങ്ങിനടക്കാതെ വേഗം ക്ഷേത്രത്തിലേക്കു പോയി.

ക്യാമറയും മൊബൈലും ചെരിപ്പും മറ്റും സൂക്ഷിക്കാൻ പ്രത്യേക സ്ഥലങ്ങൾ ഉണ്ടവിടെ. എനിക്കും മായക്കും ബുക്കിങ് ഉള്ളതിനാൽ 20 മിനിട്ടുകൊണ്ട് തൊഴുതിറങ്ങാൻ സാധിച്ചു. ഹരീഷ് പക്ഷെ ഒരു ഒന്നര മണിക്കൂറോളം വൈകി. ആ സമയത്തു താരതമ്യേന തിരക്കു കുറവായിരുന്നതും ഒരു രക്ഷയായി. പ്രസാദമൊക്കെ വാങ്ങി തിരികെ മുറിയിൽ പോയി കുറച്ചു സമയം വിശ്രമിച്ചു.

വൈകിട്ട് വീണ്ടും ക്ഷേത്രപരിസരത്തെത്തി. അപ്പോൾ ഭക്തജനങ്ങളുടെ നല്ല തിരക്കായിരുന്നു. പുറത്തൊക്കെ കുറേ നേരം ചുറ്റിനടന്നു. പൗരാണികതയുടെയോ വാസ്തു ചാരുതയുടെയോ പ്രത്യേകതകളൊന്നും ഈ ദേവാലയത്തിൽ അകത്തും പുറത്തും ദർശിക്കാനായില്ല. കുറച്ചു ഫോട്ടോകൾ എടുത്തു. അടുത്തൊരു ഹോട്ടലിൽ നിന്നു അത്താഴവും കഴിച്ച് 10 മണിയോടെ സത്രത്തിൽ തിരികെ എത്തി.

പിറ്റേന്നു പ്രഭാതഭക്ഷണം കഴിഞ്ഞ് 7.30 ഓടെ ഷിർദ്ദിയിൽ നിന്നും ശനി സിംഗനാപ്പൂരിലേക്കു പുറപ്പെട്ടു. ശനി സിംഗനാപ്പൂർ അഥവാ സോനെ എന്ന ഗ്രാമം അഹമ്മദ് നഗർ ജില്ലയിലെ തന്നെ നെവാസാ താലൂക്കിലാണ് സ്ഥിതിചെയ്യുന്നത്. ശനീശ്വര ക്ഷേത്രമാണ് ഇതിന്റെ പ്രധാന ആകർഷണം. ഈ ഗ്രാമത്തിൽ മോഷ്ടാക്കൾ തീരെ ഇല്ലെന്നും അതുകൊണ്ടു തന്നെ അവിടത്തെ വീടുകൾക്ക് സാക്ഷകളോ ഓടാമ്പലുകളോ കൊളുത്തുകളോ ഇല്ലെന്നും വാതിലുകൾ അടയ്ക്കാറില്ലെന്നും ആണ് എല്ലാവരും പറയുന്നത്. തദ്ദേശവാസികളെയും ഭക്തന്മാരെയും രക്ഷിക്കുന്നതോടൊപ്പം മോഷ്ടാക്കളെ ശനീശ്വരൻ ശിക്ഷിക്കുകയും ചെയ്തുകൊള്ളും എന്നാണ് അവിടത്തെ വിശ്വാസം.

ഷിർദ്ദിയിൽ നിന്ന് ഏകദേശം അതേ ദിശയിൽ തന്നെയാണ് യാത്ര ചെയ്യേണ്ടത്, 70 കി.മീറ്റർ. റോഡ് 4 വരി ആക്കാനുള്ള ജോലികൾ നടക്കുന്നതിനാൽ ഇടയ്ക്ക് തടസ്സങ്ങൾ ഉണ്ടായിരുന്നു. പക്ഷെ സ്ഥലങ്ങൾ പ്രകൃതിരമണീയങ്ങളായിരുന്നു എന്നു പറയാതെ വയ്യ. 10 മണിക്കു മുൻപായി ശനി സിംഗനാപ്പൂരിലെത്തി. കാർ പാർക്ക് ചെയ്യുന്ന സ്ഥലത്തു തന്നെ വഴിപാടിനുള്ള സാധനങ്ങളും ലഭിക്കും.

നല്ലെണ്ണ അഭിഷേകമാണു പ്രധാനം. കുറച്ചു പുഷ്പങ്ങളും വളഞ്ഞ ഒരു ലോഹക്കഷണവും കൂടി ഉണ്ട്. ആരാധനയൊക്കെ സ്വന്തമായി ചെയ്യുകയാണു വേണ്ടത്. ശനീശ്വരനെ സങ്കൽപ്പിച്ചു അഞ്ചര അടി പൊക്കമുള്ള ഒരു പരന്ന ശില മാത്രമാണു നിവർത്തി നിർത്തിയിരിക്കുന്നത്. ഇതിന്റെ അരികിൽ ഒരു ത്രിശൂലവും തെക്കുഭാഗത്തായി ഒരു നന്ദി വിഗ്രഹവും കാണാം. മുപ്പതിനായിരത്തിലധികം ഭക്തന്മാർ നിത്യേന ഇവിടെ ദർശനത്തിനായി എത്തുന്നു. അമാവാസ ദിനത്തിലും

ശനിയാഴ്ചകളിലും ഭക്തന്മാരുടെ തിരക്ക് വളരെ കൂടുതൽ ആയിരിക്കും. ആ ദിവസങ്ങളിൽ പ്രത്യേക ആഘോഷങ്ങളും പതിവുണ്ട്. നമുക്ക് വഴിപാടുകൾ നടത്തിത്തരുന്നതിനു പൂജാരികൾ ആരും അവിടെ ഉണ്ടാകാറില്ല. ശനീശ്വരന് രണ്ടു നേരങ്ങളിലുള്ള പ്രദക്ഷിണത്തിനു മാത്രമേ പൂജാരിമാർ സാധാരണ ഹാജരാകാറുള്ളൂ. നമ്മൾ ഒഴിക്കുന്ന എണ്ണ പമ്പുചെയ്ത് ഈ ശിലയിൽ അവിരാമം അഭിഷേകം ചെയ്തുകൊണ്ടിരിക്കും. ലോഹത്തകിട് തിരിച്ചെത്തി വീടിനു മുൻപിൽ സ്ഥാപിക്കണം. ഞങ്ങൾ വളരെ സാവധാനം പ്രാർത്ഥനകളെല്ലാം നടത്തി കുറച്ചുനേരംകൂടി അവിടെ ചെലവാക്കി. കാർ കിടക്കുന്ന സ്ഥലത്തേക്കുള്ള വഴി മുഴുവൻ പലതരം കച്ചവടങ്ങളാണ്. അവിടെയും കുറച്ചു സമയം ചെലവഴിച്ചു. 12 മണിയോടെ തിരിച്ചു യാത്ര ആരംഭിച്ചു.

ശനി സിംഗനാപ്പൂരിൽ നിന്നു പൂനെയിലേക്ക് വരാൻ തിരികെ ഷിർദ്ദിയിലേക്ക് പോകേണ്ട ആവശ്യമില്ല. അഹമ്മദ് നഗർ വഴി വരുന്നത് വളരെ എളുപ്പമാണ്. ഞങ്ങൾ ആ വഴിക്കാണു പോന്നത്. മുഴുവൻ നല്ല ഗ്രാമ പ്രദേശങ്ങളും അതുകൊണ്ടു തന്നെ കൃഷിയിടങ്ങളും ആണ്. വഴിക്കു കാള തിരിക്കുന്ന ചക്കിൽ നിന്ന് കരിമ്പിൻനീർ കുടിച്ചു. അഹമ്മദ്നഗർ വരെ നല്ല നാലുവരി പാത ആയിരുന്നു. നഗരത്തിൽ കയറാതെ ബൈപ്പാസ്സ് വഴിയാണു ഞങ്ങൾ പോന്നത്. കുറെ ദൂരം റോഡ് പണി നടക്കുന്നതിനാൽ വളരെ മോശമായിരുന്നു. ഏകദേശം 2 മണിയോടെ റോഡരികിലുള്ള ഒരു റസ്റ്റോറന്റിൽ കയറി ഭക്ഷണം കഴിച്ചു. ഹരീഷിന് പൂനെയിൽ നിന്ന് മുംബൈയിലേക്കുള്ള ബസ്സ് 6.30 ന് ആയതിനാൽ ഞങ്ങൾ വേഗത്തിൽ ഭക്ഷണം കഴിച്ചിറങ്ങി. വീണ്ടും യാത്രതുടങ്ങി. ഒരു മുക്കാൽ മണിക്കൂർ ആയപ്പോളാണ് മായ ഹാൻഡ്ബാഗ് ഹോട്ടലിൽ നിന്നും എടുത്തില്ല എന്നോർത്തത്. മറ്റൊരു യാഥാർത്ഥ്യം കൂടി അപ്പോൾ എന്നെ ഞെട്ടിച്ചു. പത്തു ഗ്രാം ഉള്ള എന്റെ പയ്യന്നൂർ പവിത്രം ആ ബാഗിൽ ആണു വെച്ചത്. ഹോട്ടൽ ബില്ല് ഭാഗ്യത്തിനു ഹരീഷ് പോക്കറ്റിൽ സൂക്ഷിച്ചിരുന്നു. അതിൽ കണ്ട മൊബൈൽ നമ്പറിൽ വിളിച്ചപ്പോൾ അത് പീടികയുടെ ഉടമയുടേത് ആയിരുന്നു. അയാൾ മറ്റൊരു നമ്പർ തന്നതിൽ കൂടി വിളിച്ചപ്പോൾ ആളെ കിട്ടി. ചോദിച്ചപ്പോൾ ബാഗ് അവിടെത്തന്നെ ഉണ്ട്. കാർ ഉടനെ തിരിച്ചുവിട്ടു. ഉൽകണ്ഠ കൂടുമ്പോൾ ദൂരവും കൂടും എന്നത് ഞങ്ങൾ വേഗത്തിൽ തിരിച്ചറിഞ്ഞു. റസ്റ്റോറന്റിൽ എത്തിയ ഉടൻ അവിടത്തെ ജീവനക്കാർ ബാഗ് എടുത്തു കയ്യിൽ തന്നിട്ട് പരിശോധിക്കാനും നിർദ്ദേശിച്ചു. എല്ലാം സുരക്ഷിതമായി ഉണ്ടായിരുന്നു. സന്തോഷസൂചകമായി നൂറു രൂപ അവർക്കു കൊടുത്തപ്പോൾ നിർബ്ബന്ധിച്ചിട്ടാണ് അവർ സ്വീകരിച്ചത്. പിന്നീട് വളരെ ധൃതി പിടിച്ച പരിപാടി ആയിപ്പോയി. ഹരീഷിന്റെ ബാഗും ലാപ്ടോപ്പും മറ്റും ഞങ്ങളുടെ ഫ്ളാറ്റിൽ ആയിരുന്നതിനാൽ അവിടെ പോകാതെ ബസ് സ്റ്റേഷനിലേക്ക് പോകാനും വയ്യ. ഒരു വിധത്തിൽ തിരിച്ചു പൂനെയിലെത്തി ഹരീഷിനെ 6.30 ന് മുൻപുതന്നെ ബസ്സ്റ്റാന്റിൽ എത്തിച്ചു.


●

## അഭിനന്ദനങ്ങൾ



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയിൽ നിന്നും ചാർട്ടേർഡ് അക്കൗണ്ടന്റായി പ്രാക്ടീസ് ചെയ്യാൻ യോഗ്യത നേടിയ **ദിവ്യ വർമ്മ**. തൃപ്പൂണിത്തുറ കണ്ണംകുളത്തു മഠത്തിൽ പത്മജ ആർ. വർമ്മയുടെയും തൃശൂർ അഞ്ചേരി കണ്ണാടി കോവിലകത്ത് രഘുനാഥിന്റെയും മകളാണ്.

# ബാഷ്പാഞ്ജലി



പന്തളം കൊട്ടാരം വലിയ തമ്പുരാൻ കുളനട കൈപ്പുഴ മംഗളവിലാസം കൊട്ടാരത്തിൽ **മകയിരംനാൾ രാഘവവർമ്മ രാജ** (90) അന്തരിച്ചു. മധ്യപ്രദേശ് വൈദ്യുതി ബോർഡിൽ ഡിവിഷണൽ അക്കൗണ്ടന്റായിരുന്നു. പന്തളം കൊട്ടാരം നിർവ്വാഹക സംഘത്തിന്റെ പ്രസിഡന്റായി ചുമതല വഹിച്ചിട്ടുള്ള അദ്ദേഹം രാജപ്രതിനിധിയായി തിരുവാഭരണ ഘോഷയാത്രയെ നയിച്ചിട്ടുണ്ട്. ഭാര്യ: ചെറുകോൽ കൊട്ടാരത്തിൽ കൊച്ചോമന തമ്പുരാട്ടി. മകൾ: രേണുക വർമ്മ. മരുമകൻ: ആർ രാജീവ് (റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ, എം.ജി. സർവ്വകലാശാല, കോട്ടയം).



കണ്ണൂർ ചിറക്കൽ കോവിലകത്തെ വലിയ തമ്പുരാട്ടി **മകയിരം നാൾ സി.കെ. തങ്കം തമ്പുരാട്ടി** (97) ചെന്നൈയിൽ അന്തരിച്ചു. ഭർത്താവ്: തിരുവല്ല പാലിയേക്കര കൊട്ടാരത്തിലെ പരേതനായ പി.ജി. രവി വർമ്മ. മക്കൾ: പരേതനായ സി.കെ. രവി വർമ്മ (ചിറക്കൽ), രാജരാജ വർമ്മ (മഞ്ചേരി), കേരള വർമ്മ (ചെന്നൈ), ജയകുമാർ വർമ്മ (ചെന്നൈ), ജയശ്രീ സുന്ദർ നായക് (കോഴിക്കോട്/നൈരോബി). മരുമക്കൾ: സുകുമാരി (നിലമ്പൂർ കോവിലകം), വിജയലക്ഷ്മി (പിണറായി), ഗീത (മഞ്ചേരി കോവിലകം), ചിത്ര (നീലേശ്വരം കിണാവൂർ കോവിലകം), ജയശ്രീ (എക്കണത്ത്), സുന്ദർ നായക് (കോഴിക്കോട്/നൈരോബി).

## അടുത്ത പന്തളം വലിയ തമ്പുരാൻ



പന്തളം കൈപ്പുഴ വടക്കേ കൊട്ടാരം (വടക്കേ മുറി) പുത്തൻ കോയിക്കൽ **തിരുവോണം നാൾ ആർ. രാമവർമ്മ രാജ** (87) പന്തളം കൊട്ടാരം വലിയ തമ്പുരാനായി. പുത്തൻ കോയിക്കൽ അംബാലിക തമ്പുരാട്ടിയുടെയും കീഴ്പ്രം ഇല്ലത്ത് സി.ഡി. നാരായണൻ നമ്പൂതിരിയുടെയും മകനായി ജനിച്ചു. സതേൺ റെയിൽവേയിൽ പാലക്കാട് ഡിവിഷണൽ ഓഫീസ് സൂപ്രണ്ടായിരുന്നു. ഇപ്പോൾ പാലക്കാടാണ് സ്ഥിരതാമസം.

കുതിരവട്ടം സ്വരൂപത്തിൽ ശങ്കരി തമ്പാട്ടിയാണ് പത്നി. മക്കൾ: ആശാ രാജ (റിട്ട. അദ്ധ്യാപിക), അശോകൻ തമ്പാൻ (ഡെപ്യൂട്ടി ജന. മാനേജർ ഇയോൺ ഗ്രൂപ്പ് ഓഫ് കമ്പനീസ്), അജിത്ത് തമ്പാൻ (അദ്ധ്യാപകൻ N.S.S സ്കൂൾ വെങ്ങാശ്ശേരി). ജാമാതാക്കൾ: KCCK രാജ (റിട്ട. പ്രിൻസിപ്പൽ, ഗവ. ടി.ടി.ഐ.), പ്രസീദ വർമ്മ (സബ് ട്രഷറി ഓഫീസർ, പാലക്കാട്), ഉമാരാജ (അദ്ധ്യാപിക, പാലക്കാട്).

കഥ

# മംഗൾ ചൗധരി



**ധനഞ്ജയ വർമ്മ**
പിലാത്തറ, മൊ. 9446980086

രാവിലെ ഓഫീസിലേക്ക് പോകാനായി വീട്ടിൽ നിന്നിറങ്ങി. റെയിൽവെ സ്റ്റേഷനിലെ ത്താൻ അല്പം നടക്കണം. ങാ, സാരമില്ല. ഈ കൊച്ചു നടത്തം ശരീരത്തിന് നല്ലതാ. എല്ലാത്തിനും ഓരോ കാരണം വേണമല്ലോ. കാരണമില്ലാതെ ഈ ലോകത്ത് ഒന്നും സംഭവിക്കുന്നില്ല. ഞാൻ എന്ന മംഗൾ ചൗധരിയുടെ അനുഭവം മാറ്റി നിർത്തിയാൽ.

"ങേ! എനിക്ക് പോകേണ്ട ട്രെയിനിന്റെ ചൂളം വിളിയല്ലെ ആ കേൾക്കുന്നത്! ഞാൻ ഇറങ്ങാൻ വൈകിയോ, ഏയ് ഇല്ല. എന്നും ഇറങ്ങുംപോലെ തന്ന്യാ ഇറങ്ങിയത്. പിന്നെ അത് ഏതാ ട്രെയിൻ?" അവൾ നടത്തത്തിന് അല്പം വേഗത കൂട്ടി.

"ങാ... പിടികിട്ടി. അത് കല്യാൺലേക്കുള്ള ഫാസ്റ്റാ, സെൻട്രൽ. എനിക്ക് വിരാർ ലോക്കലിനാണ് പോകേണ്ടത്. വെസ്റ്റേൺ, ഹൊ, സമാധാനം." ഞാൻ പേടിച്ച് പോയി.

തിരക്കിനിടയിലും ചൗധരിയുടെ മനസ്സ് ഒരു ഫ്ളാഷ്ബാക്കിനു വേണ്ടി തയ്യാറെടുക്കുകയായിരുന്നു.

* * * * *

പരസ്യചിത്രത്തിന് മോഡലാകാനുള്ള ക്ഷണം കിട്ടിയപ്പോൾ മംഗൾചൗധരിക്ക് അത് വിശ്വസിക്കാനായില്ല.

"എന്ത്, മോഡലാകാനോ! ഞാനോ!! അതും ഒരു പരസ്യചിത്രത്തിന്! ഇത് വലിയതമാശതന്നെ. ഒരിക്കലും അതിന് കഴിയില്ലെനിക്ക്. കരിഞ്ഞ് വികൃതമായ ഈ മുഖം... കൊള്ളാം, ലോകത്ത് മറ്റാർക്കും കാണില്ല, ഇനിയൊരാൾക്ക് ഇത് ഉണ്ടാവാതിരിക്കട്ടെ. ഞാൻ എന്നിൽത്തന്നെ ഒതുങ്ങിക്കഴിഞ്ഞോളാം. പുറംലോകം ഈ അപശകുനത്തിന് കാണാൻ വിധിച്ചിട്ടില്ല, കാണുകയും വേണ്ട. കല്ലിൽ കൊത്തി വെച്ചപോലുള്ള വിശ്വാസപ്രമാണങ്ങൾ. അതിസുന്ദരിമാർക്കും, സുന്ദരന്മാർക്കും പറഞ്ഞിട്ടുള്ളതാണ് മോഡലിങ്ങ്. പരസ്യമേഖലയെ തന്റെ ചൊൽപ്പടിക്ക് നിർത്താൻ അവർക്കേ കഴിയൂ. ബിസ്സിനസ്സിന്റെ ലാഭനഷ്ടങ്ങളുടെ വിധി നിർണ്ണയിക്കുന്നത് അവരാണ്. ഇവിടെ ബാഹ്യസൗന്ദര്യത്തിനാണ് പ്രാധാന്യം. ബാഹ്യസൗന്ദര്യത്തിന് മാത്രം. അവിടെയാണ് വിജയം. പക്ഷേ, ബാഹ്യസൗന്ദര്യമാണോ യഥാർത്ഥസൗന്ദര്യം? അല്ല. ഹൃദയത്തിന്റെ സൗന്ദര്യമാണ് അല്ലെങ്കിൽ ഹൃദയത്തിന്റെ നന്മയാണ് യഥാർത്ഥ സൗന്ദര്യം. ആ മഹത്തായ സത്യം ഉൾക്കൊണ്ടുതന്നെയാണ് എൻ.കെ.ബാപ്പട് എന്ന നന്ദകുമാർ ബാപ്പട് മുന്നോട്ട് വന്നത്, പരസ്യകലയിൽ സ്ഥാപിച്ചെടുത്ത മാമൂലുകൾക്ക് ചങ്കൂറ്റമാർന്ന വെല്ലുവിളിയാകാൻ. അതിനെ ഒരു നിമിത്തമായി കാണണം."

അതോടെ മംഗൾ ചൗധരിയുടെ മനസ്സ് ആത്മധൈര്യത്തിന്റെ വേദിയാവുകയായിരുന്നു. പുതിയ ജന്മത്തിലേക്കുള്ള കാൽവെപ്പ്. എൻ.കെ. ബാപ്പട് അവളെ തികച്ചും പുതുമയാർന്ന ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തി.

മനുഷ്യമനസ്സ് വിറങ്ങലിച്ച് നിന്നുപോയ ആ ദുരന്തത്തിന്, വർഷങ്ങൾക്ക് മുമ്പ്... വർണ്ണപ്പകിട്ടാർന്ന ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു മംഗൾ ചൗധരിക്ക്. തെക്കൻബോംബെയിലെ ഒരു ദരിദ്രകുടുംബത്തിലായിരുന്നു ജനനം. അച്ഛൻ ഒ.എൻ.ജി.സി. ക്വാർട്ടേഴ്സിലെ സെക്യൂരിറ്റി ജീവനക്കാരൻ. തുച്ഛമായ വരുമാനം. അതിൽ സന്തോഷംകണ്ടെത്താനറിയുന്ന കുടുംബമായിരുന്നു ചൗധരിയുടേത്. യാതൊരു അലട്ടുലുമില്ലാതെ ഉള്ളതുകൊണ്ട് ഓണം നുകരാനറിയുന്ന കുടുംബം.

അന്നവൾക്ക് പ്രായംവളരെ ചെറുപ്പം. വഹീദാ... ആ കാലത്തെ അവളുടെ ദൗർബല്യം. അതിന് വലിയസ്ഥാനം കൊടുക്കുന്നതാണ് ചൗധരിക്ക്

ഇഷ്ടം. ആ സൗഹൃദം തഴച്ച് വളർന്ന് ഔന്നത്യങ്ങൾ കീഴടക്കി. ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും മംഗളിന്റെ മനസ്സിൽ വഹീദാ. വഹീദയുടെ മനസ്സിൽ മംഗളുമുണ്ടാകും. അവർ ഒരുമിച്ച് പാട്ടുപാടും, നൃത്തം ചെയ്യും, ചിത്രങ്ങൾ വരയ്ക്കും, ഊഞ്ഞാലാടും, കള്ളനുംപോലീസുമാകും. ബോംബെയിലെ 'വിലെപാർലെ'യിലുള്ള മണൽത്തരികൾക്കുപോലും അവരെക്കുറിച്ച് ഒരുപാട് പറയാനുണ്ടാകും. അപ്പൊഴെല്ലാം അവളറിയാതെ അവൾക്കൊപ്പം രണ്ട് കണ്ണുകൾ പാറി നടന്നു. വഹീദയുടെ ജ്യേഷ്ഠനായ യൂസഫ്ഖാൻ എന്ന മുപ്പത്തിയഞ്ചുകാരന്റെതായിരുന്നു ആ കണ്ണുകൾ. മംഗൾ ചൗധരി വരുന്നതിനും ഇരുപത് വർഷം മുമ്പ് ഈ ലോകത്തേക്ക് കടന്നുവന്ന ആൾ! വഹീദപോലും അറിയാതെയാണ് യൂസഫ്ഖാന്റെ കണ്ണുകൾ ചൗധരിയിൽ തടഞ്ഞുനിന്നത്. അയാൾക്ക് അവളെ ഇഷ്ടമാണ്. വെറും ഇഷ്ടമല്ല. അതിന് കാലങ്ങളോളം പഴക്കമുണ്ട്. ആ ഇഷ്ടത്തിന്റെ നൊമ്പരവും മനസ്സിൽ പേറിക്കൊണ്ട് നടക്കാൻ തുടങ്ങിയിട്ട് കാലം കുറേയായി. ഇനിയും അധികം മുമ്പോട്ട് പോകാൻ യൂസഫിന് ശക്തിയില്ല.

"മംഗൾ, നിന്നെ എനിക്കിഷ്ടമാണ്. ഈ രൂപം ഒരിക്കലും മനസ്സിൽ നിന്നടർത്തിമാറ്റാൻ എനിക്ക് കഴിയില്ല."

അങ്ങനെ അവളുടെ മുന്നിൽ ഒരിക്കൽ അയാൾ തന്റെ മനസ്സ് തുറന്നു. കൂടാതെവയ്യ. ഇന്നല്ലെങ്കിൽ നാളെ, ഇതറിഞ്ഞേ പറ്റൂ.

മംഗൾ ചൗധരി ഞെട്ടലോടെ ഒന്ന് കുലുങ്ങി. യൂസഫ്ഖാന്റെ നാവിൽ നിന്ന് ഇങ്ങനെയൊരു വാചകം അവൾ സ്വപ്നത്തിൽ പ്രതീക്ഷിച്ചതല്ല. ജീവിതത്തിൽ ഒരിക്കലും അറിഞ്ഞോ അറിയാതെയോ തന്റെ ചിന്തയിലേക്ക് കടന്നു വന്നിട്ടില്ലാത്ത ഒരു സബ്ജക്ട്, അതാണ് യൂസഫ്ഖാൻ! അത് തനിക്ക് നേരെ തിരിഞ്ഞ് കൊഞ്ഞനം കുത്തുകയാണോ?

അത്തരം ചുറ്റുപാടിൽ വളർന്നവളല്ല മംഗൾ. അതിന്റെ കാറ്റ് പോലും ഏശാത്ത അന്തരീക്ഷമാണ് അവൾക്കുള്ളത്. ദുഃസ്വപ്നം പോലെ മനസ്സിനെ അലട്ടിയ ആ സംഭവത്തിന് ശേഷം പലതവണ തന്റെ ഇംഗിതം മംഗളിന് മുന്നിൽ അഭ്യർത്ഥനയായി വന്നുകൊണ്ടേയിരുന്നു. അവയെല്ലാം ഓരോ തവണയും തട്ടിമാറ്റാൻ അവൾക്ക് ആരുടേയും ഉപദേശം വേണ്ടിവന്നില്ല. മൃദുവായ സ്നേഹത്തിന്റെ പരിവേഷമായിരുന്നു അതിനെല്ലാം.

അച്ഛൻ, അമ്മ. അത് അവളുടെ ശക്തിയായിരുന്നു, ധൈര്യമായിരുന്നു. അവരെ മാറ്റി നിർത്തിക്കൊണ്ട് ഒരു കഥ പറയാൻ അവൾക്കില്ല. വ്യക്തിത്വം; അതിൽ നിന്ന് കൈവന്ന സ്വന്തമായ മേൽവിലാസം, പ്രിൻസിപ്പിൾ. എല്ലാത്തിനും അടിത്തറ അവരാണ്. ആ ചിന്താധാരകൾക്ക് പുറം തിരിഞ്ഞ് നില്ക്കാൻ കഴിയില്ല. "കുടുംബങ്ങൾക്കിടയിലെ സൗഹൃദത്തിന്റെ ആഴം, വലുപ്പം അത് തകരാൻ പാടില്ലെന്ന് ഇവൾക്കാഗ്രഹമുണ്ട്. ആ ജ്വലിക്കുന്ന പ്രകാശത്തിന്റെ ശോഭ ഊതിക്കെടുത്തരുത്, പ്ലീസ്. ഈ ചപലത കൈവെടിയൂ. യാഥാർത്ഥ്യത്തെ തിരിച്ചറിയൂ." ഇങ്ങനെ പലവുരു പറഞ്ഞ് ഉപദേശിച്ചതാണ്. അതൊന്നും ചെവിക്കൊള്ളാൻ യൂസഫ്ഖാന്റെ മനസ്സ് തയ്യാറായിരുന്നില്ല.

ചിരിക്കാൻ മാത്രം പഠിച്ചിരുന്ന മംഗൾ ചൗധരിക്ക് ആരോടും ശത്രുതയില്ല, വഴക്കില്ല. എല്ലാവരോടും സ്നേഹത്തിന്റെ ഭാഷ മാത്രം. ആ വലിയ നന്മയുടെ ആഴം അറിയാൻ കഴിയാതെ അതിന്റെ നെറുകയിൽ, ആ ചിരിയുടെ വസന്തത്തിൽ ഒരു നാൾ തീ കോരിയൊഴിച്ചു! ജീവിതത്തിലെ ശപിക്കപ്പെട്ട നിമിഷം... അത് ആർക്കുവേണ്ടി, എന്തിനുവേണ്ടി എന്നറിയില്ല.

അന്ധേരി ഈസ്റ്റിൽ അധികം തിരക്കില്ലാത്ത കവലയിലെ ബസ്സ്റ്റോപ്പ്. സഹർ വില്ലേജിലെ തന്റെ ബന്ധുവീട്ടിൽ പോകാനായി നില്ക്കുകയായിരുന്നു മംഗൾ. പെട്ടെന്ന് അത് സംഭവിച്ചു. നിമിഷനേരത്തിനുള്ളിൽ. എവിടെ നിന്നാണെന്നറിയില്ല ആ മുഖത്തേക്ക് ഒരു സ്പ്രേ വന്നലച്ചു. അത് മാത്രമേ ഓർമ്മയുള്ളൂ. ബസ്സ്റ്റോപ്പിൽ ക്യൂവിലുണ്ടായിരുന്നവർ ഭയന്ന് നാലുപാടും ചിതറിയോടി. ആരും അടുത്തേക്ക് വരാൻ ധൈര്യപ്പെട്ടില്ല. അവളുടെ മുഖം കരിഞ്ഞ ദുർഗന്ധം അവിടമാകെ പരന്നു. അപ്പോൾ വണ്ടിയോടിച്ച് അതുവഴി ഒരാൾ വന്നു. ഡ്രൈവർ മംഗൾ ചൗധരിയെ ആസ്പത്രിയിലേക്ക് എടുക്കാൻ ധൈര്യം കാണിച്ചു. ഉടൻ അവളെ വണ്ടിയിലെടുത്ത് കിടത്തി. ബോധം തെളിഞ്ഞപ്പോൾ, നാനാവതി ഹോസ്പിറ്റലിലെ ഏഴാം നമ്പർ വാർഡിൽ!

നീണ്ട കുറേ മാസങ്ങൾ, കുറേ ചികിത്സകൾ... പ്ലാസ്റ്റിക് സർജറി... അങ്ങനെയങ്ങനെ ജീവിതം വേദനയുടെ മാത്രം അനുഭവം രൂപപ്പെടുത്തിയ കാലം....

ആസ്പത്രി വിട്ടു. വേദനയുമായി പൊരുത്തപ്പെട്ടുപോകാൻ ഇപ്പോൾ സാധിക്കുന്നുണ്ട്. പക്ഷേ മനസ്സിന്റെ വേദന; അത് താങ്ങാവുന്നതിലപ്പുറമായിരുന്നു. പഴയ സുഹൃദ്ബന്ധങ്ങൾ അകന്നു. ആ മുഖം അമ്മയ്ക്ക് പോലും അറപ്പുളവാക്കി. അവൾ അവളിൽത്തന്നെ ഒതുങ്ങിക്കഴിയാൻ ഇഷ്ടപ്പെട്ടു; മുറിക്കുള്ളിൽ ഇരുട്ടിന്റെ കൂട്ടുകാരിയായി.

ഈ അവസ്ഥയിലെത്തിച്ച ദുരന്തത്തിന് പിന്നിൽ ആര് എന്ന ചോദ്യത്തിനുത്തരം അവൾക്കറിയാം, അവൾക്ക് മാത്രം. ആ വികൃതമായ സത്യവും അവൾ ഇരുളിന്റെ മറവിൽ സൂക്ഷിച്ചു. സർവ്വവും മറന്ന് അന്നവളെ ആശുപത്രിയിലെത്തിക്കാൻ ധൈര്യം കാണിച്ച് ഒരു മനുഷ്യജീവി അവിടെ വന്നില്ലായിരുന്നുവെങ്കിൽ മംഗൾ ചൗധരി എന്ന നാമം ഇന്ന് ആർക്കുമറിയില്ല. സ്വയം ശപിച്ചുകൊണ്ട് തന്നോടുതന്നെ അമർഷം ഒതുക്കി ശൂന്യതയിൽ വിലയം പ്രാപിക്കാൻ തുടങ്ങുമ്പോഴാണ് പരസ്യചിത്രത്തിന് മോഡലാകാനുള്ള ക്ഷണം കയ്യിൽ കിട്ടുന്നത്!

'വിശ്വസ്തതയോടെ എൻ.കെ. ബാപ്പട്.'

അതെ. മനുഷ്യസ്നേഹത്തിന് ഉദാത്തമായ പുതിയ നിർവ്വചനം, അടിവേര് തീർത്ത നന്ദകുമാർ ബാപ്പട് എന്ന എൻ.കെ. ബാപ്പട്! ആർക്കും വേണ്ടാതെ സമൂഹത്തിന്റെ കരടായി മൂലയിൽ അടിഞ്ഞ മംഗൾ ചൗധരിയെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ ദൈവം പറഞ്ഞുവിട്ടയാൾ.

പരസ്യചിത്രം ചുരുങ്ങിയ കാലയളവിൽ വമ്പിച്ച വിജയമായി. നാടെങ്ങും അത് ചർച്ചാവിഷയമാകാൻ തുടങ്ങി. ഇതിലൂടെ ചൗധരിക്ക് സ്വന്തമായി ഒരു ഇമേജ് സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞു. ഈ ലോകത്ത് താൻ ഒന്നിനും കൊള്ളാത്തവളാണ്, ആർക്കും വേണ്ടാത്തവളാണ് എന്നൊക്കെയുള്ള മിഥ്യാബോധം അവൾ തിരുത്തി. തനിക്ക് താൻ പോന്ന വ്യക്തിത്വം അവൾക്കും കൈവന്നിരിക്കുന്നു! അതുവരെ പുറത്തുപറയാൻ കൂട്ടാക്കാതിരുന്ന ആ നാമം - യൂസഫ്ഖാൻ - അവൾ വിളിച്ച് പറഞ്ഞു. അതിനവൾക്ക് തന്റേടവും ധൈര്യവും വന്നു. ആ ധൈര്യം ഞരമ്പിലേക്കൊഴുകിയെത്താൻ കാരണം മറ്റാരുമല്ല, എൻ.കെ. ബാപ്പട് എന്ന മഹാമനുഷ്യൻ തന്നെ. തെറ്റിന്റെ തീവ്രതയെ ലഘൂകരിച്ച് അതിനെ തേച്ച് മായ്ച്ച് കളയുന്ന ഇവിടത്തെ നിയമ വ്യവസ്ഥിതിയോട് അവൾക്ക് പുച്ഛം തോന്നി.

വർണ്ണപ്പൊലിമയാർന്ന പുതുജീവിതത്തിലേക്ക് യൂസഫ്ഖാൻ വലതുകാൽ വെച്ച് പ്രവേശിപ്പിച്ചിരിക്കയാണ്, തന്റെ വർണ്ണങ്ങളുടെ ശോഭ മുഴുവൻ ഊതിക്കെടുത്തിക്കൊണ്ട്. ഇല്ല. ഇനി ഒരു പെണ്ണും ആ നരാധമന്റെ മുന്നിൽ പിഴുതെറിയപ്പെട്ടുകൂടാ. യൂസഫ്ഖാൻ ഇനി പുറംലോകം കാണാൻ പാടില്ല. ബന്ധങ്ങളിൽ നിന്ന് അയാൾ ഒറ്റപ്പെടണം. കൂടപ്പിറപ്പ് പോലും വെറുക്കണം. ലോകം തന്റെ കാൽച്ചുവട്ടിലൊതുക്കാമെന്ന വ്യാമോഹം തകരണം. എത്രയായാലും ഞാൻ അനുഭവിച്ച വേദനയ്ക്ക് പകരമാവില്ല. അതിന്റെ നൂറിലൊരംശം പോലും വരില്ലെന്നറിയാം. എങ്കിലും നീറുന്ന മനസ്സിന് അല്പം ശാന്തിപകരാൻ ഇതിന് കഴിഞ്ഞേക്കും.

"മംഗൾ; സമാധാനമായിരിക്കൂ. എല്ലാത്തിനും ഞാനുണ്ട് കൂടെ."

രേഷ്മാ പട്ടേലിന്റെ വാക്കുകൾ. ഇംഗിതം പോലെ തന്നെ എല്ലാം കാൽച്ചുവട്ടിൽ വന്നെത്തി. അയാളുടെ ആക്രമണത്തിന് വിധേയയായ ഇരുപത്തിയൊന്നുകാരി പെൺകുട്ടി രേഷ്മാപട്ടേൽ, ചൗധരിയുടെ സഹായത്തിനെത്തിയതോടെ യൂസഫ്ഖാൻ അയാൾക്ക് തന്നെ ഒരു ചോദ്യചിഹ്നമായി. അയാൾ ജീവപര്യന്തം കഠിനതടവിന് ശിക്ഷിക്കപ്പെട്ടു.

"ഹൊ! ഞാൻ എന്റെ ലക്ഷ്യം പൂർത്തീകരിച്ചു." തലയിൽ നിന്ന് ഒരു ഭാരം ഇറക്കിവെച്ച ആശ്വാസത്തിൽ അവൾ സ്വസ്ഥമായി ഒന്നിരുന്നു.

മംഗളിനെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ എൻ.കെ. ബാപ്പടിന് മുന്നിൽ, കടപ്പാട് തൊട്ടറിഞ്ഞ അവൾക്ക് തിരിഞ്ഞുനോക്കേണ്ടതിന്റെ ആവശ്യമുണ്ടായിരുന്നില്ല. ആ പാദങ്ങളിൽ സർവ്വവും സമർപ്പിച്ചത് അങ്ങനെയാണ്.

"സൗന്ദര്യം എന്നാൽ ഹൃദയത്തിന്റെ നന്മ. ആ നന്മ ഉയരങ്ങൾ കീഴടക്കാൻ മോളെ പ്രാപ്തയാക്കും."

അച്ഛൻ തന്നിലേക്ക് പകർന്നുതന്ന ആ വാക്കുകൾ അവൾ മനസ്സിൽ ഉരുവിട്ടു.

* * * * *

വർത്തമാനത്തിലേക്ക് തിരിച്ചുവരുമ്പൊഴേക്കും അതാ വണ്ടി ഗേറ്റിലെത്തിക്കഴിഞ്ഞു. ●

# സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡ്

കൊച്ചി രാജകുടുംബാംഗം സരസിജ തമ്പുരാന്റെ സ്മരണാർത്ഥം പുത്രി ഡോ. ആശാലത തമ്പുരാൻ ക്ഷത്രിയ വിദ്യാർത്ഥികൾക്കായി ഒരു മെറിറ്റ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നു. കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ (KEEM) ഏറ്റവും ഉയർന്ന റാങ്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്കാണ് അവാർഡ്. 5000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ആണ് നൽകുക. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷാഫോറം റാങ്ക് ലഭിച്ചതിന്റെ proof സഹിതം സഭയുടെ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറി മുഖാന്തിരം **ജന. സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദരവിലാസം പാലസ്, ഫോർട്ട്, തിരുവനന്തപുരം – 695023** എന്ന വിലാസത്തിൽ അയച്ചുതരിക.

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി**

**30 സെപ്റ്റംബർ 2023**


*പേജ് 60 തുടർച്ച*

ഞാൻ വന്ന കാലത്ത് ഏട്ടന്റെ ഇല്ലത്ത് നടുമിറ്റത്താർന്നു ശാസ്താവിന്റെ പ്രതിഷ്ഠ. ഇപ്പൊ അതൊരു അമ്പലാക്കി. ശാസ്താവിന് മുടങ്ങാത്ത നിത്യ പൂജ... ശനിയാഴ്ചതോറും പാൽപ്പായസവും ചുറ്റുവിളക്കും... അച്ഛനു ശേഷം കൊച്ചുമോനത് ഇന്നും മാറ്റല്ല്യാണ്ടെ തുടർന്നു നടത്ത്ണ്ട്... ശാസ്താവേ രക്ഷിയ്ക്കണേ...

കർക്കടക മാസത്തില് ദിവസോം ചെമ്പുക്കാവമ്പലത്തില് നിറമാലണ്ടാവും. ചുറ്റുവിളക്കും നിറമാലയും. എന്തൊരൈശ്വര്യാണ്... ഭഗോതീ രക്ഷിയ്ക്കണേ...

ഭഗവത് സേവയും ഗണപതി ഹോമവും മുടങ്ങാത്ത കർക്കടകമാസം... തോരാത്ത മഴേലും തൊഴാനെത്തണോർടെ തെരക്ക്...

അപ്പൂ... രാമൂ... കുട്ട്യോളെ ങ്ക്ക് അച്ഛന്റെ പോലെ ഈ വഴിപാടു കഴിയ്ക്കണേലൊന്നും വല്ല്യേ വിശ്വാസല്ല്യാന്നമ്മയ്ക്കറിയാം ന്നാലും അമ്മയ്ക്ക് വഴിപാടുകള് നടത്താന്ള്ള പൈസ അയച്ചുതരണത് മൊടക്കണ്ടാട്ടോ.... ●



## റിയാക്ടിലേക്ക്... സ്നേഹപൂർവ്വം

നീലേശ്വരം യൂണിറ്റിലെ മുതിർന്ന അംഗം ഡോ. കെ.സി.കെ. രാജ റിയാക്ടിന് നൽകിയ സംഭാവനയുടെ ചെക്ക് റിയാക്ട് ചെയർപേഴ്സൺ ഡോ. ലളിതാംബികയ്ക്ക് കൈമാറുന്നു.



# മൂഷകവംശം – അല്പം ചരിത്രവും കുറേ ചിത്രങ്ങളും

**എം. ഹരിസേന വർമ്മ ഐ.പി.എസ്.**
തൃപ്പൂണിത്തുറ, മൊ. 9840900722

ഒരു വ്യക്തിയുടെ സ്വഭാവചിത്രം അതിന്റെ എല്ലാ സവിശേഷതകളോടും കൂടി സുവ്യക്തമാകുന്നത് അയാൾ പ്രായപൂർത്തിയായി ജീവിതത്തിൽ കുറേയേറെ മുന്നോട്ട് നീങ്ങുകയും കൂടി ചെയ്തതിനു ശേഷമാണ്. അപ്പോൾ മാത്രമേ വ്യത്യസ്ത സാഹചര്യങ്ങളിലും ജീവിതാനുഭവങ്ങളിലും അയാൾ എങ്ങനെ പ്രതികരിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കൂ. ഒരു കുട്ടിയെ നോക്കിയാൽ നമുക്കിത്രയൊന്നും അറിയാൻ കഴിയുകയില്ല.

എന്നാൽ ഒരു കുടുംബത്തിന്റെ സ്വഭാവചിത്രം വരയ്ക്കാൻ ആ കുടുംബത്തിന്റെ കുറേ വർഷങ്ങളിലെ ചരിത്രം അറിഞ്ഞാൽ ഏതാണ്ട് സാധിക്കും. ഇതേ മാതിരി പല കുടുംബങ്ങൾ ചേർന്ന തറവാടാണെങ്കിൽ അതിന്റെയും ചില സ്വഭാവ പ്രത്യേകതകൾ പൊതുവായി ഉണ്ടാകാം. പ്രത്യേകിച്ച് വളരെ നാൾ ഒരേ സ്ഥലത്ത്, ഒരേ സാഹചര്യങ്ങളിൽ ആ തറവാട്ടംഗങ്ങളിൽ ഭൂരിപക്ഷവും കഴിയുകയാണെങ്കിൽ. കോലത്തിരി രാജവംശം വളരെ വലിയ ഒരു തറവാട്ടു സമുച്ചയമാണ്. ഒന്നിച്ച് ഒരേ ഇടത്ത് (കണ്ണൂർ ജില്ലയിലെ അടുത്തലയിൽ) അടുത്തടുത്ത കോവിലകങ്ങളിൽ (18 എന്നാണ് ഒരു കണക്ക്) കഴിഞ്ഞിരുന്നു എന്നും ടിപ്പുവിന്റെ ഭരണം കൂടുതൽ അക്രമാസക്തമായപ്പോൾ ഇവരെല്ലാം കൂടി ബ്രിട്ടീഷ് സഹായത്തോടെ തലശ്ശേരിയിൽ നിന്ന് കപ്പൽ കയറി തിരുവനന്തപുരത്ത് വന്നുചേർന്നെന്നും ആണ് പറഞ്ഞുകേട്ടിരിക്കുന്നത്. അടുത്തലയിൽ എല്ലാ കോവിലകങ്ങളും ഉണ്ടായിരുന്നില്ലെന്നും അതിന് വളരെ മുൻപ് കരിപ്പത്ത് ആണ് കോലത്തിരി രാജവംശം മുഴുവനും ഒരു കുടുംബമായി താമസിച്ചിരുന്നതെന്നും മറ്റൊരു അഭിപ്രായമുണ്ട്.

തിരുവനന്തപുരത്ത് വന്നതിനുശേഷം ഇവരിൽ കുറേ ശാഖകൾ മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളിലായി (മാവേലിക്കര, എണ്ണയ്ക്കാട്, പ്രായിക്കര, കാർത്തികപ്പള്ളി, നെടുമ്പ്രം, ആറന്മുള, മറിയപ്പള്ളി) താമസമുറപ്പിച്ചു. മറ്റു ശാഖകൾ (ചിറയ്ക്കൽ, ചെറുകുന്ന്, അടുത്തല, കൗണിശ്ശേരി പിന്നീട് അന്യംനിന്നുപോയ തേവണങ്കോട്) ടിപ്പുവിന്റെ പരാജയത്തിനുശേഷം വടക്കൻ മലബാറിലേക്ക് തിരിച്ചുപോയി.

ഈ വംശത്തിന്റെ മറ്റൊരു പേര് മൂഷകവംശം എന്നാണ്. മൂഷികവംശം എന്നും പറയും. മൂഷിക ശബ്ദത്തിന് എലി എന്നാണർത്ഥം. മൂഷകത്തിന് നെന്മേനി വാക എന്നും. മഹിഷകർ എന്നായിരുന്നു ഇവരുടെ ആദ്യത്തെ പേര് എന്നും അഭിപ്രായമുണ്ട്. നമ്മുടെ ഈ പ്രകൃത ലേഖനത്തിൽ മൂഷകർ, മൂഷികർ ഈ രണ്ടു പേരുകളും മാറിമാറിയാണ് ഞാൻ കൊടുത്തിട്ടുള്ളത്.

പൊതുവായ ചില സ്വഭാവ വിശേഷങ്ങൾ കാലക്രമേണ ഇവർക്കുണ്ടായിവന്നു; അല്ലെങ്കിൽ ഉണ്ടായതായി കാണാൻ നമുക്കൊന്നു ശ്രമിക്കാം.

### 1. 'പലായനം' ചെയ്യുന്നതിൽ വൈദഗ്ധ്യം

ഞങ്ങൾ മലബാറിൽ നിന്നും തെക്കോട്ട് 'ഓടി' വന്നവരാണെന്ന് എന്റെ കല്യാണം കഴിഞ്ഞപ്പോഴേ ഞാൻ ഭാര്യയോട് പറഞ്ഞുപോയി. അതിന്റെ വിപത്ത് കുറേ കഴിഞ്ഞാണ് മനസ്സിലായത്. എന്റെ മകനും മകളും ഒരു 8–10 വയസ്സായപ്പോൾ മുതൽ അച്ഛന്റെ ഓട്ടത്തെപ്പറ്റിയാണ് ചർച്ച ചെയ്തിരുന്നത്! മലബാറിൽ നിന്ന് ഓടിവന്നു. അങ്ങനെ എന്തു പ്രശ്നമുണ്ടെങ്കിലും ഓടി പരിചയമുള്ള ഒരു കുടുംബത്തിൽ നിന്നാണ് അച്ഛൻ വരുന്നത്. ഇങ്ങനെ പോയി അച്ഛനെ ഒന്ന് 'ഇരുത്താൻ' അവർ കണ്ടുപിടിച്ച വഴി. അതേസമയം ഓട്ടത്തിൽ ഞാൻ വ്യക്തിപരമായി ബഹുദൂർ ബഹുമതി ലഭിച്ചയാളാണെന്നും ഏതു മത്സരത്തിലും മുന്നിൽ ഓടുന്ന എല്ലാവരെക്കാളും ബഹുദൂരം പിന്നിൽ ഓടിയാണ്

ഞാൻ ഈ ബഹുമതിക്കർഹനായതെന്നും ഉള്ള സത്യം തുറന്നുപറഞ്ഞെങ്കിലും പ്രയോജനമുണ്ടായില്ല.

പിന്നീട് കോലത്തിരിമാരുടെ ചരിത്രത്തെപ്പറ്റി കൂടുതൽ പഠിച്ചപ്പോൾ മൂഷകവംശം മദ്ധ്യപ്രദേശിലെ മാഹിഷ്മതിയിൽ നിന്നാണ് വടക്കേ മലബാറിലേക്ക് വന്നതെന്നും ആ ബഹു മാരത്തോൺ ഓട്ടത്തിൽ ഇടത്താവളങ്ങളായി കിഴക്കൻ മഹാരാഷ്ട്രയിൽ നാഗ്പൂരിനടുത്തും അതുകഴിഞ്ഞ് തെലുങ്കാനയിൽ കൃഷ്ണാനദിയുടെ ശാഖയായ മൂസി നദീതീരത്തും അതും കഴിഞ്ഞ് മൈസൂർ പ്രദേശത്തും അതിനുംശേഷം വടക്കേ മലബാറിൽ ഏഴിമലയിലും വന്നെത്തി എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്.

എന്റെ കുട്ടികൾ 'കുട്ടികൾ' തന്നെയായിരുന്നപ്പോൾ ഇത്രയൊന്നും കാര്യങ്ങൾ എനിക്കറിഞ്ഞുകൂടായിരുന്നു. നർമ്മദാ നദീതീരത്തെ മാഹിഷ്മതിയിൽ നിന്ന് ഓടിവന്നു എന്നു മാത്രമേ അവരോട് അന്ന് പറയാൻ പറ്റിയുള്ളൂ. അങ്ങനെ അച്ഛന്റെ കുടുംബത്തിന്റെ ഓട്ടപ്രാഗത്ഭ്യത്തിന് ഒരു പ്രമാണം കൂടി അവർക്കു ലഭിച്ചു.

മൗര്യപൂർവ്വ കാലഘട്ടത്തിലെ (ബി.സി.ഇ.- മുൻപ് ബി.സി. എന്ന് പറഞ്ഞിരുന്നു-നാലാം നൂറ്റാണ്ടിനു മുൻപ്) ഏറ്റവും ശക്തങ്ങളായ നാല് ഉത്തരഭാരത രാജ്യങ്ങളിലൊന്ന് 'അവന്തി' യായിരുന്നു. മദ്ധ്യപ്രദേശിൽ വിന്ധ്യപർവ്വതങ്ങൾക്കു വടക്ക് സ്ഥിതിചെയ്യുന്ന ഉജ്ജയിനി ആയിരുന്നു അവന്തിയുടെ തലസ്ഥാനം. വിന്ധ്യന്റെ തെക്ക് സത്പുര വർവ്വതങ്ങൾക്കു വടക്ക് നർമ്മദാ നദീതീരത്ത് ആയിരുന്നു അന്ന് അവന്തിയുടെ സഖ്യശക്തിയായിരുന്ന മൂഷകന്മാരുടെ രാജ്യം. അവരുടെ തലസ്ഥാനമായിരുന്നു മാഹിഷ്മതി. മൂഷകർ അഥവാ മൂഷികർ അഥവാ മഹിഷകർ ഒരു ഗണം, (tribe, ഗോത്ര വർഗ്ഗം) ആയിരുന്നിരിക്കാനാണ് സാദ്ധ്യത. അവരുടെ രാജ്യം ഒരു ഗണരാജ്യവും (tribal republic)

അവന്തിയും മഗധയും തമ്മിൽ ഒരു നൂറ്റാണ്ടോളം യുദ്ധം നടക്കുകയും അവസാനം ബി.സി. ഈ. 400 നടുപ്പിച്ച് അവന്തി പൂർണ്ണമായി കീഴടക്കപ്പെടുകയും ചെയ്തു. മഗധ തുടർന്ന് ഭാരത സാമ്രാജ്യങ്ങളുടെയെല്ലാം മാതാവായി. അതിന്റെ ഫലമായിട്ടാകണം മൂഷികരിൽ ഭൂരിപക്ഷവും സത്പുര പർവ്വതത്തിന് തെക്കോട്ട് നീങ്ങി വിദർഭ ദേശത്ത് (മഹാരാഷ്ട്ര) മൂഷക നഗരം എന്നൊരു തലസ്ഥാനം സ്ഥാപിച്ച് അവിടെ ഒരു രാജ്യം കെട്ടിപ്പടുത്തത്. എന്നാൽ രണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞ് അന്നത്തെ സർവ്വശക്തനായിരുന്ന ഖരവേലൻ എന്ന കലിംഗ ചക്രവർത്തി മൂഷക നഗരം ആക്രമിച്ചു കീഴടക്കുകയാണുണ്ടായത്. പക്ഷെ മൂഷകരെ അവിടെ നിന്ന് നിഷ്കാസനം ചെയ്യാൻ ആഗ്രഹിച്ചെങ്കിലും അതു നടന്നില്ല. അദ്ദേഹത്തിന്റെ പിൻമുറക്കാരുടെ സമയത്ത് മൂഷികർക്ക് അവിടെ നിന്ന് പൂർണ്ണമായി വിട്ട് കൃഷ്ണാ നദീപ്രദേശത്തേക്ക് നീങ്ങേണ്ടിവന്നു. കൃഷ്ണയുടെ ഒരു ശാഖയായ മൂസി (MUSI) നദിയുടെ പേര് മൂഷികരിൽ നിന്ന് വന്നതായി കരുതപ്പെടുന്നു. ഇന്നത്തെ ഹൈദരാബാദ് മൂസി നദീതീരത്താണ്.

കുറച്ചുകാലം കഴിഞ്ഞപ്പോൾ മൂഷകർ അഥവാ മഹിഷകർ ഇന്നത്തെ മൈസൂർ (മഹിഷൂർ) പ്രദേശത്തേക്ക് നീങ്ങിയതായാണ് കരുതേണ്ടത്. കാരണം വ്യക്തമല്ല. അതിൽ കുറേപേർ വടക്കേ മലബാറിലേക്കും വന്നു. ഏഴിമല കേന്ദ്രീകരിച്ച് അവരുടെ നേതാവ് രാജഭരണം തുടങ്ങുകയും ചെയ്തു. ഈ നേതാവിന്റെ കുടുംബമാണ് മൂഷികവംശം എന്ന പേരിലും പിന്നീട് കോലത്തിരിമാർ എന്നും അറിയപ്പെട്ടത്. ഒരായിരം വർഷം കഴിഞ്ഞപ്പോൾ ഇവർ മക്കത്തായം വിട്ട് മരുമക്കത്തായം സ്വീകരിച്ചു. ഇ.ഈ (മുൻപ് ഏ.ഡി. എന്നു പറഞ്ഞിരുന്നു) 1100 അടുപ്പിച്ചാണ് അന്നത്തെ മൂഷിക രാജാവിന്റെ ആസ്ഥാന കവിയായിരുന്ന അതുലൻ മൂഷകവംശം എന്ന ചരിത്ര മഹാകാവ്യം രചിച്ചത്. (അവലംബം: ഡോ. എൻ.പി. ഉണ്ണി രചിച്ച A History of Mushika Vamsa എന്ന ഗവേഷണ പുസ്തകം, പ്രൊഫ: എ. ശ്രീധര മേനോന്റെ A Survey of Kerala History, മറ്റു പല ഗ്രന്ഥങ്ങളിലെയും പരാമർശങ്ങളും പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും) ഒരു ഏഴു നൂറ്റാണ്ടോളം കഴിഞ്ഞപ്പോൾ ഈ കുടുംബത്തിന് വീണ്ടും ഓടേണ്ടി വന്നു. ദക്ഷിണേന്ത്യയെ വിറപ്പിച്ച മൈസൂർ കടുവയുടെ ആക്രമണം മൂലം. ഇതാണ് ആരംഭത്തിൽ വിവരിച്ചത്.

ഇനി മൂഷകവംശത്തിന്റെ അസ്തിത്വത്തെ വിശ്വവിജയിയായ ഗ്രീക്ക് ചക്രവർത്തി അലക്സാ

ണ്ടറുടെ കാലത്ത് (ബി.സി.ഇ. 327-325) (ഇന്ത്യാ ആക്രമണകാലം) അദ്ദേഹത്തിനോടേറ്റുമുട്ടിയ വടക്കൻ സിന്ധിലെ മൂഷികന്മാർ (Mousicados, Musicanos) എന്ന ഗണരാജ്യത്തോട് ഘടിപ്പിക്കാൻ നമുക്ക് സാധിക്കും. മാഹിഷ്മതിയിലുണ്ടായിരുന്നതിന് ഏതാണ്ടടുത്തകാലത്തു തന്നെ മൂഷകന്മാർ വടക്കൻ സിന്ധിലും വാസമുറപ്പിക്കുകയും ഭരിക്കുകയും ചെയ്തിരുന്നതായി കരുതേണ്ടിയിരിക്കുന്നു. ആദ്യം അലക്സാണ്ടറോട് പരാജയപ്പെട്ട് അദ്ദേഹത്തിന്റെ അധീശത്വം സ്വീകരിച്ച മൂഷികർ വളരെ പെട്ടെന്നുതന്നെ സ്വാതന്ത്ര്യക്കൊടി ഉയർത്തി വിപ്ലവം തുടങ്ങി. ഇതറിഞ്ഞ അലക്സാണ്ടർ ശക്തമായ സേനയെ വിട്ട് മൂഷികരെ ക്രൂരമായി അടിച്ചമർത്തി. പിന്നീട് ആ പ്രദേശത്തുനിന്ന് മൂഷകർ വിട്ടുപോയി എന്നാണ് കരുതേണ്ടത്. അവർ തെക്കോട്ടു വന്നിരിക്കാം. (അവലംബം: റോമൻ ചരിത്രകാരൻ ആരിയന്റെ 'അനബാസിസ്', ഗ്രീക്ക് ഭൂമിശാസ്ത്രജ്ഞൻ സ്ത്രാമ്പോയുടെ ഗ്രന്ഥം)

അപ്പോൾ വടക്കൻ സിന്ധിൽ നിന്നു തന്നെ ഞങ്ങളുടെ ഓട്ടം തുടങ്ങിയിരുന്നു എന്ന് സംശയിക്കണം!

ഞാൻ കുട്ടികളോട് (ഇപ്പോൾ അവർ വളരെ വലുതായി) പറയുന്നത് (പറഞ്ഞു നിൽക്കുന്നത്) ഈയിടെയായി ഇങ്ങനെയാണ്:-

പല സ്ഥലങ്ങളിലും നിന്ന് മൂഷകവംശം, കോലത്തിരിമാർ പലായനം ചെയ്തു എന്നത് ശരിയാണ്. പക്ഷേ എല്ലായിടത്തും പിടിച്ചുനില്ക്കാൻ ഒന്ന് ശ്രമിക്കുകയും ചെയ്തിരുന്നു അവർ. അങ്ങനെ ഓട്ടക്കാരെങ്കിലും സ്വാതന്ത്ര്യപ്രേമികളായിരുന്നു തന്നിലും അതിശക്തരായ പ്രതിയോഗികളുമായി ഏറ്റുമുട്ടിയിരുന്ന മൂഷികർ! ടോം ആൻഡ് ജെറി കോമിക്കുകൾ വല്ലപ്പോഴും കാണാൻ ശ്രമിക്കണം എന്നും ഞാൻ ഉപദേശിക്കാറുണ്ട്.

### 2. പൗരോഹിത്യവുമായുള്ള ഇടങ്ങേറലുകൾ

മൂഷകവംശം മഹാകാവ്യത്തിൽ മഗധക്കാർ മാഹിഷ്മതിയെ കീഴടക്കി ഭരിച്ചതായി പറയുന്നുണ്ടെങ്കിലും അതിന് കുറേ മുമ്പുതന്നെ അന്ന് ഹേഹയർ എന്നറിയപ്പെട്ടിരുന്ന മൂഷിക രാജവംശം മാഹിഷ്മതി വിട്ടുപോയതായും പറയുന്നുണ്ട്. ഒരു പുരാണ ഐതിഹ്യവുമായി കൂട്ടിച്ചേർത്താണ് ഈ മഹാകാവ്യത്തിൽ മൂഷികവംശത്തിന്റെ ഉത്ഭവം വിവരിക്കുന്നത്. ഭൃഗുവംശജനായ പരശുരാമനും ഹേഹയ രാജാവായ കാർത്തവീര്യാർജ്ജുനനും തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടായി. കാർത്തവീര്യാർജ്ജുനനും അദ്ദേഹത്തിന്റെ പുത്രന്മാരും കൊല്ലപ്പെട്ടു. ഹേഹയ കുടുംബത്തിലെ ഗർഭിണിയായിരുന്ന ഒരു രാജ്ഞി (കാർത്തവീര്യാർജ്ജുനന്റെ പുത്രവധുവായിരിക്കാം) രാജപുരോഹിതന്റെ സഹായത്തോടെ വടക്കേ മലബാറിലേക്ക് വന്നു. അവിടെ വെച്ച് ഒരു പുത്രനെ രാജ്ഞി പ്രസവിച്ചു. ആ പുത്രനിൽ നിന്നാണ് മൂഷികവംശം ഉടലെടുത്തത് എന്നാണ് അതുലൻ എഴുതിയത്.

പുരോഹിതവർഗ്ഗമായ ഭൃഗുവംശവുമായി ഭരണവർഗ്ഗമായ ഹേഹയ വംശത്തിന് പല തലമുറകളിലായി കുടിപ്പകയും സംഘട്ടനങ്ങളും ഉണ്ടായിരുന്നതായി പുരാണേതിഹാസങ്ങളിൽ പല കഥകളുമുണ്ട്. ഇതിന്റെയൊക്കെ പരിണത ഫലമായിട്ടാണ് പരശുരാമൻ ലോകത്തുള്ള ക്ഷത്രിയ പുരുഷന്മാരെയെല്ലാം 21 വട്ടം കൊലചെയ്തത് എന്നും പുരാണങ്ങൾ പറയുന്നു.

ഇങ്ങനെ ഒരു പശ്ചാത്തലമുണ്ടായിട്ടും വീണ്ടും രണ്ടുപ്രാവശ്യമെങ്കിലും ബ്രാഹ്മണ-പുരോഹിതാധിപത്യവുമായി മൂഷകവംശം ഏറ്റുമുട്ടിയിട്ടുണ്ട്. ഇടയിലെല്ലാം ഇവർ തമ്മിൽ നല്ല ബന്ധമുണ്ടായിരുന്നെങ്കിലും. മൂഷികവംശം മഹാകാവ്യം എഴുതി കുറേക്കഴിഞ്ഞ്, സി.ഇ. 13 ഓ 14 ഓ നൂറ്റാണ്ടിൽ ആയിരിക്കണം ഉദയവർമ്മൻ എന്നൊരു ശക്തനായ രാജാവ് കോലത്തുനാട് ഭരിച്ചിരുന്നു. പെരിഞ്ചെല്ലൂർ (ചെല്ലൂർ, തളിപ്പറമ്പ്) ഗ്രാമക്കാരായ നമ്പൂതിരി പ്രമാണിമാരോട് ചില കാരണങ്ങൾ കൊണ്ട് അദ്ദേഹത്തിന് സംഘർഷമുണ്ടായി. കോലത്തിരിയുടെ കുടുംബത്തിലെ, പുരോഹിതർ പങ്കെടുക്കേണ്ടതായ ഉപനയനം, വിവാഹം ആദിയായ എല്ലാ ചടങ്ങുകളും നമ്പൂതിരിമാർ ബഹിഷ്കരിച്ചു. എന്നാൽ അവരിൽ രണ്ടു കുടുംബക്കാർ ബഹിഷ്ക്കരണത്തിൽ ചേരാത്തതിനാൽ വലിയ പ്രശ്നമുണ്ടായില്ല. അതേസമയം, കോലത്തുനാട്ടിലെ മറ്റു ക്ഷേത്രങ്ങളിലെ നിത്യപൂജകൾ പോലും ചെയ്യാൻ നമ്പൂതിരിമാർ വിസമ്മതിച്ചു. മുഖ്യക്ഷേത്രമായ രാജരാജേശ്വര ക്ഷേത്രത്തിന്റെ (തളിപ്പറമ്പ്) ഊരാള ഭരണം അവരുടെ കൈയിലുമായിരുന്നു. ഇതിന് പ്രതിവിധിയായി, കോലത്തിരി ഗോകർണ്ണത്തുനിന്ന് അനേകശതം ബ്രാഹ്മണ കുടുംബങ്ങളെ

വടക്കേ മലബാറിലേക്ക് ക്ഷണിച്ചുകൊണ്ടുവരിക യാണുണ്ടായത്. ഇങ്ങനെ വന്നവരാണ് സാഗര- സമുദ്ര ബ്രാഹ്മണരായി മാറിയത്.

കേരളീയ സവർണ്ണ മരുമക്കത്തായ സമുദായ ങ്ങളിലെ സ്ത്രീകളെ (നായർ, അമ്പലവാസി, ക്ഷത്രിയ, സാമന്തക്ഷത്രിയ ജാതികളിൽ പെടുന്നു ഇവർ) നമ്പൂതിരിമാർ വിവാഹം ചെയ്യുന്ന പാര മ്പര്യം എത്രയോ നൂറ്റാണ്ടുകളായി നിലവിലുണ്ടാ യിരുന്നു. ഇക്കൂട്ടത്തിൽ കോലത്തിരിയുടെ കുടും ബത്തിൽ മാത്രം നമ്പൂതിരി വിവാഹം ഉണ്ടായിരു ന്നതേ ഇല്ല. ഇത് ഈ സംഘട്ടനത്തിന്റെ അനന്തര ഫലമായി ഉണ്ടായതാണെന്ന് ധരിക്കേണ്ടതാണ്.

ഒരു നാലു നൂറ്റാണ്ടുകൂടി കഴിഞ്ഞ്, കോലത്തു നാട്ടിൽ നിന്നും ദത്തെടുക്കപ്പെട്ട ഒരു രാജകുമാരി യുടെ പുത്രനായ അനിഴം തിരുനാൾ മാർത്താ ണ്ഡവർമ്മ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഭരണം നടത്തിയിരുന്ന എട്ടരയോഗക്കാരായ പോറ്റി മാരെയും അവരുടെ പ്രതാപാഹങ്കാരങ്ങൾ നശി പ്പിച്ച് ശിക്ഷിക്കുകയുണ്ടായി. എണ്ണയ്ക്കാട്ടു കൊട്ടാ രത്തിലെ ഡോ. മഞ്ജുഷാ വർമ്മയാണ് ഈ രണ്ടു പുരോഹിത-മൂഷക സംഘട്ടനങ്ങൾ (മാർത്താണ്ഡ വർമ്മയുടെയും ഉദയവർമ്മൻ കോലത്തിരിയുടെയും) തമ്മിലുള്ള സമാന്തരത (Parallelism), സാമ്യം എനിക്ക് ചൂണ്ടിക്കാട്ടിത്ത ന്നത്. മലയാളം സർവ്വകലാശാലയിലെ അസി സ്റ്റന്റ് പ്രഫസറായ മഞ്ജുഷ പി.എച്ച്.ഡി. എടു ത്തത് കോലത്തിരിമാരെപ്പറ്റി ഗവേഷണം ചെയ്താ ണ്. ഇതേ സമാന്തരത ഭൃഗു-ഹേഹേയ സംഘർഷ കഥയിലും നമുക്ക് കാണാം. അതിന് അടിസ്ഥാന മായി തീർച്ചയായും ചിലത് സംഭവിച്ചിരിക്കണം എന്ന നിഗമനത്തിലെത്താമെങ്കിൽ.

**3. പ്രേമം-പ്രേമം അതൊന്നുമാത്രം**

ഈ കുടുംബത്തിലെ സ്ത്രീകളുടെ വിവാഹ ത്തെപ്പറ്റി തൊട്ടു മുകളിൽ പറഞ്ഞല്ലോ. ഇനി പുരു ഷന്മാരുടെ കാര്യമെടുത്താൽ അവർ പൊതുവേ ഇക്കാര്യത്തിൽ സ്വതന്ത്ര ചിന്തകരായിരുന്നു എന്നാണ് കാണുന്നത്. സാമന്ത ക്ഷത്രിയ-അമ്പ ലവാസി-നായർ വിഭാഗങ്ങളിൽ നിന്നാണ് ഇവർ വിവാഹം കഴിച്ചിരുന്നതെങ്കിലും നായർ എന്ന വൻ സമൂഹത്തിലെ അന്ന് ശക്തമായിരുന്ന ഉപജാതി ഭേദങ്ങളെ കണക്കിലെടുക്കാതെ ആയിരുന്നു ഇത്. അതായത് ആരെ ഇഷ്ടപ്പെട്ടോ അവരെ കല്യാണം കഴിക്കുക. ദാസിയാട്ടം (മോഹിനിയാട്ടത്തിന്റെ പൂർവ്വരൂപം) കളിച്ചിരുന്ന ഒരു സ്ത്രീക്ക് ഒന്നര നൂറ്റാണ്ടു മുൻപ് മാവേലിക്കരയിലെ ഒരു അമ്മാ വൻ പുടവ കൊടുത്തിരുന്നു. മറ്റൊരു അമ്മാവന്റെ അമ്മ കൊട്ടാരത്തിൽ മുറ്റമടിച്ചിരുന്ന സ്ത്രീയുടെ മകളെ കാണുകയും ഇഷ്ടപ്പെടുകയും സ്വന്തം മക നെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ! ഇതേപോലെ വേറെയും പല അമ്മാവന്മാരും സാമൂഹ്യനിലവാരം (Social Status) നോക്കാതെ വിവാഹബന്ധത്തിൽ ഏർപ്പെട്ടി രുന്നു.

ഈ കുടുംബത്തിന്റെ ഒരു ശാഖ തന്നെയായ തിരുവിതാംകൂർ രാജവംശത്തിലെ സ്വാതിതിരു നാൾ ആണല്ലോ തഞ്ചാവൂരിൽ നിന്നും വന്ന നർത്തകിയെ വിവാഹം ചെയ്തത്-സുഗന്ധവല്ലി. മറ്റൊരു കനകവല്ലിയെ അതിനുമുൻപ് മാവേലിക്ക രയിൽ നിന്നും തിരുവിതാംകൂറിലേക്ക് ദത്തെടുക്ക പ്പെട്ട (ഇതിൽ തർക്കമുണ്ട്), ഇളയരാജാവായി കരു തപ്പെട്ടിരുന്ന വിശാഖം തിരുനാൾ കേരളവർമ്മ കല്യാണം കഴിച്ചു-അന്നത്തെ ഒരു മലയാളി സ്ത്രീയുടെ പേരല്ല അവർക്കെന്നു തീർച്ച. ഇതി നൊക്കെ മുൻപ് അനിഴം തിരുനാൾ മാർത്താണ്ഡ വർമ്മയുടെ അമ്മാവൻ രാമവർമ്മ മഹാരാജാവ് ഒരു ഉത്തരേന്ത്യൻ നാടോടി കുടുംബത്തിലെ പാട്ടു പാടി നടന്നിരുന്ന ഒരു പെൺകുട്ടിയെ വിവാഹം ചെയ്തതും അദ്ദേഹത്തിന്റെ പുത്രന്മാരായ തമ്പി മാർ രാജസിംഹാസനം കരസ്ഥമാക്കാൻ കിണഞ്ഞു പരിശ്രമിച്ചതും പ്രസിദ്ധമാണല്ലോ.

വളരെ പണ്ട് ഒരു കോലത്തിരി രാജകുമാരൻ രഹസ്യമായി, അന്നു ശത്രുതയുണ്ടായിരുന്ന സാമൂ തിരി കുടുംബത്തിലെ ഒരു രാജകുമാരിയെ വിവാഹം ചെയ്തു. തുടർന്ന് രണ്ടു രാജ്യങ്ങളും തമ്മിൽ യുദ്ധം ഉണ്ടായി. നീലേശ്വരം രാജവംശം ഉണ്ടായത് അങ്ങനെയാണ് എന്ന് കരുതപ്പെടുന്നു.

'പ്രേമം-പ്രേമം അതൊന്നുമാത്രം' എന്ന് ഒരു കവി പാടിയത് തന്നെയാണ് ഇതിനൊക്കെ കാര ണം. ഒരു കോലത്തിരി രാജകുമാരി മുസ്ലീം സേനാ നിയെ വിവാഹം കഴിച്ച് അറയ്ക്കൽ രാജവംശ ത്തിന് തുടക്കംകുറിച്ചതും ഇതേ കാരണത്താൽ തന്നെ. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യ മാല'യിലെ വിവരണം വിശ്വസിക്കാമെങ്കിൽ.

**4. ഭാര്യാദാസന്മാർ**

കുട്ടിക്കാലം മുതലേ ഞങ്ങളുടെ കുടുംബത്തിൽ കേട്ടുവന്നതാണ് കോലത്തിരി പുരുഷന്മാർ എല്ലാവരും ഭാര്യാദാസന്മാരാണെന്ന്. അങ്ങനെ ഒരു ശാപം കിട്ടിയതാണ്. ഒരു തെറ്റും ചെയ്യാത്ത അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രേഷ്ഠ ബ്രാഹ്മണനെ കോലത്തിരി രാജാവ് സ്വഭാര്യയുടെ വാക്കുമാത്രം കേട്ട് മുക്കിക്കൊല്ലാൻ വിധിച്ചു. ആ ശിക്ഷ നടപ്പാക്കപ്പെടുന്നതിനിടയിൽ മൂന്നു ശാപങ്ങൾ ആ വിശിഷ്ട വ്യക്തി ചെയ്തു. അതിലൊന്നാണ് കോലത്തിരി കുടുംബത്തിലെ ആണുങ്ങളെല്ലാം ഭാര്യാദാസന്മാരായിത്തീരട്ടെ എന്നത്. മറ്റു രണ്ടു ശാപങ്ങൾ എന്തായിരുന്നു എന്നറിഞ്ഞുകൂടാ. ഒരു തനി ഭാര്യാദാസൻ കാരണം അന്യായമായി സ്വജീവൻ നഷ്ടപ്പെട്ട ആ ബ്രാഹ്മണന്റെ ശാപം എന്തിന് ഭാര്യാദാസത്വത്തിനെ നിർബന്ധിതമാക്കുന്നതായി? ഇത് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല!

ഇനി ഒരു സർവേ എടുക്കേണ്ടിവരും കോലത്തിരി കുടുംബങ്ങളിൽ എത്ര പുരുഷന്മാർ ഭാര്യാദാസന്മാരാണ്, എത്രപേർ അല്ല എന്ന്. പക്ഷെ എന്റെ കാര്യത്തിൽ ഈ ചൊല്ല് ശരിയല്ലെന്നും അതുകാരണം ഞാൻ ശരിയായ കോലത്തിരിയല്ലെന്നും എന്റെ ഭാര്യയ്ക്ക് അഭിപ്രായമുണ്ട്.

**5. ശുദ്ധാശുദ്ധങ്ങൾ**

ശുദ്ധം, അശുദ്ധം ഇങ്ങനെ പറഞ്ഞ് കുറേ നിബന്ധനകൾ പഴയ കുടുംബങ്ങളിലൊക്കെ ഉണ്ടായിരുന്നു. അടുക്കളയിലും ഊണുമുറിയിലുമൊക്കെയാണ് ഇത് കൂടുതൽ പാലിക്കപ്പെട്ടിരുന്നത്. നാമിന്നറിയുന്ന 'വൃത്തി'യുടെ സ്വഭാവമല്ല അതിന്; ഏതാണ്ട് ഒരനാചാരം പോലെ തന്നെ ആയിരുന്നു. ഡോ. മഞ്ജുഷയുടെ അഭിപ്രായം ഇത് കോലത്തിരി കുടുംബങ്ങളിൽ താരതമ്യേന കുറവായിരുന്നു എന്നാണ്. ബ്രാഹ്മണ വിവാഹം ഇല്ലാതിരുന്നതിന്റെ മെച്ചങ്ങളിലൊന്നായാണ് ഇതിനെ കണക്കാക്കാവുന്നത്!

**6. അടിയാള ബഹുമാനം**

മഞ്ജുഷ മറ്റൊരു പ്രധാനകാര്യംകൂടി പറഞ്ഞു- പൊതുവേ കേരളീയ രാജാക്കന്മാർ ക്ലാസിക്കൽ കലകളെയാണ് പ്രോത്സാഹിപ്പിച്ചിരുന്നത്. എന്നാൽ കോലത്തിരിമാർ ക്ലാസിക്കൽ കലകളായ കഥകളി, കൂടിയാട്ടം തുടങ്ങിയവയെക്കാൾ കൂടുതലായിത്തന്നെ ഗോത്രവർഗ്ഗ നൃത്ത-കലാരൂപങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. തെയ്യം, തിറ, തോറ്റം, വണ്ണാൻ കൂത്ത് ഇവ. ഏറ്റവും താഴേക്കിടയിലുള്ള വണ്ണാൻ, പെരുവണ്ണാൻ, പുലയർ ആദിയായ സമുദായങ്ങളിലെ അംഗങ്ങളായിരുന്നു ആടിയിരുന്നത്; ആവിഷ്കരിച്ചിരുന്നത്. കോലത്തിരി മഹാരാജാവു തന്നെ എഴുന്നള്ളിയിരുന്ന് ഈ അനുഷ്ഠാന കലകൾ കാണുകയും പാരിതോഷികങ്ങൾ നല്കുകയും ചെയ്തു. ഈയിടെ ചിറയ്ക്കൽ വെച്ച് നടന്ന പെരുങ്കളിയാട്ട മഹോത്സവത്തിൽ ഈ പഴമയുടെ പെരുമ ജനസഹസ്രങ്ങൾക്ക് കാണാൻ കഴിഞ്ഞതാണ്.

ഒരു ഗണരാജ്യത്തിന്റെ (Tribal Republic) പിന്തുടർച്ചക്കാരായതിനാലാണോ ഈ ഗോത്രവർഗ്ഗ-അടിയാള വിഭാഗങ്ങളോടുള്ള വിശാല വീക്ഷണം? അതേസമയം അയിത്താദി അനാചാരങ്ങളും ജന്മിത്വ ചൂഷണവും സാമൂഹ്യാവശതകളും ഒന്നും ഇല്ലാതെ ആയതുമില്ല. ഈ രാജഭരണന്റെ കീഴിൽ. എന്നാൽ വടക്കേ മലബാറിൽ ഹിന്ദുക്കളിലെ ജാതീയത ശക്തമല്ല ഇപ്പോഴും എന്നത് സത്യവുമാണ്.

**7. സ്ത്രീശാക്തീകരണം**

തിരുവിതാംകൂറിലും (വേണാട്) അതിന്റെ ശാഖകളായിരുന്ന കൊല്ലം, ഇളയിടം, നെടുമങ്ങാട് ഈ രാജ്യങ്ങളിലും രാജ്ഞിമാർ പലപ്പോഴും ഭരണം ഏറ്റെടുക്കുകയും സ്തുത്യർഹമായി ഭരിക്കുകയും ചെയ്തിട്ടുണ്ട്. സി.ഈ. 1315 മുതൽ ദത്തെടുക്കപ്പെട്ട കോലത്തിരി രാജകുമാരിമാരുടെ (ഒട്ടനവധി ദത്തുകൾ ഉണ്ടായിട്ടുണ്ട്. സി.ഈ 1900 വരെ) സന്തതി പരമ്പരകളായുരുന്നു ഈ കുടുംബങ്ങൾ എല്ലാം. വേണാട്ടു രാജ്ഞിമാർക്ക് എപ്പോഴും സ്വന്തം നിയന്ത്രണത്തിൽ ആറ്റിങ്ങൽ എന്ന ചെറു സ്ത്രീനേതൃത്വ ഭരണം കേരളത്തിലെ മറ്റൊരു രാജവംശത്തിലുമുണ്ടായിട്ടില്ല.

കോലത്തിരിമാരുടെ മറ്റൊരു ശാഖയായ അറയ്ക്കൽ മുസ്ലീം രാജവംശത്തിലെ സ്ത്രീയാകട്ടെ, പുരുഷനാകട്ടെ, ഏറ്റവും പ്രായം കൂടിയതാരാണോ ആ ആളാണ് രാജാധികാരം വഹിക്കുക. ഈ വംശത്തിന് തുടക്കമിട്ട ആദ്യത്തെ തമ്പുരാട്ടിയുടെ

കഥ



# തോമസ്

**ജയദേവ് വർമ്മ**
കോട്ടയം, മൊ. 9496324434

തോമസ് ആ വിളിക്ക് വേണ്ടി കാതോർത്തിരിക്കയായിരുന്നു. മൊബൈൽ ഫോൺ ശബ്ദിച്ച ഉടൻ കുളിക്കാൻ ഉടുത്ത ടവൽ അഴിഞ്ഞത് കാര്യമാക്കാതെ കട്ടിലിലേക്ക് ചാടി വീണു. മുറിയിൽ മറ്റാരും ഇല്ലെന്ന ഉറപ്പുള്ളത് കൊണ്ട് നഗ്നനായാലും കുഴപ്പമില്ല. നൂറ് കണക്കിന് കിലോമീറ്ററുകൾക്കപ്പുറത്ത് നിന്ന് തന്റെ പ്രിയതമയുടെ ധ്വനി. മധുരയിൽ നിന്ന് എന്നും ഈ സമയം മുടങ്ങാതെ വിളിക്കുന്ന സ്നേഹിതയുടെ മധുരസ്വരം..

"ഹലോ..."

തോമസ് കമഴ്ന്നു കിടന്നു കാലാട്ടിക്കൊണ്ട് കാമുകൻ കാമുകിയോടെന്ന പോലെ മറുപടി പറഞ്ഞു: "ഹലോ..."

"കുളിച്ചോ..."

"കുളിക്കാൻ പൊവ്വ..."

"അവനെന്തിയെ..." മകനായ ജൊഹാനെ അന്വേഷിച്ചു ചോദിച്ചു.

"ജോസൂട്ടിയുടെ കൂടെ ഉണ്ട്. അപ്പുറത്ത്."

"ഉം..." ഷെറിൻ മൂളി.

ഭാര്യയുടെ ശബ്ദം കേട്ട് തോമസ് സന്തോഷവാനായി. അകലെയിരുന്ന് കുടുംബത്തിന് വേണ്ടി ജോലി ചെയ്യുന്ന ഷെറിൻ ഒറ്റയ്ക്ക് ഒരു മുറിയിൽ ആണ് താമസം. മൂന്ന് നേരവും ഭക്ഷണം ഒരു ചായക്കടക്കാരൻ പയ്യൻ കൊടുക്കുന്നതൊഴിച്ചാൽ മാറ്റാരുമായും സംസാരമില്ല. ബാങ്കിലാണെങ്കിൽ കനത്ത ജോലിയും. ഭാര്യയുടെ ആരോഗ്യത്തിൽ അതീവ ശ്രദ്ധ പുലർത്തുന്ന അയാൾ കഴിഞ്ഞ ദിവസം ഫോണിൽ കൂടി പറഞ്ഞ തലവേദനയുടെ കാര്യം ഓർത്തു ചോദിച്ചു.

"ഇന്ന് തലവേദന ഉണ്ടോ..."

"ഇന്നില്ല..."

തോമസിന്റെ ഇന്നത്തെ വിശേഷം ചോദിക്കാൻ അവളും മറന്നില്ല.

→

---

→

വ്യക്തിത്വമാണ് ഇതിനടിസ്ഥാനം എന്ന് കരുതാനാണെനിക്കിഷ്ടം.

കേരളീയ ക്ഷത്രിയ രാജവംശങ്ങളിൽ ഏറ്റവും ആദ്യം മരുമക്കത്തായം സ്വീകരിച്ചതും ലഭിക്കുന്ന തെളിവുകൾ അനുസരിച്ച് മൂഷക വംശമാണ്. സി. ഈ. 900 അടുപ്പിച്ചാണിത്.

*അടിക്കുറിപ്പ്*

ആധുനിക കാലം വന്നു, ഫ്യൂഡൽ കാലഘട്ടം മാറി, ജീവിതരീതികൾ മാറി, അണുകുടുംബങ്ങൾ നിറഞ്ഞു. പൊതുസ്വഭാവ പ്രത്യേകതകൾ മേൽ പറഞ്ഞതിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കണം ഇപ്പോൾ - എന്നാലും പഴയതിന്റെ കുറച്ച് അംശങ്ങൾ ഇപ്പോഴും കാണാനുണ്ടോ എവിടെയെങ്കിലുമൊക്കെ?

*P.S:-* എന്റെ കുടുംബത്തിലെ ഒരു പഴയ കാരണവരായിരുന്ന മാഹിഷ്മതി കോവിലകത്തെ ബാഹുബലിയമ്മാവനെ പറ്റി അടുത്തകാലത്ത് രണ്ടു സിനിമകൾ ഇറങ്ങുകയുണ്ടായിട്ടുണ്ട് - ബാഹുബലി-1, ബാഹുബലി-2. ഈ സിനിമകൾ വൻ വിജയമാക്കിയതിൽ ബഹുജനങ്ങളോട് ഞങ്ങൾക്ക് കുടുംബപരമായും വ്യക്തിപരമായും ബാഹു അമ്മാവന്റെ പേരിലും (വിളിപ്പേരാണേ!) ഉള്ള അപാരമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ!!! ●

ഇരുവരും മിനിറ്റുകൾക്കിടയിൽ സംഭാഷണം അവസാനിപ്പിച്ചു.

കട്ടിലിൽ കിടന്നുകൊണ്ട് തന്നെ അവൻ ഫോൺ നോക്കിയിരുന്നു. ഷെറിന്റെയും ജൊഹാന്റെയും തന്റെയും ചിത്രമാണ് പ്രധാന മുഖചിത്രമായി ഇട്ടിട്ടുള്ളത്. വരവുചിലവുകൾ കുറിച്ചിടുന്ന ആപ്പ് എടുത്തു. ഇന്നത്തെ ചിലവുകൾ എഴുതിയിട്ടുണ്ട്.

ഓട്ടോ - 20

പെട്രോൾ - 300

ചായ, പരിപ്പുവട - 50

ജോസൂട്ടിയുടെ പോക്കറ്റ് മണി - 100

ജൊഹാന് സ്നഗ്ഗി - 250

ദിനംപ്രതി എത്ര ചിലവുകളാണ് നേരിടേണ്ടി വരുന്നത്. അനിയനായ ജോസൂട്ടിക്ക് പി.എസ്.സി. പരീക്ഷയിൽ ഏതിലെങ്കിലും കിട്ടിയിരുന്നെങ്കിൽ കുടുംബത്തിന് ഒരു താങ്ങ് കൂടി ആയേനെ. മൂത്ത ആളായ തനിക്കു സർക്കാർ ജോലി ആയി. രണ്ടാമത്തെ മാത്തുക്കുട്ടിക്കു പട്ടാളത്തിലും ജോലി ആയി.

ഇനി ജോസൂട്ടി. വയസ്സ് ഇരുപത്തിരണ്ടല്ലേ ആയുള്ളൂ. പഠിക്കട്ടെ. മിടുക്കനാണ്. കിട്ടും.

തോമസ് വെറുതെ ഫോൺ ഡീറ്റെയിൽസ് നോക്കി.

താൻ ബൈക്കിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഓഫീസിൽ നിന്ന് അഞ്ച് കോളുകൾ. തിരിച്ചു വിളിച്ചപ്പോൾ ഓഫിസ് മേധാവിയാണ് എടുത്തത്.

ഒരു ഫയലിന്റെ കാര്യം തിരക്കാനാണ് ചെവി പൊട്ടുന്ന ഒച്ചയിൽ ഫോണിൽ കൂടി സംസാരിച്ചത്. ഓഫിസ് സമയം കഴിഞ്ഞാലും അവർക്ക് വീട്ടിലൊന്നും പോകണ്ടേ..!

കൃത്യമായി എല്ലാം ചെയ്തു നേരത്തെ ഇറങ്ങിയാലും ഫോൺ വിളിച്ചു ശല്യപ്പെടുത്തിക്കൊണ്ടിരിക്കും.

"നശിച്ച തള്ള." തോമസ് സ്വയം പറഞ്ഞു.

ഫോൺഗ്യാലറി എടുത്തു; മധുരമുള്ള ഓർമ്മകൾ. തന്റെയും ഷെറിന്റെയും വിവാഹചിത്രം. ജൊഹാന്റെ വിവിധ കളികൾ, അവൻ ഉറങ്ങുന്നത്, കുളിക്കുന്നത്, കൈകൊട്ടി ചിരിക്കുന്നത്... തോമസ് സ്വയം ചിരിച്ചു...

കൈകൊണ്ട് ഉരസി ചിത്രങ്ങൾ മാറ്റി നോക്കിക്കൊണ്ടിരുന്നു.

അച്ഛന്റെയും അമ്മയുടെയും പഴയ പടം. അമ്മ പഴയ പോലെ തന്നെ ഇപ്പോഴും. അച്ഛൻ ഇന്നാകെ മാറിയിരിക്കുന്നു, രൂപത്തിലും സ്വഭാവത്തിലും. പണ്ട് തന്നെയും അനിയന്മാരെയും എത്രയാണ് തല്ലിയിരിക്കുന്നത്. പേടിയായിരുന്നു അച്ഛനെ. ഇപ്പോൾ ശാന്തനായി മാറിയിരിക്കുന്നു.

കോളേജിൽ പഠിക്കുന്ന കാലത്ത് കൂട്ടുകാരുടെ കൂടെ നില്ക്കുന്ന ചിത്രം. സുന്ദർബൻ നാഷണൽ പാർക്കിന് സമീപം.

ഫോറെസ്ട്രി പഠിച്ചതുകൊണ്ട് ആകെയുണ്ടായ നേട്ടം അതാണ്. പഠനത്തിന്റെ ഭാഗമായി കുറച്ചു സ്ഥലങ്ങൾ കാണാൻ അവസരം ഉണ്ടായി. താൻ എം.ബി.ബി.എസ്സിന് ചേർന്നിരുന്നെങ്കിൽ ഒരു പക്ഷെ ഇത്രയും യാത്ര ചെയ്യാൻ അവസരം ഉണ്ടായിയെന്നു വരില്ല.

എം.ബി.ബി.എസ്സ്. ഒരു നഷ്ടബോധമായി മനസ്സിൽ അവശേഷിക്കുന്നു. പ്രവേശന പരീക്ഷയ്ക്ക് എത്രമാത്രം ക്ലേശം അനുഭവിച്ചു പഠിച്ചതാണ്; രാവുകൾ ഉറക്കമൊഴിഞ്ഞു പഠിച്ചതാണ്. എന്നാൽ റാങ്കിൽ പിറകിലായി പോയതുകൊണ്ട് എം.ബി.ബി.എസ്സിന് വേണ്ടിയുള്ള പട്ടികയിൽ ഇടം നേടിയില്ല. ബി.എ.എം.എസ്. ലഭിച്ചേനെ. അതിൽ താല്പര്യം ഇല്ലാത്തതുകൊണ്ട് ഫോറെസ്ട്രി എടുത്തു. ഇപ്പോൾ പഠിച്ചതായി ഒരു ബന്ധവും ഇല്ലാത്ത ജോലി ചെയ്യുന്നു...

തോമസ് ചിത്രം മാറ്റി.

കോളേജ് കാലഘട്ടത്തിലെ ഒരു ചിത്രം. ക്ലാസ്സിലെ എല്ലാവരും അതിലുണ്ട്. മനീഷ എവിടെയാണ് നിൽക്കുന്നത്. ഇതാ. പെൺകുട്ടികൾ നിൽക്കുന്ന വശത്ത് ഇടത്തൂന്ന് മൂന്നാമത്.

മനീഷ.

ഒത്തിരി ഇഷ്ടമായിരുന്നു, ഭരതനാട്യം അറിയാവുന്ന ഈ കുട്ടിയെ. തന്റെ ഇഷ്ടം തുറന്നു പറഞ്ഞിട്ടില്ല. അവൾ ഇപ്പോൾ ഏതെങ്കിലും സ്ഥലത്തു സുഖമായി ഇരിക്കുന്നുണ്ടാകും..

അടുത്ത ചിത്രം പള്ളിയിലെ സംഘഗാനം ആലപിക്കുന്നതിന്റെയാണ്.

പ്ലസ് ടു പഠിക്കുന്ന കാലത്ത് പള്ളിയിലെ പ്രാർത്ഥനാഗാനങ്ങൾ ആലപിക്കുന്ന സംഘത്തിൽ

സജീവമായിരുന്നു. ശബ്ദം മോശമാണെങ്കിലും കൂട്ടത്തിൽ പാടുമ്പോൾ ആരുമറിയില്ല. ചുണ്ടന ക്കിയാൽ മതി.

കോളേജിലെ ചില കൂട്ടുകാരുമായി ബുള്ളറ്റിൽ ഹിമാലയം പോയ ചിത്രം, പിന്നീട് ഗോവയ്ക്ക് പോയ ചിത്രം... എവിടൊക്കെ പോയിരിക്കുന്നു. തോമസ് ചിത്രങ്ങളിൽ ലയിച്ചുകൊണ്ടിരുന്നു കാലാട്ടുമ്പോൾ മുറിയുടെ കതകിൽ തട്ടുന്നത് കേട്ടു. ഫോൺ കട്ടിലിൽ വച്ചിട്ട് എഴുന്നേറ്റു താഴെ കിടന്ന ടവൽ എടുത്തു ധരിച്ചിട്ട് കതക് തുറന്നു.

അമ്മയാണ്.

"കുളി കഴിഞ്ഞില്ലേ? കഴിക്കാൻ വരുവല്ലേ..." അമ്മ ചോദിച്ചു.

"ദേ വരുന്നു."

തോമസ് ഉടനെ കുളിക്കാൻ കയറി. ഷവർ പ്രവർത്തിപ്പിച്ചു വെള്ളം ചീറ്റി. ചിത്രങ്ങളെക്കുറിച്ച് ഓർത്തപ്പോൾ സ്കൂൾ കാലഘട്ടത്തിലെ ഒരു മുഖം സ്മരിച്ചു.

നിഷ...

അവളിപ്പോൾ എവിടെയാകും. നല്ല ഭംഗിയായി രുന്നു അവളുടെ മുഖം കാണാൻ. താനും അവളും തമ്മിൽ നല്ല കൂട്ടായിരുന്നു. പള്ളിയിലെ പ്രാർത്ഥ നാഗീതങ്ങൾ പരിശീലിക്കാൻ പോകുമ്പോഴും വരുമ്പോഴും അവളെ കാണും. അവളുടെ ട്യൂഷൻ സമയമായിരുന്നു അപ്പോൾ. താൻ താമസിച്ചാൽ അവൾ നോക്കിനിൽക്കും. അവൾ താമസിച്ചാൽ താനും നോക്കിനിൽക്കും. അരമണിക്കൂർ വരെ നോക്കിനിന്നിട്ടുണ്ട്. അതിനുള്ളിൽ കണ്ടുമുട്ടും.

അതൊക്കെ ഒരു കാലം.

സുഖമുള്ള പ്രണയകാലം ഓർത്തുകൊണ്ട് തോമസ് നെറ്റി മുതൽ കാൽപാദം വരെ സോപ്പ് പതപ്പിച്ചു...

ആ ഫോൺഗ്യാലറിയിൽ എവിടെയോ നിഷ യുടെ ചിത്രം കിടപ്പുണ്ട്. കുറച്ചുനാൾ മുൻപ് ഒരു പഴയ കൂട്ടുകാരൻ സ്കൂൾ ചിത്രങ്ങൾ വൈ ഫൈ വഴി പകർത്തിത്തന്നപ്പോൾ കിട്ടിയതാണ്. അവൻ ദുബായിൽ പോകുന്നതിന് മുൻപ് തന്നത്. ആ ചിത്രം ഒന്ന് കാണണം. അവളുടെ മറ്റൊരു ചിത്രവും കൈവശം ഇല്ല. ഫേസ്ബുക് അടിച്ചു നോക്കിയിട്ട് അവൾ അതിലുമില്ല. ഇപ്പോൾ നിഷ എന്ത് ചെയ്യുന്നു എന്ന് ദുബായിൽ പോയ കൂട്ടു കാരനും അറിയില്ല. അവളുടെ കാര്യമൊഴിച്ച് ബാക്കി എല്ലാ പെൺകുട്ടികളുടെ കാര്യവും അവൻ പറഞ്ഞു തന്നു...

തോമസ് കുളി കഴിഞ്ഞ് വെളിയിൽവന്നു. തുറന്നിട്ട കതക് വഴി ജൊഹാൻ മുറിയിൽ കയറി യിട്ടുണ്ട്. തന്നെ കണ്ട് നിഷ്കളങ്കമായി ചിരിച്ചു. പഴയ അച്ഛനും മകനും പോലെ അല്ല, പുതിയ അച്ഛനും മകനും ഫ്രണ്ട്സ് ആണ്. ചിരിക്കുന്ന തിനിടയിൽ തോമസ് തോർത്തിക്കൊണ്ടിരുന്നു...

നിഷയുടെ ചിത്രം ഈ മെയിലിലേക്ക് അറ്റാച്ച് ചെയ്യണം. ഷെറിൻ വല്ലതും അറിയാതെ ഗ്യാലറി നോക്കുന്നതിനിടയിൽ കണ്ടുപിടിച്ചാൽ എന്ത് കരുതും..! പ്രണയമൊക്കെ പൊതുവായ വികാ രമാണെങ്കിലും അറിഞ്ഞുകൊണ്ട് എന്തിനാണ് പഴയ കാര്യങ്ങൾ പുറത്ത് കൊണ്ടുവന്ന് സുഖക രമായ ദാമ്പത്യജീവിതത്തിൽ തടസ്സം സൃഷ്ടിക്കു ന്നത്. ഷെറിൻ വളരെ നല്ലൊരു ഭാര്യയാണ്. തന്റെ എല്ലാ കാര്യങ്ങളിലും തന്നെക്കാൾ ശ്രദ്ധ അവൾ ക്കാണ്. രണ്ടാമത്തെ അനിയൻ മാത്തുക്കുട്ടി വീട് വച്ച സമയം, ഒരാവശ്യം വന്നപ്പോൾ, അങ്ങോട്ട് ചോദിക്കാതെ തന്നെ ഷെറിൻ ആഭരണങ്ങൾ പണയം വയ്ക്കാൻ തന്നു. താനാണല്ലോ വീടു പണിയുമായി ബന്ധപ്പെട്ട് ഓടിനടന്നത്. വേറെ ഏതെങ്കിലും ഭാര്യമാർ ഇത് ചെയ്യുമോ. അത്ര ത്തോളം കുടുംബസ്നേഹം ഉള്ളവളാണ് തന്റെ ഭാര്യ. അതുകൊണ്ടുതന്നെ തന്റെ പൂർവ്വ കാല ചരിത്രമൊന്നും ഷെറിൻ അറിയണ്ട.

പൗഡർ ഇടുന്നതിനടിയിൽ തോമസ് വെറുതെ മകനെ നോക്കി. ജൊഹാനെ മുറിയിൽ കാണുന്നില്ല.

അവനെവിടെ...

തോമസ് വാഷ് റൂമിൽ നോക്കിയപ്പോൾ ജൊഹാൻ അവിടുണ്ട്.

തോമസിന്റെ മൊബൈൽ ക്ലോസെറ്റിൽ ഇടാൻ പോകുന്നു...!

"ഡാ, അതിടരുത്. ഇങ്ങ് വാ."

"ജൊഹാന് രസം കൂടി. അവൻ തുള്ളിച്ചാടി. അച്ഛന്റെ പരിഭ്രമം കണ്ടു മൊബൈൽ വീണ്ടും ക്ലോസെറ്റിലേക്ക് ആക്കി."

മോനെ കുട്ടാ. അതിടരുത്. ഫോണിൽ വെള്ളം കേറിയാൽ പിന്നെ വർക്ക് ചെയ്യില്ല.

കവിത

# എന്റെ പാഥേയം

ഗായത്രി വർമ്മ
മൊ. 8767703276



ഇണങ്ങിയും പിണങ്ങിയും കൂട്ടിവച്ചു
പലനാൾ കൊണ്ടീ പാഥേയം
ഇതുപേറി യാത്രയാകട്ടെ ഞാനും
വഴിയിലുതകിടാമെന്നോർക്കുന്നു ഞാൻ

രുചിയുണ്ടോ മണമുണ്ടോ ഗുണമുണ്ടോ
അറിഞ്ഞുകൂടാ വലിപ്പവുമളവുമെനിക്ക്
അറിയുന്നില്ലീ പാഥേയത്തിൻ വില
എന്നാലും പേറാതെ പറ്റില്ലല്ലോ

ഹരിച്ചും ഗുണിച്ചും കൂട്ടിയും കുറച്ചും
കൂട്ടിവച്ചു ഞാനെന്റെ ലാഭങ്ങളെ
എന്നാലീയന്ത്യവേളയിൽ കണ്ടു
ശുദ്ധശൂന്യമാണെന്റെ ലാഭകോളം

പൂജ്യരായ് കണ്ടോരൊക്കെ വെറും
പൂജ്യമായ് കണ്ടു ഞാനിന്ന്

എന്നാലുമീപാഥുകം പേറാതെ
പറ്റില്ലല്ലോ യാത്രയിലുടനീളം

പാഥേയമാവശ്യമാണോ? അറിഞ്ഞുകൂടാ
പോയിനോക്കാം എത്തട്ടെവിടെങ്കിലും
ഉപേക്ഷിച്ചാലും വിടില്ലിതെന്നേ
ഒക്കെയും ഞാൻതന്നെ സഞ്ചയിച്ചതല്ലേ

മക്കൾക്കു കൊടുത്താലോയീ പാഥേയം
അവരുമെടുക്കുന്നില്ലവജ്ഞയോടെ
ചൊല്ലി "കൂട്ടിവച്ചതല്ലേ കൊണ്ടുപോകൂ
അനുഭവിച്ചോളൂ നല്ലതും ചീത്തയും"

വേദമോതിയ മനീഷികൾ ചൊല്ലിത്തന്നു
നിന്റെ പാഥേയമാ കർമ്മങ്ങളും കർമ്മഫലവും
നിന്റെ യാത്രയിലുടനീളം തുടരു,മതു,നിന്നേ
പുണ്യപാപ ചുമടുകളും ഇരുമുടിക്കെട്ടായ്.

→

ജൊഹാൻ തന്റെ കുഞ്ഞു വായ പിളർന്ന് ഉറക്കെ ചിരിച്ചു.

തോമസ് നോക്കി നിൽക്കാതെ ജൊഹാന്റെ കയ്യിൽ നിന്ന് ഫോൺ പിടിച്ചുമേടിക്കാൻ മുമ്പോട്ടാഞ്ഞു.

"ഗ്ലും"

കുട്ടി ഫോൺ ക്ലോസെറ്റിൽ ഇട്ടു...!

തോമസ് ക്ലോസെറ്റിൽ നോക്കി. ഫോൺ മുഴുവനായി മുങ്ങി. ഗ്യാലറിയിലെ എല്ലാ ഓർമ്മകളും ഇതോടെ മാഞ്ഞുപോയി.

അച്ഛൻ വിഷമിച്ചു നിൽക്കുന്നത് കണ്ട് ജൊഹാനും വിഷമം തോന്നി. താൻ എന്തോ കുറ്റം ചെയ്തതായി ആ കുട്ടിക്ക് തോന്നി. തന്നെ അച്ഛൻ വഴക്ക് പറയുമോ..?

ജൊഹാന്റെ മുഖം കരച്ചിലിന്റെ വക്കിലായി.

മകന്റെ കുഞ്ഞു മുഖം കണ്ട തോമസ് കുട്ടിയെ വാരിയെടുത്തു ഉമ്മ നൽകി. എന്നിട്ട് പറഞ്ഞു: "പോട്ടെ. ഇനി മേലാൽ എന്റെ മോൻ ഇതൊന്നും ചെയ്യരുത് കേട്ടോ..."

ക്ലോസെറ്റിൽ കൈ കൊണ്ട് സ്പർശിക്കുന്നതിന് മുൻപ് കുട്ടിയെ മാറ്റണം. മകനെ ജോസൂട്ടിയെ ഏൽപ്പിക്കാൻ അയാൾ പോയപ്പോൾ പഴയ പ്രണയകാല ഓർമ്മകൾ മായ്ച്ചുകൊണ്ട് ആ ഫോൺ ക്ലോസെറ്റിൽ മുങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ●



## SREEKRISHNA BALALEELA - 4

# Nalakoobara Manigreeva Moksham

**Dr. Kumuda Bai**
Poonjar

Krishna, bound to the grinding stone, glanced out and saw two old maruthu trees standing at the border of the yard. The trees were the sons of Kubera in their previous birth, cursed by Sri Narada for their pride, waiting for curse-release by Bhagavan. Kubera was one of the most dedicated servants of Sri Parameswara. But the sons lacked the good qualities of their father. They were always seen fully drunk in the company of women, singing sly dirty songs, engaged in love plays and water games in Holy Ganga. Once Sri Narada was passing that way through the sky and came down with an intention to advise them. The ladies, scared of Narada's anger, suddenly came out of water and got dressed. The two brothers Nalakoobara and Manigreeva ignored him and remained in the water without clothes. Sri Narada enlightened them on their sinful actions and cursed them to become trees and await one hundred years till the advent of Sreekrishna in Gokulam for their curse release. But they were blessed that they would have memories of their previous birth and with Sreekrishna's mercy they would regain their old selves and become devotees of Bhagavan. Thus they were standing for 100 years as trees in Gokulam.

Tied to the grinding stone, Krishna glanced at the Kubera sons in the guise of trees and wanted to release them from the curse. So he crawled and dragged the stone close to the trees. He passed in between them, but the stone got stuck and he pulled hard and the trees fell making a big sound and the Gandharvas came out purified after 100 years of penance and praised their savior.

"Krishna Krishna Mahayogin! Paramapurusha Our Pranams. Let us have your blessings for perpetual devotion towards you."

He blessed them and the sons of Kubera returned to Alakapuri.


The friends of Sreekrishna came to know through their mothers that their Unnikrishnan was tied to the grinding stone as punishment and they all rushed to see him.They saw from a distance the trees falling and two divine men prostrating before him praying and were surprised. The elders arrived only after the Gandharvas had left. They saw only the fallen trees and the child bound to the grinder in the middle. Nandagopa hurriedly freed the child and took him up, caressed and consoled his son.Yasoda felt guilty, ashamed and sad. She took him from his father, kissed and rained caresses and breastfed him. ●



ഓണാശംസകൾ

കവിത

# അർജ്ജുനവിഷാദയോഗം ഒന്ന്



**സതീഷ് കുമാർ ടി.എൻ.**
ഇടപ്പള്ളി, മൊ. 9895031738

ലോകത്തിൻ നെറുകയില്ലെന്നു ഞാൻ ധരിച്ചുപോയ്
മത്സരപ്പരീക്ഷയിൽ കൃഷ്ണയെ നേടിയപ്പോൾ
ആകത്തിലുളവായി ഹർഷത്തിൻ തിരയടി
ശോകത്തിൻ ദിനങ്ങൾക്ക് വിരാമമായിയെന്നോ?

അസ്ത്രവിദ്യയിലേറ്റം പാരംഗതനായുള്ള
മിത്രാത്മജനെ കൃഷ്ണ തടഞ്ഞിരുന്നില്ലെങ്കിൽ
ചിത്രമിതൊരിക്കലുമുണ്ടാകയില്ല നൂനം
അത്രയ്ക്കുണ്ടവനുടെ വൈഭവം കിം സംശയം?

ബ്രാഹ്മണപൂരുഷനു നൽകിയെന്തേ കന്യയെ
ക്ഷത്രിയനൃപരപ്പോൾ ബഹളം തുടങ്ങിയാർ
ഞങ്ങളഞ്ചന്തണർ ചേർന്നൊതുക്കീ ക്ഷത്രിയരെ
എന്നിട്ടു നടകൊണ്ടു സത്വരം വീട്ടിലേക്കും

കുടിലിൻ സമീപത്തു ഞങ്ങളെത്തിയ നേരം
വിളിച്ചു ചൊല്ലീ ജ്യേഷ്ഠൻ മാതാവു കേൾക്കാനായി
ഞങ്ങളെത്തിയിട്ടുണ്ടു ഭിക്ഷയുമായിട്ടമ്മേ
വന്നുടൻ മറുപടി, 'പകുത്തു ഭക്ഷിക്കുക.'

പുറത്തു വന്ന നേരം, അമ്മയും പകച്ചുപോയ്,
'ഭിക്ഷയെത്രയും കേമം, പകുക്കാൻ സാധിക്കുമോ?'
അഗ്രജൻ ചൊല്ലീയപ്പോൾ അമ്മ തന്നുടെ വാക്ക്
അസത്യമായിക്കൂടാ, നേരായി ഭവിക്കണം

എന്തിനി ചെയ്‌വു ഞങ്ങൾ കൃഷ്ണയെ പകുക്കുവാൻ
ഉത്തരം നല്കീ ജ്യേഷ്ഠൻ ധർമ്മത്തെയറിയുന്നോൻ
'വരിക്കയഞ്ചുപേരും ചേർന്നിപ്പോൾ പാർഷതിയെ,
തെറ്റില്ലയതിലൊട്ടും, ശാസ്ത്രങ്ങൾ പറയുന്നു.

എനിക്കു മനസ്സിലായ് ജ്യേഷ്ഠൻ തൻ ഗൂഢോദ്ദേശ്യം
അനുഭവിച്ചിടാമല്ലോ അനുജൻ നേടിയതും
ഞാനെതിർക്കില്ലയെന്നുജേഷ്ഠനു തീർച്ചയുണ്ടു
പാണ്ഡവൈക്യമില്ലെന്നു മാലോകർ പറഞ്ഞാലോ?

ഹന്ത!യെൻ വൈദഗ്ധ്യത്താൽ നേടിയ തന്വംഗിയെ
ഒറ്റക്കനുഭവിക്കാൻ യോഗമില്ലേയെനിക്കും?

നോക്കി ഞാൻ ദ്രൗപദി തൻ മുഖത്തേക്കുദ്വേഗത്താൽ
പറഞ്ഞില്ലവളൊന്നും മൗനം സമ്മതംപോലെ!

ചികഞ്ഞു എല്ലാവരും ചരിത്രത്താളുകളിൽ
പരിഹാസ്യമാകുമോ ബഹുഭർത്തൃത്വാചാരം
എന്റെയുള്ളിലെ ദുഃഖം ആരുമേകണ്ടതില്ല
ഏവരും ചിന്തിച്ചതു ധർമ്മച്യുതിയുണ്ടാമോ?

അപ്പോൾ വന്നതുവഴി വ്യാസനാം പിതാമഹൻ
ഉത്തരത്തിന്നായിട്ടുന്നയിച്ചു സമസ്യയും
തെറ്റില്ലയിതിലൊട്ടും പറഞ്ഞു മഹാമുനി
ഉദ്ധരിച്ചപ്പോൾ വേണ്ടും ഉദാഹരണങ്ങളും

നല്ലതുതന്നെയിതു പാണ്ഡവസോദരരെ
ഐക്യത്തിൻ തന്തുവിനാൽ ബന്ധിച്ചു നിർത്തും കൃഷ്ണ
ഇത്ഥം പറഞ്ഞുനിൽക്കേ കൃഷ്ണനും വന്നുചേർന്നു
ഭവാനും ചൊല്ലിയപ്പോൾ കാമ്യമാണല്ലോയിത്

എത്രയും കഷ്ടം തന്നെ എന്നുടെ വൈദഗ്ധ്യത്താൽ
നേടിയ പാർഷതിയെ പങ്കുവയ്ക്കുകയെന്നാൽ
എന്റെ ദുഃഖത്തിനാരും വിലകല്പിച്ചതില്ല,
മാലോകർ പഴിച്ചേക്കും ആണത്തമില്ലാത്തവൻ

നിമിനേരമെന്നാലും ചിന്തിച്ചുപോയീ ഞാനും
ഒളിച്ചോടിയെന്നാലോ കൃഷ്ണയുമൊത്തു ദൂരേ
പഴിയെനിക്കുണ്ടാകും അങ്ങിനെചെയ്തുവെന്നാൽ
നാരിയെചൊല്ലിയിട്ടു ബന്ധങ്ങൾ തകർത്തവൻ

ശ്രമിച്ചു നോക്കീ ഞാനും കൃഷ്ണയെ തഴയുവാൻ
കഴിച്ചു വിവാഹങ്ങൾ മൂന്നെണ്ണമതിനായി
വന്നെന്റെ ജീവിതത്തിൽ ഉലൂപി, ചിത്രാംഗദ,
സുഭദ്രയുമൊന്നൊന്നായി ജനിച്ചു പുത്രന്മാരും

ഈ ദുഃഖം മറക്കുവാൻ കിണഞ്ഞു ശ്രമിച്ചു ഞാൻ
മറക്കുവാനായില്ല ജീവിതം മുഴുവനും
മാലോകർക്കറിയില്ല പ്രഥമമെൻ വിഷാദം
ഒടുങ്ങുകില്ലയതു മരിച്ചീടും വരെയും

# ഒരു ഭൂട്ടാൻ യാത്ര



**പ്രൊഫ. ആർ. രാമരാജ വർമ്മ**
ആലപ്പുഴ, മൊ. 9495119476

ജീവിതം ഒരു തീർത്ഥയാത്രയാണ്. വ്യത്യസ്ത മനുഷ്യരും സംസ്കാരവും ഭൂപ്രദേശങ്ങളും കണ്ടുകൊണ്ടുള്ള യാത്ര. ഭൂട്ടാൻ അലൗകികമായ ആനന്ദത്തിന്റെ നാടാണ്. 18-ാം നൂറ്റാണ്ടുവരെ ചൈനയും ടിബറ്റും ബ്രിട്ടനും ഭൂട്ടാനെ കൈവശപ്പെടുത്തുവാൻ ശ്രമിച്ചു. ഹിമാലയൻ മലനിരകളുടെ മടിത്തട്ടിൽ ബുദ്ധ സംസ്കാരത്തിന്റെ മഹിമ കാത്തുസൂക്ഷിച്ചുകൊണ്ട് ഈ കൊച്ചു രാജ്യം ഭാരതത്തിന്റെ ലാളനം ഏറ്റുവാങ്ങി പ്രശാന്തസുന്ദരമായി നിലകൊള്ളുന്നു. ഭൂട്ടാൻ ഇടിമിന്നലോടു കൂടിയ വ്യാളിയുടെ രാജ്യം എന്നാണ് അറിയപ്പെട്ടിരുന്നത്. പല ഭാഷകളുണ്ടെങ്കിലും പ്രധാന ഭാഷ ബോൽകയാണ്. ബുദ്ധമതത്തിലെ മഹായാനക്കാരാണ് ഭൂരിപക്ഷവും. മഹാകാളൻ ഈ രാജ്യത്തെ സംരക്ഷിക്കുന്നു എന്ന് അവർ വിശ്വസിക്കുന്നു.

### യാത്രയുടെ പുലരി

1-10-22 രാവിലെ 4 മണിക്ക് ബാംഗ്ലൂരിലുള്ള മകളുടെ ഫ്ളാറ്റിൽ നിന്നും എയർപോർട്ടിലേക്ക് യാത്ര തിരിച്ചു. ഞങ്ങൾ ആറുപേരാണ് യാത്രയിൽ ഉണ്ടായിരുന്നത്. ഞാനും ഭാര്യ രമയും മകൾ അപർണ്ണയും മരുമകൻ രഞ്ജിത്തും കൊച്ചുമകൾ മുക്തയും രഞ്ജിത്തിന്റെ അച്ഛൻ സുകുമാരൻ ചേട്ടനും. 8 മണിക്ക് വിമാനം ആകാശത്തിലേക്ക് പറന്നുയർന്നു. വിമാനത്തിൽ ഭക്ഷണം ഉണ്ടായിരുന്നു. ഉപ്പുമാവും കാപ്പിയും.

10.45 ന് വിമാനം പശ്ചിമ ബംഗാളിലെ 'ബാഗ്ഡോഗ്ര' എന്ന സൈനിക വിമാനത്താവളത്തിലെത്തി. സുന്ദരമായ ഒരു ചെറു വിമാനത്താവളം. ഞങ്ങളെ കൊണ്ടുപോകേണ്ട ടാക്സി താമസിച്ചാണ് എത്തിയത്. വഴിയിൽ സസ്യാഹാരം ലഭിക്കുന്ന ഒരു കൊച്ചു ഹോട്ടൽ കണ്ടെത്തി. ആഹാരം കഴിച്ചശേഷം സിലിഗുഡി കടന്ന് കാർ മുന്നോട്ടു പാഞ്ഞു. പച്ചവിരിപ്പിട്ട പാടങ്ങളും ചെറു പുഴകളുമുള്ള ഗ്രാമപ്രദേശങ്ങൾ താണ്ടിയുള്ള യാത്ര. കേരളത്തിന്റെ സൗന്ദര്യം നിറഞ്ഞുനിൽക്കുന്ന ഗ്രാമങ്ങൾ.

ഏതാണ്ട് മൂന്നു മണിക്കൂർ നേരം കാർ യാത്ര ചെയ്ത ശേഷം വൈകുന്നേരം ഭൂട്ടാന്റെ അതിർത്തിയിലുള്ള ജയ്ഗോൺ എന്ന സ്ഥലത്തെത്തിച്ചേർന്നു. മലകളുടെ അടിത്തട്ടിലുള്ള ആ ഗ്രാമപ്രദേശം വളരെ തിരക്കുപിടിച്ച സ്ഥലമായിരുന്നു. കടകളും വാഹനങ്ങളും നിറഞ്ഞ അസ്വസ്ഥമാക്കുന്ന ഒരു പ്രദേശം. കാറിൽ നിന്നിറങ്ങി ബാഗുകളുമെടുത്ത് ഭൂട്ടാന്റെ വിദേശകാര്യ വകുപ്പിന്റെ ഓഫീസിലേക്കു നടന്നു. ഓഫീസിലേക്ക് കയറുന്നിടത്ത് ഭാരതീയ സേനാവിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനും ഭൂട്ടാൻ സൈന്യത്തിലെ ഉദ്യോഗസ്ഥയും ഉണ്ടായിരുന്നു. ഞങ്ങൾ അവിടെ എത്തിയപ്പോൾ ഭൂട്ടാൻകാരനായ ഗൈഡ് ഞങ്ങളെ കാത്തുനിന്നിരുന്നു. 'സോനംതാഷി' എന്നായിരുന്നു അദ്ദേഹ



ത്തിന്റെ പേര്. ഭൂട്ടാന്റെ വസ്ത്രങ്ങൾ അണിഞ്ഞ് പുഞ്ചിരിയും വിനയവും കലർന്ന പെരുമാറ്റത്തോടുകൂടി അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു. അദ്ദേഹം ഞങ്ങളുടെ പാസ്പോർട്ടുകൾ വാങ്ങി അര മണിക്കൂർ കൊണ്ട് രാജ്യാതിർത്തി കടക്കുവാനുള്ള സമ്മതം വാങ്ങി. പ്യുൻഷോലിങ് ആയിരുന്നു ഭൂട്ടാനിലെ അതിർത്തി പ്രദേശം.

ഞങ്ങൾ ഭൂട്ടാനിലേക്കു കടന്നു. മലമടക്കുകൾ ശ്യാമായമാനമായിരുന്നു. സന്ധ്യ കഴിഞ്ഞപ്പോൾ മിന്നലിന്റെ വ്യാളീമുഖത്തിലേക്ക് ഞങ്ങൾ പ്രവേശിച്ചു. വാഹനത്തിന്റെ ഡ്രൈവറും ഭൂട്ടാനിലെ പാരമ്പര്യ വേഷമാണ് ധരിച്ചിരുന്നത്. അദ്ദേഹം ഞങ്ങളെ മലമടക്കിലുള്ള വളഞ്ഞും പുളഞ്ഞും പോകുന്ന റോഡിലൂടെ മുന്നോട്ടു കൊണ്ടുപോയി. അന്ധകാരം വ്യാപിച്ചതിനാൽ ഭൂട്ടാന്റെ പ്രകൃതി സൗന്ദര്യം ആസ്വദിക്കാനായില്ല.

രാത്രി 9 മണിക്ക് ഡ്രുക്ഡ്രാ (Drukdra) എന്ന റസ്റ്റോറന്റിൽ കയറി. പൂരിയും കടലയും ചപ്പാത്തിയും നൂഡിൽസും ഭക്ഷണമായി ലഭിച്ചു. സ്ത്രീകളായിരുന്നു ഇവയെല്ലാം തയ്യാറാക്കിയതും കൊണ്ടുവന്നു തന്നതും. വളരെ വിനയത്തോടും സ്നേഹത്തോടും കൂടിയുള്ള പെരുമാറ്റം. അവിടെ നിന്നും ഭൂട്ടാന്റെ തലസ്ഥാനമായ 'ടിമ്പു'വിലേക്കു തിരിച്ചു. രാത്രിയിൽ തന്നെ 'ആരോവില്ല' എന്ന സുന്ദരമായ ഹോട്ടലിൽ എത്തി. രാത്രി 11 മണിക്കും ഞങ്ങളെ സ്വീകരിക്കാൻ അവിടുത്തെ സ്ത്രീകൾ ഉണർന്നിരുന്നു. അവർ ഞങ്ങൾക്ക് ചൂടു ചായ തന്നു. സ്നേഹനിർഭരമായ പെരുമാറ്റത്തിലൂടെ അവർ ഞങ്ങളെ വശീകരിച്ചു. ഹോട്ടൽ ജീവനക്കാരിയായ 'റോമാ' എന്ന പെൺകുട്ടിയുമായി സൗഹൃദത്തിലായി.

നല്ല സൗകര്യമുള്ള വൃത്തിയും വെടിപ്പുമുള്ള മുറികൾ. ഭൂട്ടാനിലെ തണുപ്പ് ശരീരത്തിലേക്ക് അരിച്ചുകയറി. സുഖമായി ഉറങ്ങി. രാവിലെ തന്നെ ഞാൻ മുകളിൽ നിന്നും ഇറങ്ങി താഴെ വന്നു. തണുത്ത പ്രഭാതം. പതുക്കെ കയറ്റമുള്ള പാതയിലൂടെ നടന്നു. വിജനമായ വഴി. താഴെ 'തിമ്പു' നഗരം തണുപ്പിൽ പുതച്ചുകിടക്കുന്നു. ഷീറ്റുകൊണ്ട് മേൽക്കൂര നിർമ്മിച്ച വീടുകളുടെ മുകളിൽ ചുവന്ന മുളക് ഉണക്കാൻ ഇട്ടിരിക്കുന്നതു കണ്ടു. തിരിച്ച് ആരോവില്ലയിലെത്തി പ്രഭാതഭക്ഷണം കഴിച്ചു.

2-ാം തീയതി ഭൂട്ടാന്റെ തലസ്ഥാനമായ തിമ്പു നഗരം കാണാൻ പോയി. പകൽ 16° C ൽ കുളിർമ്മ നൽകുന്ന മനോഹരമായ താഴ്വാര നഗരമാണ് തിമ്പു. ഒന്നര ലക്ഷം ആൾക്കാർ മാത്രമേ ഈ നഗരത്തിലുള്ളൂ. താഴ്വാരത്തിനു മുകളിൽ ബുദ്ധന്റെ ധ്യാനരൂപത്തിലുള്ള വലിയ ഒരു പ്രതിമ സുവർണ്ണ നിറത്തിൽ തല ഉയർത്തി നിൽക്കുന്നു. അതിനോടനുബന്ധിച്ച് ഒരു ബുദ്ധ വിഹാരവും. ഭൂട്ടാൻകാർ ഇതിനെ 'സ്തൂപ' എന്നാണ് പറയുന്നത്. അതിനോടു ചേർന്ന ബുദ്ധക്ഷേത്രത്തിൽ നൂറു കണക്കിന് ബുദ്ധ പ്രതിമകൾ. വളരെ വലിപ്പമാർന്ന ശാക്യബുദ്ധ പ്രതിമയുള്ള ഈ ക്ഷേത്രം 'ഡോർഡെൽമാ' എന്നാണ് അറിയപ്പെടുന്നത്. 41-ാമത്തെ രാജാവായ 'ജിഗ്മേ സിംഗ്യ വാങ്ചുക്ക്' നിർമ്മിച്ചതാണ് ഈ മനോഹരമായ ക്ഷേത്രം. ഗാന്ധാര കലയിൽ പ്രാവീണ്യം നേടിയവരായിരുന്നു ഇതിന്റെ ശില്പികൾ. സ്വർണ്ണവും ഓടും കലർത്തി നിർമ്മിച്ച പ്രതിമകൾ ഉള്ള ശാന്ത ഗംഭീരമായ ഈ ക്ഷേത്രം തിമ്പു നഗരത്തിന് അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊണ്ട് നിലകൊള്ളുന്നു. പ്രജാപതിയും ബ്രഹ്മാവും ശാക്യമുനിയുമാണ് പ്രതിഷ്ഠകൾ. കൂടാതെ മഞ്ജുശ്രീയും അവലോകിനേശ്വരരും മൂർത്തികളായി നിൽക്കുന്നു. ഭൂട്ടാൻകാരുടെ പ്രധാന ദൈവം ബ്രഹ്മാവാണ്.

ക്ഷേത്രദർശനത്തിനു ശേഷം ഭൂട്ടാന്റെ സംസ്കാരത്തെ വരച്ചുകാട്ടുന്ന 'Simply Bhutan' എന്ന മ്യൂസിയം കാണാൻ പോയി. പക്ഷെ ഞായറാഴ്ചയായതിനാൽ അവിടം തുറന്നിരുന്നില്ല. അതിനാൽ തിമ്പു നഗരത്തിലൂടെ യാത്ര ചെയ്തു. നാഷണൽ മെമ്മോറിയലായ 'ഛോർട്ടൻ' (Chhorten) കണ്ടു. സ്തൂപം എന്നു ഭൂട്ടാൻകാർ വിളിക്കുന്ന മനോഹരമായ ക്ഷേത്രം (ജപ്പാന്റെയും ചൈനയുടെയും ശൈലിയിലുള്ള കെട്ടിടം).

പിന്നീട് മാർക്കറ്റിലേക്ക് പോയി. പച്ചക്കറികളും പഴവർഗ്ഗങ്ങളും മറ്റു സാധനങ്ങളും ചിട്ടയായി അടുക്കി വെച്ചിരിക്കുന്നു. ചന്തകളുടെ ബഹളം അവിടെ ഇല്ല. എല്ലാവരും ശാന്തരായി ധൃതി കൂടാതെ സഞ്ചരിക്കുന്നു. വൈകുന്നേരം ഹോട്ടലിലേക്ക് മടങ്ങി. ട്രാഫിക് തടസ്സങ്ങളില്ല. റോഡു മുറിച്ചുകടക്കുന്നവർക്കായി വാഹനങ്ങൾ കാത്തു നിൽക്കുന്നു. അതിവേഗത്തിൽ ആരും സഞ്ചരിക്കുന്നില്ല. വഴിയിൽ പോലീസുകാർ ഇല്ല തന്നെ.

കവിത

# വെറുതെ

യു. ശശികല വർമ്മ
തൃക്കാക്കര, കൊച്ചി

സ്വരങ്ങളെല്ലാം വിമൂകമായ്
സ്വരമൊന്നുമൂളാതെയെൻ വീണയും
നിറങ്ങളെല്ലാം വിളറിമങ്ങിപ്പോയ്
നിർജ്ജീവമിന്നെന്റെയീ മൺകുടിൽ
ഒരു പൂവുപോലും വിടർന്നതില്ലിന്നെന്റെ
ഉപവനമാകെ തളർന്നുപോയി
അകലെപ്പറന്നുപോയ് വിഹഗങ്ങളിന്നീ-
മരച്ചില്ലകൾ മഞ്ഞുമൂടി വാടി
പൂമരമൊന്നും തളിർത്തതില്ല
കായ്കനികൾ നിറയുന്നതില്ല
നിഴൽവീണ വീഥികൾ നിശ്ശബ്ദതയെ പുൽകി
പുഴയലയാഴിയെ തിരയുന്നുവോ?
ദൂരെയേതോ മധുരസ്നേഹമന്ത്രണം
മാമകാത്മാവു നുകരുന്നുവോ?
ഇരുളിലോ തിരയുന്നു ഒരു പൊൻതിരിനാളം
നിറകണ്ണാലിന്നു ഞാൻ
വെറുതെയാരെയോ തേടിടുന്നു!

→

ബ്രഡ്ഡും ചോറും കഴിച്ച് തണുപ്പത്ത് സുഖമായി ഉറങ്ങി.

3-ാം തീയതി രാവിലെ പ്രഭാത ഭക്ഷണം കഴിച്ച് ഹോട്ടലിനോട് വിടപറഞ്ഞു. ഹോട്ടൽ ജീവനക്കാരും മറ്റുള്ളവരും സ്നേഹപൂർവ്വം യാത്ര അയച്ചു. ഞങ്ങൾ തിമ്പുവിലുള്ള 'സിംപ്ലി ഭൂട്ടാൻ' കാണാൻ യാത്ര തിരിച്ചു. അന്ന് 3-ാം തീയതി എന്റെ പിറന്നാൾ ദിനമായിരുന്നു. സിംപ്ലി ഭൂട്ടാനിൽ രണ്ടു മണിക്കൂറോളം ഉല്ലാസത്തോടെ കഴിഞ്ഞു. പുതിയ സംസ്കാരത്തെ പരിചയപ്പെടാൻ കഴിഞ്ഞു. ഭൂട്ടാനിലെ രണ്ട് ഗ്രാമീണ സുന്ദരികൾ ഉലക്ക കൊണ്ട് പഴയ കാലഘട്ടത്തിൽ എങ്ങനെയാണ് മണ്ണ് ഇടിച്ചുറപ്പിക്കുന്നതെന്ന് കാണിച്ചു തന്നു. അവർ താളത്തിൽ ചുവടുവെച്ച് ഉലക്ക കൊണ്ട് മണ്ണിടിക്കുന്നതിനൊപ്പം ഗ്രാമീണ ഗാനം പാടുന്നുണ്ടായിരുന്നു. വശ്യസുന്ദരമായ നൃത്തം പോലെ ആ കാഴ്ച ഞങ്ങളെ ആകർഷിച്ചു. പിന്നെ ഭൂട്ടാനിലെ പഴയകാലത്തെ അടുക്കളയുടെ മാതൃക പ്രദർശിപ്പിച്ചിരുന്നത് കണ്ടു. പഴയ പാത്രങ്ങൾ, അരകല്ല്, തിരികല്ല്, അടുപ്പുകൾ എന്നിവ പഴയ കൊച്ചു കേരളത്തിലെ അടുക്കളയെ ഓർമ്മിപ്പിച്ചു. തൈരു കടയുന്ന പാത്രവും തൈരും വെണ്ണയും സൂക്ഷിക്കുന്ന പാത്രങ്ങളും ഉറികളും ഒക്കെ ആ ശേഖരത്തിൽ ഉണ്ടായിരുന്നു. പഴയ രാജാക്കന്മാരുടെ പ്രൗഢിയാർന്ന ചിത്രങ്ങളും പ്രദർശിപ്പിച്ചിരുന്നു. ശാരീരിക വൈകല്യമുള്ള ഒരു ചെറുപ്പക്കാരൻ ചിത്രം വരയ്ക്കുന്നതു കണ്ടു. അദ്ദേഹം കാലുകൾ കൊണ്ട് ചിത്രം വരയ്ക്കുന്നതും കൗതുക വസ്തുക്കൾ ഉണ്ടാക്കുന്നതും കൗതുകത്തോടെ ഞങ്ങൾ നോക്കിനിന്നു. 'യുനെസ്കോ' പോലും അംഗീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കാനായി കുറച്ചു ചിത്രങ്ങളും കൗതുക വസ്തുക്കളും ഞങ്ങൾ വാങ്ങി.

പിന്നീട് കാന്റീനിലേക്ക് പ്രവേശിച്ചു. വലിയൊരു ഹാളായിരുന്നു അത്. കുടിക്കാൻ ഒരു പാനീയവും ചെറുപരിപ്പ് വറുത്തതും ഞങ്ങൾക്ക് തന്നു. മൂന്നു സ്ത്രീകളും മൂന്നു പുരുഷന്മാരും അടങ്ങുന്ന ഒരു സംഘം ഞങ്ങൾക്കുവേണ്ടി പാട്ടുപാടി നൃത്തം ചവിട്ടി. ഞങ്ങളും അവരോടൊപ്പം കൂടി. പിന്നീട് അമ്പുംവില്ലും ഉപയോഗിക്കുന്ന രീതി അവർ കാട്ടിത്തന്നു. ഞങ്ങളെക്കൊണ്ട് അത് ചെയ്യിക്കുകയും ചെയ്തു. 12.30 ഓടുകൂടി സിംപ്ലി ഭൂട്ടാനിലെ കാഴ്ചകൾ കണ്ട് ഭക്ഷണത്തിനായി ഹോട്ടലിലേക്കു തിരിച്ചു. ഉച്ചയൂണു കഴിഞ്ഞ് ഞങ്ങൾ 'ഫുനാക്ക' (Punakha) യിലേക്ക് യാത്രയായി.

(തുടരും...)

## ബാലവേദി/വളരുന്ന പ്രതിഭകൾ

ചെറുകഥ



# കൂട്ട്

**ഭാവന വർമ്മ**
ഇളയ കോവിലകം, കാരാപ്പുഴ, കോട്ടയം

വൃദ്ധസദനത്തിന്റെ മുറ്റത്ത് സായാഹ്ന വെയിൽ ചാഞ്ഞു തുടങ്ങി. ഒരുപാട് നാളായി ആഗ്രഹിക്കുന്നു ചിലതെല്ലാം എഴുതണമെന്ന്. ജീവിതയാത്രയിൽ എന്നും മനസ്സിൽ തെളിഞ്ഞിരുന്ന ആ ചിത്രത്തിൽ ഉണ്ടായിരുന്നു കഥ. ആരോ പറയാൻ ആഗ്രഹിച്ച, പറയാതെ പോയൊരു കഥ.

ആദ്യാക്ഷരം കുറിച്ച നാളുകൾക്ക് ശേഷം വിദ്യാലയ മുറ്റത്ത് ആദ്യമായി നടന്ന് കയറിയപ്പോൾ, തന്നെ തനിച്ചാക്കി പോയ അച്ഛനെയും അമ്മയെയും നോക്കി ഉണ്ണി കരഞ്ഞു. അവന്റെ കണ്ണീരിൽ അറിയാതെ പിടഞ്ഞ അമ്മയുടെ മനസ്സ് ഉണ്ണി കണ്ടില്ല. വർഷങ്ങൾക്കിപ്പുറം വൃദ്ധസദനത്തിലേക്ക് അമ്മയെ തനിച്ചയക്കുമ്പോൾ കാഴ്ചയിൽ നിന്ന് നടന്നകലുന്ന മകനെ നോക്കി അമ്മയുടെ കണ്ണ് നിറഞ്ഞതും ഉണ്ണി അറിഞ്ഞില്ല. അവൻ തിരിഞ്ഞ് നോക്കിയില്ല, നോക്കിയിരുന്നെങ്കിൽ പരിഭവമൊന്നുമില്ലെന്നു അറിയിക്കാൻ ഉണ്ണിക്ക് വേണ്ടി അമ്മ ബാക്കിവച്ച ഒരു പുഞ്ചിരി ഉണ്ടാകുമായിരുന്നു.

സരസ്വതിയമ്മയ്ക്ക് 75 വയസ്സായിരുന്നു അവിടെ എത്തുമ്പോൾ. വൃദ്ധസദനം അഴലേറിയതാണെങ്കിലും കാഴ്ചയിൽ തെളിഞ്ഞ മുഖങ്ങളിലെല്ലാം നിഷ്കളങ്കതയുടെ ഒരു പുഞ്ചിരി ഉണ്ടായിരുന്നു.

“മകനാണല്ലെ..?” വഴിയിലേക്ക് നോക്കി ഇരുന്ന സരസ്വതിയമ്മയോട് മാഷ് ചോദിച്ചു. “ആഹ്... ഉണ്ണി...” അമ്മ പറഞ്ഞു. “എന്നെ ഇവിടെ കൊണ്ടുവന്നിട്ട് രണ്ട് വർഷമായി. മക്കൾക്ക് ഒരുപാട് തിരക്കുണ്ട്, അവരെ ബുദ്ധിമുട്ടിക്കാൻ എനിക്ക് തോന്നീല്ല്യ. തിരക്കെല്ലാം കഴിഞ്ഞ് വിളിക്കാമെന്ന് പറഞ്ഞു, പക്ഷെ വന്നില്ല”. “തിരക്കുകൾ കഴിഞ്ഞു കാണില്ല, പഴയ കാലമല്ലല്ലൊ. സമയം ആർക്കുമില്ല, പക്ഷെ അവർ വരും.” മാഷ് പറഞ്ഞു.

മലയാള അദ്ധ്യാപകനായിരുന്നു നാരായണൻ മാഷ്. ഏറെ ഇഷ്ടത്തോടെ എല്ലാവരും മാഷേ എന്നാണ് വിളിക്കുന്നത്. 80 വയസ്സാണ് അദ്ദേഹത്തിന്. വെള്ള വസ്ത്രവും ഒരു വടിയും കണ്ണടയും വച്ച് ജരാനരകൾ ബാധിച്ച താടിയും മുടിയുമായ മാഷിനെ കാണാൻ നല്ല ഐശ്വര്യമാണ്. പഠിപ്പിക്കുന്നതിനൊപ്പം എഴുതാനും മാഷിനേറെ ഇഷ്ടമാണ്. പ്രായമായെങ്കിലും എഴുത്ത് ഇന്നും തുടരുന്നു. കൈയക്ഷരം മോശമായി തുടങ്ങിയിരുന്നെങ്കിലും തന്റെ തൂലികയിൽ പിറന്ന വരികളാൽ അവ അത്ര മനോഹരമായി തോന്നിയിരുന്നു.

ഉച്ചയ്ക്ക് ആഹാരം കഴിക്കുമ്പോഴും സരസ്വതിയമ്മയുടെ മനസ്സ് ഇവിടെയല്ലായിരുന്നു. ആരുമായും സരസ്വതിയമ്മ മിണ്ടിയിരുന്നില്ല. പരസ്പരം സംസാരിച്ചിരുന്നവർ പോലും സ്വന്തമായ ഓർമ്മകളുടെ ലോകത്തായിരുന്നു അവിടെ.

സന്ധ്യയ്ക്ക്, പിന്നിലെ പൂന്തോട്ടത്തിന്റെ അടുത്തുള്ള നീണ്ട ബെഞ്ചിൽ സരസ്വതിയമ്മ ഒറ്റയ്ക്കിരിക്കുമ്പോൾ, നഷ്ടമായ കാലങ്ങളുടെ ഓർമ്മക്കുറിപ്പിൽ സൃഷ്ടിക്കാൻ പുതിയ നിമിഷങ്ങളില്ലാതെ ബാല്യവും കൗമാരവും യൗവനവും ഓർമ്മിച്ചെടുക്കാനുള്ള കാലമാണ് വാർദ്ധക്യമെന്ന് തിരിച്ചറിഞ്ഞു. കുറച്ചു സമയത്തിന് ശേഷം മാഷും അവിടെ ചെന്നു. ജീവിത യാത്രയിൽ അദ്ദേഹം പഠിപ്പിച്ച പാഠങ്ങളും പഠിച്ച പാഠങ്ങളും തിരിഞ്ഞു നോക്കാൻ എന്നും ഇരിക്കുന്ന സ്ഥലമാണ് അത്.

**Poem**

# Nature

**Muktha R. Varma**



Nature is so green and beautiful, it's made by none!
The leaves, which are green that cover the forest trees;
Trees, which give us shade and oxygen; which make the forest;
The flowers, which gives us beauty and fragrance, which are the life of the forest;
The fruits, which give us energy and power, which are the specials of the forest.
Nature... Nature... I wish Nature Thank You...
My life itself is the 'Gift of Nature'

---

→ "എനിക്ക് ഏറെ ഇഷ്ടമുള്ള സ്ഥലമാണ് ഇത്. എന്നും ഇവിടെ ഇരിക്കും." മറുപടി ഒന്നും ഇല്ലായിരുന്നെങ്കിലും അദ്ദേഹം പറഞ്ഞത് കേട്ടു എന്ന രീതിയിൽ സരസ്വതിയമ്മ ഇരുന്നു. "ഉണ്ണി എന്ത് ചെയ്യുന്നു?" – അത്രയും നേരം മിണ്ടാതിരുന്ന സരസ്വതിയമ്മ സംഭാഷണത്തിൽ ചേർന്നു. മാഷിനും ഒരുപാട് പറയാനുണ്ടായിരുന്നു. കേൾക്കാനും പറയാനും ഒരാളെ കിട്ടിയപ്പോൾ, അവർ പരസ്പരം പറഞ്ഞത് എല്ലാം മക്കളെപ്പറ്റിയായിരുന്നു. സംസാരത്തിലൂടെ സൃഷ്ടിച്ച മനുഷ്യരുടെ മുഖങ്ങൾ ഒരു കഥയിലെ കഥാപാത്രങ്ങളെ പോലെ അവരുടെ മനസ്സിൽ പതിഞ്ഞു.

"അപ്പു മുറ്റത്ത് കളിച്ച് ഇപ്പോൾ വീട്ടിൽ വന്നു കാണും, ഉണ്ണീടെ മകനാണ്." സരസ്വതിയമ്മയുടെ ദിനചര്യകൾ വരെ അവരെ സംബന്ധിച്ചായിരുന്നു. "കണ്ണിൽ മരുന്നൊഴിക്കാൻ നേരമായി, വല്യ അസുഖമൊന്നുമില്ല, കാഴ്ചയ്ക്ക് ഒരു മങ്ങൽ... അത്ര മാത്രം." ബെഞ്ചിൽ നിന്നെഴുന്നേറ്റുകൊണ്ട് മാഷ് പറഞ്ഞു: "പോയിട്ട് വരു..." സരസ്വതിയമ്മയും മറ്റ് കാര്യങ്ങൾക്കായി മടങ്ങി.

അന്ന് രാത്രിയിൽ മാഷ് തന്റെ പുസ്തകത്തിൽ എഴുതി:

"ഇന്ന് ഇവിടെ പുതിയൊരു അതിഥി വന്നു. ഇവിടെ വരുന്നവരെല്ലാം ഒരിക്കൽ മടങ്ങി പോകുമെന്ന് വിശ്വസിക്കുന്നത് കൊണ്ട് അതിഥിയെന്നു വിളിക്കാനാണ് എനിക്കിഷ്ടം. സരസ്വതിയമ്മ. ആദ്യം സംസാരിക്കാനുള്ള മടിയാണോ, കേൾവി കുറവാണോ എന്ന് വിചാരിച്ചു. എന്നാൽ മക്കളെ അന്വേഷിച്ചപ്പോൾ ഒരുപാട് സംസാരിച്ചു. ഞാനും പറഞ്ഞു ഒരുപാട് കാര്യങ്ങൾ. പുസ്തകങ്ങളോടും മഷിയോടും മാത്രം സൗഹൃദം ചേരുന്ന എനിക്ക് ഇന്നൊരു കൂട്ട് കിട്ടി. സംസാരിക്കാനും, കേട്ടിരിക്കാനും ഒരാൾ ഉള്ളതിന്റെ വില വാർദ്ധക്യത്തിലാണ് നന്നായി മനസ്സിലാകുന്നത്."

നാളൊരുപാട് കടന്നു. ജീവിത രീതിയിൽ സന്ധ്യയ്ക്കുള്ള അവരുടെ സംഭാഷണം ചേർന്നിരുന്നു. ഓർമ്മകൾ പങ്കുവെച്ച നിമിഷങ്ങളിലൂടെ അവർ ഒരുപാട് കാലഘട്ടങ്ങൾ പറഞ്ഞ് പോയി. കഥയിലൂടെ ഒരു മാമ്പഴക്കാലം വരെ പിന്നിട്ടു. "തറവാട്ടിൽ ഞങ്ങൾ കുട്ടികൾ രാവിലെ ഒരുമിച്ച് പറമ്പിലേക്ക് ഓടും." മാഷ് ഒരു സന്ധ്യയ്ക്ക് പറഞ്ഞുതുടങ്ങി. "മാങ്ങ നല്ലതുനോക്കി എടുക്കാൻ വല്ല്യേട്ടനാണ് മിടുക്കൻ. പെറുക്കുന്ന മാങ്ങയിൽ നല്ല മാങ്ങയുണ്ടെങ്കിൽ വല്ല്യേട്ടൻ നൽകുന്ന ഒരു പുഞ്ചിരിയുടെ അഭിനന്ദനം ഞങ്ങൾക്ക് വല്യ അംഗീകാരമായിരുന്നു. മാമ്പഴ പുളിശ്ശേരിയും ഉപ്പിലിട്ട മാങ്ങയുമൊക്കെയായി രാവും പകലും കടന്ന് പോകും. എങ്കിലും എനിക്കെന്നും മൂവാണ്ടൻ മാങ്ങയോടാണ് പ്രിയം."

"കണ്ണിൽ മരുന്നൊഴിക്കാൻ സമയമായില്ലേ." മാഷ് മറന്നിരുന്നെങ്കിലും സരസ്വതിയമ്മ അന്ന് ഓർമ്മിപ്പിച്ചു.

ഒരു മഴക്കാലവും എത്തി ചേർന്നു. സ്ഥിരം സ്ഥലത്ത് ഇരിക്കാൻ കഴിഞ്ഞില്ലായിരുന്നെങ്കിലും

കവിത

# നൂറു കഥകൾ

**അഖിലേഷ് വർമ്മ കെ.എൻ.**
നീലേശ്വരം



തരുവിന്റെ കവചമായി നിൽക്കുന്ന ശാഖയ്ക്കും
പറയാനുണ്ട് നൂറു കഥകൾ.
മരക്കൊമ്പുകൾ നിശ്ചലമായ് നിൽക്കയാണെങ്കിലും
ഒരു തുണയായ് നിൽക്കുന്നു ജീവികളിൽ.
വിടപിയ്ക്ക് പ്രൗഢിയും ഗമയും നൽകുന്ന
സുന്ദര സൃഷ്ടിയും ശാഖയല്ലേ?
മരക്കൊമ്പിൻ പന്തൽ ഉയർത്തി പണിതിട്ട്
അന്യനു തണലായ് ഒഴുകീടുന്നില്ലേ?
മധുരമേറുന്ന ഫലങ്ങൾ വർഷിച്ചിട്ടും
പറവകൾക്ക് പാർക്കാനൊരിടമാകുന്നില്ലേ?
പ്രകൃതിയാകുന്ന പന്തലിൽ ഇലകൾ
മണ്ണിലായ് ചേർന്നലിയുന്നതല്ലേ?
ഇളംകാറ്റിൽ ആടിയുലയും മരക്കൊമ്പിൻ
സൗന്ദര്യവും അവർണ്ണനീയമാണ്.
ശരത്കാലത്ത് മണ്ണിൽ പതിക്കുന്ന ഇലകൾക്കും
പറയാനുണ്ട് നൂറു കഥകൾ
അന്യനു വേണ്ടി അന്യനാൽ നശിക്കുന്ന
വൃക്ഷത്തിനും പറയാനുണ്ട് നൂറു കഥകൾ
താൻ മറ്റുള്ളവന് പങ്കിട്ടത് സുഖമാണെങ്കിലും
മർത്യൻ പങ്കിട്ടത് തന്റെ നാശമല്ലേ?

→

മഴ കാണാൻ അവർക്കെന്നും ഇഷ്ടമായിരുന്നു. ഒരു ദിവസം സംസാരത്തിനിടെ സരസ്വതിയമ്മയ്ക്ക് ശ്വാസം മുട്ടൽ വന്നു. ഒരു നെഞ്ചു വേദനയും. ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാൻ കഴിഞ്ഞില്ല. പെയ്ത് തീരാൻ ആഗ്രഹിച്ച കാർമേഘം മൂടിയ മാനവും അന്ന് ഒരു കാറ്റ് പോലുമില്ലാതെ നിശ്ചലമായി. ആരുടെയൊക്കെയോ തണലായി മാറിയ നിഴൽ ബാക്കി വച്ചത് ഒരു മൗനം മാത്രമായി.

പിന്നെ കടന്നുപോയ രാത്രിയും പകലും മാഷ് അറിഞ്ഞില്ല. അടുത്ത ദിവസം രാത്രിയിൽ അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഒരുപാട് വരികൾ ചേർത്തുവച്ചു.

സരസ്വതിയമ്മ മരിച്ചു. കഥകൾ ഒരുപാട് പറഞ്ഞും കാഴ്ചകൾ ഒരുപാട് അതിലൂടെ കണ്ടും ഞങ്ങൾ പരസ്പരം അറിഞ്ഞിരുന്നു. സൗഹൃദമോ പ്രണയമെന്നോ വിശദീകരിക്കാൻ എന്റെ പ്രായം എന്നെ അനുവദിക്കുന്നില്ല. നല്ലൊരു കൂട്ടായിരുന്നു അവർ എനിക്കെന്ന് മാത്രം പറയാം. എന്തായിരുന്നാലും പോയി. പോകുന്നതിന് മുൻപും സരസ്വതിയമ്മ പറഞ്ഞിരുന്നു: "ഉണ്ണി വിളിക്കുവാണെങ്കിൽ എനിക്ക് കുഴപ്പമൊന്നുമില്ല എന്ന് പറയണം. അടുത്ത തവണ വരുമ്പോൾ അപ്പുവിനെ ഒന്ന് കൊണ്ട് വരാൻ പറയണം. എനിക്കവനെ ഒന്ന് കാണാൻ കൊതിയാകുന്നു." ആരും വിളിച്ചതുമില്ല, അപ്പു വന്നതുമില്ല. ഇത്രയൊക്കെ ചിന്തിച്ച് മാഷ് എഴുതി പുസ്തകമടച്ചെങ്കിലും തന്റെ മക്കൾ തന്നെ തിരിച്ചുവിളിക്കാൻ വരുമെന്ന വിശ്വാസത്തോടെ നാരായണൻ മാഷും പ്രതീക്ഷയോടെ ഉറങ്ങി. സന്ധ്യകൾ വീണ്ടും കടന്നുപോയി. ●

### ഈ വർഷത്തെ പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി ഉന്നത വിജയം കരസ്ഥമാക്കിയവർ



**ആദിനാരായണൻ കെ.** (99.1%) ഇരിട്ടി യൂണിറ്റ് ഭരണസമിതി അംഗമായ സതീദേവി കീഴൂരിടത്തിന്റെയും ഹരിപ്രകാശ് കാവുങ്കരയുടെയും മകനാണ്.



**ഹരിചന്ദന കെ.ഇ.** (98%) കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളും അദ്ധ്യാപക ദമ്പതികളുമായ എൻ.എം. പവിത്രചന്ദ്രന്റെയും കെ.ഇ. ബിന്ദുവിന്റെയും മകളാണ്.



**വൈഷ്ണവി സി.ആർ.** (98%) കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ വി.റ്റി. വാസുദേവന്റെയും സി.കെ. ശ്രീവിദ്യയുടെയും മകളാണ്.



**അഭിരാം ആർ. വർമ്മ.** പന്തളം 'നവമി'യിൽ രാജീവ് വർമ്മ - ഗീത വർമ്മ ദമ്പതികളുടെ മകനാണ്. ഇക്കഴിഞ്ഞ സംസ്ഥാനതല സ്കൂൾ കലോത്സവത്തിൽ മൃദംഗ വായനയിലും മികച്ച ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്.




### ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി ഉന്നത വിജയം കരസ്ഥമാക്കിയവർ



**നിവേധ് വർമ്മ.** വെള്ളാരപ്പിള്ളി സഭാംഗങ്ങളായ ആലങ്ങാട് സ്വരൂപത്തിലെ ദിനേശ് രാജയുടെയും മണക്കുളം പാലസ്സിലെ രശ്മി വർമ്മയുടെയും മകനാണ്. കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിയാണ്.



**അഖിലേഷ് വർമ്മ കെ.എൻ.** നീലേശ്വരം സഭ പ്രസിഡന്റ് വടക്കേ കോവിലകം വി.സി. കൃഷ്ണവർമ്മ രാജയുടെയും കെ.എൻ. ദുർഗ്ഗയുടെയും മകനും നീലേശ്വരം രാജാസ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിയുമാണ്.

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഭരണസമിതി യോഗം എല്ലാ മാസവും ആദ്യ ഞായറാഴ്ചകളിൽ സുന്ദരവിലാസം ക്ഷത്രിയ ക്ഷേമസഭയുടെ ഓഫീസിൽ വെച്ച് കൂടി ഭാവി കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുത്തുവരുന്നു. സഭയുടെ മെമ്പർമാരുടെയും അവരുടെ അടുത്ത ബന്ധുക്കളുടെയും ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്താറുണ്ട്.

തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചു നടന്ന പള്ളിവേട്ടയിലും ആറാട്ട് ഘോഷയാത്രയിലും സഭാ മെമ്പർമാരായ ആർ. രാജരാജ വർമ്മ, ആർ. രാമവർമ്മ, വിജിത്ത് വർമ്മ, പി.കെ. ജയചന്ദ്ര വർമ്മ, സുദേവ് വർമ്മ, വിഷ്ണു വർമ്മ എന്നിവർ അകമ്പടി സേവിച്ചു.



മാർച്ച് 26 ന് സഭയുടെ പ്രതിമാസ പരിപാടിയായി വനിതാ ദിനാഘോഷം നടത്തി. സഭയിലെ മുതിർന്ന അംഗം നളിനി വർമ്മ ഭദ്രദീപം കൊളുത്തിയ ചടങ്ങിൽ വർഷ വർമ്മ ഈശ്വര പ്രാർത്ഥനയും വനിതാവിഭാഗം പ്രസിഡന്റ് ഉഷാ രാമവർമ്മ സ്വാഗതവും ആശംസിച്ചു. പ്രസിഡന്റ് രാഘവ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ C11-1WN Kerala, Chair Woman ഉം C11 ദേശീയ കമ്മിറ്റി മെമ്പറുമായ സഭാംഗം ഡോ. സിന്ധുജ വർമ്മ 'Role of women powering the future' എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണം നടത്തി. ചടങ്ങിൽ ക്ഷത്രിയ ക്ഷേമസഭ കേന്ദ്ര പ്രസിഡന്റ് ഡോ. ലളിതാംബിക, REACT Secretary പി.കെ. രഘു വർമ്മ എന്നിവർ സംസാരിച്ചു. തുടർന്ന് സഭയിലെ വനിതകൾ സംഘടിപ്പിച്ച വിവിധ തരത്തിലുള്ള കലാപരിപാടികൾ സദസ്സിനെ ഏറെ ആകർഷിക്കുകയുണ്ടായി. കൂടാതെ വയലാർ രാമവർമ്മയുടെ അനുസ്മരണത്തിന്റെ ഭാഗമായി ദേവി വർമ്മ, നിവേദിത വർമ്മ, സംഗീത വർമ്മ എന്നിവർ വയലാർ ഗാനങ്ങൾ കോർത്തിണക്കി ഗാനങ്ങൾ ആലപിച്ചു. പ്രതിമാസ പരിപാടിയുടെ അവസാനം നടത്തിയ നറുക്കെടുപ്പിൽ രാമപ്രസാദിന് സമ്മാനം ലഭിച്ചു. സെക്രട്ടറി ജയചന്ദ്ര വർമ്മ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.



പ്രതിമാസ പരിപാടിയോടനുബന്ധിച്ച് മെയ് 28 ന് രംഗവിലാസം കൊട്ടാരത്തിൽ വെച്ച് 'ചിരിയരങ്ങ്' സംഘടിപ്പിച്ചു. മുതിർന്ന അംഗങ്ങളായ ടി.എൻ. ആദിത്യവർമ്മ, നന്ദകുമാർ വർമ്മ, കെ.എൽ. ശ്രീകൃഷ്ണദാസ്, ഡോ. ആർ. അജയകുമാർ വർമ്മ, ആർ. രാമവർമ്മ, ജി. രാമവർമ്മ, വർമ്മ കെ. രഘു, കിഷോർ കുമാർ വർമ്മ, ഡോ. ഗംഗ വർമ്മ, ജയചന്ദ്ര വർമ്മ, നാരായണൻ പണ്ടാല, കുമാർ പ്രവീൺ വർമ്മ, ശ്രീകല വിജിത്ത് വർമ്മ എന്നി

വർ അവരുടെ ജീവിതത്തിലെ രസകരങ്ങളായ ചില അനുഭവങ്ങൾ പങ്കുവച്ചു. കൂടാതെ രാജീവ് വർമ്മ, ജയചന്ദ്ര വർമ്മ എന്നിവർ പാരഡി ഗാനങ്ങൾ ആലപിച്ചു.

## ചാലക്കുടി

ചാലക്കുടി ക്ഷത്രിയക്ഷേമ സഭയുടെ നാലാമത് വാർഷിക പൊതുയോഗം 2023 മെയ് ഇരുപത്തിയേഴാം തീയതി പത്മഭൂഷൻ രാഘവൻ തിരുമുൽപ്പാടിന്റെ വസതിയിൽ പ്രസിഡന്റ് ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നടന്നു.



സംസ്ഥാന ക്ഷത്രിയ ക്ഷേമസഭാ പ്രസിഡന്റ് ഡോ. എം. ലളിതാംബിക ഉദ്ഘാടനം ചെയ്ത യോഗത്തിൽ രാമവർമ്മ ടി.കെ. തെക്കേമഠം, ദീപം തെളിയിച്ചു.

സെക്രട്ടറി നന്ദകുമാർ വർമ്മ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ കെ. മുരാരി വരവുചെലവ് കണക്കുകൾ അവതരിപ്പിച്ചു.

യൂണിറ്റ് അംഗമായ പി. കൃഷ്ണ വർമ്മ റിയാക്ടിലേക്ക് 10,000 രൂപ സംഭാവന നൽകി.

ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ട്രഷറർ സൂര്യകുമാർ വർമ്മ, കേന്ദ്രസമിതി അംഗം പി.കെ. കൃഷ്ണവർമ്മ എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ചു. കോമളം കൃഷ്ണ വർമ്മ നന്ദി പ്രകടിപ്പിച്ചു.

## കരപ്പുറം

### കുടുംബ സംഗമം

സഭയുടെ ഇപ്പോഴത്തെ നിർവ്വാഹകസമിതി ഏറ്റെടുത്തതിനുശേഷം ഉള്ള ആദ്യ ഔദ്യോഗിക കുടുംബ സംഗമം, ഏപ്രിൽ മാസം 9-ാം തീയതി ഞായറാഴ്ച വൈകിട്ട് അഞ്ചുമണിക്ക് സഭാമന്ദിരത്തിൽ വച്ചു കൂടി.

വനിതാവേദി സെക്രട്ടറി പാർവ്വതി വർമ്മ കൺവീനർ ആയിരുന്നു. ദീപശ്രീ വർമ്മയുടെ ഈശ്വര പ്രാർഥനയോടുകൂടി കുടുംബ സംഗമം ആരംഭിച്ചു. സെക്രട്ടറി കേണൽ സതീഷ്ചന്ദ്ര വർമ്മ (റിട്ട.) സ്വാഗതപ്രസംഗം നടത്തി. അതിനുശേഷം പരേതരായ സഭാ അംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി.

പ്രസിഡന്റ് പ്രൊഫ: രവിവർമ്മരാജാ(റിട്ട.) ക്ഷത്രിയ കുടുംബാംഗങ്ങളുടെ ഇടയിൽ ഊഷ്മള സ്നേഹത്തിന്റെയും സഹകരണത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങളുടെയും യോജിപ്പിന്റെയും ഒരു മികച്ച അന്തരീക്ഷം സൃഷ്ടിക്കുന്നതിനു എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാവണമെന്ന് അഭ്യർഥിച്ചു.

തുടർന്ന് നീരജാ വർമ്മയുടെ ഡാൻസ്, അനൂപ് വർമ്മ, മനോജ് വർമ്മ, ഉഷാ വർമ്മ, കലാ വർമ്മ, മായാ വർമ്മ, ഗൗതംവർമ്മ എന്നിവർ അവതരിപ്പിച്ച പാട്ടുകൾ, ഇന്ദിരാ വർമ്മയുടെ നേതൃത്വത്തിൽ മനോജ് വർമ്മ, ദേവി വർമ്മ, സജി വർമ്മ, രേഖ സതീഷ് വർമ്മ, മായാ വർമ്മ എന്നീ ദമ്പതിമാരുടെ സാരി ഉടുപ്പിക്കൽ മത്സരം, ഡംബ്ചരാദ് എന്നിവ നടന്നു.

അതിനുശേഷം ഭവ്യ സുദേവ് അവതരിപ്പിച്ച ഭരതനാട്യം, ഒരു പ്രൊഫഷണൽ ഡാൻസിന്റെ അനുഭൂതി പ്രേക്ഷകർക്ക് പ്രദാനം ചെയ്തു.

പിന്നീട് രാത്രിഭക്ഷണത്തിനു ശേഷം കരപ്പുറം വനിതാവേദി അവതരിപ്പിച്ച ഗ്രൂപ്പ് ഡാൻസ്, കുട്ടികളുടെ ഡിസ്കോ ഡാൻസ് എന്നിവയ്ക്ക് ശേഷം പത്തു മണിയോടെ ഏതാണ്ട് അറുപതോളം പേർ പങ്കെടുത്ത കുടുംബ സംഗമം അവസാനിച്ചു.

### റിനോവേഷൻ വർക്കുകൾ

മേയ് മാസത്തിൽ സഭാ മന്ദിരത്തിന്റെ പുറകിലുള്ള വരാന്ത ഇടിഞ്ഞുപോകാതെ ഇരിക്കാൻ ഇരുപതിനായിരം രൂപയുടെ റിനോവേഷൻ വർക്കുകൾ ചെയ്തു.

മേയ് മാസം ഇരുപത്തിഅഞ്ചാം തീയതി കോപ്പുഴ കോവിലകത്ത് ആനന്ദവർമ്മയുടെ പതി ലതികാ വർമ്മ പെട്ടെന്നുണ്ടായ രോഗം മൂലം ആകസ്മികമായി നിര്യാതയായി. കരപ്പുറം ക്ഷത്രിയസഭയ്ക്കു വേണ്ടി പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് പട്ടും ചന്ദനമുട്ടിയും സമർപ്പിക്കുകയും ക്രിയാ കർമ്മങ്ങൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

## പിലാത്തറ

2023 ഏപ്രിൽ മാസം 23 ന് ഉച്ചക്ക് 2 മണിക്ക് മണ്ടൂർ ശങ്കരവിലാസം എൽ.പി. സ്ക്കൂളിൽ വച്ച് ക്ഷത്രിയ ക്ഷേമസഭ പിലാത്തറ യൂണിറ്റിന്റെ വാർഷിക സമ്മേളനവും യൂത്ത് വിംഗിന്റെ രൂപീകരണവും നടന്നു.

ചടങ്ങ് ഉദ്ഘാടനം ചെയ്തത് ഡോ. ലളിതാംബിക (സംസ്ഥാന പ്രസിഡണ്ട്, REACT ചെയർ പേഴ്സൺ) ആയിരുന്നു. സെക്രട്ടറി മനോജ് കുമാർ എസ്.കെ. യുടെ സ്വാഗതം കഴിഞ്ഞ്, മോഹനവർമ്മ പി.കെ. അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്തു. മുഖ്യ പ്രഭാഷണം സംസ്ഥാന സെക്രട്ടറി മധുകുമാർ വർമ്മ നടത്തി.

ആശംസ അർപ്പിച്ച് സൂര്യകുമാർ വർമ്മ (സംസ്ഥാന ട്രഷറർ), വി.സി. കൃഷ്ണവർമ്മ രാജ (യൂണിറ്റ് പ്രസഡന്റ്, നീലേശ്വരം), സുബ്രമണ്യൻ പി.എം. (കരിവെള്ളൂർ യൂണിറ്റ് പ്രസിഡന്റ്), രക്ഷാധികാരി രാമകൃഷ്ണൻ കെ.എൻ., എന്നിവർ സംസാരിച്ചു.



ചടങ്ങിൽ വച്ച് സോമേശ്വരി (വനിതാ വിഭാഗം പ്രസിഡന്റ്), പത്മനാഭൻ കെ.എൻ., ജനാർദ്ദനൻ വാഴുന്നവർ, കെ. ലീലാഭായി എന്നിവർ REACT ലേക്ക് സംഭാവന നൽകി.

ചാത്തുകുട്ടി നായനാർ, ജനാർദ്ദനൻ വാഴുന്നവർ എന്നിവർ ഈ വർഷത്തെ പ്രവർത്തന ഫണ്ട്, വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' എന്നിവയുടെ തുക ട്രഷറർ സി. ജനാർദ്ദനന് കൈമാറി.

തുടർന്ന് സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും ട്രഷറർ ജനാർദ്ദനൻ വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചയിൽ സജിൻ മാസ്റ്റർ, കെ.എൻ. പത്മനാഭൻ, നളിനാക്ഷൻ മാസ്റ്റർ, രാജശേഖരൻ പി.കെ., ജയരാജൻ പി.കെ. തുടങ്ങിയവർ പങ്കെടുക്കുകയും റിപ്പോർട്ടും വരവ്-ചെലവ് കണക്കും അംഗീകരിക്കുകയും ചെയ്തു

സഭയിൽ വച്ച് ടി.എൻ. ആദിത്യവർമ്മ രചിച്ച 'നിറന്ന പീലികൾ' എന്ന പുസ്തകം കുറച്ചുപേർക്ക് കൈമാറി. ലീലാഭായി ടീച്ചറുടെ കവിതാപാരായണം മനോഹരമായിരുന്നു.

രാജീവൻ കെ.ഇ. നന്ദി പ്രകാശിപ്പിക്കുകയും ദേശീയഗാനത്തോടെ 5.30 ന് ചടങ്ങ് അവസാനിക്കുകയും ചെയ്തു.

## കരിവെള്ളൂർ

യൂണിറ്റ് ഭരണസമിതി യോഗം 11-06-2023 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് എൻ.കെ.കെ. ഉണിത്തിരിയുടെ ഭവനത്തിൽവെച്ച് നടന്നു. യൂണിറ്റ് സീനിയർ മെമ്പർ എൻ.കെ.കെ. ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. സി.കെ. രാഘവൻ സ്വാഗതം പറഞ്ഞു. സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഇ.എം. കൃഷ്ണകുമാർ, കെ.ഇ. ബിനു, സി.കെ. ശ്രീധരവർമ്മ, സി.കെ. മധു, ഡോ. എം.എം. കവിത, എൻ.എം. ശ്രീരേഖ, സി.കെ. രാഘവൻ എന്നിവർ പങ്കെടുത്തു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. 2023 ലെ വാർഷിക വരിസംഖ്യ പിരിച്ചെടുക്കാൻ തീരുമാനിച്ചു.

2. കുടുംബ സർവ്വേയുടെ വിവരം നൽകാൻ ബാക്കിയുള്ള മുഴുവൻ അംഗങ്ങളുടെയും വിവര

ങ്ങൾ ജൂൺ 30 നു മുമ്പായി നൽകണമെന്ന് തീരുമാനിച്ചു.

3. സംസ്ഥാന ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തിവരുന്ന "സ്നേഹ സന്ദേശ യാത്ര" കരിവെള്ളൂർ യൂണിറ്റിൽ എത്തുമ്പോൾ വേണ്ട എല്ലാ മുന്നൊരുക്കങ്ങളും ചെയ്യാൻ പ്രസിഡന്റിനെയും സെക്രട്ടറിയെയും ചുമതലപ്പെടുത്തി.

4. സംസ്ഥാന കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സൈനിക സേവനം നടത്തി വിരമിച്ച നമ്മുടെ യൂണിറ്റിലെ അംഗങ്ങളായ സി.കെ. ശ്രീധരവർമ്മ (റിട്ട. ഹവിൽദാർ, ഇൻഡ്യൻ ആർമി), കെ. ശ്രീപതി നായനാർ (റിട്ട. സി.ആർ.പി.എഫ്.), കെ. ജനാർദ്ദനൻ (റിട്ട. ബി.എസ്.എഫ്.) എന്നിവരുടെ പേര് വിവരം അയച്ചുകൊടുത്തതായി സെക്രട്ടറി അറിയിച്ചു.

5. 2023 ലെ SSLC, Plus Two പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ നമ്മുടെ സമുദായത്തിലെ കുട്ടികളെ യോഗം അനുമോദിച്ചു. എല്ലാ വർഷത്തെയും പോലെ ഈ വർഷവും ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി ആദരിക്കാൻ തീരുമാനിച്ചു. ഈ കാര്യം പ്രസിഡന്റുമായി ആലോചിച്ച് ഒരു തീയതി നിശ്ചയിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇ.എം. കൃഷ്ണകുമാർ നന്ദി പറഞ്ഞതോടെ യോഗം അവസാനിച്ചു.

## നീലേശ്വരം

ഏപ്രിൽ 22 ശനിയാഴ്ച ക്ഷത്രിയ ക്ഷേമ സഭയുടെ സ്നേഹസന്ദേശ യാത്രയുടെ തുടക്കം നീലേശ്വരത്തു വച്ച് നടന്നു ഇതോടനുബന്ധിച്ച് നടന്ന നീലേശ്വരം ക്ഷത്രിയക്ഷേമസഭയുടെ കുടുംബ സംഗമം രാവിലെ 10.30 ന് ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. ക്ഷത്രിയ ക്ഷേമ സഭയുടെ മുൻ സംസ്ഥാന പ്രസിഡണ്ട് കെ.സി. മാനവർമ്മ രാജ അധ്യക്ഷത വഹിച്ചു. നീലേശ്വരം യൂണിറ്റ് പ്രസിഡണ്ട് വി.സി. കൃഷ്ണവർമ്മ രാജ സ്വാഗതം ആശംസിച്ചു. തുടർന്ന് ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡണ്ട് ഡോ. ലളിതാംബിക യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സഭയുടെ ഇപ്പോഴത്തെയും ഭാവിയിലെയും പ്രവർത്തനത്തെക്കുറിച്ച് വിശദമായി സംസാരിച്ചു. തുടർന്ന് സഭയുടെ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീകുമാർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ക്ഷത്രിയ ക്ഷേമസഭയുടെ യൂത്ത് ഫോറം രൂപീകരിച്ചു (ചിത്രം)



## വൈക്കം

ഏപ്രിൽ 9 ന് പൊതുയോഗം കൂടി. യോഗത്തിൽ 33 അംഗങ്ങൾ പങ്കെടുത്തു. വാർഷികമായി ആചരിച്ചുവരുന്ന കുട്ടികൾക്കുള്ള വിഷുക്കൈനീട്ടം ഇത്തവണ ഏഴോളം കുട്ടികൾക്ക് നൽകി. (ചിത്രം)



സഭാംഗങ്ങൾ ആതിരപ്പള്ളി തുമ്പൂർമൂഴി എന്നിവിടങ്ങളിലേക്ക് വിനോദയാത്ര നടത്തി. ആലുവ മുതൽ തൃപ്പൂണിത്തുറ വരെ മെട്രോയാത്രയും നടത്തി. സഭാംഗങ്ങളുടെ മംഗളാവസരങ്ങളിലും ദുഃഖവേളകളിലും ഭരണസമിതി അംഗങ്ങൾ പങ്കുചേരുന്നുണ്ട്. ഭരണസമിതിക്ക് പ്രത്യേകം

വാട്സാപ്പ് ഗ്രൂപ്പുള്ളതിനാൽ ഭരണസമിതി യോഗങ്ങൾ പതിവായി കൂടാറില്ല. ഫോട്ടോസ്റ്റാറ്റ്, ഡി.ടി.പി. സെന്റർ എന്നിവ വിജയകരമായി പ്രവർത്തിക്കുന്നു.

## ഇരിങ്ങാലക്കുട യൂണിറ്റ്

മെയ് മാസത്തിൽ ഭരണസമിതി യോഗം കൂടി. ഭരണസമിതി അംഗങ്ങൾ ഗൃഹസന്ദർശനം നടത്തുവാൻ തീരുമാനിച്ചു. ജൂൺ 25 ന് ഇരിങ്ങാലക്കുട യൂണിറ്റിലെ യുവജന സംഘടനയുടെ നേതൃത്വത്തിൽ 25 ഓളം പേർ ഇരിങ്ങാലക്കുടയിലുള്ള 'സംഗമേശാലയം' വയോജന മന്ദിരം സന്ദർശിക്കുകയും അന്നദാനം നടത്തുകയും അവരോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്തു. സഭയുടെ വകയായ 4000 രൂപ സംഭാവന, സെക്രട്ടറി പ്രമോദ് വർമ്മ ഭാരവാഹികൾക്ക് നൽകി. സന്ദർശന വേളയിൽ കേരള യുവജന വിഭാഗം കൺവീനർ ആദർശ് വർമ്മ, പാലക്കാട് ശങ്കരോടത്ത് കോവിലകത്ത് മാനവേന്ദ്ര വർമ്മ (ഇപ്പോഴത്തെ അരിയിട്ട് വാഴ്ച നടത്തിയ അമ്പോറ്റി തമ്പുരാൻ) എന്നിവർ സന്നിഹിതരായിരുന്നു. ഓണാഘോഷ വേളയിൽ കേരളത്തിലെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചതായി കേരള ക്ഷത്രിയസഭ യുവജന വിഭാഗം കൺവീനർ ആദർശ് വർമ്മ അറിയിച്ചു.



## തിരുവല്ല ക്ഷത്രിയ ക്ഷേമസഭ

റിപ്പോർട്ട് കാലയളവിൽ രണ്ടു കമ്മിറ്റി മീറ്റിംഗുകൾ കൂടുകയുണ്ടായി. 2023 സെപ്റ്റംബർ 3 ഞായറാഴ്ച പൊതുയോഗം, പൊതുസമ്മേളനം, ഓണാഘോഷം എന്നിവ നടത്തുവാൻ തീരുമാനിച്ചു. കേന്ദ്രസഭയുടെ ട്രഷറർ സ്ഥാനംവഹിച്ചു വരുന്ന സൂര്യകുമാർ, ജോലിത്തിരക്കായതിനാൽ തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ സെക്രട്ടറി സ്ഥാനത്തുനിന്ന് ഒഴിവാക്കണമെന്ന് നൽകിയ അപേക്ഷ പരിഗണിച്ച് ജയകുമാരവർമ്മയെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അതേ പോലെ സഞ്ജയ് വർമ്മയും ജോലിത്തിരക്കുമൂലം ട്രഷറർ സ്ഥാനത്തു നിന്ന് ഒഴിവാക്കാൻ അപേക്ഷ നൽകി. അതു പരിഗണിച്ച് ശ്രീകുമാർ കർത്തായെ ട്രഷറർ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. വാർഷിക പൊതുയോഗ നോട്ടീസ് അച്ചടിച്ചു കിട്ടുന്ന മുറക്ക് ഭവന സന്ദർശനം നടത്തുവാൻ തീരുമാനിച്ചു. യൂത്ത് വിംഗിന്റെ പ്രവർത്തന പുരോഗതി അറിയുവാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും അവരിൽ നിന്നും ഒരു പ്രതിനിധിയെ കമ്മറ്റിയിൽ പ്രത്യേക ക്ഷണിതാവാക്കാൻ തീരുമാനിച്ചു. കാരുണ്യ പദ്ധതി വിപുലപ്പെടുത്താൻ തീരുമാനിച്ചു.

## തൃശൂർ

തൃശൂർ ക്ഷത്രിയ സഭയുടെ രണ്ട് ഭരണ സമിതി യോഗങ്ങൾ ഏപ്രിൽ 2 നും ജൂൺ 27 നും കൂടുകയുണ്ടായി. യോഗത്തിൽ ക്ഷത്രിയരുടെ അഭ്യുന്നതി ലക്ഷ്യമിട്ട് ഒട്ടനവധി കാര്യങ്ങൾ ചർച്ച ചെയ്യുകയും അതിൽ വിവാഹം, മരണാനന്തര കർമ്മങ്ങൾ എന്നിവയ്ക്ക് ഒരു uniformity ഉണ്ടാക്കുവാൻ സഭ ഇടപെടണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. സഭയ്ക്ക് പൊതുജനങ്ങളിൽ സ്ഥാനം കിട്ടുവാൻ ചാരിറ്റി പ്രവർത്തനങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ, സ്വന്തമായി ഒരു ആസ്ഥാനം ഉണ്ടാകാൻ വളരെ ഔത്സുക്യത്തോടെ പ്രവർത്തിക്കാനും തീരുമാനിച്ചു, ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ, ഓണം തുടങ്ങിയ ആഘോഷങ്ങൾ മെമ്പർമാരുടെ ഇടയിൽ അടുപ്പം സൃഷ്ടിക്കാൻ പ്രയോജനപ്പെടും. ഓണാഘോഷം സെപ്റ്റംബറിൽ അവസാനത്തെ ഞായറാഴ്ച നടത്താനും തീരുമാനിച്ചു.

## വെള്ളാരപ്പിള്ളി

ജൂലൈ 2 ഞായറാഴ്ച ചേർന്ന ഭരണസമിതി യോഗം ഈ വർഷത്തെ വാർഷിക പൊതുയോഗം 24-10-23 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു.

ഒരു അടിയന്തിര സഹായനിധി രൂപീകരിക്കാനും തീരുമാനിച്ചു.

## കുറ്റിലഞ്ഞി

(ഏപ്രിൽ മുതൽ ജൂൺ വരെയുള്ള റിപ്പോർട്ട്)

വിഷു ആഘോഷത്തിന്റെ ഭാഗമായി വിഷു ദിവസം യൂണിറ്റിലെ എല്ലാ ഭവനങ്ങളിലും വിഷു ക്കൈനീട്ടവുമായി യൂണിറ്റ് ഭാരവാഹികൾ സന്ദർശിക്കുകയുണ്ടായി. (ചിത്രം) എല്ലാ ഭവ നങ്ങളിലും സന്ദർശിക്കുവാനും അംഗങ്ങളുടെ സുഖവിവരങ്ങൾ അറിയുവാനും ഇതിലൂടെ സാധിച്ചു.



എല്ലാ മാസവും നടത്തിവരുന്ന കുടുംബയോഗം സഭയ്ക്ക് പുതിയ ഊർജ്ജം നൽകിവരുന്നു. തുടർന്നും എല്ലാ മാസങ്ങളിലും ഓരോരോ അംഗങ്ങളുടെ വീട്ടിൽ വച്ച് കൂടുവാനും തീരുമാനിച്ചു.

ക്ഷത്രിയ സഭാംഗങ്ങളുടെ കുട്ടികളുടെ വിദ്യാ ഭ്യാസ നേട്ടങ്ങളിൽ സഭ അനുമോദിച്ചു. അവർ ക്കുള്ള പുരസ്കാരങ്ങൾ യൂണിറ്റ് വാർഷികാഘോ ഷത്തിന് നൽകുവാൻ തീരുമാനിച്ചു.

കഴിഞ്ഞതവണത്തെ പോലെ ഇത്തവണയും നാലമ്പല ദർശനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

യൂണിറ്റിന്റെ ഓണാഘോഷവും നടത്തുവാൻ തീരുമാനിച്ചു.

കുറ്റിലഞ്ഞി സഭയുടെ നേതൃത്വത്തിൽ ഒരു യൂത്ത് വിങ്ങ് രൂപീകരിച്ചു അതിന്റെ ആദ്യ പരിപാ ടിയായി ഇരിങ്ങാലക്കുടയിലെ ഒരു വൃദ്ധസദന ത്തിൽ ഒരു ദിവസത്തെ ഭക്ഷണം കൊടുക്കുന്ന ചടങ്ങിൽ പങ്കാളികളാകുവാൻ യൂത്ത് വിങ്ങിന് സാധിച്ചു.

**വിദ്യാഭ്യാസ പുരസ്കാരത്തിനർഹരായവർ**



*രേണുക വർമ്മ*



*ഐശ്വര്യ എസ്. വർമ്മ*



*ആദിത്യ വർമ്മ*



*ദേവസൂര്യ വർമ്മ*




*അർജ്ജുൻ സുരേഷ് വർമ്മ*



*അമൃത് എസ്. വർമ്മ*

## ചരമം

### ഏറാൾപ്പാട് തമ്പുരാൻ പ്രൊഫ: കെ. സി.സി. രാജ



സാമൂതിരി സ്വരൂപം ഏറാൾപ്പാട് തമ്പുരാൻ പ്രൊഫ: കെ. സി.സി. രാജ (93) അന്തരിച്ചു. ഗുരുവായൂരപ്പൻ കോളജിൽ ഫിസിക്സ് അദ്ധ്യാപകൻ ആയിരുന്നു. കോട്ടയ്ക്കൽ കിഴക്കേ കോവിലകം അംഗമാണ്. ഭാര്യ: എഴുത്തശ്ശൻ കളത്തിൽ ശ്രീദേവി രാജ.

### അംബാലിക തമ്പുരാട്ടി



കടപ്ര മാന്നാർ വാക്കയിൽ കോയിക്കൽ അംബാലിക തമ്പുരാട്ടി (ചിന്താമണി - 90) അന്തരിച്ചു. ചേർത്തല പടിഞ്ഞാറെ കാട്ടുങ്കൽ കോവിലകത്ത് പരേതനായ അഡ്വ. കെ. രാജരാജ വർമ്മയുടെ സഹധർമ്മിണിയാണ്. മക്കൾ: ഡോ. അജയകുമാർ വർമ്മ (തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ മുൻ പ്രസിഡന്റ്), ഉഷാ വർമ്മ, അനിൽ കുമാർ വർമ്മ, രാജീവ് കുമാർ വർമ്മ, സുഷമ വർമ്മ, സുജാ ദേവി, സുമ വർമ്മ. മരുമക്കൾ: സി.കെ. ലതാവർമ്മ, മഹേഷ് ഭട്ടതിരി, പരേതയായ വിമലാ വർമ്മ, മായാ വർമ്മ, സി.കെ. സുധാകര വർമ്മ, വിജയകുമാർ വർമ്മ, രമേഷ് വർമ്മ.


### ഭവാനി തമ്പുരാട്ടി



പൂഞ്ഞാർ കോയിക്കൽ കാഞ്ഞിരമിറ്റം പാലസിൽ ഭവാനി തമ്പുരാട്ടി (91) തിരുവനന്തപുരത്ത് നിര്യാതയായി. കർണ്ണാടക സംഗീതവിദുഷിയായിരുന്നു.

ഭർത്താവ്: പ്രസിദ്ധ ജ്യോതിഷ പണ്ഡിതൻ ബ്രഹ്മശ്രീ മിത്രൻ നമ്പൂതിരിപ്പാട്. മക്കൾ: മഞ്ജുളാ വർമ്മ (റിട്ട. കാത്തലിക്ക് സിറിയൻ ബാങ്ക്), തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ മുൻ സെക്രട്ടറി അജയ വർമ്മ രാജ (റിട്ട. ഏഷ്യാനെറ്റ്), രഞ്ജിനി വർമ്മ (ആകാശവാണി, തിരുവനന്തപുരം). മരുമക്കൾ: മോഹന വർമ്മ (തിരുവല്ല പാലിയക്കര പടിഞ്ഞാറെ കൊട്ടാരം), രസികാ വർമ്മ (പൂക്കോട്ട് മഠം, ഇടപ്പള്ളി), പ്രസാദ് വർമ്മ (കൊടുങ്ങല്ലൂർ പുത്തൻ കോവിലകം).


### കാർത്തിക തിരുനാൾ എം.കെ. രവിവർമ്മരാജ



ബാലുശ്ശേരി കുറുമ്പ്രനാട് രാജവംശത്തിലെ രാജാവ് മല്ലിശ്ശേരി കിഴക്കേടത്ത് കോവിലകത്ത് കാർത്തിക തിരുനാൾ എം.കെ. രവിവർമ്മ രാജ (76) അന്തരിച്ചു. ബാലുശ്ശേരിക്കോട്ട വേട്ടയ്ക്കൊരു മകൻ ക്ഷേത്രം പാരമ്പര്യ ട്രസ്റ്റിയും മലബാറിലെ വിവിധ ക്ഷേത്രങ്ങളുടെ സ്ഥാനീയനുമാണ്.

എ.ബി.വി.പി. മുൻ സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി, മലബാർ എക്സ്പ്രസ് സായാഹ്നപത്രം പത്രാധിപർ, പഴശ്ശിരാജ ട്രസ്റ്റ് ജനറൽ സെക്രട്ടറി തുടങ്ങി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കാക്കൂർ എ.യു.പി. സ്കൂൾ മാനേജരാണ്. ഭാര്യ: പരേതയായ മീരാറാണി (തിരുവണ്ണൂർ കോവിലകം). മകൾ: രശ്മി വർമ്മ. മരുമകൻ: ജിതേഷ് (കെ. എസ്.ആർ.ടി.സി.)

### രവി വർമ്മ



പൂത്തോൾ തിരുത്തൂർ പോഴത്ത് മഠത്തിൽ രവി വർമ്മ (83) അന്തരിച്ചു. കേരളവർമ്മ കോളേജിലെ ഫിസിക്സ് വിഭാഗം റിട്ട. പ്രൊഫസറാണ്. ഭാര്യ: രമാ വർമ്മ (കണ്ണാടി കോവിലകം; റിട്ട. പ്രൊഫ. എസ്.വി. എൻ.എസ്.എസ്. കോളേജ്, വടകാഞ്ചേരി). മകൾ: രോഹിണി വർമ്മ. മരുമകൻ: സുജേഷ് (മസ്കറ്റ്).

## മഹേശ്വരിത്തമ്പുരാട്ടി



വെൺമണി കുറുമ്പികോയിക്കൽ മഹേശ്വരിത്തമ്പുരാട്ടി (91) അന്തരിച്ചു. ഭർത്താവ്: എഴുമറ്റൂർ നെയ്തല്ലൂർ കോയിക്കൽ പരേതനായ എൻ.ജി. രവിവർമ്മ തമ്പുരാൻ. മക്കൾ: പ്രസന്ന വർമ്മ, സുരേഷ് വർമ്മ, പ്രദീപ് വർമ്മ, ദിലീപ് വർമ്മ, പ്രമോദ് വർമ്മ, പരേതനായ സജീവ് വർമ്മ. മരുമക്കൾ: ഇന്ദിര വർമ്മ, സുധ, ഇന്ദിര, ശ്രീകല.

## സുമംഗല തമ്പുരാട്ടി



കണ്ണൂർ ചിറക്കൽ കോവിലകത്ത് അവിട്ടം തിരുനാൾ സുമംഗല തമ്പുരാട്ടി (80) നിര്യാതയായി. ഭർത്താവ്: പരേതനായ പന്തളം തെക്കേടത്ത് കോവിലകത്ത് പി.ആർ. കേരളവർമ്മ രാജ. മക്കൾ: മനോജ് കെ. വർമ്മ (എറണാകുളം), മഞ്ജുളാ വർമ്മ സി.കെ. (ചിറക്കൽ കോവിലകം ദേവസ്വം). മരുമക്കൾ: സുധാവർമ്മ (തെക്കുംകൂർ പാലസ്, കോട്ടയം), ദിലീപ് രാജ (നിലമ്പൂർ കോവിലകം).


## ശ്രീകാന്ത് വർമ്മ



പ്രസിദ്ധ കഥകളി നടൻ പന്തളം നളന്ദ പാലസിൽ പരേതനായ പന്തളം കേരളവർമ്മയുടെയും ചിറളയം കൊട്ടാരത്തിൽ പരേതയായ ചന്ദ്രിക തമ്പുരാട്ടിയുടെയും മകൻ ശ്രീകാന്ത് വർമ്മ (51) അന്തരിച്ചു. ശ്രീറാം ഇൻഷുറൻസ് കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ: കോട്ടയം നട്ടാശ്ശേരിൽ കോവിലകം പ്രിയദർശിനി വർമ്മ. മക്കൾ: സന്ദേശ്, സൗരവ്.

## അജിത് കുമാർ

ചാലക്കുടി വടക്കേ മഠം കുടുംബാംഗം അജിത് കുമാർ (62) അന്തരിച്ചു. ഭാര്യ: പൂഞ്ഞാർ കൊട്ടാരത്തിൽ പ്രിയ വർമ്മ. (കൊച്ചി ക്ഷത്രിയ സമാജം മുൻ നിർവ്വാഹക സമിതിയംഗം). മക്കൾ: ആതിരാ വർമ്മ, ആദിത്യ വർമ്മ. മരുമകൻ: മനു വർമ്മ.




## ഡോ. ടി.എൻ. വാസുദേവൻ തിരുമുൽപ്പാട്



പരേതരായ എ.സി.കെ. രാജയുടെയും നിലമ്പൂർ കോവിലകത്തെ ശാരദ തമ്പാട്ടിയുടെയും പുത്രൻ ഡോ. ടി.എൻ. വാസുദേവൻ തിരുമുൽപ്പാട് (78) നിര്യാതനായി. ജനപ്രിയനായിരുന്ന ഡോക്ടർ എന്ന ഖ്യാതി നേടിയിരുന്നു. രഞ്ജി ട്രോഫി ക്രിക്കറ്റ് ടൂർണ്ണമെന്റിൽ കേരള ടീമിൽ അംഗമായിരുന്നിട്ടുണ്ട്. പത്നി: എഴുത്തശ്ശൻ കളത്തിൽ നന്ദിനി കോവിലമ്മ. മക്കൾ: എ. ആനന്ദ്, സൗമ്യ രജീഷ്, എ. രഞ്ജിത്. മരുമക്കൾ: ധന്യ ആനന്ദ്, രജീഷ്.

## രവീന്ദ്ര മോഹൻ



കണ്ണെഴുത്തു പുത്തൻ മഠത്തിൽ 'സംഗീത' യിൽ ചന്ദ്രികാ വർമ്മയുടെ ഭർത്താവ്, വടക്കാഞ്ചേരി മാടമ്പ് മനയിൽ രവീന്ദ്ര മോഹൻ (76) നിര്യാതനായി. മകൾ: രഞ്ജനി വർമ്മ.

## രത്നം രാമലിംഗ അയ്യർ



ഒല്ലൂർ തിരുത്തൂർ കിഴക്കേമഠം കുടുംബാംഗം രത്നം രാമലിംഗ അയ്യർ (89) തൃപ്പൂണിത്തുറയിലെ വസതിയിൽ അന്തരിച്ചു. സഹോദരങ്ങൾ: കൊച്ചി ക്ഷത്രിയ ക്ഷേമസഭ അംഗങ്ങളായ ഈശ്വരി വർമ്മ, ഗീതാ ഹരിവർമ്മ, രാജലക്ഷ്മി കൃഷ്ണ വർമ്മ.

### വി.എൽ. രാമവർമ്മ



തൃശ്ശൂർ നല്ലേങ്കര 'സാകേത' ത്തിൽ വി.എൽ. രാമവർമ്മ (കുഞ്ഞുകുട്ടൻ - 77) (ചാലക്കുടി വടക്കേമഠം) നിര്യാതനായി. യൂണിയൻ ബാങ്ക് റിട്ട. മാനേജരാണ്. ഭാര്യ: ചേർത്തല വടക്കേമഠത്തിൽ രമാദേവി. മക്കൾ: സുധീൻ കുമാർ വർമ്മ, ഡോ. സന്ദീപ് വർമ്മ. മരുമകൾ: ലക്ഷ്മി.

### സുഭദ്രാഭായി തമ്പുരാട്ടി



പനമറ്റം സജിത്ത് ഭവനിൽ സുഭദ്രാഭായി തമ്പുരാട്ടി (72) അന്തരിച്ചു. ഭർത്താവ്: എച്ച്.ബി. കേശവൻ നമ്പൂതിരി. പരേത കോട്ടയം ചെങ്ങളം തെക്കേടത്തു കോവിലകത്തു കുടുംബാംഗമാണ്. മക്കൾ: സന്തോഷ് വർമ്മ, സുരേന്ദ്ര വർമ്മ, സജിത് വർമ്മ. മരുമക്കൾ: രജനി വർമ്മ, ദീപ വർമ്മ, ശ്രീജാലക്ഷ്മി.

### സുമംഗലാബായി തമ്പുരാട്ടി കെ.



കിളിമാനൂർ കൊട്ടാരത്തിലെ അംഗം സുമംഗലാബായി തമ്പുരാട്ടി കെ. (73) നിര്യാതയായി. ഭർത്താവ്: വൈക്കം വെട്ടിയത്ത് കോവിലകത്ത് വി. ആർ. വിജയവർമ്മ. പരേതരായ ചാഴൂർ കോവിലകത്ത് സി.കെ. രാമവർമ്മ തമ്പുരാന്റെയും, കിളിമാനൂർ കൊട്ടാരത്തിൽ സുലോചന തമ്പുരാട്ടിയുടെയും മകളാണ്.

### ശ്രീകുമാർ വർമ്മ



മാവേലിക്കര പ്രായിക്കര കൊട്ടാരത്തിലെ ശ്രീകുമാർ വർമ്മ (72) അന്തരിച്ചു. ഭാര്യ: കിളിമാനൂർ കൊട്ടാരം മാളികയിൽ രാധാമണി. മക്കൾ: വീണ വർമ്മ, വിനീത വർമ്മ. മരുമക്കൾ: കെ.സി. കൃഷ്ണദാസ് രാജ (കോട്ടക്കൽ കോവിലകം), പ്രമോദ് വർമ്മ ജി. (വെള്ളാരപ്പള്ളി കോയിക്കൽ മഠം).

### ലതികാംബിക വർമ്മ




ചേർത്തല തിരൂനെല്ലൂർ കോപ്പുഴ കോവിലകത്ത് ആനന്ദവർമ്മയുടെ പത്നി ലതികാംബിക വർമ്മ (55) അന്തരിച്ചു. എറണാകുളം എളങ്കുന്നപ്പുഴ കണ്ണെഴുത്തു മഠം കുടുംബാംഗമാണ്. മക്കൾ: അമീത് വർമ്മ, സുമീത് വർമ്മ. മരുമക്കൾ: ഗീതികാ അമീത്, പ്രീനാ നമ്പൂതിരി.

### കെ.ടി.ആർ. വർമ്മ



കൊച്ചി രാജകുടുംബാംഗം തൃശൂർ 'പാർവ്വതി സദന'ത്തിൽ കെ.ടി.ആർ. വർമ്മ (89) അന്തരിച്ചു. ഭാര്യ: ഹേമലത വർമ്മ (ഇട്ട്യാണത്ത്). മക്കൾ: നന്ദകിശോർ വർമ്മ, നിരഞ്ജന വർമ്മ. മരുമകൾ: മൃദുല.

### പി.കെ. രാജേന്ദ്ര വർമ്മ



എഫ്.എ.സി.ടി. റിട്ട. ഉദ്യോഗസ്ഥൻ പി.കെ. രാജേന്ദ്ര വർമ്മ (83) അന്തരിച്ചു. ഭാര്യ: തിരുവണ്ണൂർ പുതിയ കോവിലകത്ത് ജയശ്രീ വർമ്മ. മക്കൾ: ഗിരീഷ് വർമ്മ, ഹരീഷ് വർമ്മ. മരുമക്കൾ: സ്മിതാ വർമ്മ, ദീപ.

### പ്രസന്നത്തമ്പുരാട്ടി



ചെങ്ങളം തെക്കേടത്തു കോവിലകത്ത് പരേതനായ രാജരാജ വർമ്മയുടെ ഭാര്യയും എഴുമറ്റൂർ മുളക്കൽ കോവിലകം കുടുംബാംഗവുമായ പ്രസന്നത്തമ്പുരാട്ടി (77) നിര്യാതയായി. മക്കൾ: മായാദേവി, മനോജ് വർമ്മ. മരുമക്കൾ: രാജീവ് വർമ്മ (മാളിയേക്കൽ മഠം, തൃപ്പൂണിത്തുറ), ശ്രീഷ പി.വി. (പരിയാരൻ വീട്, പിലാത്തറ)

## വരനെ ആവശ്യമുണ്ട്

### BOX No. 2331

| | | | |
|---|---|---|---|
| ഗു | മ | | |
| | മൂലം 16 ജനുവരി 1999 04 : 48 00 AM ഗ്രഹനില | | സ |
| ര ശു ശി | | | |
| ച ബു ല | | കു | |

| | | | |
|---|---|---|---|
| സ | മ ല | | |
| | നവാംശം | | ച ശു ഗു |
| ര | | | |
| | | കു | ബു ശി |

Kshathriya Girl, 24 years (16-01-1999), 152cm, Moolam Star, Post Graduate, working as a Research Associate in a reputed Academic Organisation in Bengaluru (movable), strict Vegetarian with pleasing personality, seeking suitable alliance from parents of Kshathriya/Ambalavasi/ Namboothiri/Samantha, well educated, well employed in reputed organisation, vegetarian boy with pleasing demeanor.

Contact No. **9847218715/ 9847704027**

### BOX No. 2332

| | | | |
|---|---|---|---|
| | | ഗു മ | സ ല |
| മാ | ഗ്രഹനില | | |
| ച ശു | | | |
| ര ബു ശി | | കു | |

| | | | |
|---|---|---|---|
| ഗു | സ | ച | |
| | നവാംശം | | ര |
| മ മാ | | | ബു |
| കു | ല | ശി | ശു |

Kshathriya Girl, 22 years (28-12-2000, 1176 Dhanu 13), Thiruvonam Star, 156 cm tall, Advanced Diploma in Fashion Designing seeks suitable alliance from pure vegetarian Kshathriya or similar cast boys preferably below 30 years.

Contact : **9562878028, 9497483479**

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2333

| | | | |
|---|---|---|---|
| | ശി | മാ | |
| മ | ഗ്രഹനില | | ല |
| ര ബു | | | കു |
| | ഗു ശു | ച സ | |

| | | | |
|---|---|---|---|
| സ | ര | കു മ മാ | |
| ച ശു | നവാംശം | | |
| | | | ല |
| | ഗു | | ബു ശി |

ശിഷ്ടദശ: 7 വർഷം, 8 മാസം, 3 ദിവസം രാഹുദശ

Kshatriya Boy, 28 yrs (24-1-1995, 1170 Makaram 10), Chothi star, 188 cm height. Integrated BS-MS from IISER, Thiruvananthapuram, Chartered Financial Analyst (L2) from CFA Institute, Virginia, US. Working as Investment Associate in an Impact focussed Venture Capital firm. Seeks alliance from educated employed Kshatriya girls.

Contact No: **9447048526, 9495948526 7907489435**



ഓണാശംസകൾ

## BOX No. 2334

| | | | |
|---|---|---|---|
| | ശി | | |
| മ | ഗ്രഹനില | | |
| | | | ര<br>ശു |
| | ഗു | ച<br>കു<br>സ<br>മ | ല<br>ബു |

| | | | |
|---|---|---|---|
| ബു | | ല<br>ശി | മ |
| | നവാംശം | | |
| ച<br>മാ | | | ര<br>ശൂ |
| | സ | ഗു<br>കു | |

ക്ഷത്രിയ യുവാവ്. 28 വയസ്സ് (31-8-1994). ചോതി നക്ഷത്രം, B.Com., MBA. MSC Shipping Company, Hyderabad-ൽ ഉദ്യോഗം.

Contact No. **9497667249, 9497666459**

ശിഷ്ടദശ: 7 വർഷം, 10 മാസം, 25 ദിവസം രാഹു ദശ

## BOX No. 2335

| | | | |
|---|---|---|---|
| ല | | കു<br>മാ | ശി |
| ച | 1167 കർക്കിടകം<br>30 വെള്ളി<br>ചതയം | | ര<br>ബു |
| മ | | | ഗു<br>ശു |
| സ | | | |

| | | | |
|---|---|---|---|
| ര | | സ | കു |
| | നവാംശം | | മ |
| ച | | | ശു മാ |
| ല | ഗു<br>ശി | ബു | |

ക്ഷത്രിയ യുവാവ്. 30 വയസ്സ്. ചതയം നക്ഷത്രം, 169 സെന്റീമീറ്റർ ഉയരം. ചെന്നൈയിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസയോഗ്യതയുള്ള യുവതികളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

*ബന്ധപ്പെടേണ്ട നമ്പർ:*

**9633680872, 0466-2256442**

ശിഷ്ടദശ: 11 വർഷം, 2 മാസം, 7 ദിവസം രാഹു ദശ

## BOX No. 2336

| | | | |
|---|---|---|---|
| | ച<br>ശി | | |
| ല<br>മ | ഗ്രഹനില | | |
| മാ | | | |
| | ഗു | കു ശു<br>സ | ര<br>ബു |

| | | | |
|---|---|---|---|
| | ബു<br>ശി | മ | കു |
| മാ | നവാംശം | | ര |
| | | | ച |
| ഗു | ല<br>ശു | സ | |

Kshathriya Boy 27 years, Bharani star, M.Com., Junior Assistant in Private sector undertaking. Alliance invited from parents of educated, preferably employed, Kshatriya/ Samantha girls.

Contact No. **8281924220, 9446978286**

## BOX No. 2337

| | | | |
|---|---|---|---|
| ര | ബു<br>ശു | | കു |
| | പൂരം<br>28-03-1991<br>7 PM<br>1166 മീനം 14<br>അ.പ. 2നാ. 14 വി. | | ഗു<br>ശി |
| മ<br>സ | | | ച |
| മാ | | | ല |

| | | | |
|---|---|---|---|
| | മ ബു | മാ | |
| | നവാംശം | | |
| സ | | | |
| | കു ര | ച | ല ഗു<br>ശു |

ക്ഷത്രിയ യുവാവ്. 31 വയസ്സ്. പൂരം നക്ഷത്രം. സൗദിയിൽ സേഫ്റ്റി ഓഫീസറായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളിൽ നിന്നും ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Contact No. **9437632394 / 8547813429**

ജന്മശിഷ്ടം: 5 വർഷം 7 മാസം 15 ദിവസം ശുക്രശിഷ്ട ദശ

## BOX No. 2338

| | | | |
|---|---|---|---|
| | ശി | | മാ കു |
| ല മ | ഗ്രഹനില | | ച |
| | | | ര |
| | | ഗു ശു സ | ബു |

| | | | |
|---|---|---|---|
| കു | ല | സ | |
| ബു ഗു മ | നവാംശം | | |
| | | | ര ച |
| മാ | ശി | ശു | |

Post Graduate Kshatriya boy, 29 years (02.09.1994), Pooyam star, height 5.7 ft. fair, pure vegetarian, working in a Pvt. Bank at Kozhikode as Dy. Manager. Mother from Kannur, father from Mankav, now settled at Kozhikode. Seeks suitable alliance from qualified, career oriented, like-minded boys from reputed families. Contact. **95676 04545**

## BOX No. 2339

| | | | |
|---|---|---|---|
| | ച | | ശി |
| | ഗ്രഹനില | | ബു |
| മ | | | ല ര ഗു ശു മാ |
| സ | | | കു |

| | | | |
|---|---|---|---|
| മ ബു | ശി ശു | ഗു | |
| കു | നവാംശം | | |
| | | | ര |
| | ല മാ | ച സ | |

Suitable alliance invited for Ambalavasi-Chakyar Nambiar boy, 31 years (31-08-1991); Bharani star, 170 Cms., Vegetarian, B.Com., PGDM. Working as GSA Advanced Analyst, ERNST & YOUNG LLP, Bangalore.

Contact. **9447836477, 9447436186**

ശിഷ്ടദശ: 7 വർഷം, 6 മാസം, 0 ദിവസം ശുക്രദശ

## BOX No. 2340

| | | | |
|---|---|---|---|
| | കു ശി | ര | ച ബു |
| മ മാ | ഗ്രഹനില | | ശു |
| | | | |
| ല | | ഗു സ | |

| | | | |
|---|---|---|---|
| മ മാ | ച | | സ |
| ബു | നവാംശം | | ശു |
| ഗു | | | ര |
| ശി | | കു ല | |

Kshatriya boy 29 yrs. (11 Jun 1994 - 28 Edavam 1169), Punartham star, 182 cm., B.Tech., MBA. Working as Business Analyst at TCS, Cochin. Seeks suitable alliance from well educated and employed Kshatriya girls.

Contact : **9745463050**

ഗർഭശിഷ്ട വ്യാഴദശ: 12 വർഷം, 8 മാസം, 12 ദിവസം 0 നാഴിക

## BOX No. 2341

| | | | |
|---|---|---|---|
| ബു ശൂ | ര മാ | ച ശി | ല |
| മ | ഗ്രഹനില | | കു |
| | | | |
| | സ | | ഗു |

| | | | |
|---|---|---|---|
| | ഗു ല | | |
| ച | നവാംശം | | ര ശി |
| സ | | | കു |
| ബു | മ | ശൂ മാ | |

Suitable alliance invited from Kshatriya / Samantha girls for Samantha Kshatriya boy, 30 yrs. (24 April 1993), Karthika star, Fair, 5'10", B. Tech., IT Professional.

Contact No. **9847944616**

## BOX No. 2342

| | | | |
|---|---|---|---|
| ശു | ര ശി | ബു | |
| മ | ഗ്രഹനില | | കു മാ |
| | | | ച |
| | ഗു | സ | ല |

| | | | |
|---|---|---|---|
| കു ശു | | | ബു മ |
| | നവാംശം | | ശി ല |
| സ | | | |
| ഗു മാ | ര ച | | |

ശിഷ്ടദശ: ശുക്രൻ 0 വർഷം, 10 മാസം, 5 ദിവസം

ക്ഷത്രിയ യുവാവ് 28 വയസ്സ് (10-05-1995, 27 മേടം 1170), പൂരം നക്ഷത്രം, 173 സെ. മീ. ഉയരം, വെളുത്ത നിറം, വെജിറ്റേറിയൻ, ബി.എ. (സംസ്കൃതം), പാലാരിവട്ടം Jai and Son's Pvt Ltd.(TVS group)ൽ സെയിൽസ് എക്സിക്യൂട്ടീവ് ആയി ഉദ്യോഗം വഹിക്കുന്നു. അനുയോജ്യരായ ക്ഷത്രിയ യുവതികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു.

*ബന്ധപ്പെടേണ്ട നമ്പർ*: **7293249023**

## BOX No. 2343

| | | | |
|---|---|---|---|
| ശു | ര ശി | ബു | |
| മ | ഗ്രഹനില | | കു മാ |
| | | | ച |
| | ഗു | സ | ല |

| | | | |
|---|---|---|---|
| കു ശു | | | ബു മ |
| | നവാംശം | | ശി |
| സ | | | ല |
| ഗു മാ | ര ച | | |

ശിഷ്ടദശ: ശുക്രൻ 0 വർഷം, 9 മാസം, 3 ദിവസം

ക്ഷത്രിയ യുവാവ് 28 വയസ്സ് (10-05-1995, 27 മേടം 1170), പൂരം നക്ഷത്രം, 173 സെ.മീ. ഉയരം, വെളുത്ത നിറം, വെജിറ്റേറിയൻ, ബിരുദധാരി, പാലാരിവട്ടം Jai and Son's Pvt Ltd., (TVS group) ൽ സെയിൽസ് എക്സിക്യൂട്ടീവ് ആയി ഉദ്യോഗം വഹിക്കുന്നു. അനുയോജ്യരായ ക്ഷത്രിയ യുവതികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു.

*ബന്ധപ്പെടേണ്ട നമ്പർ*: **8129667124**

## BOX No. 2344

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |


| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: ശുക്രൻ 0 വർഷം, 10 മാസം, 11 ദിവസം

Kshatriya boy 33 yrs (20 Jun 1990), Bharani star, 165 cm., B. Tech. (Electronic & Communication Engg). Freelance Software Engineer, Entrepreneur, Running an NGO, Co-founder of Dakshin Vrindavan Gaushala (dakshinvrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
അപരന്നു സുഖത്തിനായ്‌വരേണം"



*വരച്ചത്: ദേവനന്ദൻ, പിലാത്തറ*

# ബാഷ്പാഞ്ജലി

(8-07-2023)

# രാജാ ദേവീദാസൻ പണ്ടാല




ഭാര്യ : രാജേശ്വരി
മക്കൾ : ഹരീഷ്, ശ്രീദേവി
മരുമക്കൾ : ലക്ഷ്മി, രാം വി. ഗോപാൽ

കൊച്ചുമക്കൾ :
സിദ്ധാർത്ഥ്, മാധവ്
മാളവിക, ശങ്കർ

# സ്മരണാഞ്ജലി

## ഒന്നാം ചരമവാർഷികം

## 19-08-2023

# റിട്ട. ഹവിൽദാർ ഉണ്ണിക്കൃഷ്ണ വർമ്മ

**അക്ഷയ് നിവാസ്, തെക്കെ മണക്കാട്, കരിവെള്ളൂർ**



പരേതാത്മാവിന്
നിത്യശാന്തി
നേർന്നുകൊണ്ട്

**ടി.എം.ഉഷാകുമാരി (ഭാര്യ)**
**അക്ഷയ് കുമാർ (മകൻ)**
**എൻ.കെ.സരസ്വതി (സഹോദരി)**
**ബന്ധുമിത്രാദികൾ**

# വേർപാടിന്റെ ഒരു വർഷം

(28.05.2023)



## ടി.കെ. ഭാസ്ക്കര വർമ്മ

**സോപാനം, രുഗ്മിണി എൻക്ലേവ്, അങ്കമാലി**

**സന്തപ്ത കുടുംബാംഗങ്ങൾ**

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha

July-August 2023
Annual Subscription ₹ 200

MCET PROVIDES SCHOLARSHIP FOR THE ELIGIBLE STUDENTS

**FOR ADMISSION**
**9946821111 | 9946057222 | 9447033229**

**For Online Application: www.mcetonline.com**

**SOME OF OUR TOP RECRUITERS**

**CONTACT US**

**MCET CAMPUS**
Mohandas College of Engg. & Tech
Anad, Nedumangad,
Thiruvananthapuram-695 541
Telephone: 0472 2813039, 9946821111
Email: mail@mcetonline.com

**ADMINISTRATIVE OFFICE**
T.C.11/1234, YMR Junction
Nanthancode,
Thiruvananthapuram-695 003.
Telephone: 0471 2311332, 99460 57222
Email: coo@mcetonline.com

FOLLOW US ON

**MOHANDAS COLLEGE**
**OF ENGINEERING AND TECHNOLOGY**
NAAC ACCREDITED INSTITUTION

Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org